25
ജൂൺ 2024
ചൊവ്വ
1445 ദുൽഹജ്ജ് 19
1199 മിഥുനം 11
പേജ് 20
അബുദാബി


ഗൾഫ് ചന്ദ്രിക
https://gulf-chandrika.com/

# ഗൾഫ് ചന്ദ്രിക

facebook.com/@gulfchandrika | instagram.com/@gulfchandrika | youtube/@gulfchandrika

കോഴിക്കോട് | കൊച്ചി | കണ്ണൂർ | തിരുവനന്തപുരം | മലപ്പുറം | കോട്ടയം | പാലക്കാട് | അബുദാബി | ദോഹ | ബഹ്റൈൻ | റിയാദ് | ജിദ്ദ | ദമാം

Registered. NO. KL/CT/9/2024-26 | Chandrika Daily |
Managing Director: Panakkad Syed Sadikali Shihab Thangal






മല്ലികാർജ്ജുന ഖാർഗെയുടേയും സോണിയാഗാന്ധിയുടേയും രാഹുൽഗാന്ധിയുടേയും നേതൃത്വത്തിൽ ഭരണഘടനയുടെ കോപ്പി ഉയർത്തിപ്പിടിച്ച് പതിനെട്ടാം ലോക്സഭാ സമ്മേളനത്തിന്റെ ആദ്യദിനം ഇന്ത്യാസഖ്യ എം.പിമാർ പാർലമെന്റ് മന്ദിരത്തിനു മുന്നിൽ ഒരുമിച്ചുകൂടിയപ്പോൾ. ഡോ.അബ്ദുൾ സമദ് സമദാനി, എൻ.കെ പ്രേമചന്ദ്രൻ, ആന്റോ ആന്റണി തുടങ്ങിയവരെയും കാണാം.

## ഭരണഘടനയുമായി ആദ്യദിനം തന്നെ

# കരുത്ത്കാട്ടി 'ഇന്ത്യ'

- പാർലമെന്റിനുമുന്നിൽ ഭരണഘടനയുമായി സമ്മേളിച്ച് ഇന്ത്യാ എം.പിമാർ
- മോദിയുടെ സത്യപ്രതിജ്ഞാ സമയത്ത് സഭക്കുള്ളിലും ഭരണഘടന ഉയർത്തിക്കാട്ടി നേതാക്കൾ

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയുടെ പ്രഥമ സമ്മേളനത്തിന്റെ ആദ്യദിനം തന്നെ ഭരണഘടന ഉയർത്തി പ്രതിപക്ഷശക്തി പ്രകടമാക്കി ഇന്ത്യ സഖ്യം. രാഹുൽ ഗാന്ധി അടക്കമുള്ള നേതാക്കൾ ഭരണഘടനയുടെ കോപ്പികളുമായാണ് പാർലമെന്റിലെത്തിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദി സത്യപ്രതിജ്ഞ ചെയ്യാൻ എഴുന്നേറ്റപ്പോൾ രാഹുൽ ഗാന്ധി അടക്കമുള്ളവർ ഭരണഘടനയുടെ കോപ്പി ഉയർത്തിക്കാണിച്ചു.

ഒരു ശക്തിക്കും ഇന്ത്യൻ ഭരണഘടനയെ തൊടാൻ സാധിക്കില്ലെന്ന സന്ദേശമാണ് പാർലമെന്റിൽ തങ്ങൾ നൽകിയതെന്ന് രാഹുൽ ഗാന്ധി പറഞ്ഞു. ഭരണഘടനക്കെതിരെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ആഭ്യന്തരമന്ത്രി അമിത് ഷായും നിരന്തരം നടത്തുന്ന അക്രമങ്ങൾ ഒരിക്കലും അംഗീകരിക്കാൻ സാധിക്കില്ല. അങ്ങനെ സംഭവിക്കാൻ ഞങ്ങൾ അനുവദിക്കില്ലെന്ന് മനസ്സിലാക്കിക്കൊടുക്കാൻ വേണ്ടിയാണ് അദ്ദേഹം സത്യപ്രതിജ്ഞ ചെയ്യുമ്പോൾ ഭരണഘടന ഉയർത്തിക്കാണിച്ചത് - രാഹുൽ ഗാന്ധി മാധ്യമങ്ങളോട് പറഞ്ഞു.

പാർലമെന്റിലേക്ക് പ്രവേശിക്കും മുമ്പ് ഭരണഘടനയെ സംരക്ഷിക്കുക എന്ന മുദ്രാവാക്യവുമായി ഭരണഘടനയുടെ കോപ്പിയുമായി പാർലമെന്റ് കോംപ്ലക്സിൽ ഒത്തുചേർന്ന ഇന്ത്യ സഖ്യ എം.പിമാർ ഭരണഘടനയെ സംരക്ഷിക്കാനും ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും പ്രതിജ്ഞ ചെയ്തു. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, ടി.എം.സി നേതാവ് സുദീപ് ബന്ധോപാധ്യായ, മുസ്ലിം ലീഗ് എം.പിമാരായ ഇ.ടി മുഹമ്മദ് ബഷീർ, അബ്ദുസമദ് സമദാനി, നവാസ് കനി, ഡി.എം.കെ എം.പി ടി.ആർ ബാലു തുടങ്ങി ഇന്ത്യ സഖ്യ എം.പിമാർ പാർലമെന്റിൽ ഗാന്ധി പ്രതിമയുണ്ടായിരുന്ന സ്ഥലത്ത് ഒരുമിച്ച് ചേർന്നു. ഭരണഘടന ദീർഘകാലം വാഴട്ടെ, ഭരണഘടനയെ ഞങ്ങൾ സംരക്ഷിക്കും, ജനാധിപത്യത്തെ സംരക്ഷിക്കും തുടങ്ങിയ മുദ്രാവാക്യങ്ങളും എം.പിമാർ ഉയർത്തി. മഹാത്മാ ഗാന്ധിയുടെ അനുഗ്രഹവുമായാണ് ഇന്ത്യ സഖ്യ എം.പിമാർ പാർലമെന്റിലെത്തുന്നതെന്ന് കെ.സി വേണുഗോപാൽ എം.പി പറഞ്ഞു. ഓരോ മിനിറ്റിലും ഓരോ വിഷയത്തിലും സർക്കാറിന്റെ തീരുമാനങ്ങൾ വിടാതെ പരിശോധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

പ്രതിപക്ഷ എം.പിമാരുടെ പ്രതിഷേധത്തിന് വേദിയാവാറുള്ള പാർലമെന്റ് വളപ്പിലെ ഗാന്ധി പ്രതിമ ഈയിടെ മറ്റു 14 പ്രതിമകൾക്കൊപ്പം മാറ്റി സ്ഥാപിച്ചിരുന്നു. പ്രതിപക്ഷ കരുത്ത് തിരിച്ചറിഞ്ഞു കൊണ്ടുള്ളതായിരുന്നു പ്രധാനമന്ത്രിയുടെ പ്രതികരണവും. ശക്തമായൊരു പ്രതിപക്ഷത്തെയാണ് ജനത്തിന് ആവശ്യമെന്ന് മോദി പറഞ്ഞു.

നിയുക്ത എം.പിമാരുടെ സത്യപ്രതിജ്ഞയോടെയാണ് 18ാം ലോക്സഭയുടെ പ്രഥമ സമ്മേളനത്തിന് ഇന്നലെ തുടക്കം കുറിച്ചത്. രാവിലെ രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ ഒഡീഷയിൽ നിന്നുള്ള ബി.ജെ.ഡിയുടെ മുതിർന്ന അംഗം ഭർതൃഹരി മെഹ്താബ് പ്രോട്ടെം സ്പീക്കറായി രാഷ്ട്രപതി ദ്രൗപതി മുർമു മുമ്പാകെ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. തുടർന്ന് പ്രോട്ടെം സ്പീക്കറുടെ അധ്യക്ഷതയിൽ രാവിലെ 11 മണിയോടെയാണ് സഭാ സമ്മേളനം തുടങ്ങിയത്.


പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് ആദ്യം എം.പിയായി സത്യപ്രതിജ്ഞ ചെയ്തത്. തുടർന്ന് ക്യാബിനറ്റ് മന്ത്രിമാരും സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. ഇതിനു ശേഷം സംസ്ഥാനങ്ങളുടെ പേരിന്റെ അക്ഷരമാലാ ക്രമത്തിൽ മറ്റു എം.പിമാരുടെ സത്യപ്രതിജ്ഞ തുടങ്ങി. എം.പിമാരുടെ സത്യപതിജ്ഞ ഇന്നും തുടരും.

നീറ്റിൽ നീറി തുടക്കം 05

### ഭരണഘടന ഉയർത്തിപ്പിടിച്ച് മലയാളത്തിൽ സത്യപ്രതിജ്ഞ ചെയ്ത് കേരളത്തിൽ നിന്നുള്ള അംഗങ്ങൾ

ന്യൂഡൽഹി: ഭരണഘടന ഉയർത്തിപ്പിടിച്ച് മലയാളത്തിൽ സത്യപ്രതിജ്ഞ ചെയ്ത് കേരളത്തിൽ നിന്നുള്ള ഭൂരിഭാഗം എം.പിമാരും. ഹിന്ദിയിൽ പ്രതിജ്ഞ ചെയ്ത് എറണാകുളം എം.പി ഹൈബി ഈഡൻ വേറിട്ടു നിന്നപ്പോൾ ഷാഫി പറമ്പിൽ, കെ.സി വേണുഗോപാൽ, അടൂർ പ്രകാശ്, എൻ.കെ പ്രേമചന്ദ്രൻ എന്നിവർ ഇംഗ്ലീഷിലാണ് പ്രതിജ്ഞ ചെയ്തത്. മറ്റുള്ളവരെല്ലാം മലയാളത്തിലും. കേരളത്തിൽ നിന്നുള്ള 18 എം.പിമാരാണ് ഇന്നലെ സത്യപ്രതിജ്ഞ ചെയ്തത്. വിദേശ യാത്രയിലുള്ള ശശി തരൂർ ഈയാഴ്ച അവസാനത്തോടെ സഭയിലെത്തുന്ന ദിവസമാകും സത്യപ്രതിജ്ഞ ചെയ്യുക. രണ്ടു മണ്ഡലങ്ങളിൽ ജയിച്ച രാഹുൽ ഗാന്ധി വയനാട് മണ്ഡലം ഒഴിഞ്ഞതിനാൽ റായ്ബറേലിയെ പ്രതിനിധീകരിച്ച് ഇന്നാണ് സത്യപ്രതിജ്ഞ ചെയ്യുക.

കേന്ദ്രമന്ത്രിസഭയിൽ ഇടംപിടിച്ച സുരേഷ് ഗോപിയുടെ സത്യപ്രതിജ്ഞ ഉച്ചയോടെ പൂർത്തിയായിരുന്നു. മറ്റു അംഗങ്ങളുടെ സത്യപ്രതിജ്ഞ വൈകീട്ട് നാലു മണിക്കാണ് തുടങ്ങിയത്. ഇടതുപക്ഷത്തിന്റെ കേരളത്തിലെ ഏക അംഗം കെ രാധാകൃഷ്ണൻ ദൃഢപ്രതിജ്ഞ ചെയ്തപ്പോൾ മറ്റു അംഗങ്ങളെല്ലാം ദൈവനാമത്തിലാണ് സത്യപ്രതിജ്ഞ ചെയ്തത്. തന്റെ തിരഞ്ഞെടുപ്പ് ചിഹ്നമായ ഓട്ടോ പിടിച്ചാണ് ഫ്രാൻസിസ് ജോർജ് ആദ്യദിനം സഭയിലെത്തിയത്.





പതിനെട്ടാം ലോക്സഭയിലെ അംഗങ്ങളായി മുസ്ലിംലീഗിന്റെ ഇ.ടി മുഹമ്മദ് ബഷീറും എം.പി അബ്ദുസ്സമദ് സമദാനിയും സത്യപ്രതിജ്ഞ ചെയ്യുന്നു. തമിഴ്നാട്ടിൽ നിന്നുള്ള മുസ്ലിംലീഗ് അംഗം നവാസ് കനി ഇന്ന് സത്യപ്രതിജ്ഞ ചെയ്യും

### സത്യപ്രതിജ്ഞ ചെയ്ത് മുസ്ലിംലീഗ് എം.പിമാരായ ഇ.ടിയും സമദാനിയും

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയിൽ അംഗങ്ങളായി സത്യപ്രതിജ്ഞ ചെയ്ത് കേരളത്തിൽ നിന്നുള്ള മുസ്ലിംലീഗ് എം.പിമാരായ ഇ.ടി മുഹമ്മദ് ബഷീറും എം.പി അബ്ദുസ്സമദ് സമദാനിയും. ദൈവനാമത്തിലായിരുന്നു സത്യപ്രതിജ്ഞ. ലോക്സഭയിലെ മുസ്ലിംലീഗിന്റെ മറ്റൊരു അംഗം തമിഴ്നാട്ടിൽ നിന്നുള്ള നവാസ് ഗനിയുടെ സത്യപ്രതിജ്ഞ ഇന്നാണ്. കേരളത്തിൽ നിന്നുള്ള മറ്റു അംഗങ്ങൾക്കൊപ്പം വൈകീട്ട് 5.15നായിരുന്നു ഇ.ടിയുടെയും സമദാനിയുടേയും സത്യപ്രതിജ്ഞ. മലപ്പുറത്തെ ജനങ്ങൾ തന്നിലർപ്പിച്ച വിശ്വാസം പൂർണമായും നിറവേറ്റാൻ ശ്രമിക്കുമെന്ന് ഇ.ടിയും പൊന്നാനിയുടെ പ്രതിനിധിയായി സത്യപ്രതിജ്ഞ ചെയ്തതായും എല്ലാവരോടും കൃതജ്ഞത അറിയിക്കുന്നതായും സമദാനിയും ഫേസ്ബുക്കിൽ കുറിച്ചു. രണ്ടു മണ്ഡലങ്ങളിലും റെക്കോർഡ് ഭൂരിപക്ഷം നേടിയാണ് ഇത്തവണ ഇ.ടിയും സമദാനിയും പാർലമെന്റിലെത്തിയത്. സാഹിത്യകാരൻ സി രാധാകൃഷ്ണൻ സമ്മാനിച്ച പേന കൊണ്ടാണ് സമദാനി സത്യപ്രതിജ്ഞക്കു പിന്നാലെ രജിസ്റ്ററിൽ ഒപ്പുചാർത്തിയത്.

### പ്ലസ് വൺ പ്രതിസന്ധി

## യൂത്ത്ലീഗ് നിയമസഭാ മാർച്ച് ഇന്ന്

തിരുവനന്തപുരം: പ്ലസ്സ് വൺ സീറ്റ് പ്രതിസന്ധി അടിയന്തരമായി പരിഹരിക്കണമെന്നാവശ്യപ്പെട്ട് മുസ്ലിം യൂത്ത്ലീഗ് ഇന്ന് നിയമസഭാ മാർച്ച് നടത്തും. പ്രസ്ക്ലബ് പരിസരത്തു നിന്ന് 11ന് ആരംഭിക്കുന്ന മാർച്ച് മുസ്ലിംലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി ഉദ്ഘാടനം ചെയ്യും. സംസ്ഥാന ജനറൽ സെക്രട്ടറി പി.എം.എ സലാം, നിയമസഭാ ഡെപ്യൂട്ടി ലീഡർ ഡോ. എം.കെ മുനീർ തുടങ്ങിയവർ സംബന്ധിക്കും.

പ്ലസ് വൺ സീറ്റുകളുടെ ക്ഷാമം പരിഹരിക്കാൻ സമരത്തിനിറങ്ങിയ എം.എസ്.എഫ്, കെ.എസ്.യു ഭാരവാഹികളെ സർക്കാർ ജയിലിലടച്ച സാഹചര്യത്തിലാണ് യൂത്ത് ലീഗ് സമരരംഗത്തിറങ്ങുന്നതെന്ന് യൂത്ത്ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. മലബാറിൽ പ്ലസ് വൺ സീറ്റിന്റെ കുറവില്ലെന്ന് പറയുന്ന വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി ഭൂമിയിലേക്കിറങ്ങി കുട്ടികളുടെ സങ്കടക്കണ്ണീർ കാണാൻ തയാറാകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## കാറിനു മുകളിൽ മരം വീണ് യാത്രക്കാരന് ദാരുണാന്ത്യം

കോതമംഗലം: കാറ്റിലും മഴയിലും മരം കടപുഴകി ഓടിക്കൊണ്ടിരുന്ന വാഹനങ്ങൾക്ക് മുകളിലേക്ക് വീണ് ഒരാൾക്ക് ദാരുണാന്ത്യം. നേര്യമംഗലം വില്ലാഞ്ചിറയിൽ കെ.എസ്.ആർ.ടി.സി ബസ്സിനും കാറിനും മുകളിലേക്കാണ് മരം വീണത്. കാറിലുണ്ടായിരുന്ന ഇടുക്കി തങ്കമണി സ്വദേശി കുപ്പമലയിൽ ജോസഫ്(63) ആണ് മരിച്ചത്.



ജോസഫ്

കൂടെയുണ്ടായിരുന്ന ജോസഫിന്റെ ഭാര്യ അന്നക്കുട്ടി, ജോബി ജോൺ പാലമലയിൽ, ജോബിയുടെ ഭാര്യ അഞ്ചുമോൾ ജോബി എന്നിവരെ പരിക്കുകളോടെ കോതമംഗലത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാറിലുണ്ടായിരുന്ന മറ്റു മൂന്നു പേരെ പരിക്കുകളോടെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കാർ പൂർണമായും തകർന്ന നിലയിലാണ്. മരത്തിന്റെ അടിഭാഗം പതിച്ചതിനെ തുടർന്നാണ് കാർ പൂർണമായും തകർന്നത്. മണിക്കൂറുകൾ നീണ്ട ശ്രമത്തിനൊടുവിൽ ഫയർഫോഴ്സും നാട്ടുകാരും ചേർന്നാണ് കാറിലുണ്ടായിരുന്നവരെ പുറത്തെടുത്തത്. കെ.എസ്.ആർ.ടി.സി ബസിന്റെ മുകളിലേക്ക് മരത്തിന്റെ ശിഖരങ്ങളാണ് പതിച്ചത്. ബസ് യാത്രക്കാർ പരിക്കേൽക്കാതെ രക്ഷപ്പെട്ടു.

## കൊലക്കേസ് പ്രതിക്ക് ജീവപര്യന്തം

ഇരിങ്ങാലക്കുട : കെ പി എം എസ് കണ്ണൻകുഴി ശാഖാ സെക്രട്ടറിയും കണ്ണങ്കുഴി ജലനിധിയുടേ പമ്പ് ഓപ്പറേറ്ററുമായിരുന്ന കണ്ണങ്കുഴി താളാട്ട് വീട്ടിൽ ചാത്തുക്കുട്ടിയുടെ മകൻ പ്രദീപ് കുമാറിനെ വെട്ടികൊലപ്പെടുത്തിയ കേസിൽ പ്രതി കണ്ണൻകുഴി സ്വദേശി ഏറൻ വീട്ടിൽ വാസു മകൻ ജിനീഷ് കീരിക്കാട(36)നെ ഇരിങ്ങാലക്കുട അഡീഷണൽ ജില്ലാ സെഷൻസ് ജഡ്ജ് വിനോദ് കുമാർ ജീവപര്യന്തം തടവിനും 1,00,000/ രൂപ പിഴ ഈടാക്കാനും ശിക്ഷ വിധിച്ചു. 2020 ഫെബ്രുവരി 14 നാണ് കേസിനാസ്പദമായ സംഭവം നടന്നത്. അതിരപ്പിള്ളി സബ് ഇൻസ്പെക്ടർ ആയിരുന്ന അനിൽ കുമാർ പി ഡി കേസ് രജിസ്റ്റർ ചെയ്ത് പ്രതിയെ അറസ്റ്റ് ചെയ്ത് അന്വേഷണം നടത്തുകയും തുടർന്ന് അന്വേഷണം ഇൻസ്പെക്ടർ പ്രശാന്ത് ക്ലിന്റ് ഏറ്റെടുക്കുകയും ഇൻസ്പെക്ടർ ആയ ഷിജു ആണ് കുറ്റപത്രം സമർപ്പിച്ചത്.

## നീറ്റ് ക്രമക്കേട്; അഞ്ച് കേസുകൾ കൂടി സി.ബി.ഐ ഏറ്റെടുത്തു

ന്യൂഡൽഹി: നീറ്റ് യു.ജി പരീക്ഷാ ക്രമക്കേടുമായി ബന്ധപ്പെട്ട് അഞ്ച് പുതിയ കേസുകൾ കൂടി സി.ബി.ഐ ഏറ്റെടുത്തു. ഗുജറാത്ത്, രാജസ്ഥാൻ, ബിഹാർ പൊലീസുകൾ അന്വേഷണം നടത്തിയ കേസുകളാണ് കേന്ദ്ര ഏജൻസി ഏറ്റെടുത്തത്. ഗുജറാത്തിലും ബിഹാറിലും ഓരോ കേസുകളും രാജസ്ഥാനിൽ മൂന്നു കേസുകളുമാണ് സി.ബി.ഐ രജിസ്റ്റർ ചെയ്തത്. മഹാരാഷ്ട്രയിലെ ലത്തൂരിൽ രജിസ്റ്റർ ചെയ്ത കേസും സി.ബി.ഐ ഏറ്റെടുത്തേക്കും.

ബിഹാറിലേത് ഒഴികെയുള്ള മറ്റ് നാലു കേസുകളും ഒറ്റപ്പെട്ട സംഭവങ്ങളാണെന്നാണ് വിശദീകരണം. ആൾമാറാട്ടം, പ്രാദേശിക ഉദ്യോഗസ്ഥരുടെ വഞ്ചന, പരീക്ഷയുടെ ഇൻവിജിലേറ്റർമാരും വിദ്യാർത്ഥികളും ചേർന്നുള്ള തട്ടിപ്പ് എന്നിവയാണിവ. പുതുതായി അഞ്ചു കേസുകൾ

**പുതിയ കേസുകൾ ബിഹാർ, ഗുജറാത്ത്, രാജസ്ഥാൻ എന്നിവിടങ്ങളിൽ**

**68 ചോദ്യപേപ്പറുകൾ കത്തിച്ച നിലയിൽ കണ്ടെത്തി**

കൂടി ഏറ്റെടുത്തതോടെ സി.ബി.ഐ അന്വേഷിക്കുന്ന കേസുകളുടെ എണ്ണം ആറായി. അതേ സമയം നീറ്റ് ചോദ്യപേപ്പർ ചോർന്നതിന് സി.ബി.ഐ അന്വേഷണ സംഘത്തിന് നിർണായക തെളിവ് നൽകി ബിഹാർ പൊലീസ്. ചോദ്യ പേപ്പറുകൾ കത്തിച്ച നിലയിൽ കണ്ടെത്തിയതിന്റെ തെളിവുകളാണ് പൊലീസ് കൈമാറിയത്. ജാർഖണ്ഡിലെ ഒയാസിസ് സ്കൂൾ എന്ന കേന്ദ്രത്തിലെ പേപ്പറുകളാണ് ചോർന്നതെന്നാണ് സ്ഥിരീകരണം. കത്തിച്ച പേപ്പറുകളിലെ ചോദ്യങ്ങൾ യഥാർത്ഥ പേപ്പറുമായി യോജിക്കുന്നതാണ്.

ബിഹാറിൽ അറസ്റ്റിലായ വ്യക്തി 30 വിദ്യാർത്ഥികൾക്ക് ചോദ്യപേപ്പർ നൽകിയെന്നും കണ്ടെത്തിയിട്ടുണ്ട്. ഡൽഹി സി.ബി.ഐ യൂണിറ്റിലെ ഉദ്യോഗസ്ഥരെ നാല് സംഘങ്ങൾ ആക്കി തിരിച്ചാണ് അന്വേഷണം പുരോഗമിക്കുന്നത്. എൻ.ടി.എയിലെ ചില ഉദ്യോഗസ്ഥർ അടക്കമുള്ളവർക്ക് സി.ബി.ഐ ചോദ്യം ചെയ്യലിന് നോട്ടീസ് നൽകും. ജാർഖണ്ഡിലെ ഹസാരിബാഗിലെ പരീക്ഷ കേന്ദ്രമായ സ്കൂളിൽ നിന്നാണ് ബിഹാറിലേക്ക് ചോദ്യപേപ്പർ ചോർന്നതെന്ന വിവരമാണ് കണ്ടെത്തിയിരിക്കുന്നത്. ഇതിൽ പങ്കാളിയായ ഒരു അധ്യാപകൻ അടക്കമുള്ളവരെ ചോദ്യം ചെയ്യലിനായി സിബിഐ കസ്റ്റഡിയിൽ എടുത്തതായും റിപ്പോർട്ടുണ്ട്.

### ദുരന്തക്കടലായി മുതലപ്പൊഴി

## പ്രതിപക്ഷം നിയമസഭയിൽ നിന്നിറങ്ങിപ്പോയി

സ്വന്തം ലേഖകൻ
തിരുവനന്തപുരം

മത്സ്യത്തൊഴിലാളികളുടെ ജീവന് പുല്ലുവില കൽപിക്കാതെ മുതലപ്പൊഴിയെ മരണപ്പൊഴിയാക്കി മാറ്റിയ സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് നിയമസഭയിൽ പ്രതിപക്ഷ പ്രതിഷേധവും വാക്കൗട്ടും. മരണം ആവർത്തിച്ചിട്ടും തീരജനതയുടെ സുരക്ഷ ഉറപ്പുവരുത്താത്ത സർക്കാർ നടപടി ചോദ്യം ചെയ്തും വിഷയം സഭാനടപടികൾ നിർത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടും എം. വിൻസെന്റ് കൊണ്ടുവന്ന അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിച്ചതിനെ തുടർന്നാണ് പ്രതിപക്ഷം സഭയിൽ നിന്നിറങ്ങിപ്പോയത്.

മുതലപ്പൊഴിയിൽ മരിച്ച മത്സ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകിയിട്ടുണ്ടെന്നും പ്രതികൂല കാലാവസ്ഥയാണ് പരിഹാര പദ്ധതികൾക്ക് കാലതാമസമുണ്ടാക്കുന്നതെന്നുമായിരുന്നു മന്ത്രി സജി ചെറിയാന്റെ ന്യായീകരണം.

**സർക്കാറിന്റേത് കുറ്റകരമായ അനാസ്ഥ**

**അദാനിയുമായി ഒത്തുകളിക്കുന്നു**

രോഗിമരിച്ചെങ്കിലും ശസ്ത്രക്രിയ വിജയമെന്ന് പറയുന്ന ഡോക്ടറെ പോലെയാണ് സഭയിൽ മന്ത്രി സംസാരിക്കുന്നതെന്ന് വിൻസെന്റ് പരിഹസിച്ചു. അപകടച്ചുഴിയായി മാറിയ മുതലപ്പൊഴി ഒരിക്കലും തോരാത്ത കണ്ണീർപ്പൊഴിയായി മാറിയെന്ന് അദ്ദേഹം പറഞ്ഞു. യോഗങ്ങൾ മാത്രമാണ് സർക്കാർ തലത്തിൽ നടക്കുന്നത്. പരിഹാരമില്ല. നാലുദിവസം മുമ്പ് ഒരു മത്സ്യത്തൊഴിലാളി മരിച്ചിട്ടും 2021ൽ നിയമസഭയിൽ പറഞ്ഞ മറുപടി തന്നെയാണ് മന്ത്രി ആവർത്തിക്കുന്നത്. ജീവനെടുക്കുമെന്ന് അറിഞ്ഞിട്ടും മൽസ്യബന്ധനത്തിന് തൊഴിലാളികൾ പോകുന്നത് വീട്ടിലെ പട്ടിണി ഓർത്തിട്ടാണെന്നും വിൻസെന്റ് ചൂണ്ടിക്കാട്ടി. സ്വകാര്യ വ്യക്തികളിൽ നിന്നാണെങ്കിലും ഡ്രഡ്ജർ വാടകക്കെടുത്ത് മഴക്കാലത്തിന് മുമ്പ് ഡ്രഡ്ജിങ് പൂർത്തിയാക്കുമെന്ന സർക്കാരിന്റെ വാഗ്ദാനം നടന്നില്ല. ഇക്കാര്യത്തിൽ സർക്കാരിന്റേത് കുറ്റകരമായ അനാസ്ഥയാണെന്നും വിൻസെന്റ് പറഞ്ഞു.

മണലടിയുന്നതാണ് അപകട കാരണമെന്ന് പഠനറിപ്പോർട്ടുകൾ വന്നിട്ടും സർക്കാർ ഗൗരവായി എടുക്കുന്നില്ല. ഓടയ്ക്ക് ചാലെടുക്കുന്ന ജെ.സി.ബി ഉപയോഗിച്ച് ഓരോ വട്ടി മണ്ണുവാരി സർക്കാർ ജനങ്ങളുടെ കണ്ണിൽ പ്പൊടിയിടുകയാണ്. ഹാർബർ അടച്ചിടണമെന്നാണ് ഇപ്പോൾ സർക്കാർ പറയുന്നത്. പരിഹാരത്തിന് പകരം ഹാർബർ അടച്ചിടാനാണെങ്കിൽ പിന്നെന്തിനാണ് ഒരു സർക്കാർ. 600 മീറ്റർ വീതിയുണ്ടായിരുന്ന ബീച്ചിന് ഇപ്പോൾ അഞ്ചു മീറ്റർ വീതിപോലുമില്ല. കടലും കായലും ഒന്നായ അവസ്ഥയിലാണ്. ആഞ്ഞൊരു തിരയടിച്ചാൽ 300ഓളം കുടുംബങ്ങൾ മരണക്കയത്തിലാകുന്ന സ്ഥിതിയാണ്. കോടികൾ ചെലവിട്ട് ഹെലികോപ്റ്റർ വാടകയക്ക് എടുക്കുന്ന സർക്കാരിന് ഒരു ഡ്രഡ്ജർ വാടകയ്ക്ക് എടുത്ത് മുതലപ്പൊഴിയിലെ മരണങ്ങൾ ഒഴിവാക്കാനാവില്ലേയെന്നും വിൻസെന്റ് ചോദിച്ചു. അദാനിയുമായുള്ള ഒത്തുകളിയാണ് സർക്കാർ നടത്തുന്നതെന്നും അദ്ദേഹം ആരോപിച്ചു.

## തൊഴിൽ തട്ടിപ്പിനെതിരെ ബോധവത്കരണവുമായി ഒമാൻ പൊലീസ്

മസ്കത്ത്: വ്യാജ തൊഴിൽ വാഗ്ദാനങ്ങൾക്കെതിരെ ബോധവത്കരണവുമായി റോയൽ ഒമാൻ പോലീസും ബാങ്ക് മസ്കത്തും. വിവിധ തട്ടിപ്പുകൾക്കെതിരെ അവബോധം വളർത്തുന്നതിന് ലക്ഷ്യമിട്ടുള്ള വാർഷിക ബോധവത്കരണ പദ്ധതിയുടെ തുടർച്ചയാണിത്. ഒമാൻ ടിവി, റേഡിയോ, പ്രിന്റ്, ഓൺലൈൻ മീഡിയ, സോഷ്യൽ മീഡിയ എന്നിവയിലൂടെയുള്ള ബോധവത്കരണവും തുടരും.



### കറൻസി മൂല്യം

1 യു.എ.ഇ ദിർഹം 22.72 ₹
1 ഒമാനി റിയാൽ 216.80 ₹
1 സൗദി റിയാൽ 22.25 ₹
1 ഖത്തർ റിയാൽ 22.88 ₹
1 കുവൈറ്റ് ദിനാർ 272.19 ₹
1 ബഹ്റൈൻ ദിനാർ 221.45 ₹

### സ്വർണവില
(ഗ്രാമിന്-ദിർഹം)

24 കാരറ്റ് 282.00
22 കാരറ്റ് 261.00
21 കാരറ്റ് 252.75
18 കാരറ്റ് 216.75








### ഫസ്റ്റ് ഡിവിഷൻ ക്ലബ്ബുകളെ പിന്തുണക്കാൻ എക്സലൻസ് ഫണ്ടിങ് പ്രോഗ്രാം

ദുബൈ: ഫസ്റ്റ് ഡിവിഷൻ ലീഗ് ക്ലബ്ബുകൾക്ക് സാമ്പത്തിക, സാങ്കേതിക, ഭരണ, ലോജിസ്റ്റിക്കൽ പിന്തുണ നൽകുന്നതിന് സ്പോർട്സ് എക്സലൻസ് ഫണ്ടിംഗ് പ്രോഗ്രാം യുഎഇ എഫ്എ അവതരിപ്പിച്ചു. ശൈഖ് ഹംദാൻ ബിൻ മുബാറക് അൽ നഹ്യാന്റെ നേതൃത്വത്തിൽ, ഫുട്ബോൾ അസോസിയേഷൻ 202425 സ്പോർട്സ് സീസണിൽ ആരംഭിക്കുന്ന പ്രോഗ്രാമിനായി പ്രതിവർഷം 12.5 ദശലക്ഷം ദിർഹം അനുവദിച്ചു. ഫസ്റ്റ് ഡിവിഷൻ ലീഗ് റാങ്കിംഗിൽ പങ്കെടുക്കുന്ന ക്ലബ്ബുകൾക്കുള്ള സാമ്പത്തിക ആവശ്യങ്ങൾ അടിസ്ഥാനമാക്കിയാണ് ഫണ്ടുകൾ വിതരണം ചെയ്യുക. നിശ്ചിത വ്യവസ്ഥകളിൽ ഓരോ ക്ലബ്ബിനും മൂന്ന് ദേശീയ പരിശീലകർക്കുള്ള സാമ്പത്തിക പിന്തുണ നൽകും. യുവജന മേഖലയിലെ സാങ്കേതിക ജീവനക്കാരെ നിയമിക്കുന്നതിനും ആരോഗ്യ വകുപ്പിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഒരു മെഡിക്കൽ ഓഫീസറെ നിയമിക്കുന്നതിനും ഫണ്ട് നൽകും.

### 'അയിഷ' ആദ്യ വെർച്വൽ ജീവനക്കാരി

അബുദാബി: യുഎഇ നിയമ മന്ത്രാലയം എഐ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ആദ്യത്തെ വെർചൽ ജീവനക്കാരിയെ അവതരിപ്പിച്ചു. 'അയിഷ' എന്ന് പേരിട്ടിരിക്കുന്ന ഈ വെർചൽ ജീവനക്കാരി വിധികർത്താക്കള സഹായിക്കാൻ തയ്യാറാക്കിയിട്ടിട്ടുള്ള സാങ്കേതിക സംവിധാനമാണ്.

### 90 ഹോം ഡെലിവറി ബൈക്കുകൾ പിടിച്ചു

കുവൈത്ത്: കുവൈത്തിൽ ജോലി സമയം ലംഘിച്ച് നിരത്തിലിറങ്ങിയതിന് 90 ഹോം ഡെലിവറി ബൈക്കുകൾ കണ്ടുകെട്ടി. രാജ്യത്ത് രാവിലെ 11 മണി മുതൽ വൈകീട്ട് 4 മണി വരെ തുറസായ സ്ഥലത്ത് ജോലി ചെയ്യുന്നതിന് വിലക്കുണ്ട്. നിയമലംഘനം കണ്ടെത്തിയാൽ 100 മുതൽ 200 ദിനാർ വരെ പിഴ ചുമത്തും.

# മഴവെള്ളം ഒഴുക്കുന്നതിന് ദുബൈയിൽ 30 ബില്യൻ ദിർഹത്തിന്റെ തസ്രീഫ് പദ്ധതി

ദുബൈ: മഴവെള്ളം ഒഴുക്കാൻ ദുബൈ നഗരത്തിൽ ബൃഹത് പദ്ധതി നടപ്പാക്കുന്നു. നിലവിലുള്ള സംവിധാനത്തിൽ നിന്നും 700 ശതമാനം ശേഷി വർധിപ്പിക്കുന്ന തരത്തിലാണ് തസ്രീഫ് എന്ന പദ്ധതിക്ക് യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽമക്തൂം അംഗീകാരം നൽകിയിരിക്കുന്നത്. ഇതിനായി 30 ബില്യൻ ദിർഹം ചെലവഴിക്കും. ഈ സംരംഭം എമിറേറ്റിലെ ഏറ്റവും വലിയ സ്ട്രാറ്റജിക് ഇൻഫ്രാസ്ട്രക്ചർ പ്രോജക്ടുകളിൽ ഒന്നാണ്. ഈ പദ്ധതി ദുബൈയിലെ മഴവെള്ളം ഒഴുകിപ്പോകാനുള്ള സംവിധാനത്തിന്റെ ശേഷി 700% വർദ്ധിപ്പിക്കും. അതായത് എമിറേറ്റിലെ എല്ലാ പ്രദേശങ്ങളും ഉൾക്കൊള്ളുന്നതാണിത്.

ദുബൈ ഫസ്റ്റ് ഡെപ്യൂട്ടി ഭരണാധികാരിയും യുഎഇയുടെ ഉപപ്രധാനമന്ത്രിയും ധനമന്ത്രിയുമായ ശൈഖ് മക്തൂം ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ സാന്നിധ്യത്തിലാണ് പദ്ധതിക്ക് അംഗീകാരം നൽകിയത്. ദുബൈയുടെ സുസ്ഥിര അടിസ്ഥാന സൗകര്യങ്ങളുടെ തുടർച്ചയായ വർദ്ധന അതിന്റെ വളർച്ചയ്ക്കും സമൃദ്ധിക്കും അവിഭാജ്യമാണെന്ന് ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂം ഊന്നിപ്പറഞ്ഞു. വികസിതവും സുരക്ഷിതവും വഴക്കമുള്ളതും ഭാവിയിലെ വെല്ലുവിളികളെ നേരിടാൻ തയ്യാറുള്ളതുമായ ഒരു ഡ്രെയിനേജ് ഇൻഫ്രാസ്ട്രക്ചർ സൃഷ്ടിക്കുകയാണ് ഈ സംരംഭം ലക്ഷ്യമിടുന്നത്. മേഖലയിലെ ഏറ്റവും വലിയ മഴവെള്ള ശേഖരണ പദ്ധതിയാണിത്. ഭാവിയിലെ കാലാവസ്ഥയുമായി ബന്ധപ്പെട്ട വെല്ലുവിളികളെ നേരിടാൻ എമിറേറ്റിന്റെ സന്നദ്ധത ഉറപ്പാക്കുകയാണെന്നും ശൈഖ് മുഹമ്മദ് പറഞ്ഞു. ദുബൈയിലെ എല്ലാ പ്രദേശങ്ങളും ഉൾക്കൊള്ളുന്ന പദ്ധതിയിലൂടെ ഡ്രെയിനേജ് ശൃംഖലയുടെ ശേഷി പ്രതിദിനം 20 ദശലക്ഷം ക്യുബിക് മീറ്ററിൽ കൂടുതലായി ഉയർത്തും. അടുത്ത നൂറു വർഷത്തേക്കുള്ള നമ്മുടെ ആവശ്യങ്ങൾ നിറവേറ്റും. പദ്ധതി ഉടൻ നടപ്പിലാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. 2033ഓടെ ഘട്ടം ഘട്ടമായി പൂർത്തിയാക്കും.

എമിറേറ്റിൽ താമസിക്കുന്ന എല്ലാവരുടെയും സുരക്ഷ വർധിപ്പിക്കുകയും അടിസ്ഥാന സൗകര്യ വികസനവും നഗര പുരോഗതിയും എന്ന ലക്ഷ്യത്തിലേക്ക് പ്രയാണം ദുബൈ തുടരുകയാണ് അദ്ദേഹം പറഞ്ഞു. എക്സ്പോ ദുബൈ ഏരിയ, അൽ മക്തൂം ഇന്റർനാഷണൽ എയർപോർട്ട് സിറ്റി, ജബൽ അലി എന്നിവിടങ്ങളിൽ 2019ൽ ദുബൈ ആരംഭിച്ച ഡ്രെയിനേജ് പദ്ധതികളുടെ തുടർച്ചയാണിത്. രാജ്യത്ത് മഴ വർധിക്കുന്ന സാഹചര്യത്തിൽ, ഭാവിയിലെ കാലാവസ്ഥാ വ്യതിയാന പ്രത്യാഘാതങ്ങളെ ചെറുക്കാനുള്ള പദ്ധതിയാണിത്. ഏറ്റവും മികച്ച ആഗോള സാങ്കേതിക, എഞ്ചിനീയറിംഗ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ദുബൈ മുനിസിപ്പാലിറ്റി പദ്ധതി നടപ്പിലാക്കും. ഈ സംരംഭം മഴവെള്ള ഡ്രെയിനേജിന്റെയും മലിന ജല സംവിധാനത്തിന്റെയും സംയോജിത മാനേജ്മെന്റിനായുള്ള മുനിസിപ്പാലിറ്റിയുടെ തന്ത്രപരമായ ലക്ഷ്യങ്ങളിലേക്കെത്തിക്കും. അത്യാധുനികവും കാര്യക്ഷമവുമായ അടിസ്ഥാന സൗകര്യങ്ങളോടെ മഴവെള്ളം, ഉപരിതല ജലം ഒഴുകിപ്പോകുന്നതിനുള്ള സേവനങ്ങൾ മെച്ചപ്പെടുത്തുക, പ്രവർത്തനക്ഷമത മെച്ചപ്പെടുത്തുക, സ്റ്റേഷൻ നിർമ്മാണം, പ്രവർത്തനങ്ങൾ, അറ്റകുറ്റപ്പണികൾ എന്നിവയുമായി ബന്ധപ്പെട്ട ചെലവുകൾ 20% കുറയ്ക്കുകയും നെറ്റ്‌വർക്കിന്റെ ആയുസ്സ് വർദ്ധിപ്പിക്കുകയും ചെയ്യുക എന്നതാണ് 'തസ്രീഫ്' പദ്ധതി ലക്ഷ്യമിടുന്നത്. കൂടാതെ, തുരങ്കങ്ങൾ വഴിയുള്ള മഴവെള്ളം ഒഴുക്കിവിടാനുള്ള ശേഷി പ്രതിദിനം 20 ദശലക്ഷം ക്യുബിക് മീറ്ററിലെത്തും, സെക്കൻഡിൽ 230 ക്യുബിക് മീറ്റർ ഒഴുക്ക് ശേഷിയുണ്ടാവും. പദ്ധതി പൂർത്തിയാവുന്നതോടെ ഈ മേഖലയിലെ ഏറ്റവും വലിയ മഴവെള്ള ശേഖരണ പദ്ധതിയായി ഇത് മാറും.



മഴ ഒഴുക്കുന്നതിനുള്ള തസ്രീഫ് ഡ്രൈനേജ് പദ്ധതിക്ക് യുഎഇ വൈസ് പ്രസിഡന്റും പ്രധാനമന്ത്രിയും ദുബൈ ഭരണാധികാരിയുമായ ശൈഖ് മുഹമ്മദ് ബിൻ റാഷിദ് അൽമക്തൂം അംഗീകാരം നൽകുന്നു

# അപകടകരമായ 31 ജോലികളിൽ വിദ്യാർത്ഥികൾക്ക് അനുമതിയില്ല

അബുദാബി: സ്വകാര്യമേഖലയിലെ സ്ഥാപനങ്ങളിൽ അപകടകരമായ 31 വിഭാഗം ജോലികളിൽ വിദ്യാർത്ഥികളെ നിയമിക്കുന്നത് യുഎഇ വിലക്കി. 15 വയസ്സിനു മുകളിലുള്ള വിദ്യാർത്ഥികൾക്ക് ഉപാധികളോടെ ജോലി ചെയ്യാൻ അനുമതി നൽകിയിട്ടുണ്ടെങ്കിലും അപകടകരമായ മേഖലകളിൽ ജോലി, പരിശീലനം എന്നിവയിൽനിന്ന് ഇവരെ ഒഴിവാക്കണമെന്ന് മാനവശേഷി സ്വദേശിവൽക്കരണ മന്ത്രാലയം ആവശ്യപ്പെട്ടു. അഡ്മിനിസ്ട്രേറ്റീവ്, പ്രഫഷനൽ മേഖലകളിൽ ജോലി ചെയ്യിക്കാമെങ്കിലും നൈറ്റ് ഡ്യൂട്ടി പാടില്ല. ദിവസത്തിൽ പരമാവധി 6 മണിക്കൂർ വരെ ജോലി ചെയ്യിക്കാം. ജോലിക്കിടെ ഒന്നോ അതിലധികമോ ഇടവേളകൾ നൽകണം. 15 വയസ്സിൽ താഴെയുള്ളവരെ ജോലിക്കു നിയമിക്കാൻ പാടില്ല. ഇവർക്ക് വർക്ക് പെർമിറ്റ് ലഭിക്കില്ല. സ്കൂൾ അവധിക്കാലമായതിനാലാണ് ഈ നിർദ്ദേശം. അവധിക്കാലത്താണെങ്കിലും വിദ്യാർത്ഥികളെക്കൊണ്ട് തുടർച്ചയായി നാലു മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യിപ്പിക്കരുത്. ഇടക്ക് വിശ്രമിക്കാൻ ഇടവേള നൽകണം.

ജോലിയിൽ മതിയായ പരിശീലനം നൽകണം. ജോലി, പരിശീലന സമയങ്ങളിൽ വിദ്യാർഥികൾക്ക് എന്തെങ്കിലും അസുഖം, പെരുമാറ്റത്തിൽ വ്യത്യാസം എന്നിവ ശ്രദ്ധയിൽപെട്ടാൽ രക്ഷിതാക്കളെ അറിയിക്കണമെന്നും നിർദ്ദേശമുണ്ട്. തൊഴിൽ പരിശീലനം നേടിയവർക്ക് പരിശീലന സർട്ടിഫിക്കറ്റ് നൽകണമെന്നും ആവശ്യപ്പെട്ടു. സ്വദേശികളെ പരിശീലിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക ആനുകൂല്യവുമുണ്ട്.



ജോലിയുടെ സ്വഭാവം, ദൈർഘ്യം, സമയം, വേതനം, ആഴ്ചയകളിലെ വിശ്രമ സമയം തുടങ്ങി ജോലിയുമായി ബന്ധപ്പെട്ടവ രേഖപ്പെടുത്തി കരാർ ഉണ്ടാക്കണം. പെട്രോളിയം റിഫൈനറികൾ, സിമന്റ്, ഐസ്, റഫ്രിജറേഷൻ പ്ലാന്റുകൾ, വെൽഡിങ് ജോലികൾ എന്നിവയിലും ഖനി, ക്വാറി, ലോഹങ്ങളും കല്ലുകളും വേർതിരിച്ചെടുക്കുന്ന ജോലികൾ, ലോഹങ്ങൾ ഉരുക്കുന്നതിനുള്ള ചൂളകൾ, ബേക്കറി അവ്നുകൾ എന്നിവിടങ്ങളിൽ ജോലി ചെയ്യുന്നതിനാണ് വിലക്കേർപ്പെടുത്തിയിട്ടുള്ളത്. പടക്കം നിർമ്മാണം, ഗ്ലാസ്, വെൽഡിങ്, എണ്ണ സംഭരണം, എണ്ണ ശുദ്ധീകരണം, പെയ്ന്റിങ്, പ്രോസസിങ്, ലെഡിൽനിന്ന് വെള്ളി വേർതിരിച്ചെടുക്കൽ, ലോഹ സംയുക്തങ്ങളും രാസ വസ്തുക്കളും നിർമിക്കൽ, ഇലക്ട്രിക് ബാറ്ററികൾ നിർമിക്കുക, അവയുടെ അറ്റകുറ്റപ്പണി, വർക്ഷോപ്പുകൾ വൃത്തിയാക്കൽ, ചലിക്കുന്ന യന്ത്രങ്ങൾ നിയന്ത്രിക്കൽ,അവ വൃത്തിയാക്കൽ, രാസവളങ്ങൾ നിർമിക്കൽ, കശാപ്പ് ശാലകൾ, റബർ ഉണ്ടാക്കുക, സിലിണ്ടറുകളിൽ വാതകങ്ങൾ നിറയ്ക്കുക, ലോഡിങ്, അൺലോ!ഡിങ്, ബ്ലീച്ചിങ്, പ്രിന്റിങ്, അമ്യൂസ്മെന്റ് പാർക്കുകൾ, ബാറുകൾ, ചുമട് ഏൽക്കുക എന്നീ തസ്തികകളിലാണ് വിദ്യാർത്ഥികൾക്ക് മന്ത്രാലയം വിലക്കേർപ്പെടുത്തിയിട്ടുള്ളത്.

# അജ്മാനിൽ ഹോളിഡേ ഹോമുകൾ അവതരിപ്പിച്ച് വിനോദസഞ്ചാര വകുപ്പ്

അജ്മാൻ: സർവ്വ മേഖലകളിലും സന്തുലിത വളർച്ചയും സാമ്പത്തിക വൈവിധ്യവത്കരണവും ലക്ഷ്യമാക്കി അജ്മാനിൽ വിനോദസഞ്ചാര രംഗത്ത് ചിട്ടയായ പുരോഗതി. ഔദ്യോഗിക കണക്കുകൾ പ്രകാരം 2023ൽ അജ്മാനിലേക്ക് എത്തിയ വിനോദസഞ്ചാരികളുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു. ഈ വിനോദസഞ്ചാരികളിൽ ഭൂരിഭാഗവും യുവാക്കളും മധ്യവയസ്കരുമാണ്. ഈ ക്രിയാത്മകമായ വളർച്ച 2024ലും തുടരുമെന്നാണ് വിലയിരുത്തുന്നത്. ആദ്യപാദത്തിലെ വിനോദസഞ്ചാരികളുടെ വരവ് കഴിഞ്ഞ വർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് ഒമ്പതു ശതമാനം വർധിച്ചു, ഇത് ഒരു വിനോദ സഞ്ചാര കേന്ദ്രമെന്ന നിലയിൽ അജ്മാന്റെ സ്ഥാനം ഉറപ്പിച്ചു. ഈ കാലയളവിൽ സഞ്ചാരികളുടെ താമസത്തിന്റെ ശരാശരി ദൈർഘ്യം 5 ശതമാനം വർദ്ധിച്ചുവെന്നാണ് കണക്കുകൾ.

അജ്മാൻ ഭരണാധികാരി ശൈഖ് ഹമീദ് ബിൻ റാഷിദ് അൽ നുഐമിയുടെ നിർദ്ദേശപ്രകാരം, ടൂറിസം മേഖലയുടെ ദ്രുതഗതിയിലുള്ള വികസനം കണക്കിലെടുത്ത് എല്ലാത്തരം വിനോദസഞ്ചാരികളുടെയും ആവശ്യങ്ങളും ബജറ്റുകളും നിറവേറ്റുന്നതിനായി അജ്മാൻ 52 വ്യത്യസ്ത താമസ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആഡംബര പഞ്ചനക്ഷത്ര റിസോർട്ടുകൾ മുതൽ ഹോട്ടൽ അപ്പാർട്ടുമെന്റുകളും മറ്റ് സുസജ്ജമായ താമസസൗകര്യങ്ങളും വരെ ഇതിൽ ഉൾപ്പെടുന്നു. ഓരോ വിനോദസഞ്ചാരിക്കും അവരുടെ അഭിരുചിക്കനുസരിച്ച് ഒരു സ്ഥലം കണ്ടെത്താനാകും. വിനോദസഞ്ചാരികളുടെ വരവിന്റെ ഈ വലിയ വർധന കണക്കിലെടുത്ത് അജ്മാൻ 'ഹോളിഡേ ഹോംസ് സെക്ടർ' അവതരിപ്പിച്ചു. ഈ മേഖല അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്കനുസൃതമായി പ്രവർത്തിക്കുകയും ടൂറിസം മേഖലയിൽ ഉൾപ്പെട്ടിരിക്കുന്ന വിവിധ ആളുകളെ ശാക്തീകരിക്കുകയും ചെയ്യുന്നു. ഇപ്പോൾ പ്രോപ്പർട്ടി ഉടമകൾക്കും ഹോട്ടൽ മാനേജ്മെന്റ് കമ്പനികൾക്കും വ്യക്തികൾക്കും അവരുടെ റസിഡൻഷ്യൽ യൂണിറ്റുകൾ അവധിക്കാലത്തിനായി വാടകക്ക് നൽകാമെന്ന സവിശേഷതയും പദ്ധതി അവതരിപ്പിക്കുന്നു. അജ്മാനിൽ നിലവിലുള്ള പാർപ്പിട ഭൂപ്രകൃതി വൈവിധ്യവൽക്കരിക്കുക എന്നതാണ് ഈ സംരംഭത്തിന്റെ പ്രധാന ലക്ഷ്യം. ഈ വിപുലീകരണം സന്ദർശകരുടെ മാറിക്കൊണ്ടിരിക്കുന്ന മുൻഗണനകൾ നിറവേറ്റും. അവർക്ക് കൂടുതൽ സൗകര്യപ്രദവും സ്വകാര്യതയുള്ളതുമായ താമസം അനുഭവിക്കാനാവും. 'ഹോളിഡേ ഹോംസ് സെക്ടർ' ആരംഭിക്കുന്നത് ടൂറിസം പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുക മാത്രമല്ല, അജ്മാന്റെ സാമ്പത്തിക വികസനത്തിനും ഗണ്യമായ സംഭാവന നൽകുമെന്ന് പ്രതീക്ഷിക്കുന്നു. താമസക്കാർക്ക് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെയും അനുബന്ധ സാമ്പത്തിക മേഖലകളെ ഉത്തേജിപ്പിക്കുന്നതിലൂടെയും ഇത് കൈവരിക്കാനാകും. വിനോദസഞ്ചാരികൾക്കും പ്രോപ്പർട്ടി ഉടമകൾക്കും മികച്ചതും ഗുണമേന്മയുള്ളതുമായ അനുഭവം ഉറപ്പാക്കാൻ, അജ്മാൻ ടൂറിസം ഡിപ്പാർട്ട്മെന്റ് ഹോളിഡേ ഹോമുകൾക്കായി പുതിയ നിയമങ്ങൾ സൃഷ്ടിച്ചു. ഓൺലൈൻ രജിസ്ട്രേഷൻ വഴി ഉടമകൾക്കും കമ്പനികൾക്കും അവരുടെ വീടുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാനും ആവശ്യമായ എല്ലാ രേഖകളും ഓൺലൈനായി സമർപ്പിക്കാനും കഴിയും.



### കെട്ടിടങ്ങളെ തരംതിരിക്കും

അജ്മാൻ: ജൂലൈ 1 മുതൽ അജ്മാനിലെ കെട്ടിടങ്ങളെ തരംതിരിക്കാൻ നടപടികൾ സ്വീകരിച്ചതായി റിയൽ എസ്റ്റേറ്റ് റെഗുലേഷൻസ് വകുപ്പ് അറിയിച്ചു. ഫീൽഡ് സന്ദർശനങ്ങൾക്ക് ശേഷം കെട്ടിടങ്ങളുടെ തരംതിരിക്കുമെന്നും അതിന്റെ റിപ്പോർട്ട് പ്രദർശിപ്പിക്കാനും സംയോജിത ഇലക്ട്രോണിക് പ്രോഗ്രാമും വികസിപ്പിച്ചിട്ടുണ്ട്. കെട്ടിടങ്ങളും റിയൽ എസ്റ്റേറ്റ് സൗകര്യങ്ങളും മാനദണ്ഡങ്ങളും ചട്ടങ്ങളും പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതും മൂന്ന് മാസത്തേക്ക് തുടരും. അന്താരാഷ്ട്ര നിലവാരമനുസരിച്ച് കെട്ടിടങ്ങളെ തരംതിരിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാണെന്ന് വകുപ്പ് ഡയറക്ടർ ജനറൽ ഒമർ അൽ മുഹൈരി വ്യക്തമാക്കി. ഫീൽഡ് സന്ദർശനങ്ങൾക്ക് ശേഷം റിപ്പോർട്ടുകൾ സുതാര്യമായി പുറത്തിറക്കുമെന്നും അൽ മുഹൈരി കൂട്ടിച്ചേർത്തു. ഈ സംവിധാനത്തിലൂടെ റിയൽഎസ്റ്റേറ്റ് സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുകയും നിക്ഷേപകർക്ക് അവരുടെ നിക്ഷേപം നടത്തുന്നതിലും അജ്മാനിൽ ഏതെങ്കിലും പ്രോപ്പർട്ടി വാടകക്കെടുക്കുകയോ വാങ്ങുകയോ ചെയ്യുന്നത് സുഗമമാക്കും.



അബുദാബിയിൽ ഇന്ത്യൻ എംബസി സംഘടിപ്പിച്ച യോഗദിനാചരണത്തിൽ യുഎഇ സഹിഷ്ണുത മന്ത്രി ശൈഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ, ഇന്ത്യൻ സ്ഥാനപതി സഞ്ജയ് സുധീർ തുടങ്ങിയവർ പങ്കെടുത്തപ്പോൾ

# ഇന്ത്യൻ എംബസി യോഗ ദിനാചരണം ദുബൈയിലും അബുദാബിയിലും

അബുദാബി: രാജ്യാന്തര യോഗ ദിനാചരണത്തോടനുബന്ധിച്ച് യുഎഇ തലസ്ഥാനത്ത് നടത്തിയ പരിപാടിയിൽ ആയിരങ്ങൾ പങ്കെടുത്തു. പത്താമത് രാജ്യാന്തര യോഗ ദിനാചരണത്തോട് അനുബന്ധിച്ച് ഇന്ത്യൻ എംബസി സംഘടിപ്പിച്ച പരിപാടിയിൽ 70 രാജ്യങ്ങളിൽ നിന്നുള്ള 1500ലേറെ പേർ പങ്കെടുത്തു. യുഎഇ സഹിഷ്ണുത മന്ത്രി ശൈഖ് നഹ്യാൻ ബിൻ മുബാറക് അൽ നഹ്യാൻ മുഖ്യാതിഥിയായി. ഇന്ത്യൻ സ്ഥാനപതി സഞ്ജയ് സുധീർ ഉൾപ്പെടെ ഒട്ടേറെ പ്രമുഖർ പങ്കെടുത്തു. 45 മിനിറ്റ് നീണ്ട പരിശീലനത്തിനു യോഗ വൺ സ്റ്റുഡിയോയിലെ മിന ലീ നേതൃത്വം നൽകി. അബുദാബി സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ നടന്ന യോഗ ദിനാചരണത്തിൽ പങ്കെടുത്തവർക്കെല്ലാം യോഗ മാറ്റ്, ടിഷർട്ട്, ലഘു ഭക്ഷണം എന്നിവ നൽകിയിരുന്നു. യോഗ പരിശീലനത്തിൽ മന്ത്രി സജീവമായി പങ്കെടുത്തു. യോഗ ജീവിതത്തിന്റെ ഭാഗമാക്കണമെന്നും സ്മാർട്ട് ആപ്പ് വഴിയും യുട്യൂബിലുമായി ആർക്കും സ്വയം അഭ്യസിക്കാമെന്നും സ്ഥാനപതി സഞ്ജയ് സുധീർ സൂചിപ്പിച്ചു. അപ്പാരൽ ഗ്രൂപ്പ്, ലുലു ഗ്രൂപ്പ്, ലുലു ഫിനാൻസ് തുടങ്ങിയവയുടെ സഹകരണത്തോടെ നടത്തിയ യോഗക്ക് മുന്നോടിയായി വിവിധ കലാപരിപാടികളും അരങ്ങേറി. ദുബൈ ഇന്ത്യൻ കോൺസുലേറ്റിന്റെ നേതൃത്വത്തിലും വിപുലമായ യോഗ ദിനാചരണം നടത്തി. ദുബൈ വേൾഡ് ട്രേഡ് സെന്ററിൽ നടന്ന പരിപാടിയിൽ വിദ്യാർത്ഥികൾ ഉൾപ്പെടെ അയ്യായിരത്തിലേറെ പേർ അണിനിരന്നു. ഫ്രണ്ട്സ് ഓഫ് ഇന്ത്യയുമായി സഹകരിച്ചായിരുന്നു പരിപാടികൾ. യോഗയ്ക്ക് പരിചയ സമ്പന്നരായ ഇൻസ്ട്രക്ടർമാർ നേതൃത്വം നൽകി. 50 രാജ്യങ്ങളിൽനിന്നുള്ളവർ പങ്കെടുത്തു. ഇന്ത്യൻ കോൺസൽ ജനറൽ സതീഷ്കുമാർ ശിവൻ നന്ദി രേഖപ്പെടുത്തി.

# ദുബൈ ഫ്യൂച്ചർ സൊല്യൂഷൻസ്: രണ്ടാംഘട്ട പദ്ധതിക്ക് അനുമതി

ദുബൈ: അത്യാധുനിക പ്രവർത്തനങ്ങൾക്കായി ആദ്യത്തെ മാതൃകാ സംരംഭമായ ദുബൈ ഫ്യൂച്ചർ സൊല്യൂഷൻസിന്റെ രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്ക് അനുമതി. ദുബൈ കിരീടാവകാശിയും ഫ്യൂച്ചർ ഫൗണ്ടേഷന്റെ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാനുമായ ശൈഖ് ഹംദാൻ ബിൻ മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമാണ് അംഗീകാരം നൽകിയത്. ദുബൈ ആഗോള ഇന്നൊവേഷൻ ഹബ്ബാക്കി മാറ്റാനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് ചുവടുവെപ്പ്. നൂതന മാതൃകകളുടെ വികസനം പ്രോത്സാഹിപ്പിക്കുന്നതിനൊപ്പം ലോകത്തിന് മുമ്പിൽ പുതിയ ആശയങ്ങൾ അവതരിപ്പിക്കുക എന്നതും പദ്ധതിയുടെ ലക്ഷ്യമാണ്. ദുബൈ കൾച്ചർ ആൻഡ് ആർട്സ് അതോറിറ്റി ചെയർപേഴ്സൺ ശൈഖ ലത്തീഫ ബിൻത് മുഹമ്മദ് ബിൻ റാഷിദ് അൽ മക്തൂമിന്റെ മേൽനോട്ടത്തിലാണ് പ്രവർത്തനങ്ങൾ. പദ്ധതിയുടെ വിപുലീകരണാർത്ഥം ദുബൈ ഫ്യൂച്ചർ ഫൗണ്ടേഷനും ദമാക് ഫൗണ്ടേഷനും തമ്മിൽ കരാർ ഒപ്പിട്ടു. നൂതന ആശയങ്ങളെയും സാങ്കേതിക വിദ്യകളെയും പിന്തുണക്കുന്നതിനായി 10 കോടി ദിർഹം നിക്ഷേപിച്ച സ്ഥാപനമാണ് ദമാക് ഫൗണ്ടേഷൻ. കഴിഞ്ഞ ഒമ്പത് വർഷത്തിനിടെ ആഗോള തലത്തിൽ 700ലധികം സർവകലാശാലകളിൽ നിന്നുള്ള വിദ്യാർഥികൾ സമർപ്പിച്ച 10,000 നൂതന പദ്ധതികൾ പ്രദർശിപ്പിക്കാൻ സംരംഭത്തിന് കഴിഞ്ഞിട്ടുണ്ട്.



ദുബൈ ഫ്യൂച്ചർ ഫൗണ്ടേഷനും ദമാക് ഫൗണ്ടേഷനും കരാറിൽ ഒപ്പ് വെക്കുന്നു

# അബുദാബി കണ്ണൂർ ജില്ലാ കെഎംസിസി 'ദി എക്സലൻസ്' അവാർഡ് നൈറ്റ്

അബുദാബി: കണ്ണൂർ ജില്ലാ അബുദാബി കെഎംസിസി ഇന്ത്യൻ ഇസ്‌ലാമിക് സെന്ററിൽ സംഘടിപ്പിച്ച 'ദി എക്സലൻസ്' അവാർഡ് നൈറ്റ് സംസ്ഥാന ജനറൽ സെക്രട്ടറി സി.എച്ച് യൂസുഫ് ഉദ്ഘാടനം ചെയ്തു. സാദിഖ് മുട്ടം അധ്യക്ഷനായി. വിദ്യാർത്ഥികളും രക്ഷിതാക്കളും ഉൾപ്പെടെ നൂറുകണക്കിനാളുകൾ പങ്കെടുത്ത പരിപാടിയിൽ എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ വിജയിച്ച കെഎംസിസി പ്രവർത്തകരുടെ മക്കളെ ഉപഹാരം നൽകി ആദരിച്ചു. അബുദാബി ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ഭരണ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വി.പി.കെ അബ്ദുല്ല ഹാജിയെ ചടങ്ങിൽ ആദരിച്ചു. തുടർന്ന് പ്രവാസി കലാകാരന്മാരുടെ നേതൃത്വത്തിൽ ഇശൽ സന്ധ്യ,ദഫ്മുട്ട്,കോൽക്കളി,മുട്ടിപ്പാട്ട് എന്നിവ അരങ്ങേറി. സംസ്ഥാന കെഎംസിസി ഭാരവാഹികൾ,വിവിധ ജില്ലാ കെഎംസിസി ഭാരവാഹികൾ പങ്കെടുത്തു. ഹസൻ കുഞ്ഞി സ്വാഗതവും അലി പാലക്കോട് നന്ദിയും പറഞ്ഞു.



അബുദാബി: കണ്ണൂർ ജില്ലാ അബുദാബി കെഎംസിസി 'ദി എക്സലൻസ്' അവാർഡ് നൈറ്റിൽ ഇന്ത്യൻ ഇസ്‌ലാമിക് സെന്റർ ഭരണ സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട വി.പി.കെ അബ്ദുല്ല ഹാജിയെ ആദരിക്കുന്നു

## ഗൾഫ് വാർത്തകൾ



റാസൽ ഖൈമ കെഎംസിസി വനിതാ വിങ് സംഘടിപ്പിച്ച പ്രവർത്തക സംഗമത്തിൽ നിന്ന്

# റാസൽഖൈമ കെഎംസിസി വനിതാ വിങ് പ്രവർത്തക സംഗമം പ്രൗഢമായി

റാസൽ ഖൈമ: കെഎംസിസി റാസൽഖൈമ വനിതാ വിങ് സംഘടിപ്പിച്ച പ്രവർത്തക സംഗമം പ്രൗഢമായി. റാസൽ ഖൈമ ഇന്ത്യൻ അസോസിയേഷൻ ഓഡിറ്റോറിയത്തിൽ നടന്ന സംഗമത്തിൽ പ്രവാസ ലോകത്തെ ആരോഗ്യകരമായ ജീവിതശൈലികളെ കുറിച്ച് ഡോ.മറിയം സൈനബ് ക്ലാസെടുത്തു. വിനോദവും വിജ്ഞാനവും കോർത്തിണക്കി വ്യത്യസ്തപരിപാടികൾ കൊണ്ട് ശ്രദ്ധേയമായ സംഗമത്തിന് വനിതാ വിങ് ആക്ടിങ് പ്രസിഡന്റ് ഷംസാദ റഹീം, ജനറൽ സെക്രട്ടറി സൗദ അയ്യൂബ്, ട്രഷറർ സഫിയ സലാം, തിരുവനന്തപുരം ജില്ലാ വനിതാ ലീഗ് ട്രഷറർ നൗഷിർ താജുദ്ദീൻ, സംസ്ഥാന വനിതാ വിങ് സഹഭാരവാഹികളായ മറിയക്കുട്ടി അഷറഫ്, സാജിറ റഫീഖ്, റഫാൻ കുനിയിൽ, ഫായിസ സിദ്ദീഖ്, ഷിംന ഷഫീഖ്, ഷൈമ ഹുസൈൻ, വിവിധ ജില്ലാ ഭാരവാഹികളായ ഷക്കീല ആരിഫ്,ഷമീമ അഫ്താബ്, ആരിഫ ഹാഷിർ, ഫൗസിയ ഹനീഫ്, റസാനത്ത് മുസ്തഫ, ഷഹാന ഹാഷിഖ്, തഹ്സിൻ മുനീർ, സബിത സുബൈർ, ഷീബ ജാഫർ, റെജീന, നുസ്റത്ത്, നൗഷിബ, ഷിഫാന, ഫർഹാന ഷെറിൻ തുടങ്ങിയവർ നേതൃത്വം നൽകി.

റാസൽ ഖൈമ കെഎംസിസി സംസ്ഥാന പ്രസിഡന്റ് റസാഖ് ചെനക്കൽ, ജനറൽ സെക്രട്ടറി സയ്യിദ് റാഷിദ് തങ്ങൾ, ട്രഷറർ താജുദ്ദീൻ മർഹബ, ഉപദേശക സമിതി അംഗങ്ങളായ ടി.എം ബഷീർ കുഞ്ഞു, ടി.പി അബ്ദുൽ സലാം,ഭാരവാഹികളായ അയ്യൂബ് കോയക്കാൻ, നാസർ പൊന്മുണ്ടം, അബ്ദുൽ റഹീം കാഞ്ഞങ്ങാട്, വെട്ടം അബ്ദുൽ കരീം,മൂസ കുനിയിൽ, സിദ്ദിഖ് തലക്കടത്തൂർ,ഹുസൈൻ കൂളിയാട്ട്, ഹസൈനാർ കോഴിച്ചെന, അസീസ് കൂടല്ലൂർ, വിവിധ ജില്ലാ നേതാക്കളായ ഹാരിഫ് പടന്ന, ജാഫർ മണ്ണിങ്ങൽ, നിസാർ ചിറവല്ലൂർ, മുസ്തഫ പോട്ടൂർ, മുനീർ കൊടുമുണ്ട, സലാം രാമപുരം പങ്കെടുത്തു.



അബൂദാബി സംസ്ഥാന കെഎംസിസി ട്രഷററായി തിരഞ്ഞെടുത്ത പി.കെ അഹമദ് ബല്ലാകടപ്പുറത്തിനെ കാഞ്ഞങ്ങാട് മുനിസിപ്പൽ കെഎംസിസി ആക്ടിങ് പ്രസിഡന്റ് അഹമദ് മുറിയനാവി ഷാളണിയിച്ച് ആദരിക്കുന്നു

# നേതാക്കൾക്ക് സ്വീകരണം നൽകി

അബുദാബി: ഹ്രസ്വസന്ദർശനാർത്ഥം അബുദാബിയിൽ എത്തിയ കാസർകോട് ജില്ലാ വനിതാ ലീഗ് വൈസ് പ്രസിഡന്റും കാഞ്ഞങ്ങാട് മുനിസിപ്പൽ കൗൺസിലറുമായ ടി.കെ സുമയ്യക്കും അബുദാബി സംസ്ഥാന കെഎംസിസി ട്രഷററായി തിരഞ്ഞെടുത്ത പി.കെ അഹമ്മദ് ബല്ലാക്കടപ്പുറത്തിനും അബുദാബി കാഞ്ഞങ്ങാട് മണ്ഡലം, മുനിസിപ്പൽ കെഎംസിസി കമ്മിറ്റികൾ സംയുക്തമായി സ്വീകരണം നൽകി. സംസ്ഥാന കെഎംസിസി വൈസ് പ്രസിഡന്റ് അനീസ് മാങ്ങാട് ഉദ്ഘാടനം ചെയ്തു. കാഞ്ഞങ്ങാട് മണ്ഡലം പ്രസിഡന്റ് സി.എച്ച് അബ്ദുസ്സലാം അധ്യക്ഷനായി. അബുദാബി കാസർകോട് ജില്ലാ കെഎംസിസി പ്രസിഡന്റ് അബ്ദുറഹ്മാൻ ചേക്കുഹാജി, ജനറൽ സെക്രട്ടറി പി.കെ അഷ്റഫ്,ട്രഷറർ ഉമ്പു ഹാജി, വൈസ് പ്രസിഡന്റ് കെ.കെ സുബൈർ, കാസർകോട് മണ്ഡലം പ്രസിഡന്റ് അസീസ് ആറാട്ടുകടവ്,കാഞ്ഞങ്ങാട് മണ്ഡലം പ്രസിഡന്റ് എം. കെ അബ്ദുറഹ്മാൻ ആറങ്ങാടി, മുനിസിപ്പൽ ആക്ടിങ് പ്രസിഡന്റ് അഹമ്മദ് മുറിയനാവി, ജനറൽ സെക്രട്ടറി എ.കെ മൊയ്തീൻ ബല്ല ആശംസകൾ നേർന്നു. മണ്ഡലം സെക്രട്ടറി ആസിഫ് ബല്ല, മുനിസിപ്പൽ സെക്രട്ടറി റംഷീദ് ആവിയിൽ, ശുഐബ് ആറങ്ങാടി, സഹീദ് സിയാറത്തിങ്കര, അജാനൂർ പഞ്ചായത്ത് സെക്രട്ടറി യൂനുസ് തെക്കേപ്പുറം, ബദ്റുദ്ദീൻ ചിത്താരി പങ്കെടുത്തു. മണ്ഡലം ആക്ടിങ് ജനറൽ സെക്രട്ടറി ഇസ്മായിൽ ആവിയിൽ സ്വാഗതവും കാഞ്ഞങ്ങാട് മുനിസിപ്പൽ വൈസ് പ്രസിഡന്റ് കബീർ കല്ലൂരാവി നന്ദിയും പറഞ്ഞു.

# മുസ്‌ലിംലീഗിന്റെ ജീവകാരുണ്യ പ്രവർത്തനത്തിൽ കെഎംസിസിയുടെ പങ്ക് നിസ്തുലം: മുനവ്വറലി തങ്ങൾ

കോലാലംപൂർ: മുസ്‌ലിം ലീഗിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളിൽ കെഎംസിസിയുടെ പങ്ക് നിസ്തുലമാണെന്നും യഥാർത്ഥ ദയയും കാരുണ്യവും അന്തർഭവിക്കുക്കുന്നത് പ്രവാസികളിൽ നിന്നാണെന്നും അതിന് മുസ്‌ലിംലീഗും പ്രവാസി സമൂഹവും നൽകുന്ന അംഗീകാരമാണ് എല്ലാ രാജ്യങ്ങളിലെയും കെഎംസിസിയുടെ വളർച്ചയെന്നും മുസ്‌ലിം യൂത്ത്‌ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ പറഞ്ഞു. മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിന്റെ ക്ഷണപ്രകാരം ഔദ്യോഗിക സന്ദർശനത്തിനെത്തിയ മുനവ്വറലി തങ്ങൾക്ക് കോലാലംപൂർ കെഎംസിസി നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു.

ഹനീഫ കോട്ടക്കൽ അധ്യക്ഷനായി. ഇബ്രാഹിം ബിൻ ഹാജി മുഹമ്മദ് വിശിഷ്ടാതിഥിയായി. ഇ.ടി.എം തലപ്പാറ ഉദ്ഘാടനം ചെയ്തു. സയ്യിദ് റിയാസ് ജിഫ്രി തങ്ങൾ, കാസിം തലക്കടത്തൂർ, നൗഷാദ് വൈലത്തൂർ, സാദത്ത് അൻവർ, സാജിദ് മഖ്ദൂം, സാബിത്ത് കോഴിക്കോട്, മുനീർ ചെട്ടിപ്പടി,ഷാദിൽ കോട്ടക്കൽ,ഷിബിൽ മണ്ണാർക്കാട് പ്രസംഗിച്ചു. ഫാറൂഖ് ചെറുകുളം സ്വാഗതവും ഷമീർ മലപ്പുറം നന്ദിയും പറഞ്ഞു.



മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിന്റെ ക്ഷണപ്രകാരം സന്ദർശനത്തിനെത്തിയ മുനവ്വറലി ശിഹാബ് തങ്ങൾക്ക് കോലാലംപൂർ കെഎംസിസി നൽകിയ സ്വീകരണം

# കാസർകോട് സ്വദേശി കുവൈത്തിൽ മരിച്ചു



അറഫാത്ത്

കുവൈത്ത്: കാസർകോട് ബേക്കൽ മാസ്തഗുഡ സ്വദേശി അറഫാത്ത് ജോലി സ്ഥലത്ത് കുഴഞ്ഞു വീണ് മരിച്ചു. പിതാവ്: അബ്ദുൽഹമീദ്, മാതാവ്: ഹവ്വാ ബീവി. ഭാര്യ: ആയിശത്ത് മഷ്ഹൂറ, മക്കൾ: മുഹമ്മദ് സയാൻ, ഇസ അറഫാത്ത്

# പ്ലസ് വൺ സീറ്റ് പ്രതിസന്ധി മലബാറിനോടുള്ള അവഗണന അവസാനിപ്പിക്കണം

ഫുജൈറ: പ്ലസ് വൺ സീറ്റിൽ മലബാറിനോടുള്ള അവഗണന അവസാനിപ്പിക്കണമെന്ന് ഫുജൈറ കെഎംസിസി പ്രവർത്തക സമിതി യോഗം ആവശ്യപ്പെട്ടു. പ്രസിഡന്റ് മുബാറക് കോക്കൂർ അധ്യക്ഷനായി. വി.എം സിറാജ് ഉദ്ഘാടനം ചെയ്തു. കേരളത്തിൽ യു.ഡി.എഫും ഇന്ത്യ മുന്നണിയും നേടിയ വിജയത്തിൽ യോഗം അഭിനന്ദിച്ചു. റാഷിദ് ജാതിയേരി, മുഹമ്മദ് ഫിറോസ് തീരൂർ, ശിഹാബ് സി.പി, നിഷാദ് വാഫി, അസീസ് കടമേരി, ഹബീബ് കടവത്ത്, ജസീർ എം.പി.ച്ച് കണ്ണൂർ, ഹനീഫ കൊക്കാച്ചാൽ, അബുതാഹിർ തൃശൂർ, ഹസൻ ആലപ്പുഴ,മുസ്തഫ താണിക്കൽ പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ബഷീർ ഉളിയിൽ സ്വാഗതവും ട്രഷറർ സി.കെ അബൂബക്കർ നന്ദിയും പറഞ്ഞു

# സാബീൽ പ്രൊ ലീഗ് സീസൺ 1 സാബീൽ ഹീറോസ് ചാമ്പ്യന്മാർ

ദുബൈ: യാങ്സ് ട്രസ്റ്റ് നാദൽശിബ പാർക്കിൽ സംഘടിപ്പിച്ച സാബീൽ പ്രൊ ലീഗ് സീസൺ ഒന്നിൽ സാബീൽ ഹീറോസ് ചാമ്പ്യന്മാ മാരായി. എമിറേറ്റ്സ് ഫാൽക്കൺ രണ്ടാംസ്ഥാനവും ഗൾഫ് സോക്കർ മൂന്നാംസ്ഥാനവും നേടി.



സാബീൽ പ്രൊ ലീഗ് സീസൺ ഒന്നിൽ ചാമ്പ്യന്മാമാരായ സാബീൽ ഹീറോസ് ടീം ട്രോഫിയുമായി



ദുബൈ കെഎംസിസി കൂത്ത്പറമ്പ് മണ്ഡലം കമ്മിറ്റി സംഘടിപ്പിക്കുന്ന 'സന്നാഹം 2024' പ്രവാസി കുടുംബ സംഗമം മെഗാ ഇവന്റ് ലോഗോ പ്രകാശനം മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് പൊട്ടങ്കണ്ടി അബ്ദുല്ല നിർവഹിക്കുന്നു

# സന്നാഹം'24 കുടുംബ സംഗമം ലോഗോ പ്രകാശനം

ദുബൈ: കെഎംസിസി കൂത്ത്പറമ്പ് മണ്ഡലം കമ്മിറ്റി ഒക്ടോബറിൽ സംഘടിപ്പിക്കുന്ന 'സന്നാഹം 2024' പ്രവാസി കുടുംബ സംഗമം മെഗാ ഇവന്റിന്റെ ലോഗോ പ്രകാശനം മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് പൊട്ടങ്കണ്ടി അബ്ദുല്ല നിർവ്വഹിച്ചു. അൻസാർ നാനാറത്ത് അധ്യക്ഷനായി.

സംസ്ഥാന ട്രഷറർ പി.കെ ഇസ്മായിൽ, എം.വി നിസാർ, പൊട്ടങ്കണ്ടി ശരീഫ്, പൊയിൽ മുഹമ്മദ്, പി.വി ഇസ്മായിൽ, നസീർ പാനൂർ, റഫീക്ക് കല്ലിക്കണ്ടി, ബഷീർ കടവത്തൂർ, റിയാസ് പാറക്കൽ, യൂനുസ് പി.കെ, ജംശീർ എടവന,ഫൈസൽ ചാത്തോൾ പങ്കെടുത്തു. ടി.കെ. റയീസുദ്ദീൻ സ്വാഗതവും കൊമ്പൻ ഉമ്മർ നന്ദിയും പറഞ്ഞു.

# ദുബൈ നാട്ടിക മണ്ഡലം കെഎംസിസി പുനസംഘടനയും ആദരവും



പ്രസിഡന്റ് ജനറൽ സെക്രട്ടറി ട്രഷറർ

ദുബൈ: നാട്ടിക മണ്ഡലം കെഎംസിസി എക്സിക്യൂട്ടീവ് യോഗം ജില്ലാ പ്രസിഡന്റ് ജമാൽ മനയത്ത് ഉദ്ഘാടനം ചെയ്തു. ദുബൈ കെഎംസിസി ആസ്ഥാനത്ത് നടന്ന യോഗത്തിൽ മണ്ഡലം പ്രസിഡന്റ് ബഷീർ സൈദു അധ്യക്ഷനായി. നിലവിലെ ജനറൽ സെക്രട്ടറി മുഹമ്മദ് ഹനീഫയെ ജില്ലാ ഘടകത്തിലേക്ക് തിരഞ്ഞെടുത്ത സാഹചര്യത്തിൽ മുബഷിർ ഉസ്മാനെ മണ്ഡലം ജനറൽ സെക്രട്ടറിയായും അബ്ദുൽ സത്താർ പട്ടാട്ടിനെ ട്രഷററായും ഷക്കീർ ഉപ്പാട്ടിനെ വെൽഫയർ മണ്ഡലം കോർഡിനേറ്ററായും തിരഞ്ഞെടുത്തു. സെപ്തംബർ 15ന് പ്രവർത്തനോദ്ഘാടനം നടക്കും. 38 വർഷത്തോളം പ്രവാസ ജീവിതം നയിച്ച മുൻ സാരഥി ഉബൈദ് ചേറ്റുവ പ്രവാസം മതിയാക്കി നാട്ടിലേക്ക് യാത്രയാവുന്നതിന്റെ ഭാഗമായി അദ്ദേഹത്തെ മുസ്‌ലിംലീഗ് തൃശൂർ ജില്ലാ പ്രസിഡന്റ് സി.എ റഷീദിന്റെ സാന്നിധ്യത്തിൽ നാട്ടിക മണ്ഡലം കമ്മിറ്റി ആദരിച്ചു. സംസ്ഥാന സെക്രട്ടറി അഷറഫ് കൊടുങ്ങല്ലൂർ, ജില്ലാ ജനറൽ സെക്രട്ടറി ഗഫൂർ പട്ടിക്കര,ജില്ലാ ഭാരവാഹിയായ അബുസമീർ, മനാഫ് മുഹമ്മദ്, മുഹമ്മദ് സലിം, നസീർ വലപ്പാട്, സാദിഖ് എം.എ എന്നിവർ ആശംസകൾ നേർന്നു. മുഹമ്മദ് ഹനീഫ സ്വാഗതവും മുബഷിർ ഉസ്മാൻ നന്ദിയും പറഞ്ഞു.

# വിമാന യാത്രാ നിരക്കുകളിലെ ചൂഷണം സർക്കാർ അടിയന്തരമായി ഇടപെടണം: യഹ്‌യ തളങ്കര

ദുബൈ: ഗൾഫ് മേഖലകളിൽ മധ്യവേനലവധികാലത്തും വിവിധ ഉത്സവ സീസണുകളിലും അനിയന്ത്രിതമായി വിമാന നിരക്കുകൾ വർധിപ്പിക്കുന്നതിനെതിരെ കേന്ദ്ര-സംസ്ഥാന സർക്കാറുക്കൾ ഇടപെടണമെന്നും വിമാന കമ്പനികളുടെ ചൂഷണത്തിൽ നിന്ന് പ്രവാസികൾക്ക് പിന്തുണ നൽകണമെന്നും യു.എ.ഇ കെ.എം.സി.സി ഉപദേശക സമിതി വൈസ് ചെയർമാൻ യഹ്‌യ തളങ്കര ആവശ്യപ്പെട്ടു. ദുബൈ കെഎംസിസി കാസർക്കോട് ജില്ലാ കമ്മിറ്റി അബുഹൈൽ കെഎംസിസി ആസ്ഥാനത്തെ പി.എ ഇബ്രാഹിംഹാജി ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച പ്രഭാത സംഗമം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു. കാലങ്ങളായി പ്രവാസി സമൂഹം ആവശ്യപ്പെടുന്ന വിമാന നിരക്ക് കുറക്കാനുള്ള നിർദേശങ്ങൾ പ്രാബല്യത്തിൽ വരുത്താൻ സർക്കാരുകൾ തയാറാവാത്തത് പ്രവാസികളോട് ചെയ്യുന്ന അനീതിയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ജില്ലാ പ്രസിഡന്റ് സലാം കന്യപ്പാടി അധ്യക്ഷനായി. ആക്ടിങ് ജനറൽ സെക്രട്ടറി പി.ഡി നൂറുദ്ദീൻ സ്വാഗതം പറഞ്ഞു. യുഎഇ കെഎംസിസി കേന്ദ്ര കമ്മറ്റി ട്രഷർ നിസാർ തളങ്കര, മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് കെഇഎ ബക്കർ, ദുബൈ കെഎംസിസി സീനിയർ വൈസ് പ്രസിഡന്റ് ഹുസൈനാർ ഹാജി എടച്ചാക്കൈ, ഓർഗനൈസിങ് സെക്രട്ടറി ഹംസ തൊട്ടി, അഡ്വ. ഇബ്രാഹിം ഖലീൽ, എഎ ജലീൽ, അബ്ദുല്ല ആറങ്ങാടി, അഫ്സൽ മൊട്ടമ്മൽ പ്രംസംഗിച്ചു. ജില്ലാ ഭാരവാഹികളായ സലാം തട്ടാനിച്ചേരി, സി.എച്ച് നൂറുദ്ദീൻ, ഹസൈനാർ ബീജന്തടുക്ക, ഹനീഫ് ബാവ നഗർ, സുബൈർ അബ്ദുല്ല,സുബൈർ കുബണൂർ, ആസിഫ് ഹൊസങ്കടി, സിദ്ദീഖ് ചൗക്കി, റഫീഖ് കാടങ്ങോട്, ബഷീർ പാറപ്പള്ളി, ഫൈസൽ മുഹ്സിൻ, ഫൈസൽ പട്ടേൽ, റഫീഖ് മാങ്ങാട്, ഖാലിദ് പാലക്കി, എ.ജി.എ റഹ്മാൻ, സൈഫുദ്ദീൻ മൊഗ്രാൽ, അഷ്കർ ചൂരി, ഹാരിസ് കൂളിയങ്കാൽ, ഷിഹാദ് ചെറുവത്തൂർ, റാഫി പള്ളിപ്പുറം, സലീം ചേരങ്കൈ, മറ്റു മണ്ഡലം മുനിസിപ്പൽ പഞ്ചായത്ത് ഭാരവാഹികൾ പങ്കെടുത്തു. സെക്രട്ടറി സുബൈർ കുബണൂർ ഖിറാഅത്ത് നടത്തി. ട്രഷർ ഡോ. ഇസ്മയിൽ മൊഗ്രാൽ നന്ദി പറഞ്ഞു. കെഇഎ ബക്കർ, എ.എ ജലീൽ എന്നിവരെ ജില്ലാ കമ്മിറ്റിക്കു വേണ്ടി യഹ്‌യ തളങ്കരയും നിസാർ തളങ്കരയും ഷാളണിയിച്ചു സ്വീകരിച്ചു.




കാസർകോട് ജില്ലാ ദുബൈ കെഎംസിസി പ്രഭാത സംഗമം യുഎഇ കെഎംസിസി ഉപദേശക സമിതി വൈസ് ചെയർമാൻ യഹ്‌യ തളങ്കര ഉദ്ഘാടനം ചെയ്യുന്നു

# ദുരിത ബാധിതർക്ക് ആശ്വാസമായി ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്ത് ബഹ്റൈൻ കെഎംസിസി

മനാമ: മനാമയിൽ തീപിടിത്തത്തെ തുടർന്ന് പ്രയാസമനുഭവിക്കുന്നവർക്ക് വിതരണം ചെയ്യുന്നതിനായി ക്യാപിറ്റൽ ഗവർണറേറ്റ് ചാരിറ്റി നൽകുന്ന ഡ്രൈ ഫുഡ് കിറ്റുകൾ ഡയരക്ടർ ഓഫ് ഇൻഫർമേഷൻ ആന്റ് ഫോളോഅപ്പ് യൂസഫ് ലോറി ബഹ്റൈൻ കെഎംസിസിക്ക് കൈമാറി. കെഎംസിസി ആസ്ഥാനത്ത് നടന്ന ചടങ്ങിൽ ആക്ടിങ് പ്രസിഡന്റ് എ.പി. ഫൈസലിന്റെയും ജനറൽ സെക്രട്ടറി അസൈനാർ കളത്തിങ്കലിന്റെയും നേതൃത്വത്തിൽ കിറ്റുകൾ ഏറ്റുവാങ്ങി.

മനാമ സൂഖിലെ അഗ്നിബാധയെ തുടർന്ന് ഒരാഴ്ചയായി ദുരിതം അനുഭവിക്കുന്നവർക്ക് വലിയ ആശ്വാസമായി കെഎംസിസി കിറ്റുകൾ വിതരണം ചെയ്തു. ഇന്ത്യക്കാർക്ക് പുറമെ പ്രയാസം അനുഭവിക്കുന്ന ബംഗ്ലാദേശികൾ ഉൾപ്പെടെ മറ്റു രാജ്യക്കാർക്ക്കൂടി കെഎംസിസി കിറ്റുകൾ നൽകി.

വൺ ബഹ്റൈൻ ഹോസ്പിറ്റൽ ജനറൽ മാനേജർ ആന്റണി പൗലോസ്, സാമൂഹിക പ്രവർത്തക അനാട്ട,ജംഇയ്യത്തുൽ ബോറ ഇസ്‌ലാമിയ ബഹ്റൈൻ പ്രസിഡന്റ് ഹുസൈഫ നൊമാനി,അബ്ബാസ് സാകിയുദ്ദീൻ,കെഎംസിസി സംസ്ഥാന ഭാരവാഹികളായ കെ. പി മുസ്തഫ,ശംസുദ്ദീൻ വെള്ളികുളങ്ങര, ഷാഫി പാറക്കട്ട, ഗഫൂർ കൈപ്പമംഗലം, ഒ.കെ. കാസിം, സലിം തളങ്കര, റഫീഖ് തോട്ടക്കര, ശരീഫ് വില്ലിയാപ്പള്ളി പങ്കെടുത്തു.




മനാമ സൂഖിലെ തീപിടിത്തത്തെ തുടർന്ന് പ്രയാസമനുഭവിക്കുന്നവർക്ക് വിതരണം ചെയ്യുന്നതിന് ക്യാപിറ്റൽ ഗവർണറേറ്റ് ചാരിറ്റി നൽകുന്ന ഡ്രൈ ഫുഡ് കിറ്റുകൾ ഡയരക്ടർ ഓഫ് ഇൻഫർമേഷൻ ആന്റ് ഫോളോഅപ്പ് യൂസഫ് ലോറി ബഹ്റൈൻ കെഎംസിസി കമ്മിറ്റിക്ക് കൈമാറുന്നു

# തൃശൂർ ജില്ലാ കെഎംസിസി ഉബൈദ് ചേറ്റുവക്ക് യാത്രയയപ്പും യുസുഫ് മടപ്പേന് ആദരവും നൽകി

ദുബൈ: തൃശൂർ ജില്ലാ കെഎംസിസിയുടെ ആഭിമുഖ്യത്തിൽ 38 വർഷത്തെ പ്രവാസ ജീവിതം അവസാനിപ്പിച്ച് നാട്ടിൽ പോകുന്ന ഉബൈദ് ചേറ്റുവക്ക് യാത്രയയപ്പും ഡോക്ടറേറ്റ് നേടിയ യുസുഫ് മടപ്പേന് ആദരവും നൽകി.

കെഎംസിസി സ്നേഹ സംഗമം തൃശൂർ ജില്ലാ മുസ്‌ലിംലീഗ് പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദ് ഉദ്ഘാടനം ചെയ്തു. തൃശൂർ ജില്ലാ കെഎംസിസി പ്രസിഡന്റ് ജമാൽ മാനയത്ത് അധ്യക്ഷനായി. ഡോ. മുഹമ്മദ് ഖാസിം മുഖ്യപ്രഭാഷണം നടത്തി. ദുബൈ കെഎംസിസി ഭാരവാഹികളായ അഷ്റഫ് കൊടുങ്ങല്ലൂർ, അഡ്വ. സാജിദ് അബൂബക്കർ, മുഹമ്മദ് പട്ടാമ്പി, അബ്ദുൽ ഖാദർ അരിപ്പാമ്പ്ര, സാദിഖ് തിരുവനന്തപുരം, ഷാർജ കെഎംസിസി ഭാരവാഹികളായ ത്വയ്യിബ് ചേറ്റുവ, ഷാനവാസ് കെഎസ്, സീനിയർ നേതാക്കളായ മുഹമ്മദ് വെട്ടുകാട്, സമദ് ചാമക്കാല, മണ്ഡലം കമ്മിറ്റികളെ പ്രതിനിധീകരിച്ച് മുസ്തഫ വടുതല, ഷറഫുദ്ദീൻ കൈപ്പമംഗലം,അസ്കർ പുത്തൻചിറ, ബഷീർ സൈദ്, സാദിഖ് തിരുവത്ര, മുസമ്മിൽ തലശ്ശേരി, ഷമീർ പണിക്കത്ത് പ്രസംഗിച്ചു. ജനറൽ സെക്രട്ടറി ഗഫൂർ പട്ടിക്കര സ്വാഗതവും, സെക്രട്ടറി ജംഷിർ പാടൂർ നന്ദിയും പറഞ്ഞു, ജില്ലാ ഭാരവാഹികളായ ആർവിഎം മുസ്തഫ, അബു ഷമീർ, ബഷീർ പെരിഞ്ഞനം, മുഹമ്മദ് അക്ബർ ചാവക്കാട്, നൗഷാദ് ടി.എസ് സത്താർ മാമ്പ്ര, നൗഫൽ പുത്തൻപുരക്കൽ, മുഹമ്മദ് ഹനീഫ് തളിക്കുളം നേതൃത്വം നൽകി.




ഉബൈദ് ചേറ്റുവക്കും യൂസുഫ് മടപ്പേനും തൃശൂർ ജില്ലാ ദുബൈ കെഎംസിസിയുടെ ഉപഹാരങ്ങൾ മുസ്‌ലിംലീഗ് ജില്ലാ പ്രസിഡന്റ് സി.എ മുഹമ്മദ് റഷീദും ഡോ.മുഹമ്മദ് ഖാസിമും സമർപ്പിക്കുന്നു

നിന്റെ രക്ഷിതാവ് ആദം സന്തതികളിൽ നിന്ന്, അവരുടെ മുതുകുകളിൽ നിന്ന് അവരുടെ സന്താനങ്ങളെ പുറത്ത് കൊണ്ട് വരികയും, അവരുടെ കാര്യത്തിൽ അവരെ തന്നെ അവൻ സാക്ഷി നിർത്തുകയും ചെയ്ത സന്ദർഭം (ഓർക്കുക.) (അവൻ ചോദിച്ചു:) ഞാൻ നിങ്ങളുടെ രക്ഷിതാവല്ലയോ? അവർ പറഞ്ഞു: അതെ, ഞങ്ങൾ സാക്ഷ്യം വാഹിച്ചിരിക്കുന്നു. 'തീർച്ചയായും ഞങ്ങൾ ഇതിനെപ്പറ്റി ശ്രദ്ധയില്ലാത്തവരായിരുന്നു' എന്ന് ഉയിർത്തെഴുന്നേൽപിന്റെ നാളിൽ നിങ്ങൾ പറഞ്ഞേക്കും എന്നതിനാലാണ് (അങ്ങനെ ചെയ്തത്.)

(വിശുദ്ധ ഖുർആൻ: 07: 172)

ഗൾഫ് ചന്ദ്രിക

1445 ദുൽഹജ്ജ് 19 • 1199 മിഥുനം 11 • 11946 ആഷാഢം 04

# ആരോടാണീ വെല്ലുവിളി

സംസ്ഥാനത്ത് പ്ലസ് വൺ ക്ലാസുകൾക്ക് തുടക്കമായിട്ടും മലബാർ മേഖലയിൽ വിദ്യാർത്ഥികൾ ഉപരിപഠനത്തിന് പ്രവേശനം ലഭിക്കാതെ നെട്ടോട്ടമോടുമ്പോൾ അതിന് പരിഹാരം കണ്ടെത്തുന്നതിന് പകരം നട്ടാൽ കുരുക്കാത്ത കള്ളക്കണക്കുമായി കേരളത്തിന് അപമാനമായി മാറുകയാണ് വിദ്യാഭ്യാസ മന്ത്രി വി. ശിവൻകുട്ടി. ഉപരിപഠനത്തിന് സൗകര്യമൊരുക്കുന്നതിൽ എട്ടുവർഷക്കാലം തുടർച്ചയായി കാണിച്ച തുല്യതയില്ലാത്ത അവഗണനയുടെ ഫലമായി പ്ലസ് വൺ പ്രവേശനത്തിൽ ഏറ്റവും രൂക്ഷമായ പ്രതിസന്ധിയാണ് ഇത്തവണ മലബാറിൽ സംജാതമായത്. ഭരണകൂടത്തോടുള്ള വിധേയത്വത്തിന്റെ ഭാഗമായി മൗനത്തിന്റെ മഹാമാളത്തിൽ അഭയം തേടിയ ഇടതു വിദ്യാർത്ഥി സംഘടനകൾ പോലും ഇത്തവണ സമരത്തിന്റെ മൂടുപടം എടുത്തണിഞ്ഞിരിക്കുകയാണ്. നിവൃത്തികേടുകൊണ്ടാണെങ്കിലും വിഷയത്തിൽ ഭരണപക്ഷ എം.എൽ.എ തന്നെ സബ്മിഷൻ അവതരിപ്പിച്ചിരിക്കുകയാണ്. സീറ്റ്ക്ഷാമം യാഥാർത്ഥ്യമാണെന്ന് അദ്ദേഹം തുറന്നു പറയുന്നു. എന്നാൽ ഈ യാഥാർത്ഥ്യങ്ങളെ മുഴുവൻ പുറംകാൽകൊണ്ട് തട്ടിമാറ്റുകയും സമരക്കാരെയും ശബ്ദമുയർത്തുകയും ചെയ്യുന്നവരെ പരിഹസിച്ചുതള്ളുകയുമാണ് സംസ്ഥാന വിദ്യാഭ്യാസ മന്ത്രി. ഒരു തലമുറയുടെ ഭാവിയുമായി ബന്ധപ്പെട്ട പ്രശ്നത്തെ ഇത്ര ലാഘവത്തോടെ കാണാനും അസത്യങ്ങൾ അഴിച്ചുവിട്ട് യാഥാർത്ഥ്യങ്ങളെ ഇല്ലാതാക്കാനും ശ്രമിക്കുന്ന ഇദ്ദേഹത്തെ നാളിതുവരെ നാടുകണ്ടതിൽ വെച്ചേറ്റവും കഴിവുകെട്ട ഭരണാധികാരികളുടെ കൂടത്തിലായിരിക്കും അടയാളപ്പെടുത്തപ്പെടുക എന്ന കാര്യം അവിതർക്കിതമാണ്.

മുഴുവൻ വിഷയങ്ങളിൽ എ പ്ലസ് കിട്ടിയ വിദ്യാർത്ഥികളടക്കം ഉന്നതവിജയികൾപോലും അഡ്മിഷൻ ലഭിക്കാതെ തപിക്കുന്ന ഹൃദയങ്ങളും വേദനിക്കുന്ന മനസ്സുമായി നെട്ടോട്ടമോടുന്ന കാഴ്ച്ചയാണ് മലബാറിലും മലപ്പുറത്തും ഈ ദിവസങ്ങളിൽ കാണുന്നത്. സർക്കാറിന്റെ ഭാഗത്തു നിന്നുള്ള അടിയന്തിര ഇടപെടലുകളിൽ പ്രതീക്ഷയർപ്പിച്ച് കാത്തിരിക്കുകയാണ് ഈ കുട്ടികളും അവരുടെ രക്ഷിതാക്കളും. എന്നാൽ യാഥാർത്ഥ്യങ്ങളോട് പുലബന്ധംപോലുമില്ലാത്ത, ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത കണക്കുകളുമായി നടക്കുകയാണ് വിദ്യാഭ്യാസ മന്ത്രി എന്നതാണ് ഏറ്റവും ഖേദകരം. അർഹമായ അവകാശങ്ങൾക്കുവേണ്ടി നിലകൊള്ളുന്നവരെ പരിഹാസത്തോടെയും പരമ പുച്ഛത്തോടെയും കാണുന്ന സമീപനം കൂടി മന്ത്രി സ്വീകരിക്കുമ്പോൾ ഈ നിഷ്ക്രിയത ചില താൽപര്യങ്ങളുടെ പരിണിതഫലമാണെന്ന് സ്വാഭാവികമായും സംശയിക്കാവുന്നതാണ്. പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലായി 2,45,089 അപേക്ഷകരായുള്ളത്. ഇതിൽ 1,62,956 പേർക്കാണ് മൂന്ന് അലോട്ട്മെന്റ് പൂർത്തിയായപ്പോൾ സീറ്റ് ലഭിച്ചത്. മലപ്പുറത്ത് മാത്രം സീറ്റ് ലഭിക്കാതെ പ്രതിസന്ധിയിലാവുന്നത് 31461 കുട്ടികളാണ്. അൺ എയ്ഡഡ് മേഖലയിലെ സീറ്റുകൾ ഉൾപ്പെടെ പ്രവേശനം പൂർത്തിയായാൽ 11389 കുട്ടികൾ മലപ്പുറത്ത് മാത്രം പുറത്താവും. കോഴിക്കോട് 4979 കുട്ടികളും കണ്ണൂരിൽ 2283 കുട്ടികളും പുറത്തിരിക്കേണ്ടിവരും. വയനാട്ടിൽ 722 കുട്ടികൾക്കും കാസർകോട് 4367 കുട്ടികൾക്കും ഇത്തവണ സീറ്റുണ്ടാവില്ല. തിരുവനന്തപുരത്ത് 69112 ഉം കൊല്ലത്ത് 8288 ഉം പത്തനംതിട്ടയിൽ 4995 ഉം ആലപ്പുഴയിൽ 6786ഉം സീറ്റുകൾ ഒഴിഞ്ഞുകിടക്കുമ്പോഴാണ് മലബാറിന്റെ ഈ ദുരവസ്ഥ എന്നോർക്കണം. എന്നാൽ വിദ്യഭ്യാസ മന്ത്രിയുടെ കണക്കുപ്രകാരം മലബാറിൽ 26995 സീറ്റിന്റെയും മലപ്പുറത്ത് 2954 സീറ്റിന്റെയും മാത്രം കുറവാണ് രേഖപ്പെടുത്തുന്നത്.

ന്യായമായ ആവശ്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിലാണ് വിദ്യാർത്ഥികേരളവും വിദ്യാഭ്യാസ പ്രവർത്തകരും. വിദ്യാഭ്യാസ വകുപ്പും സർക്കാറും എന്തു നിഷേധാത്മക സമീപനം സ്വീകിരിച്ചാലും ശാശ്വത പരിഹാരമില്ലാതെ പിന്നോട്ടുപോകാൻ കഴിയില്ലെന്ന നിശ്ചയദാർഢ്യത്തിലാണവർ. വിദ്യാഭ്യാസ രംഗത്ത് മലബാറിനോടും പിന്നോക്ക വിഭാഗങ്ങളോടുമുള്ള അവഗണന ഇടതു സർക്കാറുകളുടെ കാലത്തെ പതിവ് സംഭവമാണ്. എന്നാൽ അത്തരം ഘട്ടങ്ങളിലെല്ലാം അവരെ തിരുത്തിക്കാൻ മുസ്‌ലിംലീഗിന്റെയും പോഷക സംഘടനകളുടെയും പോരാട്ട വീര്യംകൊണ്ട് സാധിച്ചിട്ടുണ്ട്. മലബാറിനു താങ്ങാൻ കഴിയാത്തത്രയും ഗുരുതരമായ ഈ പ്ലസ് വൺ പ്രവേശന വിഷയത്തിലും സർക്കാറിനെക്കൊണ്ട് തിരുത്തിക്കുമെന്ന നിശ്ചയദാർഢ്യത്തോടെയാണ് മുസ്‌ലിം യൂത്ത്‌ലീഗും എം.എസ്.എഫും അവകാശ പോരാട്ടത്തിന്റെ പോർക്കളം തുറന്നിരിക്കുന്നത്. അതിന്റെ നിദർശനമായിരിക്കും മുസ്‌ലിം യൂത്ത് ലീഗിന്റെ ഇന്നത്തെ സെക്രട്ടറിയേറ്റ് മാർച്ച്.

## അടിക്കുറിപ്പ്

രാജ്യത്തിന്റെ പൊതുമേഖലാ സ്ഥാപനങ്ങൾ കോർപ്പറേറ്റുകൾക്ക് തീറെഴുതി കൊടുത്തു കൊണ്ടിരിക്കുന്ന നരേന്ദ്ര മോദി സർക്കാർ വിദ്യാഭ്യാസ മേഖലയിൽ അഴിമതികാർക്കും മാഫിയാ സംഘങ്ങൾക്കും വഴങ്ങി കൊടുത്തതിന്റെ ഫലമാണ് ഇപ്പോൾ അനുഭവിക്കുന്നത്. ഡാർക്ക്നെറ്റിലെ ചോദ്യ പേപ്പർ ടെലിഗ്രാം വഴി പ്രചരിക്കപ്പെട്ടതിന്റെ ഉത്തരവാദിത്വത്തിൽ നിന്നും കേന്ദ്ര സർക്കാരിനു ഒഴിഞ്ഞുമാറാനാവില്ല. കൃമ്പസുകളിൽ നിന്നും കലാലയങ്ങളിൽ നിന്നും വിദ്യാഭ്യാസത്തിന്റെ നിയന്ത്രണം സംഘ പരിവാർ സംഘടനകളിലേക്ക് എത്തിപ്പെട്ടതു കൊണ്ടാണ് എല്ലാ കാര്യത്തിലെന്നപോലെ ചോദ്യ പേപ്പർ ചോർച്ചയിലും പ്രധാനമന്ത്രി മൗനത്തിലായത് .

–രമേശ് ചെന്നിത്തല

## ചരിത്രത്തിൽ ഇന്ന്

1940 രണ്ടാം ലോകമഹായുദ്ധം:ഫ്രാൻസ് ഔപചാരികമായി ജർമ്മനിയോട് കീഴടങ്ങി.
1950 കൊറിയൻ യുദ്ധത്തിന്റെ ആരംഭം. വടക്കൻ കൊറിയ തെക്കൻ കൊറിയയെ ആക്രമിച്ചു.
1975 ഇന്ത്യൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി രാജ്യത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.
1983 കപിൽ ദേവിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ ക്രിക്കറ്റ് ടീം, വെസ്റ്റിൻഡീസിനെ 43 റണ്ണിന് പരാജയപ്പെടുത്തി ലോകകപ്പ് നേടി.
1997 റഷ്യയുടെ പ്രോഗ്രസ് എന്ന ശൂന്യാകാശപേടകം മിർ ശൂന്യാകാശനിലയവുമായി കൂട്ടിയിടിച്ചു.

# ദാർശനികനായ നേതാവ്




അഡ്വ. എൻ. ഷംസുദ്ദീൻ

സ്വതന്ത്ര ഭാരതം കണ്ട ശ്രദ്ധേയനായ പാർലമെന്റേറിയനും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ ദേശീയ പ്രസിഡണ്ടുമായിരുന്ന ഗുലാം മഹമൂദ് ബനാത്ത് വാല സാഹിബ് വിട പറഞ്ഞിട്ട് ഇന്നേക്ക് 16 വർഷം തികയുകയാണ്. മുസ്‌ലിം ലീഗ് പാർട്ടിയുടെ ചരിത്രത്തിൽ പ്രസ്ഥാനത്തിന്റെ സ്ഥാപക നേതാക്കന്മാർക്ക് ഒപ്പം പ്രവർത്തിച്ച ബനാത്ത് വാല സാഹിബ് മുംബൈയിലെയും മഹാരാഷ്ട്ര സംസ്ഥാനത്തിലെയും സംഘടനാ പ്രവർത്തനത്തിലൂടെയാണ് ദേശീയതലത്തിലേക്ക് ഉയർന്നുവന്നത്. മഹാരാഷ്ട്ര നിയമസഭാംഗമായിരുന്ന അദ്ദേഹത്തിന്റെ ശക്തമായ പ്രവർത്തനങ്ങൾ കണ്ടാണ് ദേശീയതലത്തിൽ ന്യൂനപക്ഷങ്ങൾക്ക് വേണ്ടി ശബ്ദിക്കാൻ ഇദ്ദേഹം ആവശ്യമാണെന്ന് നേതാക്കന്മാരുടെ കാഴ്ചപ്പാടാണ് 1977 ൽ മുസ്‌ലിം ലീഗ്പാർട്ടി ബനാത്ത് വാല സാഹിബിനെ കേരളത്തിലെ പൊന്നാനി പാർലമെന്റ് മണ്ഡലത്തിൽ നിന്ന് സ്ഥാനാർത്ഥിയാക്കിയതും തുടർന്ന് ലക്ഷത്തിൽ പരം വോട്ടിന്റെ ഭൂരിപക്ഷത്തിന് തിരഞ്ഞെടുത്തയച്ചതും. 1977 മുതൽ 1991 വരെയും 1996 മുതൽ 2004 വരെയും 22 വർഷക്കാലം അദ്ദേഹം പൊന്നാനി പാർലമെൻറ് അംഗമായി പ്രവർത്തിച്ചു. മുസ്‌ലിം ലീഗിന്റെ ദേശീയ ജനറൽ സെക്രട്ടറി എന്ന പദവിയും ഇക്കാലയളവിൽ അദ്ദേഹത്തിനുണ്ടായിരുന്നു.

തുടർന്ന് മുസ്‌ലിം ലീഗിന്റെ ദേശീയ പ്രസിഡണ്ട് എന്ന നിലയിലും ഒരു വ്യാഴവട്ടക്കാലം അദ്ദേഹം പ്രവർത്തിച്ചു. മുസ്‌ലിംലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റ് ആയിരിക്കെ 2008 ജൂൺ 25ന് മുംബൈയിൽ വച്ച് അദ്ദേഹം നമ്മളോട് വിട പറഞ്ഞു.

പണ്ഡിതനായിരുന്ന രാഷ്ട്രീയ നേതാവായിരുന്നു അദ്ദേഹം. എം കോം ബിരുദധാരിയായിരുന്ന അദ്ദേഹത്തിന് നിയമത്തിൽ അവഗാഹമായ പാണ്ഡിത്യം ഉണ്ടായിരുന്നു. തത്വശാസ്ത്രം, വിവിധ രാജ്യങ്ങളുടെ ഭരണഘടന, ഇസ്‌ലാമിക നിയമം, രാഷ്ട്രീയ മീമാംസ, പാർലമെന്ററി നിയമങ്ങൾ, ചരിത്രം എന്നിവയിലും അദ്ദേഹത്തിന് വലിയ ജ്ഞാനം ഉണ്ടായിരുന്നു. ശക്തമായ പ്രഭാഷണ ശൈലിക്ക് ഉടമയായ അദ്ദേഹം പാർലമെന്റിൽ നടത്തിയ പോരാട്ടങ്ങൾ നിരവധിയാണ്. രാജ്യത്തെ മത ന്യൂനപക്ഷങ്ങൾക്ക് വേണ്ടിയും, കൂടാതെ ഭരണഘടനയും, മതേതരത്വവും സംരക്ഷിക്കാൻ 22 വർഷക്കാലം അദ്ദേഹം പാർലമെന്റിൽ നടത്തിയ പ്രവർത്തനങ്ങൾ മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിലെയും, രാജ്യത്തിന്റെ പാർലമെന്ററി ചരിത്രത്തിലെയും സംഭവബഹുലമായ അധ്യായങ്ങളാണ്.

ഷാബാനു ബീഗം കേസിലെ സുപ്രീം കോടതി വിധിയെ മറികടക്കാൻ ഇന്ത്യയിലെ മുസ്‌ലിംകൾക്കായത് ബനാത്ത് വാല സാഹിബ് ഇന്ത്യൻ പാർലമെന്റിൽ അവതരിപ്പിച്ച സ്വകാര്യ ബില്ലിലൂടെയാണ്. ഏക സിവിൽ കോഡിനു വേണ്ടിയുള്ള വിവിധ പരിശ്രമങ്ങളെ അക്കാലഘട്ടത്തിൽ പാർലമെന്റിൽ പ്രതിരോധിച്ചത് ബനാത്ത് വാലയുടെ പാർലമെന്ററി ഇടപെടലുകൾ ആയിരുന്നു. ഏക സിവിൽ കോഡിന് അടിസ്ഥാനമായി പറയുന്ന ആർട്ടിക്കിൾ 44 ഭേദഗതി വരുത്തുവാൻ അദ്ദേഹം അവതരിപ്പിച്ച സ്വകാര്യ ബില്ലും പാർലമെന്റിൽ മണിക്കൂറുകളോളം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട്. അക്കാലത്ത് ഒരു തിരഞ്ഞെടുപ്പ് വേളയിൽ ഇന്ത്യ ടുഡേ പുറത്തുവിട്ട ഒരു സർവ്വേയിൽ ഇന്ത്യ കണ്ട പ്രഗൽഭരായ 10 പാർലമെന്റ് അംഗങ്ങളുടെ കൂട്ടത്തിൽ ബനാത്ത് വാല സാഹിബും ഉണ്ടായിരുന്നു എന്നത് നമുക്ക് ഉൾപ്പുളകത്തോടെ സ്മരിക്കാവുന്ന വസ്തുതയാണ്. അടൽ ബിഹാരി വാജ്പേയ്, മധു ദന്തവതേ, ജോർജ് ഫെർണാണ്ടസ് തുടങ്ങിയവർ ഉൾപ്പെട്ട പട്ടികയിലാണ് ബനാത്ത് വാലയുടെ പേരും ഉണ്ടായിരുന്നത്.



ബനാത്ത് വാലയുടെ ഓർമകൾക്ക് 16 ആണ്ട്

> പാർലമെന്റിൽ അവിശ്വാസ പ്രമേയ ചർച്ചയുടെ ഘട്ടത്തിൽ തന്റെ ഊഴത്തിനായി രാത്രി രണ്ടു മണി വരെ ക്ഷമയോടെ കാത്തിരുന്ന ബനാത്ത് വാലയെ ചൂണ്ടി അന്ന് ലോക്സഭാ സ്പീക്കറായിരുന്ന പി. എ സങ്മ പറഞ്ഞു: 'പാർലമെന്ററി ഉത്തരവാദിത്വം നിർവഹിക്കാൻ ബനാത്ത് വാല പ്രകടിപ്പിക്കുന്ന ക്ഷമ എല്ലാവർക്കും മാതൃകയാണ്'. ആ ചർച്ചയിൽ മുസ്‌ലിം ലീഗ് പാർട്ടിക്ക് അഞ്ച് മിനിറ്റിൽ താഴെ മാത്രമാണ് സമയം ഉണ്ടായിരുന്നത്. എന്നാൽ ആ സിംഹ ഗർജ്ജനം 20 മിനിറ്റ് നേരം നീണ്ടു നിന്നു.

പൊന്നാനിയിലെ ജനങ്ങൾക്ക് ഏറെ പ്രിയങ്കരനായിരുന്നു അവരുടെ പാർലമെന്റ് അംഗം. ഓരോ തിരഞ്ഞെടുപ്പിലും ബനാത്ത് വാല സാഹിബ് ലക്ഷങ്ങളുടെ ഭൂരിപക്ഷവുമായി ഭൂരിപക്ഷത്തിന്റെ കണക്കിൽ കേരളത്തിൽ ഒന്നാമത് എത്തിയാണ് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്. പൊന്നാനി മണ്ഡലത്തിന്റെ വികസനത്തിന് നിരവധി പരിശ്രമങ്ങൾ അദ്ദേഹം നടത്തിയിരുന്നു. മണ്ഡലത്തിലെ റെയിൽവേ വികസനത്തിനും മറ്റും അദ്ദേഹം നടത്തിയ പരിശ്രമങ്ങൾ എടുത്തു പറയേണ്ടതാണ്. എം.പിയുടെ പ്രവർത്തനത്തിന്റെ കേന്ദ്രം തിരൂർ ആയിരുന്നത് കൊണ്ടു തന്നെ ഒരു എം.എസ്.എഫ് പ്രവർത്തകനായിരുന്ന എനിക്ക് സ്കൂൾ കാലഘട്ടം മുതൽ തന്നെ അദ്ദേഹവുമായി ബന്ധമുണ്ടായിരുന്നു. 1996 മുതൽ മരണം വരെയും അദ്ദേഹത്തിന്റെ പരിഭാഷകനായി ഞാൻ ഉണ്ടായിരുന്നു. 96 ലെ തിരഞ്ഞെടുപ്പ് കാലത്താണ് ഞാൻ ഒരു പരിഭാഷകന്റെ റോളിലേക്ക് എത്തുന്നത്. തിരൂരിൽ ഒരു സമ്മേളനത്തിന് പരിഭാഷകനായ റഹീം മേച്ചേരിക്ക് ബസ് കിട്ടാത്തത് മൂലം സമ്മേളനത്തിന് എത്താൻ കഴിയാതെ വരികയും പകരം പാർട്ടിക്കാരുടെ നിർബന്ധത്തിനു വഴങ്ങി എനിക്ക് പരിഭാഷകനാകേണ്ടി വരികയുമായിരുന്നു. പരിഭാഷ അദ്ദേഹത്തിനും നേതാക്കന്മാർക്കും ഇഷ്ടമായി . 96ലേ തിരഞ്ഞെടുപ്പിലും തുടർന്ന് 98 ലും, 99 ലും ആയിരകണക്കിന് ചെറുതും വലുതുമായ പരിപാടികളിലും ഞാൻ പരിഭാഷകനായി. അദ്ദേഹത്തിന്റെ ഭാഷയിൽ പറഞ്ഞാൽ ട്രാൻസലേറ്റർ ജനറലായി. 2004ലെ തിരഞ്ഞെടുപ്പിൽ അദ്ദേഹം മത്സരിച്ചിരുന്നില്ല. എങ്കിലും പാർട്ടിയുടെ ദേശീയ അധ്യക്ഷൻ എന്ന നിലയിൽ കേരളത്തിൽ വരുമ്പോഴെല്ലാം അദ്ദേഹത്തിന്റെ പി.എ ആയിരുന്ന അഷ്റഫിനൊപ്പം അദ്ദേഹത്തെ അനുഗമിക്കുകയും, പരിഭാഷകൾ തുടർന്നു കൊണ്ടിരിക്കുകയും ചെയ്തു. മരിക്കുന്നതിന് ആഴ്ചകൾക്ക് മുൻപ് ഖത്തറിൽ വച്ചാണ് അദ്ദേഹത്തിന്റെ പ്രസംഗം അവസാനമായി പരിഭാഷപ്പെടുത്തിയത്. കോഴിക്കോട് ജില്ലാ കെ.എം.സി.സിയുടെ പരിപാടി കഴിഞ്ഞ് അവിടെ നിന്ന് യാത്ര പറയുമ്പോൾ ഈ വലിയ നേതാവിനോട് ഒത്തുള്ള അവസാനത്തെ സമ്മേളനം ആയിരുന്നു ഇതെന്ന് ഞാൻ കരുതിയിരുന്നില്ല.

സത്യസന്ധത, ആത്മാർത്ഥത, വിനയം, മാന്യത ഇതെല്ലാം അദ്ദേഹത്തിന്റെ ജീവിതത്തെ ധന്യമാക്കിയ സ്വഭാവ വിശേഷണങ്ങളാണ്. മറ്റുള്ളവർക്ക് നൽകുന്ന ബഹുമാനം എത്ര ചെറിയവർക്കും നൽകുന്ന പരിഗണന, ക്ഷമ എന്നീ സ്വഭാവ ഗുണങ്ങൾ അദ്ദേഹത്തെ കൂടുതൽ മഹത്വവൽക്കരിച്ചു. പാർലമെന്റിൽ ഒരു അവിശ്വാസ പ്രമേയ ചർച്ചയുടെ ഘട്ടത്തിൽ തന്റെ ഊഴത്തിനായി രാത്രി 2 മണി വരെ ക്ഷമയോടെ കാത്തിരുന്ന ബനാത്ത് വാലയെ ചൂണ്ടി കാട്ടി അന്ന് ലോക്സഭാ സ്പീക്കർ ആയിരുന്ന പി. എ സങ്മ പറഞ്ഞത് 'പാർലമെന്ററി ഉത്തരവാദിത്വം നിർവഹിക്കാൻ ബനാത്ത് വാല പ്രകടിപ്പിക്കുന്ന ക്ഷമ എല്ലാവർക്കും മാതൃകയാണ്' എന്നായിരുന്നു. ആ ചർച്ചയിൽ മുസ്‌ലിം ലീഗ് പാർട്ടിക്ക് അഞ്ച് മിനിറ്റിൽ താഴെ മാത്രമാണ് സമയം ഉണ്ടായിരുന്നത്. എന്നാൽ 20 മിനിറ്റ് നേരം സർക്കാരിനെതിരെ കുറ്റപത്രം സമർപ്പിച്ച് സിംഹഗർജനം നടത്തുകയായിരുന്നു ബനാത്ത് വാല സാഹിബ്.

പാണക്കാട് കുടുംബത്തെ ഏറെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്ത അദ്ദേഹം പൂക്കോയ തങ്ങൾ, സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ എന്നിവർ മുസ്‌ലിം ലീഗ് പാർട്ടി പടുത്തുയർത്തുന്നതിൽ വഹിച്ച പങ്കിനെ എപ്പോഴും പ്രകീർത്തിക്കുമായിരുന്നു . പഠനവും വായനയും ജീവിതചര്യയാക്കിയ ബനാത്ത് വാല സാഹിബ് നിരവധി പുസ്തകങ്ങളും രചിച്ചിട്ടുണ്ട്. മതവും രാഷ്ട്രീയവും ഇന്ത്യയിൽ (religious and politics in India), മുസ്‌ലിം ലീഗ് ആസാദി കേ ബാദ് എന്ന ഉറുദു പുസ്തകം അതിൽ ശ്രദ്ധേയമാണ്. മുസ്‌ലിം ലീഗിന്റെ ചരിത്രത്തിൽ നിസ്തുലവും പ്രോജ്ജ്വലവുമായ സംഭാവനകൾ നൽകി കടന്നു പോയ ആ മഹാ നേതാവിന്റെ ഓർമ പുതുക്കുന്ന ഈ സന്ദർഭത്തിൽ അദ്ദേഹം കൈമാറിയ സന്ദേശങ്ങൾ മുറുകെപ്പിടിക്കുമെന്നും നമുക്ക് പ്രതിജ്ഞ പുതുക്കാം.

# വാർഡ് വിഭജനം എന്ത്? എങ്ങനെ?



എം.പി ജാഫർ മാസ്റ്റർ

2025 ൽ നടക്കേണ്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിന് മുന്നോടിയായി കേരളത്തിലെ 1200 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡ്/ഡിവിഷനുകളുടെ അതിർത്തി 2011 ലെ ജനസംഖ്യ അടിസ്ഥാനമാക്കി പുനർനിർണയിക്കുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും, ആ ആവശ്യത്തിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമവും, 1994ലെ കേരള മുനിസിപ്പാലിറ്റി നിയമവും ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഭേദഗതിയെ തുടർന്ന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ ചെയർമാനും നാല് മുതിർന്ന ഐ.എ.എസ് ഉദ്യോഗസ്ഥർ അംഗങ്ങളുമായി സംസ്ഥാന ഡി ലിമിറ്റേഷൻ കമ്മീഷനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഡി ലിമിറ്റേഷൻ കമ്മീഷൻ താമസംവിനാ യോഗം ചേർന്ന് അതിർത്തി നിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്ക് നിർദ്ദേശങ്ങൾ നൽകുന്നതാണ്. അപ്രകാരമുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡ്/ഡിവിഷനുകളെ വിഭജിക്കുന്നതിനുള്ള ശുപാർശ ബന്ധപ്പെട്ട സെക്രട്ടറിമാർ തയ്യാറാക്കി സമർപ്പിക്കുകയും ആയത് കരട് വിജ്ഞാപനമായി പ്രസിദ്ധീകരിക്കുന്നതും അതിന്മേലുള്ള ആക്ഷേപങ്ങൾ ഫയൽ ചെയ്യുന്നതിനുള്ള അവസരം നൽകുകയും ചെയ്യും. അതിനെ തുടർന്ന് ലഭ്യമാകുന്ന ആക്ഷേപങ്ങൾ വിശദമായി പരിശോധിച്ച്, ബന്ധപ്പെട്ട കക്ഷികളിൽ നിന്നും തെളിവെടുപ്പും ആവശ്യമെങ്കിൽ നേർവിചാരണയും നടത്തി അന്തിമമാക്കുകയും ചെയ്യും. ഈ പ്രക്രിയയാണ് ഡീലിമിറ്റേഷൻ അഥവാ അതിർത്തി പുനർനിർണയം.

## നിലവിലെ അവസ്ഥ

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലും, കേരള മുനിസിപ്പാലിറ്റി നിയമത്തിലും ആറാം വകുപ്പിലുമാണ് അംഗസംഖ്യ സംബന്ധിച്ച മാനദണ്ഡങ്ങൾ വ്യവസ്ഥ ചെയ്തിട്ടുള്ളത ഇപ്രകാരമാണ്.



1). 15,000 കവിയാത്ത ജനസംഖ്യയുള്ള ഓരോ ഗ്രാമപഞ്ചായത്തിലും 13 അംഗങ്ങളും പതിനയ്യായിരത്തിൽ കവിയുന്ന ഓരോ 2500 ജനസംഖ്യക്ക് ഒന്ന് എന്ന ക്രമത്തിൽ പരമാവധി 23 അംഗങ്ങൾ വരെയുമാണ് നിലവിലുണ്ടായിരുന്നത്. (ഇത് 14 മുതൽ 24 വരെ എന്ന് വർദ്ധനവ് വരുത്തുവാൻ ആണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്).

2). ഒരു ബ്ലോക്ക് പഞ്ചായത്തിന്റെ കാര്യത്തിൽ ഒന്നര ലക്ഷം കഴിയാത്ത ജനസംഖ്യക്ക് 13 അംഗങ്ങളും ഒന്നര ലക്ഷത്തിൽ കവിയുന്ന ഓരോ 25000 ജനസംഖ്യക്കും ഒരു അധിക അംഗം എന്ന നിലയിൽ പരമാവധി 23 എന്നതാണ് നിലവിലുള്ള അംഗസംഖ്യ. (പ്രസ്തുത പരിധി 14 മുതൽ 24 വരെ ആയി വർദ്ധിപ്പിക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്).

3). ഒരു ജില്ലാ പഞ്ചായത്തിന്റെ കാര്യത്തിൽ 10 ലക്ഷത്തിൽ കവിയാത്ത ജനസംഖ്യക്ക് 16 അംഗങ്ങളും 10 ലക്ഷത്തിൽ കവിയുന്ന ഓരോ ലക്ഷം ജനസംഖ്യക്കും ഒന്ന് എന്ന ക്രമത്തിൽ പരമാവധി 32 അംഗങ്ങൾ എന്നതുമാണ് നിലവിലെ വ്യവസ്ഥ. (പ്രസ്തുത പരിധി 17 മുതൽ 33 വരെ ആയി വർധിപ്പിക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്)

4). ഒരു മുനിസിപ്പാലിറ്റിയുടെ കാര്യത്തിൽ 20000 വരെയുള്ള ജനസംഖ്യക്ക് 25 അംഗങ്ങളും 20000 കവിയുന്ന ഓരോ 2500 ജനസംഖ്യക്കും ഒന്ന് എന്ന ക്രമത്തിൽ പരമാവധി 52 അംഗങ്ങളാണ് നിലവിലുള്ളത്. (ആയത് 26 മുതൽ 53 വരെയായി വർദ്ധിപ്പിക്കുവാൻ ആണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്).

5). മുനിസിപ്പൽ കോർപ്പറേഷനുകളുടെ കാര്യത്തിൽ നാലു ലക്ഷത്തിൽ കവിയാത്ത ജനസംഖ്യക്ക് 55 അംഗങ്ങളും നാലു ലക്ഷത്തിൽ കവിയുന്ന ഓരോ പതിനായിരം ജനസംഖ്യക്കും ഒന്ന് എന്ന നിലയിൽ പരമാവധി 100 അംഗങ്ങളും ആണ് നിലവിലുള്ളത്. (പ്രസ്തുത പരിധി 56 മുതൽ 101 വരെ ആയി വർദ്ധിപ്പിക്കുവാനാണ് പുതുതായി തീരുമാനിച്ചിട്ടുള്ളത്).

## സർക്കാറിന്റെ ഉദ്ദേശ്യം

നിലവിലുള്ള തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് / ഡിവിഷൻ അതിർത്തി വ്യാപകമായി പുനർനിർണയം നടത്തി ഇടത് മുന്നണിക്ക് അനുകൂലമായ നിലയിൽ വാർഡ് വിഭജനം നടത്തി അടുത്ത തിരഞ്ഞെടുപ്പിൽ പരമാവധി തദ്ദേശസ്ഥാപനങ്ങളുടെ ഭരണം പിടിച്ചെടുക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കുറഞ്ഞ അംഗസംഖ്യയിലും കൂടിയ അംഗസംഖ്യയിലും കേവലം ഒരു സ്ഥാനം മാത്രം വർദ്ധിപ്പിച്ചുകൊണ്ട് ഇപ്പോൾ ഇത്തരത്തിൽ ഒരു ഡീലിമിറ്റേഷൻ കൊണ്ടുവരുന്നത്. നിലവിൽ ഭൂരിപക്ഷം തദ്ദേശസ്ഥാപനങ്ങളും ഇടതുപക്ഷ ഭരണത്തിൽ ആയതിനാലും, സംസ്ഥാന ഭരണം ഇടത് മുന്നണിയുടെ കൈകളിൽ ആയതിനാലും വ്യാപകമായി സർക്കാർ സംവിധാനം ഉപയോഗിച്ച് തന്നെ അവർ ഈ ലക്ഷ്യം നേടാൻ ശ്രമിക്കും. അതുകൊണ്ട് ഡീലിമിറ്റേഷൻ കമ്മീഷന്റെ മാർഗനിർദേശങ്ങൾ വരുന്നതിനുമുമ്പ് തന്നെ മുന്നൊരുക്കങ്ങൾ അടിയന്തരമായി ചെയ്തു തീർക്കേണ്ടതുണ്ട്. സമയബന്ധിതമായി പ്രസ്തുത പ്രവർത്തികൾ പൂർത്തീകരിക്കുകയാണെങ്കിൽ മാത്രമേ ഔദ്യോഗിക നടപടിക്രമങ്ങൾ ആരംഭിക്കുമ്പോൾ കാര്യക്ഷമമായി ഇടപെട്ട് ഗുണകരമായ രീതിയിൽ വാർഡ് വിഭജനം നടത്താൻ കഴിയൂ.

## മുന്നൊരുക്ക പ്രവർത്തനങ്ങൾ

1). ഓരോ പഞ്ചായത്ത് / നഗരസഭയുടെയും നിലവിലുള്ള മാപ്പും 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ വിവരങ്ങളും ശേഖരിക്കുക.

2). ഓരോ വാർഡിലെയും 2011 ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യാ വിവരങ്ങൾ ശേഖരിക്കുക.

3). ഓരോ വാർഡിന്റെയും നിലവിലുള്ള മാപ്പ് പ്രത്യേകം പ്രത്യേകം വരച്ച് തയ്യാറാക്കുക. അപ്രകാരം തയ്യാറാക്കുന്ന മാപ്പിൽ ആ വാർഡിനുള്ളിൽ ഉള്ള ചെറുതും വലുതുമായ എല്ലാ സ്വാഭാവിക അതിരുകളും (Natura-l Boundaries) കൃത്യമായി രേഖപ്പെടുത്തുക.

4). ഓരോ വാർഡിനേയും സ്വാഭാവിക അതിർത്തി പ്രകാരം ചെറു യൂണിറ്റുകളായി മാർക്ക് ചെയ്യുകയും അപ്രകാരമുള്ള ഓരോ യൂണിറ്റിലെയും ജനസംഖ്യയും വോട്ടർമാരുടെ എണ്ണവും തിട്ടപ്പെടുത്തുകയും ചെയ്യുക.

5). ഇതിന്റെ അടിസ്ഥാനത്തിൽ ഡീലിമിറ്റേഷൻ കമ്മീഷൻ പുറപ്പെടുവിക്കുന്ന മാർഗനിർദ്ദേശങ്ങൾ പ്രകാരം ഒരു ബദൽ പ്രപ്പോസൽ മുൻകൂറായി തയ്യാറാക്കി വയ്ക്കണം. 6). ഔദ്യോഗിക പ്രൊപ്പോസൽ പ്രസിദ്ധീകരിച്ചാലുടൻ നമ്മൾ തയ്യാറാക്കി വെച്ചിട്ടുള്ള പ്രൊപ്പോസലും ഔദ്യോഗിക പ്രൊപ്പോസലും തമ്മിൽ താരതമ്യം ചെയ്ത് ഉന്നയിക്കാൻ കഴിയുന്ന മുഴുവൻ ആക്ഷേപങ്ങളും പാർട്ടി എന്ന നിലയിലും വ്യക്തികൾ എന്ന നിലയിലും സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

7). ഹിയറിങ്ങിൽ പങ്കെടുത്ത് വാദങ്ങൾ കൃത്യമായി അവതരിപ്പിക്കാൻ കഴിയുന്ന നേതാക്കളുടെ അഥവാ വ്യക്തികളുടെ പേരിൽ മാത്രമേ ആക്ഷേപങ്ങൾ ഫയൽ ചെയ്യാൻ പാടുള്ളൂ.

8). പഞ്ചായത്ത് അഥവാ നഗരസഭയുടെ സെക്രട്ടറി തയ്യാറാക്കി സമർപ്പിക്കുന്ന ഔദ്യോഗിക പ്രൊപ്പോസൽ അനുകൂലമാക്കുന്നതിന് സാധ്യമായ എല്ലാ ഇടപെടലുകളും നടത്തേണ്ടതാണ്.

9). ഔദ്യോഗികമായി പ്രസിദ്ധീകരിക്കുന്ന പ്രൊപ്പോസലിനെതിരെ ഫയൽ ചെയ്യുന്ന ആക്ഷേപങ്ങൾ കഴമ്പുള്ളതാകണം. എന്നാൽ മാത്രമേ ഹിയറിങ്ങിൽ നിരസിച്ചാൽ കോടതിയിൽ ചോദ്യം ചെയ്യാൻ കഴിയുകയുള്ളൂ.

RNI 3018/1957 Vol No. 91. Issue No.163 Printed and Published by P K K Bava for The Muslim Printing and Publishing Company Limited, Kozhikode at Chandrika Press, Y M C A road, Kozhikode - 673 001.
Editor-Kamal Varadoor (responsible for selection of news under PRB Act). Phone: 0495-2766032, 2765122, Fax: 0495-2765950. Email-chandrika1000@gmail.com, chandadvt@gmail.com



## ബി.ജെ.പി നിലപാട് കാപട്യം

പൂനെ: സംവരണത്തിന്റെ പേരിൽ മറാത്ത സമുദായത്തെയും മറ്റ് പിന്നാക്ക വിഭാഗങ്ങളെയും ബി.ജെ.പി വഞ്ചിച്ചെന്ന് മഹാരാഷ്ട്ര കോൺഗ്രസ് അധ്യക്ഷൻ നാനാ പടോലെ. സംവരണ വിഷയത്തിൽ ഉപമുഖ്യമന്ത്രി ദേവേന്ദ്ര ഫഡ്നാവിസിനും ബി.ജെ.പി സംസ്ഥാന അധ്യക്ഷൻ ചന്ദ്രശേഖർ ബവൻകുലെയ്ക്കും വ്യത്യസ്ത നിലപാടാണ്. 50 ശതമാനത്തിന് മുകളിലുള്ള സംവരണം നിലനിർത്താൻ കഴിയില്ലെന്ന് ബവൻകുലെ പറയുമ്പോൾ സംവരണം 50 ശതമാനത്തിന് മുകളിൽ നൽകാമെന്ന് ഫഡ്നാവിസ് പറയുന്നത് ആളുകളെ കബളിപ്പിക്കുന്നതിന് തുല്യമാണ്. സംസ്ഥാനത്തിന്റെ ഐക്യം തകർക്കാനുള്ള ശ്രമത്തെ എതിർക്കും.



## പ്രധാനമന്ത്രി മാപ്പ് പറയണം

ഹൈദരാബാദ്: നീറ്റ് പരീക്ഷ ക്രക്കേടിൽ വിദ്യാർത്ഥികളോട് പ്രധാനമന്ത്രി നരേന്ദ്ര മോദി മാപ്പ് പറയണമെന്ന് എ.ഐ.എം.ഐ.എം നേതാവ് അസദുദ്ദീൻ ഉവൈസി. വിദ്യാർത്ഥികൾക്ക് സർക്കാർ നീതി ഉറപ്പാക്കണം. ആദ്യം 23 ലക്ഷം വിദ്യാർത്ഥികൾ എഴുതിയ നീറ്റ് യു.ജി, പിന്നീട് 9 ലക്ഷം വിദ്യാർത്ഥികൾ ഉൾപ്പെട്ട യു.ജി.സി നെറ്റ്. പിന്നാലെ 2 ലക്ഷം വിദ്യാർത്ഥികൾ എഴുതാനിരുന്ന സി.എസ്.ഐ.ആർ നെറ്റ് എന്നിവ റദ്ദാക്കപ്പെട്ടു. 2 ലക്ഷം പേർ ഉൾപ്പെട്ട നീറ്റ് പിജി രാത്രിയിൽ റദ്ദാക്കി. പരീക്ഷയുടെ ഉത്തരവാദിത്തം 'പരീക്ഷ യോദ്ധാവ്' മോദിക്കും അദ്ദേഹത്തിന്റെ മന്ത്രിമാർക്കുമാണ്. പ്രധാനമന്ത്രിയും സർക്കാരും ഇവർക്ക് നീതി ഉറപ്പാക്കണം.

# നീറ്റിൽ നീറി തുടക്കം

## ആദ്യദിനം സത്യപ്രതിജ്ഞ ചെയ്തത് പകുതിയിലധികം എം.പിമാർ

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയുടെ പ്രഥമ സമ്മേളനത്തിന്റെ ആദ്യദിനം സത്യപ്രതിജ്ഞ ചെയ്തത് പകുതിയിലധികം അംഗങ്ങൾ. ശേഷിച്ച അംഗങ്ങൾ ഇന്ന് ചുമതലയേൽക്കും. കേരളത്തി ൽ നിന്നുള്ള എം.പിമാരും ഇന്നലെ സത്യപ്രതിജ്ഞ ചെയ്തു. നാളെയാണ് സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ തിരഞ്ഞെടുപ്പ്.

രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ പ്രോട്ടെം സ്പീക്കറായി ഒഡീഷയിൽ നിന്നുള്ള ബി.ജെ.ഡി അംഗം ഭർതൃഹരി മെഹ്താബ് സത്യപ്രതിജ്ഞ ചെയ്തുകൊണ്ടാണ് പതിനെട്ടാം സഭയുടെ പ്രഥമ സമ്മേളനത്തിനുള്ള നടപടികൾക്ക് തുടക്കമായത്. രാഷ്ട്രപതി ദ്രൗപതി മുർമു സത്യവാചകം ചൊല്ലിക്കൊടുത്തു. തുടർന്ന് പ്രോട്ടെം സ്പീക്കറുടെ അധ്യക്ഷതയിൽ രാവിലെ 11 മണിയോടെ ലോക്സഭയുടെ പ്രഥമ സമ്മേളനം പുതിയ പാർലമെന്റ് മന്ദിരത്തിൽ ആരംഭിച്ചു. ഇതിനു പിന്നാലെയാണ് എം.പിമാരുടെ സത്യപ്രതിജ്ഞ തുടങ്ങിയത്. ഇതിനിടെ പ്രോട്ടെം സ്പീക്കർ നിയമനത്തിൽ കീഴ് വഴക്കം മറികടന്നതിൽ പ്രതിഷേധിച്ച് സത്യപ്രതിജ്ഞയിൽ പ്രോട്ടെം സ്പീക്കറെ സഹായിക്കുന്നതിനുള്ള പാനലിൽ നിന്ന് പ്രതിപക്ഷം പിന്മാറി. കോൺഗ്രസ് ചീഫ് വിപ്പ് കൊടിക്കുന്നിൽ സുരേഷാണ് ഇതുസംബന്ധിച്ച് പ്രോട്ടെം സ്പീക്കർക്ക് കത്തു നൽകിയത്. ഏറ്റവും സീനിയർ അംഗത്തെ പ്രോട്ടെം സ്പീക്കറായി നിയമിക്കുന്നതാണ് സഭയുടെ കീഴ്വഴക്കം. എട്ടു തവണ അംഗമായ കൊടിക്കുന്നിലിനെ മറികടന്നാണ് ഏഴുതവണ അംഗമായ ഭർതൃഹരി മെഹ്താബിനെ ഈ പദവിയിൽ നിയോഗിച്ചത്. അംഗങ്ങളുടെ സത്യപ്രതിജ്ഞ പൂർത്തിയായ ശേഷം ഇതടക്കമുള്ള വിഷയങ്ങൾ സഭയിൽ ശക്തമായി ഉന്നയിക്കുമെന്ന് കൊടിക്കുന്നിൽ പറഞ്ഞു. പ്രധാനമന്ത്രി നരേന്ദ്രമോദിയാണ് എം.പിമാരിൽ നിന്ന് ആദ്യം സത്യപ്രതിജ്ഞ ചെയ്തത്. പ്രോട്ടെം സ്പീക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. ഭരണപക്ഷ ബെഞ്ചിൽ നിന്ന് മോദി മോദി മുദ്രാവാക്യങ്ങളുയർന്നപ്പോൾ രാഹുൽ ഗാന്ധി അടക്കമുള്ള പ്രതിപക്ഷ എം.പിമാർ ഭരണഘടന ഉയർത്തിക്കാട്ടി ശക്തമായ സന്ദേശമാണ് നൽകിയത്.

ലോക്സഭാ തിരഞ്ഞെടുപ്പിലുടനീളം ഭരണഘടനാ സംരക്ഷണം പ്രധാന വിഷയമായി ഉയർത്തിയ കോൺഗ്രസും ഇന്ത്യാ സഖ്യ കക്ഷികളും വൻ മുന്നേറ്റം കാഴ്ച വച്ചപ്പോൾ മോദിക്കും ബി.ജെ.പിക്കും കനത്ത തിരിച്ചടി നേരിടേണ്ടി വന്നിരുന്നു. കേവല ഭൂരിപക്ഷത്തിനുള്ള അംഗബലം പോലുമില്ലാതെ കഷ്ടിച്ചു രക്ഷപ്പെട്ട ബി.ജെ.പി സഖ്യ കക്ഷി സഹായത്തിലാണ് മൂന്നാം തവണ അധികാരമേറിയത്. പ്രധാനമന്ത്രിക്കു പിന്നാലെ കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിങ്, അമിത് ഷാ, നിതിൻ ഗഡ്കരി, ശിവരാജ് സിങ് ചൗഹാൻ, എച്ച്.ഡി കുമാരസ്വാമി, പിയൂഷ് ഗോയൽ എന്നിവരും സത്യപ്രതിജ്ഞ ചെയ്തു. കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ സത്യപ്രതിജ്ഞ ചെയ്യുന്നതിനിടെ നീറ്റ് നീറ്റ് മുദ്രാവാക്യങ്ങളുമായി പ്രതിപക്ഷം ബഹളം വച്ചു. മൂന്നാം മോദി സർക്കാറിനു മുന്നിലെ ആദ്യ വെല്ലുവിളിയായ നീറ്റ് പരീക്ഷാ ക്രമക്കേടിൽ ശക്തമായ പോരാട്ടത്തിനു തന്നെയാണ് പ്രതിപക്ഷം തയ്യാറെടുക്കുന്നതെന്ന സൂചന നൽകുന്നതായിരുന്നു ഇത്. അംഗങ്ങളുടെ സത്യപ്രതിജ്ഞയും സ്പീക്കർ തിരഞ്ഞെടുപ്പും പൂർത്തിയായാൽ ഉടൻ നീറ്റ് അടക്കമുള്ള വിഷയങ്ങൾ സഭയിൽ ഉന്നയിക്കുമെന്ന് പ്രതിപക്ഷം വ്യക്തമാക്കിയിട്ടുണ്ട്. വിദ്യാഭ്യാസ മന്ത്രിയുടെ രാജി അടക്കം ഇതിനകം തന്നെ പ്രതിപക്ഷം ആവശ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ രണ്ടു സഭകളിൽ നിന്ന് വ്യത്യസ്തമായി കുടുതൽ കരുത്തുറ്റ പ്രതിപക്ഷത്തെയാണ് മോദിക്കും സംഘത്തിനും ഇത്തവണ സഭയിൽ നേരിടേണ്ടി വരിക. ക്യാബിനറ്റ് മന്ത്രിമാർക്കു ശേഷം സ്വതന്ത്ര ചുമതലയുള്ള സഹമന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. ഉച്ചയോടെയാണ് കേരളത്തിൽ നിന്നുള്ള കേന്ദ്രമന്ത്രി സുരേഷ് ഗോപി ദൈവനാമത്തിൽ സത്യപ്രതിജ്ഞ ചെയ്തത്. മന്ത്രിമാരുടെ സത്യപ്രതിജ്ഞ പൂർത്തിയായ ശേഷം എം.പിമാർ ഓരോരുത്തരായി അവരുടെ സംസ്ഥാനങ്ങളുടെ അക്ഷരമാല ക്രമത്തിൽ സത്യപ്രതിജ്ഞ ആരംഭിച്ചു. അസമിൽ നിന്നുള്ള കോൺഗ്രസ് അംഗം ഗൗരവ് ഗോഗോയിക്കായിരുന്നു എം.പിമാരിൽ നിന്ന് ആദ്യ അവസരം.

ഇന്ന് രാവിലെ 11 മണിക്ക് വീണ്ടും സമ്മളിക്കുന്ന സഭ വൈകീട്ടോടെ ശേഷിച്ച അംഗങ്ങളുടെ സത്യപ്രതിജ്ഞ കൂടി പൂർത്തിയാക്കും. നാളെ നടക്കുന്ന സ്പീക്കർ തിരഞ്ഞെടുപ്പും ഭരണ - പ്രതിപക്ഷ ബലാബലം പ്രകടമാക്കുന്ന വേദിയാകും. 27ന് രാജ്യസഭ കൂടി സമ്മേളിക്കുന്നതോടെ സഭാ സമ്മേളനം പൂർണ നിലയിലേക്കെത്തും. 27ന് ഇരുസഭകളുടേയും സംയുക്ത സമ്മേളനത്തിൽ രാഷ്ട്രപതി ദ്രൗപതി മുർമു പുതിയ സർക്കാറിന്റെ നയപ്രഖ്യാപനം നിർവഹിക്കും.



മുസ്‌ലിം ലീഗ് എം.പിമാരായ ഇ.ടി മുഹമ്മദ് ബഷീർ, ഡോ. എം.പി അബ്ദുസ്സമദ് സമദാനി, നവാസ് കനി എന്നിവർ പാർലമെന്റിലേക്കെത്തുമ്പോൾ കുശലം പറയുന്ന ആന്റോ ആന്റണി എം.പി

## സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ

ന്യൂഡൽഹി: പതിനെട്ടാം ലോക്സഭയുടെ അധ്യക്ഷൻ ആരെന്ന് നാളെയറിയാം. പുതിയ സഭയുടെ സ്പീക്കറേയും ഡെപ്യൂട്ടി സ്പീക്കറേയും നിശ്ചയിക്കുന്നതിനുള്ള തിരഞ്ഞെടുപ്പ് നാളെയാണ് നടക്കുന്നത്. സ്പീക്കർ സ്ഥാനാർത്ഥിയെ ഇന്ന് ഉച്ചയോടെ നിർദേശിക്കുമെന്നാണ് വിവരം.

ആരായിരിക്കും സ്പീക്കർ എന്നതു സംബന്ധിച്ച് ബി.ജെ.പി ഇതുവരെ മനസ്സു തുറന്നിട്ടില്ല. സ്പീക്കർ പദത്തിനായി സഖ്യ കക്ഷികളായ ടി.ഡി.പിയും ജെ.ഡി.യുവും തുടക്കം മുതൽ തന്നെ ചരടുവലി നടത്തിയിരുന്നു. അതേസമയം വിട്ടുവീഴ്ചക്ക് ബി.ജെ.പി തയ്യാറായിട്ടില്ലെന്നാണ് വിവരം.

ഡെപ്യൂട്ടി സ്പീക്കർ പദവി ടി.ഡി.പിക്ക് നൽകാമെന്നാണ് ബി.ജെ.പി മുന്നോട്ടുവച്ച നിർദേശമെന്നാണ് റിപ്പോർട്ട്. അതേസമയം പ്രതിപക്ഷവും സ്പീക്കർ തിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥിയെ നിർത്താനുള്ള സാധ്യതയുണ്ട്. അങ്ങനെയെങ്കിൽ വോട്ടെടുപ്പിലൂടെയാകും പുതിയ സഭാധ്യക്ഷനെ നിശ്ചയിക്കുന്നത്.

## രാജ്യസഭ കക്ഷി നേതാവിനെ മാറ്റി ബി.ജെ.പി; ഗോയലിന് പകരം നദ്ദ

ന്യൂഡൽഹി: രാജ്യസഭയിൽ ബി.ജെ.പിയുടെ കക്ഷി നേതാവായിരുന്ന കേന്ദ്ര മന്ത്രി പിയൂഷ് ഗോയലിന് പകരം കേന്ദ്ര മന്ത്രിയും പാർട്ടി ദേശീയ അധ്യക്ഷനുമായ ജെ.പി നദ്ദയെ നിയമിച്ചു. പിയൂഷ് ഗോയൽ ലോക്സഭാ തിരഞ്ഞെടുപ്പിൽ വിജയിച്ചതിനെ തുടർന്നാണ് അദ്ദേഹം രാജ്യസഭയിൽ നിന്നും മാറിയത്. നദ്ദക്കു പുറമെ 11 രാജ്യസഭാ അംഗങ്ങൾ കേന്ദ്ര മന്ത്രിസഭയിലുണ്ട്. കോൺഗ്രസ് ദേശീയ അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയാണ് രാജ്യസഭയിലെ പ്രതിപക്ഷ നേതാവ്.

## മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, ഹിന്ദി, ദോഗ്രി, ഒഡിയ; ഭാഷാ വൈവിധ്യം നിറഞ്ഞ് സത്യപ്രതിജ്ഞ

ന്യൂഡൽഹി: ഇന്ത്യയുടെ ഭാഷാ വൈവിധ്യം പ്രകടമായി പതിനെട്ടാം ലോക്സഭയിലെ അംഗങ്ങളുടെ സത്യപ്രതിജ്ഞാ വേദി. ഭൂരിഭാഗം എം.പിമാരും സ്വന്തം ഭാഷ തന്നെ സത്യപ്രതിജ്ഞക്കായി തിരഞ്ഞെടുത്തതോടെ നാനാത്വലെ ഏകത്വമാണ് ഇന്ത്യയുടെ കരുത്തെന്ന് ഒരിക്കൽകൂടി പറയാതെ പറയുകയായിരുന്നു ഓരോ അംഗങ്ങളും. ഇംഗ്ലീഷിനു പുറമെ ഹിന്ദി, സംസ്കൃതം, മലയാളം, ഒഡിയ, ദോഗ്രി, ബംഗാളി, അസമീസ്, തെലുഗ്, മറാത്തി അടക്കമുള്ള ഭാഷകളിലാണ് അംഗങ്ങൾ പ്രതിജ്ഞയെടുത്തത്. പ്രധാനമന്ത്രി നരേന്ദ്രമോദിയും ഭൂരിഭാഗം കേന്ദ്രമന്ത്രിമാരും ഹിന്ദിയിലാണ് സത്യപ്രതിജ്ഞ ചെയ്തത്. വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ ഒഡിയയിലും കേരളത്തിൽനിന്നുള്ള കേന്ദ്രന്ത്രി സുരേഷ് ഗോപി മലയാളത്തിലുമാണ് പ്രതിജ്ഞ ചൊല്ലിയത്.

## ചുരുക്കത്തിൽ

### അസാധാരണമെന്ന് സുപ്രീം കോടതി; കെജ്‌രിവാളിന്റെ ജാമ്യ ഹർജിയിൽ വിധി ഇന്ന്

ന്യൂഡൽഹി: മദ്യനയ അഴിമതിക്കേസിൽ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്‌രിവാളിന് വിചാരണക്കോടതി അനുവദിച്ച ജാമ്യം സ്റ്റേ ചെയ്ത ഹൈക്കോടതി വിധി പ്രസ്താവം മാറ്റിയത് അസാധാരണമെന്ന് സുപ്രീം കോടതി. ഇ.ഡിയുടെ ആവശ്യം പരിഗണിച്ച് ജാമ്യം സ്റ്റേ ചെയ്യുകയും ഇതിനെതിരായ ഹർജി വിധി പ്രസ്താവത്തിനായി മാറ്റുകയും ചെയ്ത നടപടി അസാധാരണമാണെന്നും സാധാരണ ഇത്തരം ഹർജികൾ മാറ്റാറില്ലെന്നും ജസ്റ്റിസുമാരായ മനോജ് മിശ്ര, എസ്.വി.എൻ ഭട്ടി എന്നിവരടങ്ങിയ വെക്കേഷൻ ബെഞ്ച് പറഞ്ഞു. വിചാരണക്കോടതിയുടെ ജാമ്യ ഉത്തരവിന്റെ പൂർണരൂപം കാണുന്നതിന് മുൻപ് ഹൈക്കോടതി അത് സ്റ്റേ ചെയ്തത് അസ്വഭാവിമാണെന്നും സുപ്രീംകോടതി നിരീക്ഷിച്ചു. വിചാരണക്കോടതി നൽകിയ ജാമ്യം ചോദ്യം ചെയ്തത് ഇഡി നൽകിയ ഹർജിയിൽ ഇന്ന് ഹൈക്കോടതി വിധി പറയും. ഉച്ചയ്ക്ക് രണ്ടരയ്ക്ക് ജസ്റ്റിസ് സുധീർ കുമാർ ജെയിനാണ് വിധി പ്രസ്താവം നടത്തുക.

### പാർലമെന്റിലേക്ക് മാർച്ച്; വിദ്യാർത്ഥികൾ കസ്റ്റഡിയിൽ

ന്യൂഡൽഹി: നീറ്റ് യുജി പരീക്ഷയിലെ ക്രമക്കേടിലും യുജിസി നെറ്റ് പരീക്ഷകൾ റദ്ദാക്കിയതിലും പ്രതിഷേധിച്ച് പാർലമെന്റിലേക്ക് മാർച്ച് നടത്താനൊരുങ്ങിയ വിദ്യാർത്ഥികളെ പൊലീസ് കസ്റ്റഡിയിലെടുത്തു. 18–ാം ലോക്സഭയുടെ ആദ്യ സമ്മേളനം ആരംഭിക്കുന്ന ദിവസം പ്ലക്കാർഡുകളും പതാകകളുമായി പാർലമെന്റിലേക്ക് മാർച്ച് നടത്താനായിരുന്നു വിദ്യാർത്ഥികളുടെ തീരുമാനം. നിരവധി വിദ്യാർത്ഥികളാണ് ജന്തർമന്ദറിൽ തടിച്ചുകൂടിയത്. എന്നാൽ പ്രതിഷേധത്തിന് മുന്നോടിയായി പൊലീസ് ബാരിക്കേഡുകൾ വെച്ച് റോഡ് തടഞ്ഞു. അർദ്ധസൈനിക വിഭാഗങ്ങളെയും പ്രദേശത്ത് വിന്യാസിച്ചിരുന്നു. ബാരിക്കേഡുകൾ മറികടക്കാൻ വിദ്യാർത്ഥികൾ ശ്രമിച്ചതോടെ പൊലീസ് ബലം പ്രയോഗിച്ചു. 12 വിദ്യാർത്ഥികളെ കസ്റ്റഡിയിലെടുത്ത് വിവിധ പൊലീസ് സ്റ്റേഷനുകളിലേക്ക് മാറ്റി. അനുമതിയില്ലാതെ മാർച്ച് നടത്തിയതിനാണ് ഇവരെ കസ്റ്റഡിയിലെടുത്തതെന്ന് പൊലീസ് അറിയിച്ചു.

### ഉത്തർപ്രദേശിലെ പരീക്ഷ പേപ്പർ ചോർച്ച; അഞ്ചു പേർ അറസ്റ്റിൽ

ലക്നൗ: ഉത്തർപ്രദേശിൽ റിവ്യൂ ഓഫീസർ/അസിസ്റ്റന്റ് റിവ്യൂ ഓഫീസർ തസ്തികയിലേക്കുള്ള പരീക്ഷ പേപ്പർ ചോർന്ന സംഭവത്തിൽ അഞ്ചു പേർ അറസ്റ്റിൽ. പ്രയാഗ്‌രാജിലെ ബിഷപ്പ് ജോൺസൺ ഗേൾസ് ഹൈസ്കൂളിലും ഭോപ്പാലിലെ പ്രിന്റിങ് പ്രസിലും വെച്ചാണ് പേപ്പർ ചോർന്നത്. സ്കൂളിലെ പരീക്ഷാ നടത്തിപ്പിന്റെ ചുമതല വഹിച്ചിരുന്നു അർപിത് വിനീത് യശ്വന്ത്, പ്രിന്റിംഗ് പ്രസ് ജീവനക്കാരായ രാജീവ് നയൻ മിശ്ര, സുനിൽ രഘുവംശി, വിശാൽ ദുബെ, സുഭാഷ് പ്രകാശ് എന്നിവരെയാണ് യു.പി പൊലീസിന്റെ സ്പെഷ്യൽ ടാസ്ക് ഫോഴ്സ് (എസ്ടിഎഫ്) പിടികൂടിയത്. കഴിഞ്ഞ ഫെബ്രുവരി 11നാണ് യു.പി പബ്ലിക് സർവീസ് കമ്മീഷൻ സംസ്ഥാന വ്യാപകമായി പരീക്ഷ നടത്തിയത്. പിന്നാലെ ചോദ്യപേപ്പർ ചോർന്നതായി ആരോപണ മുയർന്നു. എന്നാൽ സർക്കാരും ജില്ലാ ഭരണകൂടവും ഇത് തള്ളുകയായിരുന്നു. ഉദ്യോഗാർത്ഥികളടക്കം പ്രതിഷേധവുമായി രംഗത്തെത്തിയതോടെയാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. യു.പി പൊലീസ് കോൺസ്റ്റബിൾ ചോദ്യപേപ്പർ ചോർത്തിയതിലും രാജീവ് നയൻ മിശ്രക്ക് പങ്കുണ്ടെന്ന് അന്വേഷണ സംഘം വ്യക്തമാക്കി.

## നീറ്റ്, സെറ്റ് ക്രമക്കേട്

# എം.എസ്.എഫ് രാജ്യവ്യാപക പ്രക്ഷോഭത്തിന് തുടക്കം

ന്യൂഡൽഹി: രാജ്യത്തെ ഏറ്റവും വിശ്വസനീയമായ നീറ്റ്, നെറ്റ് പരീക്ഷകളിൽ ക്രമക്കേട് നടത്തി വിദ്യാർത്ഥി വിരുദ്ധ നയങ്ങളുമായി മുന്നാട്ട് പോകുന്ന കേന്ദ്ര സർക്കാർ നയങ്ങൾക്കെതിരെ എം.എസ്.എഫ് ദേശീയ കമ്മിറ്റി പ്രക്ഷോഭം ശക്തമാക്കി. ഡൽഹി ജന്തർ മന്ദറിൽ പ്രതിഷേധത്തിന് പൊലീസ് അനുമതി നിഷേധിച്ചു. ലക്നൗവിൽ എം.എസ്.എഫ് ഉത്തർ പ്രദേശ് സംസ്ഥാന പ്രസിഡന്റ് സാദ് ഖാൻ ഉദ്ഘാടനം ചെയ്തു. കോഴിക്കോട് ഐ.ഐ. എമ്മിന് മുന്നിൽ നടന്ന പ്രതിഷേധം മുസ്‌ലിംലീഗ് ദേശീയ അസിസ്റ്റന്റ് സെക്രട്ടറി സി.കെ സുബൈർ ഉദ്ഘാടനം ചെയ്തു. നീറ്റ്, നെറ്റ് പരീക്ഷകളിൽ കേന്ദ്ര സർക്കാരിന്റെ പകൽ കൊള്ളയാണ് നടക്കുന്നതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. മണ്ഡലം പ്രസിഡന്റ് ജുനൈദ് അധ്യക്ഷത വഹിച്ചു. യൂത്ത് ലീഗ് ദേശീയ വൈസ് പ്രസിഡന്റ് ആഷിഖ് ചെലവൂർ, എം.എസ്.എഫ് ദേശീയ വൈസ് പ്രസിഡന്റ് ലത്തീഫ് തുറയൂർ, ജില്ലാ പ്രസിഡന്റ് അഫ്നാസ് ചോറോട്, മുസ്‌ലിം ലീഗ് നിയോജക മണ്ഡലം ട്രഷറർ ഒ. ഉസ്സൈൻ, സെക്രട്ടറി ഷൗക്കത്ത് അലി, ബാബുമോൻ, ഷിഹാദ് എന്നിവർ സംസാരിച്ചു. വരും ദിവസങ്ങളിൽ മറ്റു സ്ഥലങ്ങളിലും ശക്തമായ പ്രക്ഷോഭത്തിന് എം.എസ്.എഫ് നേതൃത്വം നൽകുമെന്ന് ദേശീയ പ്രസിഡന്റ് പി.വി അഹമ്മദ് സാജു ജനറൽ സെക്രട്ടറി എസ്.എച്ച് മുഹമ്മദ് അർഷാദ് എന്നിവർ അറിയിച്ചു.




നീറ്റ് ക്രമക്കേട് ഉൾപ്പെടെയുള്ള എൻ.ടി.എയുടെ വിദ്യാർത്ഥി വിരുദ്ധ നടപടിക്കെതിരെ എം.എസ്.എഫ് നടത്തുന്ന പ്രതിഷേധ സംഗമം കോഴിക്കോട് ഐ.ഐ.എമ്മിൽ മുസ്‌ലിം ലീഗ് ദേശീയ അസി.സെക്രട്ടറി സി.കെ സുബൈർ ഉദ്ഘാടനം ചെയ്യുന്നു

# ഇനി ബി.ജെ.പിയെ പിന്തുണക്കില്ല

## നിലപാട് വ്യക്തമാക്കി നവീൻ പട്നായിക്

ഭുവനേശ്വർ: ബി.ജെ.ഡിയുടെ എം.പിമാരോട് ശക്തമായ പ്രതിപക്ഷമാവാൻ ആവശ്യപ്പെട്ട് പാർട്ടി അധ്യക്ഷൻ നവീൻ പട്നായിക്. പാർട്ടിയുടെ ഒമ്പത് രാജ്യസഭാ എം.പിമാരുമായി യോഗം ചേർന്ന ശേഷമായിരുന്നു പട്നായിക് ഇക്കാര്യം ആവശ്യപ്പെട്ടത്.

സംസ്ഥാന താൽപര്യം സംരക്ഷിക്കുന്നതിനായി സഭയിൽ ശക്തമായി പോരാടാൻ അദ്ദേഹം എം.പിമാരോട് ആവശ്യപ്പെട്ടു. ഒഡീഷയുടെ താൽപര്യങ്ങൾക്കെതിരായ ബി.ജെ.പി സർക്കാർ നിലപാടെടുത്താൽ ശക്തമായ ശബ്ദമുയരുമെന്ന് രാജ്യസഭയിലെ പാർട്ടി നേതാവ് സസ്മിത് പത്ര പറഞ്ഞു. ശക്തമായ പ്രതിപക്ഷമായാണ് ഇനി ബി.ജെ.ഡി എം.പിമാർ പ്രവർത്തിക്കുകയെന്നും അദ്ദേഹം പറഞ്ഞു. വിഷയാധിഷ്ഠിതമായി ബി.ജെ.പിയെ പിന്തുണക്കുമോ എന്ന ചോദ്യത്തിന് ബി.ജെ.പിയെ പിന്തുണക്കുന്ന പ്രശ്നമില്ലെന്നും പ്രതിപക്ഷത്തായിരിക്കും തങ്ങളെന്നുമായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം. പാർലമെന്റിൽ നിർണായക വിഷയങ്ങളിലെല്ലാം ബി.ജെ.പിയെ പിന്തുണക്കാറായിരുന്നു ബി.ജെ.ഡിയുടെ പതിവ്.



നവീൻ പട്നായിക്

കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവിനെ 2019ലും 2024ലും രാജ്യസഭയിലെത്തിച്ചതും ബി.ജെ.ഡി പിന്തുണയിലായിരുന്നു. എന്നാൽ ഇത്തവണ നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി അധികാരം പിടിച്ചതോടെയാണ് ബി.ജെ.പിയുമായുള്ള കൂട്ടുകെട്ട് അവസാനിപ്പിക്കുന്നതായി ബി.ജെ.ഡി പ്രഖ്യാപിക്കുന്നത്.

# നിരാഹാര സമരം; അതിഷിയുടെ ആരോഗ്യനില വഷളായി

ന്യൂഡൽഹി: ഹരിയാന ജലം വിട്ടുനൽകാത്തതിനെതിരെ അനിശ്ചിതകാല നിരാഹാര സമരം നടത്തുന്ന ഡൽഹി ജലവിഭവ മന്ത്രി അതിഷിയുടെ ആരോഗ്യനില വഷളായി. സമരത്തിന്റെ നാലാം ദിവസമായ ഇന്നലെ ഡോക്ടർമാർ മന്ത്രിയെ പരിശോധിക്കുകയും ആശുപത്രിയിലേക്ക് മാറ്റാൻ നിർദേശിക്കുകയും ചെയ്തു. അതിഷിയുടെ ഭാരവും രക്തസമ്മർദ്ദവും അതിവേഗം കുറയുകയാണെന്നും ഇത് അപകടകരമാണെന്നും ഡോക്ടർമാർ അറിയിച്ചു. രക്തസമ്മർദ്ദവും പഞ്ചസാരയുടെ അളവും കുറഞ്ഞുവരികയാണ്. ശരീര ഭാരവും കുറഞ്ഞു. കെറ്റോണിന്റെ അളവ് വളരെ ഉയർന്നിട്ടുണ്ട്. ഇത് ദീർഘകാലാടിസ്ഥാനത്തിൽ ദോഷകരമായ ഫലങ്ങൾ ഉണ്ടാക്കുമെന്ന് മന്ത്രിയെ പരിശോധിച്ച എൽ.എൻ.ജെ.പി ആശുപത്രിയിലെ ഡോക്ടർമാർ അറിയിച്ചു.



ഈമാസം 21ന് നിരാഹാരസമരത്തിന് ഇരിക്കുന്നതിന് മുമ്പ് അതിഷിയുടെ ഭാരം 65.8 കിലോഗ്രാം ആയിരുന്നു. അത് 63.6 കിലോയായി കുറഞ്ഞു. നാല് ദിവസത്തിനുള്ളിൽ ഭാരം 2.2 കിലോഗ്രാമാണ് കുറഞ്ഞത്. രക്തത്തിലെ പഞ്ചസാരയുടെ അളവ് 28 യൂണിറ്റാണ് കുറഞ്ഞത്. എന്തുവന്നാലും സമരത്തിൽ നിന്ന് പിൻമാറില്ലെന്ന് അതിഷി വ്യക്തമാക്കി. തന്റെ ശരീരത്തിനെന്തു സംഭവിക്കുമെന്നുള്ളത് വിഷയമല്ലെന്നും അയൽ സംസ്ഥാനമായ ഹരിയാന ഡൽഹിക്ക് അർഹിക്കുന്ന വെള്ളം നൽകുന്നതുവരെ ഉപവാസ സമരം തുടരുമെന്നും അവർ പ്രതികരിച്ചു. എന്റെ ശരീരം എത്ര കഷ്ടപ്പെട്ടാലും ഹരിയാനയിൽനിന്ന് വെള്ളം പുറത്തുവിടുന്നത് വരെ ഞാൻ ഉപവാസം തുടരും- അതിഷി പറഞ്ഞു.

സ്വന്തം ജീവൻ പണയപ്പെടുത്തിയും ഡൽഹിയിലെ ജനങ്ങളുടെ അവകാശത്തിനായി അതിഷി പോരാടുകയാണെന്ന് ആം ആദ്മി പാർട്ടി വൃത്തങ്ങൾ പ്രതികരിച്ചു.

## സൂരജ് രേവണ്ണ ജൂലായ് ഒന്നുവരെ കസ്റ്റഡിയിൽ

ബെംഗളൂരു: ലൈംഗിക പീഡനക്കേസിൽ അറസ്റ്റിലായ ജെ.ഡി.എസ്. എം.എൽ.സി സൂരജ് രേവണ്ണയെ ബെംഗളൂരുവിലെ പ്രത്യേക കോടതി ക്രമിനൽ ഇൻവെസ്റ്റിഗേഷൻ ഡിപ്പാർട്ട്മെന്റിന്റെ (സി.ഐ.ഡി.) കസ്റ്റഡിയിൽ വിട്ടു. എട്ട് ദിവസത്തെ കസ്റ്റഡിയാണ് അനുവദിച്ചത്. പ്രകൃതിവിരുദ്ധ പീഡനത്തിനിരയാക്കിയെന്ന 27കാരന്റെ പരാതിയിൽ കഴിഞ്ഞ ദിവസമാണ് സൂരജിനെ അറസ്റ്റ് ചെയ്തത്. ലൈംഗിക പീഡന ക്കേസിൽ സൂരജിന്റെ സഹോദരനും മുൻ എം.പിയുമായ പ്രജ്ജ്വൽ രേവണ്ണയും നിലവിൽ അഴിക്കുള്ളിലാണ്.

# അയോധ്യയിലെ രാമക്ഷേത്രത്തിന് ചോർച്ച

ലക്നോ: ബാബരി മസ്ജിദ് തകർത്ത സ്ഥലത്ത് നിർമിച്ച അയോധ്യയിലെ രാമക്ഷേത്രത്തിന്റെ മേൽക്കൂരയിൽ ചോർച്ച. ക്ഷേത്രം മുഖ്യ പുരോഹിതൻ ആചാര്യ സത്യേന്ദ്ര ദാസ് ആണ് ഇക്കാര്യം വെളിപ്പെടുത്തിയത്. അഞ്ച് മാസം മുൻപ് പ്രാണപ്രതിഷ്ഠ നടത്തിയ ക്ഷേത്രത്തിൽ ഇത്ര വേഗം ചോർച്ചയുണ്ടായത് ആശ്ചര്യപ്പെടുത്തിയെന്ന് ആചാര്യ സത്യേന്ദ്ര ദാസ് പറഞ്ഞു.

അയോധ്യയിലും പരിസരങ്ങളിലും കനത്ത മഴയാണ് ഉണ്ടായത്. ജനുവരി 22നാണ് ക്ഷേത്രത്തിൽ പ്രാണപ്രതിഷ്ഠ നടന്നത്. എത്രയോ എൻജിനീയർമാർ ഇവിടെയുണ്ടായിരുന്നു. എന്നിട്ടും ചോരുന്നുവെന്നത് ആശ്ചര്യമാണ്. മേൽക്കൂരയിൽ നിന്നും വെള്ളം ചോർന്നൊലിക്കുന്നു. ഇങ്ങനെ സംഭവിക്കുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല'- ആചാര്യ സത്യേന്ദ്ര ദാസ് വാർത്ത ഏജൻസിയോട് പറഞ്ഞു.



'ആദ്യ മഴയിൽ തന്നെ രാംലല്ലയുടെ വിഗ്രഹം സ്ഥാപിച്ച ശ്രീകോവിലിന്റെ മേൽക്കൂര ചോർന്നൊലിക്കാൻ തുടങ്ങി. ഈ വെള്ളം ഒഴുകിപ്പോകാനുള്ള ഒരു സൗകര്യവുമില്ല. വിഷയത്തിൽ അതീവ ശ്രദ്ധചെലുത്തണം. കനത്ത മഴ പെയ്താൽ മേൽക്കൂരക്ക് താഴെ പ്രാർത്ഥന നടത്തുന്നത് ബുദ്ധിമുട്ടാകും'- അദ്ദേഹം പറഞ്ഞു.

അതേസമയം, ക്ഷേത്ര നിർമാണത്തിലോ ഡിസൈനിലോ അപാകതയില്ലെന്ന് ക്ഷേത്ര നിർമാണ സമിതി അധ്യക്ഷൻ നൃപേന്ദ്ര മിശ്ര പറഞ്ഞു.

## ഒരു ബി.ആർ.എസ് എം.എൽ.എ കൂടി കോൺഗ്രസിൽ

ഹൈദരാബാദ്: തെലങ്കാനയിൽ ബി.ആർ.എസിൽ നിന്നും കോൺഗ്രസിലേക്കുള്ള ഒഴുക്ക് തുടരുന്നു. ബി.ആർ.എസിന്റെ ജഗ്തിയാൽ എം.എൽ.എ ഡോ. സഞ്ജയ് കുമാർ പാർട്ടി വിട്ട് കോൺഗ്രസിൽ ചേർന്നു. സഞ്ജയ് കുമാറിനെ മുഖ്യമന്ത്രി രേവന്ദ് റെഡ്ഢി കോൺഗ്രസിലേക്ക് സ്വാഗതം ചെയ്തു. കോൺഗ്രസിൽ ചേരുന്ന അഞ്ചാമത്തെ ബി.ആർ.എസ് എം.എൽ.എയാണ് സഞ്ജയ് കുമാർ. രണ്ട് ദിവസം മുമ്പ് മുൻ മന്ത്രിയും സ്പീക്കറും മുതിർന്ന ബി.ആർ.എസ് നേതാവുമായ പോച്ചം ശ്രീനിവാസ് റെഡ്ഢി കോൺഗ്രസിൽ ചേർന്നിരുന്നു. കഡിയം ശ്രീഹരി, ദനം നാഗേന്ദർ, തെല്ലം വെങ്കട്ട് റാവു എന്നീ ബി.ആർ.എസ് എം.എൽ.എമാരും ഹൈദരാബാദ് മേയർ വിജയ ലക്ഷ്മി ആർ ഗദ്വാലും നേരത്തെ കോൺഗ്രസിൽ ചേർന്നിരുന്നു. വരും ദിവസങ്ങളിൽ കൂടുതൽ ബി.ആർ.എസ് എം.എൽ.എമാർ കോൺഗ്രസിൽ ചേരുമെന്നാണ് വിവരം.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 25 ചൊവ്വ
ഗൾഫ് ചന്ദ്രിക



## ഡിഗ്രി സീറ്റൊഴിവ്

ഫറോക്ക്: റൗസ്ത്തുൽ ഉലൂം അറബിക് കോളജിൽ ബി.എ അഫ്‌സലുൽ ഉലമ, ബി.എ ഫങ്ഷണൽ അറബിക്, ബി.കോം വിത്ത് ഇസ്‌ലാമിക് ഫിനാൻസ് എന്നീ ബിരുദ പ്രോഗ്രാമുകളുടെ 3, 5 സെമസ്റ്റർ ക്ലാസ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ ജൂലൈ 12ന് മുമ്പ് പ്രിൻസിപ്പാളിനെ ബന്ധപ്പടേണ്ടതാണ്. ഫോൺ 04952440663.

## ഗസ്റ്റ് അധ്യാപക ഒഴിവ്

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാലയുടെ മഞ്ചേരി (സി.സി.എസ്.ഐ.ടി.) സെന്റർ ഫോർ കമ്പ്യൂട്ടർ സയൻസ് ആന്റ് ഇൻഫർമേഷൻ ടെക്നോളജിയിൽ ഇംഗ്ലീഷ്, മലയാളം, മാത്തമാറ്റിക്സ് എന്നീ വിഷയങ്ങളിലെ ഗസ്റ്റ് അധ്യാപക ഒഴിവുകളിലേക്ക് ജൂൺ 29ന് മുൻപായി രേഖകൾ സഹിതം ccsitmji@uoc.ac.in എന്ന മെയിലിൽ അപേക്ഷിക്കാം.

## പണ്ഡിത സമ്മേളനം നാളെ

കോഴിക്കോട്: സമസ്ത കേരള ജംഇയ്യത്തുൽ ഉലമ (എ.പി വിഭാഗം) നാളെ 99 ാം പിറന്നാൾ ആഘോഷിക്കും. ചരിത്രത്തിലും വർത്തമാനത്തിലും കർമ നൈരന്തര്യത്തിന്റെയും ആദർശ ജാഗ്രതയുടെയും കയ്യൊപ്പ് പതിപ്പിച്ച പ്രസ്ഥാനത്തിന്റെ 99 ാം ജന്മദിനം സമുചിതമായി ആഘോഷിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി നാളെ കോഴിക്കോട് കാലിക്കറ്റ് ടവറിൽ സംസ്ഥാന പണ്ഡിത പ്രതിനിധി സമ്മേളനം നടക്കും. രാവിലെ 11 മണിക്ക് ഇ സുലൈമാൻ മുസ്‌ലിയാരുടെ അധ്യക്ഷതയിൽ കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാർ ഉദ്ഘാടനം ചെയ്യും. മേഖല തലങ്ങളിൽ കാലത്ത് 10 മണിക്ക് കേന്ദ്ര മുശാവറ അംഗങ്ങളുടെ നേതൃത്വത്തിൽ പതാക ഉയർത്തും. തുടർന്ന് പ്രസ്ഥാന സംഗമം നടക്കും. 617 സർക്കിൾ കേന്ദ്രങ്ങളിൽ വൈകുന്നേരം അഞ്ച് മണിക്ക് പ്രകടനവും സന്ദേശ പ്രഭാഷണവും നടക്കും. 2026 ൽ സെന്റിനറി സമ്മേളനം വിപുലമായി ആഘോഷിക്കും.



ചന്ദ്രിക പാഠമുദ്ര

**ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയുടെ പാർലമെന്റ് സംവിധാനത്തെക്കുറിച്ച് കൂട്ടുകാർക്ക് അറിയാമോ? ഭരണഘടനയനുസരിച്ച് കേന്ദ്ര നിയമനിർമാണ സഭയാണ് ഇന്ത്യൻ പാർലമെന്റ്. ഇന്ത്യൻ രാഷ്ട്രപതി, ലോക്സഭ, രാജ്യസഭ എന്നിവ ഉൾപ്പെടുന്നതാണ് രാജ്യത്തിന്റെ പാർലമെന്റ് സംവിധാനം. 18–ാമത് ലോക്സഭയുടെ ആദ്യ സമ്മേളനം ചേർന്നിരിക്കുന്ന ഈ അവസരത്തിൽ നമ്മുടെ ഇന്ത്യയുടെ പാർലമെന്റ് സംവിധാനത്തെക്കുറിച്ച് കൂടുതലറിയാം...**



# ഇന്ത്യയുടെ നിയമ നിർമാണസഭ

ലോക്സഭ രാജ്യത്തെ ജനങ്ങളെ ഒന്നടങ്കം പ്രതിനിധീകരിക്കുമ്പോൾ രാജ്യസഭ സംസ്ഥാനങ്ങളെയാണ് പ്രതിനിധീകരിക്കുന്നത്. ഭരണഘടനയുടെ ഭേദഗതികളെല്ലാം തീരുമാനിക്കേണ്ടത് രണ്ടു സഭകളും പിന്നീട് രാഷ്ട്രപതിയും ചേർന്നാണ്. 18–ാം ലോക്സഭാ സമ്മേളനത്തിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞയാണ് ഇന്നലെയും ഇന്നുമായി നടക്കുന്നത്.


പ്രധാനമന്ത്രിയാണ് ആദ്യം സത്യപ്രതിജ്ഞ ചെയ്തത്. തുടർന്ന് പ്രോടേം സ്പീക്കറുടെ സഹായത്തിന് നിയോഗിക്കപ്പെട്ട ചെയർപേഴ്സണൻമാരുടെ പാനൽ അംഗങ്ങളും കേന്ദ്രമന്ത്രിമാരും സത്യപ്രതിജ്ഞ ചെയ്തു. പിന്നാലെ ഓരോ സംസ്ഥാനങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ പുരോഗമിക്കുകയാണ്. രാഷ്ട്രപതിയാണ് പാർലമെന്റ് സംയുക്ത സമ്മേളനങ്ങൾ വിളിച്ചുചേർക്കുക. ലോക്സഭ രൂപവൽക്കരിക്കുകയും പിരിച്ചുവിടുകയും ചെയ്യുന്ന അധികാരവും രാഷ്ട്രപതിയിൽ നിക്ഷിപ്തമാണ്. പാർലമെന്റ് പാസാക്കുന്ന ബില്ലുകൾ രാഷ്ട്രപതി ഒപ്പുവെക്കാതെ നിയമമാവില്ല.





### അധോസഭ

ഇന്ത്യൻ പാർലമെന്റിന്റെ അധോമണ്ഡലമാണ് ലോക്സഭ. രാജ്യത്തെ വിവിധ സംസ്ഥാനങ്ങളിലെ ലോക്സഭാ മണ്ഡലങ്ങളിൽ നിന്ന് ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളാണ് അധോസഭയിലെ അംഗങ്ങൾ. അംഗസംഖ്യ 545 ആണെങ്കിലും 543 സീറ്റുകളിലാണ് ജനവിധി തേടുന്നത്. ബാക്കി രണ്ട് സീറ്റുകൾ ആംഗ്ലോ ഇന്ത്യൻ വിഭാഗത്തിൽ നിന്ന് രാഷ്ട്രപതി നാമനിർദേശം ചെയ്യുന്നു. കേരളത്തിൽ നിന്ന് 20 സീറ്റുകളാണ് ലോക്സഭിയിലേക്കുള്ളത്.



### ഉപരിസഭ

പാർലമെന്റിന്റെ ഉപരിസഭയെന്നറിയപ്പെടുന്നത് രാജ്യസഭയാണ്. സംസ്ഥാനങ്ങളുടെ സഭയെന്നും അറിയപ്പെടുന്ന രാജ്യസഭയിൽ പരമാവധി 250 അംഗങ്ങളാണുള്ളത്. സാമൂഹിക പ്രവർത്തനം, ശാസ്ത്രം, സാഹിത്യം മേഖലകളിൽ നിന്ന് മികച്ച സംഭവന നടത്തിയവരിൽ നിന്ന് രാഷ്ട്രപതി നാമനിർദേശം ചെയ്യുന്ന 12 അംഗങ്ങളും ഇതിൽപ്പെടും. സംസ്ഥാന നിയമസഭകളിലെ എം.എൽ.എമാരാണ് അതതു സംസ്ഥാനങ്ങളിൽ നിന്നുള്ള രാജ്യസഭാംഗത്തെ തിരഞ്ഞെടുക്കുന്നത്. ഓരോ അംഗങ്ങൾക്കും ആറു വർഷത്തെ കാലാവധിയാണുള്ളത്.

### സ്പീക്കർ

നിയമനിർമാണ സഭകളുടെ അധ്യക്ഷനെയാണ് സ്പീക്കർ എന്നുവിളിക്കുന്നത്. ലോക്സഭയിലെയും രാജ്യസഭയിലെയും ചർച്ചകൾ നിയന്ത്രിക്കുക, ചട്ടങ്ങൾ സംബന്ധിച്ച തീരുമാനങ്ങൾ (റൂളിങ്) പ്രസ്താവിക്കുക, വോട്ടെടുപ്പ് ഫലം പ്രഖ്യാപിക്കുക തുടങ്ങിയവയാണ് സ്പീക്കറുടെ പ്രധാന ചുമതലകൾ. ഓരോ പൊതുതിരഞ്ഞെടുപ്പിനു ശേഷവും സഭ ആദ്യമായി സമ്മേളിക്കുമ്പോൾ തന്നെ സ്പീക്കറെ തിരഞ്ഞെടുക്കും. ലോക്സഭയുടെ കാലാവധിയായ അഞ്ചു വർഷം തന്നെയാണ് സ്പീക്കറുടെയും കാലാവധി. 1952ൽ കോൺഗ്രസിന്റെ ജി.വി മാവ്‌ലങ്കാറാണ് ആദ്യ സ്പീക്കർ. ലോക്സഭയിൽ സ്പീക്കർക്കു കീഴിൽ ഒരു ഡെപ്യൂട്ടി സ്പീക്കറുമുണ്ടാവും. അസുഖം മൂലമോ അവധിയോ കാരണം സ്പീക്കറുടെ അഭാവമുണ്ടാവുമ്പോൾ സഭ നയിക്കേണ്ടത് ഡെപ്യൂട്ടി സ്പീക്കറാണ്. 1952ൽ തിരുപ്പതി മണ്ഡലത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ് അംഗം എ.അനന്തശയനം അയ്യങ്കാറാണ് ആദ്യ ഡെപ്യൂട്ടി സ്പീക്കർ. അതേസമയം, ഉപരാഷ്ട്രപതിയാണ് രാജ്യസഭയുടെ സ്പീക്കർ.

### പ്രോടേം സ്പീക്കർ

ലോക്സഭയിലേക്കും നിയമസഭയിലേക്കും ജനഹിതം തേടി ഒരു പ്രതിനിധി വോട്ടെടുപ്പിലൂടെ തിരഞ്ഞെടുക്കപ്പെടുകയും സ്പീക്കറും ഡെപ്യൂട്ടി സ്പീക്കറും തിരഞ്ഞെടുക്കപ്പെടാത്ത സാഹചര്യവുമുണ്ടാകുമ്പോൾ സഭയുടെ പ്രവർത്തനം നിയന്ത്രിക്കുന്ന വ്യക്തിയാണ് പ്രോടേം സ്പീക്കർ. തിരഞ്ഞെടുപ്പിന് ശേഷം ആദ്യ യോഗം പ്രോടേം സ്പീക്കറുടെ കീഴിലാണ് ചേരുന്നത്. അംഗങ്ങളുടെ സത്യപ്രതിജ്ഞ ഉൾപ്പെടെ ചുമതലകൾ പ്രോടേം സ്പീക്കറിൽ നിക്ഷിപ്തമാണ്.

പ്രോടേം സ്പീക്കറെ സഹായിക്കുന്നതിന് നിയോഗിക്കപ്പെട്ട ചെയർപേഴ്സൺമാരുടെ പ്രത്യേക പാനലുമുണ്ടാവും. ലോക്സഭാ നേതാവിനു തൊട്ടുപിന്നാലെ സത്യപ്രതിജ്ഞ ചെയ്യുന്നതും ഈ പ്രത്യേക പാനലായിരിക്കും. മുതിർന്ന അംഗം കൊടിക്കുന്നിൽ സുരേഷിനെ പ്രോടേം സ്പീക്കറാക്കാത്തതിൽ പ്രതിഷേധിച്ച് ഇത്തവണ ഇൻഡ്യ മുന്നണി ചെയർപേഴ്സൺ പാനലിൽ നിന്ന് പിന്മാറി.

### സമ്മേളനങ്ങൾ

രാഷ്ട്രപതിയാണ് പാർലമെന്റ് സമ്മേളനങ്ങൾ വിളിച്ചുചേർക്കുന്നത്. ഒരു വർഷത്തിൽ സാധാരണയായി മൂന്നു സെഷനുകളാണുള്ളത്. ബജറ്റ് സമ്മേളനം (ഫെബ്രുവരി മുതൽ മെയ് വരെ), മൺസൂൺ സമ്മേളനം (ജൂലൈ മുതൽ സെപ്തംബർ വരെ), ശീതകാല സമ്മേളനം (നവംബർ മുതൽ ഡിസംബർ വരെ).

### സംയുക്ത സമ്മേളനം

പാർലമെന്റിന്റെ രണ്ടു സഭകളായ ലോക്സഭയുടെയും രാജ്യസഭയുടെയും സംയുക്ത സമ്മേളനം രാഷ്ട്രപതിയാണ് വിളിച്ചു ചേർക്കുക. ലോക്സഭാ സ്പീക്കർ അല്ലെങ്കിൽ അവരുടെ അഭാവത്തിൽ ലോക്സഭാ ഡെപ്യൂട്ടി സ്പീക്കർ അല്ലെങ്കിൽ ഡെപ്യൂട്ടി രാജ്യസഭാ ചെയർമാൻ എന്നിവരായിരിക്കും സംയുക്ത സമ്മേളനത്തിന്റെ അധ്യക്ഷൻ. രാജ്യസഭയുടെ അധ്യക്ഷനായ ഉപരാഷ്ട്രപതിക്ക് സംയുക്ത സമ്മേളനത്തിൽ അധ്യക്ഷനാകാൻ സാധിക്കില്ല. അധ്യക്ഷനാവാൻ അർഹരായ പദവികളിൽ ഇരിക്കുന്നവർ ആരും ഹാജരായില്ലെങ്കിൽ പാർലമെന്റിലെ മറ്റേതെങ്കിലും അംഗത്തിന് ഇരുസഭകളുടെയും സമവായത്തോടെ അധ്യക്ഷനാകാവുന്നതാണ്.

## മൈജി സെയിൽസ് സൂപ്പർ സ്റ്റാർ റിക്രൂട്ട്മെന്റ് ഡ്രൈവ് 30ന്

കോഴിക്കോട്: മൈജി സെയിൽസ് സൂപ്പർ സ്റ്റാർ റിക്രൂട്ട്മെന്റ് ഡ്രൈവ്, ജൂൺ 30ന് കോഴിക്കോട്, കൊച്ചി, കൊല്ലം നഗരങ്ങളിൽ നടക്കും. മൈജി കേരളത്തിൽ ഉടൻ ആരംഭിക്കുന്ന ഫ്യൂച്ചർ ഷോറൂമുകളിൽ വിവിധ തസ്തികകളിലേക്കായി ആയിരത്തോളം സെയിൽസ്മാൻമാരുടെ ഒഴിവിലേക്കാണ് റിക്രൂട്ട്മെന്റ്.ബിസിനസ് വ്യാപനത്തിന് പുറമേ മൈജിയുടെ ഏറ്റവും വലിയ സ്വപ്നം സംസ്ഥാനത്തു ഏറ്റവും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയെന്നതാണ്. സംസ്ഥാനത്ത് 2024-2025 സാമ്പത്തിക വർഷത്തിൽ 4000 കോടി രൂപയുടെ വിറ്റുവരവും 4000 തൊഴിൽ അവസരങ്ങളുമാണ് കമ്പനി വിഭാവനം ചെയ്യുന്നത്. 35 വയസ്സിൽ താഴെ പ്രായമുള്ളവരും മിനിമം പ്ലസ്ടു യോഗ്യതയുള്ളതുമായ ഉദ്യോഗാർത്ഥികൾക്ക് നേരിട്ട് വന്ന് റിക്രൂട്ട്മെന്റ് ഡ്രൈവിൽ പങ്കെടുക്കാം. സെയിൽസിലുള്ള താൽപര്യം, ആകർഷകമായ വാക്ചാതുര്യം, നല്ല ഊർജ്ജസ്വലത എന്നിവ ഉണ്ടായിരിക്കണം. സമാന മേഖലയിൽ മുൻ പരിചയം ഉള്ളവർക്കും ഇല്ലാത്തവർക്കും അപേക്ഷിക്കാം.കോഴിക്കോട് മാവൂർ റോഡിൽ കാലിക്കറ്റ് ടവർ, എറണാകുളം എം.ജി റോഡിൽ ജിൻജർ ഹോട്ടൽ, കൊല്ലം ചിന്നക്കടയിൽ നാനി ഹോട്ടൽസ് ആന്റ് റിസോർട്ട്സ് എന്നിവിടങ്ങളിലാണ് ഇന്റർവ്യൂ. വിവരങ്ങൾക്ക്: 8714 63 22 27, www.joinmyg.com.

## മത്സ്യത്തൊഴിലാളികളെ സർക്കാർ മരണത്തിന് വിട്ടുകൊടുക്കുന്നു

തിരുവനന്തപുരം: മുതലപ്പൊഴിയിൽ ആവർത്തിച്ച് മരണങ്ങളുണ്ടായിട്ടും അപകടത്തിൽ ഗുരുതര പരിക്കേറ്റ് നിരവധി പേരുടെ ജീവിതം നഷ്ടപ്പെട്ടിട്ടും ശാശ്വാത പരിഹാരം കാണാതെ സർക്കാർ മത്സ്യ തൊഴിലാളികളെ മരണത്തിന് വിട്ടുകൊടുക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അദാനിക്കൊപ്പമാണോ മത്സ്യ തൊഴിലാളികൾക്കൊപ്പമാണോ സർക്കാരെന്ന് വ്യക്തമാക്കണമെന്നും നിയമസഭയിൽ വാക്കൗട്ട് പ്രസംഗത്തിൽ പ്രതിപക്ഷ നേതാവ് ചോദിച്ചു. കാറ്റെടുത്തും കടലെടുത്തും പോയ ജീവിതങ്ങളെ കുറിച്ചും അവരുടെ സങ്കടങ്ങളെ കുറിച്ചുമാണ് നിയമസഭ ചർച്ച ചെയ്യുന്നത്.


■ ഓഫറിൽ വാങ്ങിയ ടി.വി പ്രവർത്തിച്ചില്ല

## നഷ്ടപരിഹാരം നൽകണമെന്ന് ഉപഭോക്തൃ കോടതി

കൊച്ചി: ആമസോൺ ഓഫർ വിൽപനയിൽ വാങ്ങിയ ടിവി ഒരു തവണ പോലും പ്രവർത്തിപ്പിക്കാൻ കഴിയാത്ത ഉപഭോക്താവിന്, റിപ്പയർ ചെയ്തു നൽകുകയോ ടിവിയുടെ വില നൽകുകയോ ചെയ്യാത്ത ഓൺലൈൻ വ്യാപാര സ്ഥാപനത്തിന്റെ നടപടി സേവനത്തിലെ ന്യൂനതയും അധാർമികമായ വ്യാപാര രീതിയുമാണെന്ന് എറണാകുളം ജില്ലാ ഉപഭോക്ത തർക്ക പരിഹാര കോടതി. പരാതിക്കാരന് നഷ്ടപരിഹാരം നൽകണമെന്നും കോടതി ഉത്തരവിട്ടു. എറണാകുളം അയ്യപ്പൻകാവ് സ്വദേശിയായ അനീഷ് ടി.യു, ആമസോൺ ഓൺലൈൻ, ക്ലൗഡ്‌റ്റെയിൽ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾക്കെതിരെ സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്.

ഓൺലൈനിൽ വൻ ആദായ വിൽപന പരസ്യത്തിൽ ആകൃഷ്ടനായാണ് 49,990 രൂപ വിലയുള്ള പാനസോണിക്കിന്റെ ഫുൾ എച്ച്.ഡി.എൽ.ഇ.ഡി ടിവി വാങ്ങിയതെന്ന് ഹർജിയിൽ പറയുന്നു. പെട്ടി തുറന്ന് ടിവി ഘടിപ്പിക്കാൻ പോലും കഴിയാത്ത തരത്തിൽ ടിവി തകരാറിലായിരുന്നു. ഇക്കാര്യം പരാതിക്കാരൻ എതിർകക്ഷികളെ രേഖാമൂലം അറിയിച്ചെങ്കിലും ടിവി റിപ്പയർ ചെയ്യാനോ, വില തിരിച്ചു നൽകാനോ തയ്യാറായില്ല. തുടർന്ന് ഉപഭോക്തൃ കോടതിയെ സമീപിച്ചിക്കുകയായിരുന്നു. എതിർകക്ഷികളുടെ ഈ നടപടി സേവനത്തിലെ ന്യൂനതയും അധാർമികവുമായ വ്യാപാര രീതിയുമാണെന്ന് അഭിപ്രായപ്പെട്ട കോടതി, ടിവിയുടെ വിലയായ 49,990 രൂപയും നഷ്ടപരിഹാരം, കോടതി ചെലവ് ഇനത്തിൽ 25,000 രൂപയും ഒരു മാസത്തിനകം പരാതിക്കാരന് നൽകണമെന്ന് ഉത്തരവിടുകയായിരുന്നു.

## പി ചിത്രൻ നമ്പൂതിരിപ്പാട് സ്മൃതി അവാർഡ് സി. രാധാകൃഷ്ണന്



തൃശൂർ: പത്മശ്രീ പി ചിത്രൻ നമ്പൂതിരിപ്പാട് സ്മൃതി അവാർഡ് പ്രശസ്ത സാഹിത്യകാരൻ സി. രാധാകൃഷ്ണന് നൽകുമെന്ന് പുരസ്കാര സമിതി ഭാരവാഹികൾ പത്ര സമ്മേളനത്തിൽ അറിയിച്ചു. ഒന്നാം ചരമ വാർഷിക ദിനമായ 27ന് തൃശൂർ ഭാരതീയ വിദ്യാഭവൻ ഓഡിറ്റോറിയത്തിൽ വൈകീട്ട് മൂന്നിന് കലാമണ്ഡലം ഗോപി പുരസ്കാരം സമ്മാനിക്കും. 25,001 രൂപയും ഫലകവും അടങ്ങുന്നതാണ് പുരസ്കാരം. ആലങ്കോട് ലീലാകൃഷ്ണൻ അനുസ്മരണ പ്രഭാഷണം നടത്തും. ചിത്രൻ നമ്പൂതിരിപ്പാട് പ്രവർത്തിച്ചിരുന്ന വിവിധ മേഖലകളിൽ വൈവിധ്യമാർന്ന പരിപാടികളും അനുസ്മരണ സമ്മേളനവും അവാർഡ്ദാന ചടങ്ങും ഉൾപ്പെടെ പരിപാടികൾ സംഘടിപ്പിക്കും. പത്രസമ്മേളനത്തിൽ ഡോ. എം.ആർ സുരേന്ദ്രൻ, എൻ. വേണുഗോപാൽ, അടാട്ട് വാസുദേവൻ, അഡ്വ. ഇ. രാജൻ എന്നിവർ പങ്കെടുത്തു.

# വാഹനാപകട കേസുകളിൽ നിയമ നടപടി സ്വീകരിക്കുന്നതിന് തടസമില്ലെന്ന് ഹൈക്കോടതി

കൊച്ചി: വാഹനാപകട കേസുകളിൽ പ്രായപൂർത്തിയാകാത്തയാളുടെ കുറ്റം ജുവനൈൽ ജസ്റ്റിസ്ബോർഡ്നിർണയിക്കുന്നതിന് മുമ്പുതന്നെ വാഹന ഉടമക്കെതിരെയോ രക്ഷകർത്താവിനെതിരെയോ നിയമ നടപടി സ്വീകരിക്കുന്നതിന് തടസമില്ലെന്ന് ഹൈക്കോടതി. വാഹനം ഓടിച്ച പ്രായപൂർത്തിയാകാത്തയാളുടെ രക്ഷിതാവിനെയോ വാഹനത്തിന്റെ ഉടമയെയോ മോട്ടോർ വെഹിക്കിൾ (എംവി) നിയമത്തിലെ 199 എ വകുപ്പ് പ്രകാരമുള്ള കുറ്റത്തിന് പ്രോസിക്യൂട്ട് ചെയ്യാമെന്ന് ഹൈക്കോടതി വ്യക്തമാക്കി.

ഇത്തരം കേസുകളിലെ എഫ്ഐആറോ അന്തിമ റിപ്പോർട്ടോ ചോദ്യം ചെയ്ത് സമർപ്പിച്ച 67 ഹർജികൾ പരിഗണിക്കവെയാണ് കോടതി നിലപാടറിയിച്ചത്. ജസ്റ്റിസ് ബെച്ചു കുര്യൻ തോമസാണ് വാഹന ഉടമക്കും രക്ഷകർത്താവിനുമെതിരെ നിയമനടപടി സ്വീകരിക്കാമെന്ന് നിർദേശിച്ചത്. പ്രായപൂർത്തിയാകാത്ത ഒരാൾ ഓടിക്കുന്ന വാഹനത്തിന്റെ രക്ഷിതാവോ ഉടമയോ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ സംബന്ധിച്ച എംവി ആക്ടിലെ വകുപ്പ് 199 വകുപ്പ് പ്രകാരമുള്ള നടപടി സ്വീകരിക്കണം. പല കേസുകളിലും പ്രായപൂർത്തിയാകാത്ത വ്യക്തിക്കെതിരെ എഫ്ഐആർ ഫയൽ ചെയ്യുകയോ എസ്ബിആർ സമർപ്പിക്കുകയോ ചെയ്തിട്ടില്ലെന്ന് അവർ ചൂണ്ടിക്കാട്ടി. ജനറൽ ഡയറിയിൽ പ്രായപൂർത്തിയാകാത്തയാളുടെ കുറ്റകൃത്യത്തെക്കുറിച്ചുള്ള വിവരങ്ങൾ രേഖപ്പെടുത്തിയാൽ എംവി ആക്ട് പ്രകാരം വാഹനത്തിന്റെ രക്ഷിതാവിനോ ഉടമയ്ക്കോ എതിരെ നടപടികൾ ആരംഭിക്കാമെന്ന് ബെഞ്ച് ഊന്നിപ്പറഞ്ഞു. ജനറൽ ഡയറിയിൽ സംഭവം രേഖപ്പെടുത്തി രണ്ട് മാസത്തിനകം ജെജെബിക്ക് മുമ്പാകെ സമർപ്പിക്കേണ്ട അന്തിമ റിപ്പോർട്ടിനൊപ്പം കുട്ടിയുടെ എസ്ബിആർ ഉടനടി സമർപ്പിക്കണമെന്ന് കോടതി വ്യക്തമാക്കി. ജുവനൈൽ ജസ്റ്റിസ് ആക്ടിലെ സെക്ഷൻ 14(4) പ്രകാരം, ജെജെബിക്ക് മുമ്പാകെയുള്ള അന്വേഷണം അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിന് ശേഷം നിശ്ചയിച്ചിട്ടുള്ള വാദം കേൾക്കൽ തീയതി മുതൽ നാല് മാസത്തിനുള്ളിൽ അവസാനിപ്പിക്കണം. ഈ സമയപരിധിക്കുള്ളിൽ അന്വേഷണം പൂർത്തിയാക്കുന്നതിൽ പരാജയപ്പെടുന്നത് നടപടികൾ അവസാനിപ്പിക്കുന്നതിന് കാരണമാകുമെന്നും കോടതി വ്യക്തമാക്കി.

കുട്ടിക്കെതിരായ അന്വേഷണം ജെജെബി അവസാനിപ്പിക്കുകയോ പ്രായപൂർത്തിയാകാത്തയാൾ കുറ്റം ചെയ്തിട്ടില്ലെന്ന് നിഗമനം ചെയ്യുകയോ ചെയ്താൽ, എംവി ആക്ട് 199 എ വകുപ്പ് പ്രകാരം വാഹനത്തിന്റെ രക്ഷിതാവിനോ ഉടമയ്ക്കോ എതിരായ നടപടികൾ തുടരാനാവില്ലെന്നും ബെഞ്ച് വിധിച്ചു. അത്തരം കേസുകളിൽ, പ്രതികളെ കുറ്റവിമുക്തനാക്കുകയോ അതനുസരിച്ച് വെറുതെ വിടുകയോ വേണം.

## എ.സി ഷൺമുഖദാസ് പുരസ്ക്കാരം ബിനോയ് വിശ്വത്തിന്



കോഴിക്കോട്: പൊതുപ്രവർത്തന രംഗത്ത് മാന്യമായ ഇടപെടലുകളോടെ സജീവ സാന്നിധ്യമായി മാറാൻ കഴിഞ്ഞ ദീർഘകാലം എം.എൽ.എയും മന്ത്രിയുമായിരുന്ന എ.സി ഷൺമുഖദാസിന്റെ പേരിൽ ഏർപ്പെടുത്തിയ മാതൃകാ പൊതുപ്രവർത്തകനുള്ള 2023–ലെ പുരസ്ക്കാരത്തിനു സി.പി. ഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വത്തെ തിരഞ്ഞെടുത്തു. ഷൺമുഖദാസ് പഠനകേന്ദ്രം ചുമതലപ്പെടുത്തിയ പി.സുധാകരൻ മാസ്റ്റർ, അഡ്വ. പി.ചാത്തുക്കുട്ടി, ഇ. ബേബി വാസൻ മാസ്റ്റർ എന്നിവരടങ്ങിയ കമ്മിറ്റിയാണ് ബിനോയ് വിശ്വത്തിന്റെ പേര് പുരസ്കാരത്തിനായി ശുപാർശ ചെയ്തത്. സി.കെ.ഗോവിന്ദൻ നായരുടെ 61–ാം ചരമവാർഷികവും എ.സി.ഷൺമുഖദാസിന്റെ 11–ാം ചരമ വാർഷികവും ഒന്നിച്ചു വരുന്ന 2024 ജൂൺ 27–ന് വ്യാഴാഴ്ച്ച വൈകുന്നേരം 3 മണിയ്ക്ക് കോഴിക്കോട് ടൗൺ ഹാളിൽ നടക്കുന്ന സി.കെ.ജി, എ.സി. ഷൺമുഖദാസ് അനുസ്മരണ സമ്മേളനത്തിൽ എൻ.സി.പി. (എസ്) സംസ്ഥാന പ്രസിഡന്റ് പി.സി.ചാക്കോ പുരസ്ക്കാരം നൽകും. എ.സി.ഷൺമുഖദാസ് പഠനകേന്ദ്രം ചെയർമാനും വനം -വന്യജീവി സംരക്ഷണ വകുപ്പ് മന്ത്രിയുമായ എ.കെ.ശശീന്ദ്രൻ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

## വയോജന സംരക്ഷണത്തിന് ഭവന സമുച്ചയങ്ങൾ

തിരുവനന്തപുരം: വയോജന സംരക്ഷണത്തിനായി ഹൗസിങ് ബോർഡ് സായന്തനം എന്ന പേരിൽ വാർധ്യകാല ഭവനസമുച്ചയങ്ങൾ ആരംഭിക്കുമെന്ന് റവന്യു മന്ത്രി കെ. രാജൻ നിയമസഭയിൽ അറിയിച്ചു.

ഹൗസിങ് ബോർഡിൻറെ കോട്ടയത്ത് ഗാന്ധിനഗറിലും തിരുവനന്തപുരത്ത് നെട്ടയത്തും ആദ്യം നിർമാണം തുടങ്ങും. പോസ്കോ കേസിലെ അതീജിവിതകൾ സാമൂഹ്യ സുരക്ഷാ കേന്ദ്രങ്ങളിൽ നിന്നും വയസിൻെറ പേരിൽ ഒഴിവാക്കപ്പെടുന്നവർ എന്നിവരെ സമൂഹത്തിൻെറ ഭാഗമാക്കി താമസിപ്പിക്കാൻ തന്റെയിടം പദ്ധതി ആരംഭിക്കും. വയനാട്ടിലും കണ്ണൂരിലും കോഴിക്കോടും ആദ്യഘട്ടത്തിൽ ഭവനങ്ങൾ നിർമ്മിക്കും. വനിതാ ശിശു ക്ഷേമ വകുപ്പുമായി ബന്ധപ്പെടാണിത് നടപ്പാക്കുകയെന്ന് ധനാഭ്യർഥന ചർച്ചക്ക് മറുപടിയായി മന്ത്രി പറഞ്ഞു.

ലൈഫ് പദ്ധതിയിൽ ഉൾപ്പെടാത്തവർക്ക് ഗൃഹശ്രീ പദ്ധതി നടപ്പാക്കും. തിരിച്ചടവില്ലാത്ത മൂന്നുലക്ഷം രൂപ സർക്കാർ സബ്സിഡി നൽകും. സന്നദ്ധ സംഘടനകളുടെയും എൻജിഒകളുടെയും സഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ 450 വീടുകൾ ഹൗസിങ് ബോർഡ് ഈ വർഷം പൂർത്തീകരിക്കും. ഹൗസിങ് പാർക്കും ഈ വർഷം ആരംഭിക്കും.

ഡിജിറ്റൽ റീസർവേ 197 വില്ലേജുകളിൽ പൂർത്തിയായി. 4 ലക്ഷം ഹെക്ടർ ഇതിനകം അളന്നു തിട്ടപ്പെടുത്തി. 28.40 ലക്ഷം ലാൻഡ് പാഴ്സലുകളിൽ പൂർണമായും നടപടി എടുക്കാൻ കഴിയുന്ന വിധം പൂർത്തീകരിച്ചു. 0.2 % മാത്രമാണു പരാതികളുണ്ടായതെന്നും മന്ത്രി പറഞ്ഞു.

## ജേണലിസം പഠനവകുപ്പിൽ പുതിയ തിയേറ്റർ

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല ജേണലിസം പഠനവകുപ്പിലെ നവീകരിച്ച ഓഡിയോ വിഷ്വൽ തീയേറ്റർ വൈസ് ചാൻസിലർ ഡോ. എം.കെ ജയരാജ് ഉദ്ഘാടനം ചെയ്തു. സംവിധായകൻ പ്രശാന്ത് വിജയ് മുഖ്യാതിഥിയായിരുന്നു. ഡോ. എൻ. മുഹമ്മദാലി അധ്യക്ഷത വഹിച്ചു. പഠനവകുപ്പ് മേധാവി ഡോ. ലക്ഷ്മി പ്രദീപ്, സിൻഡിക്കേറ്റംഗം ഡോ. കെ. മുഹമ്മദ് ഹനീഫ, സെനറ്റംഗം ഡോ. ടി.എം. വാസുദേവൻ, ഭാഷ സി. ലതീഷ് എന്നിവർ സംസാരിച്ചു. ബി. സിദ്ധാർത്ഥ് നന്ദി പറഞ്ഞു.

## ഭൂമി തരമാറ്റ പക്രിയ അടുത്ത മാസം മുതൽ

തിരുവനന്തപുരം: ഭൂമി തരമാറ്റ പക്രിയ ജൂലൈ ഒന്നു മുതൽ സംസ്ഥാനത്ത് ആരംഭിക്കുമെന്നു മന്ത്രി കെ. രാജൻ. ഇതിനായി ഡെപ്യൂട്ടി കലക്ടർമാർ ഉൾപ്പടെ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിച്ചുവെന്നും നിയമസഭയിൽ ധനാഭ്യർത്ഥന ചർച്ചകൾക്കുള്ള മറുപടിയിൽ മന്ത്രി അറിയിച്ചു. ഭൂമി തരംമാറ്റിക്കൊടുക്കുന്ന തരത്തിൽ പരസ്യങ്ങൾ വ്യാപകമായി പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരക്കാർക്ക് തരമാറ്റക്കാര്യത്തിൽ ചില നിയമസഹായങ്ങൾ ചെയ്തുനൽകാമെന്നല്ലാതെ മറ്റൊന്നും ആവില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഇത്തരം സംഭവങ്ങൾ പൊലീസിന്റ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്നും കർശന നടപടികൾ ഉണ്ടാകുമെന്നും മന്ത്രി പറഞ്ഞു. നികത്തിയ നെൽവയലുകൾ പൂർവസ്ഥിതിയിലാക്കാൻ കർശന നടപടിയെടുക്കും. നികത്തിയ വയലുകൾ പൂർവസ്ഥിതിയിലാക്കാൻ നോട്ടീസ് നൽകും. പാലിച്ചില്ലെങ്കിൽ സർക്കാർ ഫണ്ട് ഉപയോഗിച്ച് പ്രക്രിയ പൂർത്തിയാക്കും. ചെലവ് പൂർണമായും കുറ്റക്കാരിൽ നിന്ന് ഈടാക്കും. നിയമസഭ പാസാക്കിയ ഭൂപതിവ് നിയമത്തിനുവേണ്ട ചട്ടങ്ങൾ വേഗത്തിൽ കൊണ്ടുവരും. റവന്യു റിക്കവറി നിയമം പരിഷ്കരിക്കാൻ നടപടി തുടങ്ങിയിട്ടുണ്ട്. 15 ഭേദഗതികൾ ഇതിനായി തയ്യാറാക്കിവരികയാണ്.

## എം.എസ്.സി സ്പോട്ട് അലോട്ട്മെന്റ് 27 ന്

തിരുവനന്തപുരം: തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളജിലും കോഴിക്കോട്ടെ സ്വാശ്രയ കോളജായ മിംസ് കോളജ് ഓഫ് അല്ലൈഡ് ഹെൽത്ത് സയൻസിലും നടത്തുന്ന എം.എസ്.സി.(എം.എൽ.റ്റി.) കോഴ്സ് പ്രവേശനത്തിന് റഗുലർ അലോട്ട്മെന്റുകൾക്കുശേഷം ഒഴിവുള്ള സീറ്റുകളിലേക്കുള്ള സ്പോട്ട് അലോട്ട്മെന്റ് എൽ.ബി.എസ് റീജണൽ സെന്ററുകളിലും ഹെഡ് ഓഫീസിലും ജൂൺ 27ന് നടത്തും. www.lbscentre.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർ നേരിട്ട് ഹാജരായി രാവിലെ 11 മണിയ്ക്കകം രജിസ്റ്റർ ചെയ്യണം. മുൻ അലോട്ട്മെന്റുകൾ വഴി സ്വാശ്രയ കോളജുകളിൽ പ്രവേശനം നേടിയ അപേക്ഷകർ എൻ.ഒ.സി കൊണ്ടുവരേണ്ടതാണ്. ഒഴിവുള്ള സീറ്റുകളുടെ വിവരങ്ങൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക്: 04712560363, 364



ഗസ്സയിലെ മാനുഷിക സാഹചര്യം ഓരോ ദിവസം പിന്നിടുമ്പോഴും കൂടുതൽ പരിതാപകരമാവുകയാണ്. കുടിവെള്ളവും പോഷകാഹാരവും കിട്ടാതെ കുട്ടികൾ മരിച്ചുകൊണ്ടിരിക്കുന്നു. ഭക്ഷണവും ശുദ്ധ ജലവും ട്രക്കുകളിൽ കാത്തുകെട്ടി നിൽക്കുമ്പോഴാണ് കുട്ടികൾ മരണത്തിന് കീഴടങ്ങേണ്ടിവരുന്നത്. പണ്ടുമുതലേ യു.എൻ.ആർ.ഡബ്ല്യു.എയെ വിമർശിക്കുന്ന രാജ്യമാണ് ഇസ്രാഈൽ. ഇപ്പോൾ ഏജൻസിയുടെ പ്രവർത്തനം തന്നെ അവസാനിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു.

**ഫിലിപ്പ് ലസാരിനി**
യു.എൻ.ആർ.ഡബ്ല്യു.എ മേധാവി


## ക്രൈമിയ ആക്രമണം: യു.എസ് അംബാസഡറെ റഷ്യ വിളിച്ചുവരുത്തി

മോസ്കോ: ക്രൈമിയയിൽ കുട്ടികളടക്കം നാലുപേർ കൊല്ലപ്പെടുകയും 51 പേർക്ക് പരിക്കേൽക്കുകയും ചെയ്ത മിസൈലാക്രമണവുമായി ബന്ധപ്പെട്ട് റഷ്യ യു.എസ് അംബാസഡറെ വിളിച്ചുവരുത്തി പ്രതിഷേധം അറിയിച്ചു. കിരാതമെന്ന് വിശേഷിപ്പിച്ച ആക്രമണത്തിന് ഉത്തരവാദി അമേരിക്കയാണെന്ന് റഷ്യൻ വിദേശകാര്യ മന്ത്രാലയം കുറ്റപ്പെടുത്തി. അമേരിക്കൻ ആയുധങ്ങൾ ഉപയോഗിച്ച് റഷ്യയെ നേരിട്ട് ആക്രമിക്കാൻ യു.എസ് ഭരണകൂടം അടുത്തിടെ യുക്രെയ്ന് അനുമതി നൽകിയിരുന്നു. അമേരിക്ക നൽകിയ അഞ്ച് മിസൈലുകൾ ഉപയോഗിച്ചാണ് ക്രൈമിയയിൽ യുക്രെയ്ൻ ആക്രമണം നടത്തിയതെന്ന് വിദേശ മന്ത്രാലയം ആരോപിക്കുന്നുണ്ട്. ലക്ഷ്യത്തിൽ പതിക്കുന്നതിനുമുമ്പേ അഞ്ച് മിസൈലുകളും തകർത്തതായി റഷ്യ അറിയിച്ചു.

**പൊതുവാർത്തകൾ**

### ചർച്ചുകൾക്കും സിനഗോഗിനും പൊലീസ് പോസ്റ്റിനും നേരെ വെടിവെപ്പ്

# റഷ്യയിൽ ഭീകരാക്രമണം; 20 മരണം



ഡാഗെസ്റ്റനിൽ ക്രിസ്ത്യൻ ചർച്ചിനുനേരെ വെടിവെച്ച അക്രമികളുമായി ഏറ്റുമുട്ടുന്ന റഷ്യൻ ഭീകര വിരുദ്ധ സേന

മോസ്കോ: റഷ്യയിൽ ചർച്ചുകൾക്കും സിനഗോഗിനും പൊലീസ് പോസ്റ്റിനും നേർക്ക് അജ്ഞാതസംഘം നടത്തിയ വെടിവെപ്പിൽ 20 പേർ കൊല്ലപ്പെട്ടു. 12 പേർക്ക് പരിക്കേറ്റു. മരിച്ചവരിൽ 15 പേർ പൊലീസുകാരാണ്, ഓർത്തഡോക്സ് സഭയുടെ പുരോഹിതനും കൊല്ലപ്പെട്ടവരിൽ പെടും. അഞ്ച് അക്രമികളെ പൊലീസ് വധിച്ചതായും റിപ്പോർട്ടുണ്ട്. ഡാഗെസ്റ്റനിലെ നോർത്ത് കോക്കസ് മേഖലയിലാണ് സംഭവം.

ഡാഗെസ്റ്റന്റെ തലസ്ഥാനവും ഏറ്റവും വലിയ നഗരവുമായ മാഖച്കാലയിലും തീരനഗരമായ ഡെർബെന്റിലുമാണ് ആക്രമണമുണ്ടായത്. ഡെർബന്റിൽ വെടിവെപ്പിനെത്തുടർന്ന് സിനഗോഗിന് തീപിടിച്ചു. ആക്രമണത്തിന്റെ ഉത്തരവാദിത്തം ആരും ഏറ്റെടുത്തിട്ടില്ല. വൈകുന്നേരം പ്രാർത്ഥന തുടങ്ങുന്നതിന് 40 മിനുട്ട് മുമ്പാണ് സിനഗോഗിനുനേരെ ആക്രമണമുണ്ടായത്. ചെച്നിയക്ക് സമീപമാണ് ഡാഗെസ്റ്റൻ. മാഖച്കാലയിൽ രണ്ട് ഓർത്തഡോക്സ് ചർച്ചുകൾക്കുനേരെ വെടിവെപ്പുണ്ടായെന്ന് ദേശീയ ഭീകരവിരുദ്ധ സമിതി അറിയിച്ചു.


ആക്രമണത്തിൽ കൊല്ലപ്പെട്ടവരോടുള്ള ആദരസൂചകമായി റഷ്യയിൽ മൂന്ന് ദിവസത്തെ ദു:ഖാചരണം പ്രഖ്യാപിച്ചിട്ടുണ്ട്. ഇക്കാലയളവിൽ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടും. രാജ്യത്തെ സാംസ്കാരിക, വിനോദ പരിപാടികളെലാം റദ്ദാക്കിയിട്ടുണ്ട്. മൂന്നു മാസം മുമ്പ് റഷ്യൻ തലസ്ഥാനമായ മോസ്കോയിൽ ക്രോക്കസ് സിറ്റി ഹാളിൽ സംഗീത പരിപാടിക്കുനേരെയുണ്ടായ വെടിവെപ്പിൽ 133 പേർ കൊല്ലപ്പെട്ടിരുന്നു. ഇസ്ലാമിക് സ്റ്റേറ്റ് ഇൻ ഖുറാസാൻ പ്രൊവിൻസ് എന്ന സംഘടന ഇതിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തിരുന്നെങ്കിലും ആക്രണത്തിൽ യുക്രെയ്ന് പങ്കുള്ളതായി റഷ്യൻ ഭരണകൂടം ആരോപിക്കുന്നുണ്ട്.

# ആരോഗ്യ സേവന മേധാവിയെ കൊന്ന് ഇസ്രാഈൽ

ഗസ്സ: വംശഹത്യ തുടരുന്ന ഗസ്സയിൽ ആരോഗ്യ സംവിധാനങ്ങളുടെ നെടുംതൂണായി അറിയപ്പെട്ടിരുന്ന ഹാനി അൽ ജഅഫറാവിയും ഇസ്രാഈൽ ആക്രമണത്തിൽ കൊല്ലപ്പെട്ടു. ഗസ്സ സിറ്റിയിൽ ദറാജ് ക്ലിനിക്കിനുനേരെയുണ്ടായ ആക്രമണത്തിലാണ് അദ്ദേഹം കൊല്ലപ്പെട്ടത്.

വ്യോമാക്രമണങ്ങളിൽ പരിക്കേൽക്കുന്നവർക്ക് അടിയന്തര ചികിത്സ ഉറപ്പാക്കിയും ആംബുലൻസുകൾ എത്തിച്ചുനൽകിയും ആരോഗ്യ സേന പ്രവർത്തനങ്ങൾക്ക് ചുക്കാൻ പിടിച്ചിരുന്നത് ജഅഫറാവിയാണ്. ദുരിതബാധിതർക്ക് ആശ്വാസം പകർന്ന് രാവും പകലും ഓടി നടന്നിരുന്ന അദ്ദേഹത്തെ ആരോഗ്യ മേഖലയുടെ നെടുംതൂണെന്നാണ് അൽ അഖ്സ ആശുപത്രി എമർജൻസി വിഭാഗം ഡയറക്ടർ ഇയാദ് സഖോട്ട് വിശേഷിപ്പിച്ചത്.

ജനവാസ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ഇസ്രാഈൽ നടത്തുന്ന ആക്രണങ്ങളിൽ ഇന്നലെയും നിരവധി മരണങ്ങൾ റിപ്പോർട്ട് ചെയ്തു. സെയ്തൂനിലുണ്ടായ വ്യോമാക്രമണത്തിൽ ഒരാൾ കൊല്ലപ്പെട്ടു. അഭയാർത്ഥികൾ താമസിക്കുന്ന കേന്ദ്രത്തിനു നേരെ ഇസ്രാഈലി യുദ്ധ ടാങ്കുകളും സൈനിക വാഹനങ്ങളും നടത്തിയ ആക്രമണത്തിൽ നിരവധി പേർ കൊല്ലപ്പെട്ടതായി റിപ്പോർട്ടുണ്ട്. ഒക്ടോബർ ഏഴിനു തുടങ്ങിയ ഇസ്രാഈൽ ആക്രമണത്തിൽ മരണനിരക്ക് 37,626 ആയി ഉയർന്നു. ഇവരിൽ പകുതിയിലേറെയും കുട്ടികളാണ്. 21,000ത്തോളം കുട്ടികളെ കാണാതായിട്ടുണ്ട്. ഇവർ കെട്ടിടാവശിഷ്ടങ്ങളിലും കൂട്ടക്കുഴിമാടങ്ങളിലും അകപ്പെടുകയോ ഇസ്രാഈൽ സേനയുടെ തടങ്കലിൽ കുടുങ്ങിക്കിടക്കുകയോ ചെയ്തിരിക്കാമെന്ന് ബ്രിട്ടീഷ് ഏജൻസിയായ സേവ് ദ ചിൽഡ്രൻ പറയുന്നു. ഗസ്സയിൽ കുട്ടികളുടെ കൂട്ട തിരോധാനത്തെക്കുറിച്ച് അന്വേഷിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു. അതേസമയം റഫയിൽ ഇസ്രാഈൽ സേനയെ ലക്ഷ്യമിട്ട് അൽ ഖുദ്സ് ബ്രിഗേഡ്സ് ശക്തമായ ഷെല്ലാക്രമണം നടത്തി. തൽ അസുൽത്താനിൽ ഇസ്രാഈൽ സൈനികർക്കും വാഹനങ്ങൾക്കും നേരെയാണ് ആക്രമണം നടന്നതെന്ന് ബ്രിഗേഡ്സ് അവകാശപ്പെട്ടു. റഫയിൽനിന്നുള്ള ഒരു റോക്കറ്റാക്രമണം പരാജയപ്പെടുത്തിയതായി ഇസ്രാഈൽ സേന അറിയിച്ചു. ആക്രമണത്തിനു മുമ്പ് മേഖലയിൽ അപായ സൈറണുകൾ മുഴങ്ങിയിരുന്നു.



ഗസ്സയിൽ ഇസ്രാഈലിന്റെ വ്യോമാക്രണത്തിൽ തകർന്ന ദറാജ് ക്ലിനിക്ക്

## നെതന്യാഹുവിന്റെ പരാമർശങ്ങൾ മന്ത്രിസഭയുടെ തീരുമാനങ്ങൾക്ക് വിരുദ്ധം

ടെൽഅവീവ്: ഗസ്സ യുദ്ധവുമായി ബന്ധപ്പെട്ട് യുദ്ധ മന്ത്രിസഭയുടെ തീരുമാനങ്ങൾക്ക് വിരുദ്ധമായാണ് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു പുറത്തു സംസാരിക്കുന്നതെന്ന് മുൻ ഇസ്രാഈൽ സൈനിക മേധാവി ഗാഡി ഐസൻകോട്ട്. നെതന്യുവിന് നാക്കുപിഴ സംഭവിച്ചതാകാമെന്നും ഇസ്രാഈൽ പാർലമെന്റിന്റെ വിദേശ, പ്രതിരോധ സമിതി മുമ്പാകെ പറഞ്ഞു.

ഹമാസിന്റെ കസ്റ്റഡയിലുള്ള ബന്ദികളെയും പട്ടാളക്കാരെയും തിരികെ കൊണ്ടുവരുന്ന കാര്യത്തിൽ അവരുടെ കുടുംബങ്ങൾക്ക് എത്രയും പെട്ടെന്ന് വിശദീകരണം നൽകേണ്ടതുണ്ട്. ഇസ്രാഈൽ ഭരണകൂടത്തിലെ ഏതൊരാൾക്കും രണ്ട് മാർഗങ്ങൾ മാത്രമാണ് മുന്നിലുള്ളത്.

സമ്പൂർണ വെടിനിർത്തൽ പ്രഖ്യാപിക്കുക, അല്ലെങ്കിൽ മൂന്ന് ഘട്ടങ്ങളായി സമഗ്ര കരാറിന് തയാറാവുക. ഇക്കാര്യത്തിൽ യുദ്ധ മന്ത്രിസഭ ഏകകണ്ഠ്യേന തീരുമാനമെടുത്തതാണെങ്കിലും അതിന് വിരുദ്ധമായി ഭാഗിക കരാറിനെക്കുറിച്ചാണ് നെതന്യാഹു സംസാരിക്കുന്നതെന്ന് ഐസൻകോട്ട് ചൂണ്ടിക്കാട്ടി.

പാർലമെന്ററി സമിതി ചെയർമാൻ യൂലി എൽഡെസ്റ്റെയ്നും നെതന്യാഹുവിന്റെ നിലപാടുകളോട് വിയോജിപ്പ് പ്രകടിപ്പിച്ചു. ബന്ദികളെ തിരിച്ചു കൊണ്ടുവരുന്നതിന് ഭാഗിക കരാറെന്ന നെതന്യാഹുവിന്റെ ആശയം യുദ്ധ മന്ത്രിസഭയുടെ തീരുമാനങ്ങൾക്ക് വിരുദ്ധമാണെന്ന് എൽഡെസ്റ്റെയ്നും ചൂണ്ടിക്കാട്ടി.

## ദക്ഷിണകൊറിയയിൽ ലിഥിയം ബാറ്ററി ഫാക്ടറിയിൽ വൻ തീപിടിത്തം; 22 മരണം

സോൾ: ദക്ഷിണകൊറിയയിൽ ലിഥിയം ബാറ്ററി പ്ലാന്റിലുണ്ടായ വൻ തിപിടിത്തത്തിൽ 22 പേർ മരിച്ചു. എട്ടുപേർക്ക് പരിക്കേറ്റു. തലസ്ഥാനമായ സോളിൽനിന്ന് 45 കിലോമീറ്റർ അകലെ ഹ്വാസോങിലാണ് സംഭവം. മരിച്ചവരെല്ലാം തൊഴിലാളികളാണ്. ഇവരിൽ 18 പേർ ചൈനീസ് പൗരന്മാരാണെന്ന് കമ്പനി അധികൃതർ അറിയിച്ചു. ദക്ഷിണകൊറിയൻ ബാറ്ററി നിർമാതാക്കളായ അരിസെല്ലിന്റെ പ്ലാന്റിൽ രാവിലെ 10.30നാണ് തീ പടർന്നത്. വൈകീട്ട് മൂന്ന് മണിക്കു ശേഷമാണ് നിയന്ത്രണ വിധേയമാക്കിയത്. തീ ആളിപ്പടരുമ്പോൾ നൂറിലേറെ തൊഴിലാളികൾ ഫാക്ടറിയിൽ ജോലി ചെയ്യുന്നുണ്ടായിരുന്നു. ദുരന്തത്തിൽ നിരവധി പേരെ കാണാതായെന്നും റിപ്പോർട്ടുണ്ട്. വെയർ ഹൗസിനുള്ളിൽ ഏതാനും ബാറ്ററി സെല്ലുകൾ പൊട്ടിത്തെറിച്ചതോടെയാണ് തീ പടർന്നു തുടങ്ങിയത്. മൊബൈൽ ഫോണുകളിലും ലാപ്ടോപ്പുകളിലും ഇലക്ട്രിക് വാനങ്ങളിലും ഉപയോഗിക്കുന്ന ലിഥിയം ബാറ്ററികൾ അമിതമായി ചൂടാകുമ്പോൾ പൊട്ടിത്തെറിക്കാൻ സാധ്യത കൂടുതലാണ്.

## യുദ്ധം അവസാനിപ്പിക്കുന്ന കരാർ അംഗീകരിക്കില്ല: നെതന്യാഹു

ടെൽഅവീവ്: ഗസ്സയിൽ ആക്രമണം അവസാനിപ്പിക്കുന്ന ഒരു കരാറും ഇസ്രാഈൽ അംഗീകരിക്കില്ലെന്ന് പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹു. ഇതോടെ യു.എസ് മുന്നോട്ടുവെച്ച വെടിനിർത്തൽ കരാറും പരാജയപ്പെടുമെന്ന് ഉറപ്പായി. യുദ്ധവുമായി മുന്നോട്ടുപോകുന്ന ഭാഗിക കരാർ മാത്രമേ അംഗീകരിക്കൂ എന്ന് നെതന്യാഹു വ്യക്തമാക്കി. എന്നാൽ ആക്രമണത്തിന്റെ തീവ്ര ഘട്ടം അവസാനിപ്പിക്കുകയാണെന്ന് അദ്ദേഹം സൂചിപ്പിച്ചു.

ഹിസ്ബുല്ലയുമായി സംഘർഷം നിലനിൽക്കുന്ന ലബനീസ് അതിർത്തിയിലേക്ക് ഇസ്രാഈൽ സേന ശ്രദ്ധ കേന്ദ്രീകരിക്കുമെന്നും ഒരു ചാനൽ അഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു.
എട്ടുമാസത്തിലേറെയായി തുടരുന്ന ആക്രമണം ലക്ഷ്യം കാണാതെ അവസാനിപ്പിക്കാൻ ഇസ്രാഈലിനുമേൽ കടുത്ത സമ്മർദ്ദമുണ്ട്. ഗസ്സയെ ഏറെക്കുറെ പൂർണമായും ഇസ്രാഈൽ തകർത്തുകഴിഞ്ഞു. പക്ഷേ, ഹമാസിനെ തകർക്കാനോ ബന്ദികളെ മോചിപ്പിക്കാനോ ഇസ്രാഈലിന് സാധിച്ചിട്ടില്ല.
മരണനിരക്ക് നാൽപതിനായിരത്തോട് അടുത്തുകൊണ്ടിരിക്കെ തുടർന്നും ആക്രമണവുമായി മുന്നോട്ടുപോകുന്നത് അന്താരാഷ്ട്രതലത്തിൽ കനത്ത തിരിച്ചടിക്ക് കാരണമാകുമെന്ന് നെതന്യാഹു ഭരണകൂടത്തിന് പേടിയുണ്ട്. ലബനാന്റെ വടക്കൻ അതിർത്തിയിലേക്ക് സൈന്യത്തെ മാറ്റി ഗസ്സയിൽ ആക്രമണം തണുപ്പിക്കാനും ആലോചനയുണ്ടെന്നാണ് റിപ്പോർട്ട്.



വിവാഹ ശേഷം ആലങ്ങാട് സബ് രജിസ്ട്രാർ ഓഫീസിൽ വച്ച് രജിസ്റ്ററിൽ ഒപ്പുവക്കുന്ന ധർമ്മജനും അനുജയും

## നടൻ ധർമ്മജൻ 'വീണ്ടും' വിവാഹിതനായി

പറവൂർ: പതിനാറ് വർഷങ്ങൾക്കു ശേഷം നടൻ ധർമ്മജൻ ബോൾഗാട്ടി 'വീണ്ടും' വിവാഹിതനായി. മക്കളായ വേദയും, വൈഗയും എടുത്തു നീട്ടിയ താലി ഭാര്യ അനൂജയുടെ കഴുത്തിലണിയിച്ചാണ് ധർമജൻ വീണ്ടും വിവാഹിതനായത്. മുൻപ് പ്രേമം മൂത്ത് ഒളിച്ചോടി വിവാഹം കഴിച്ചതിനാൽ ഇപ്പോൾ മക്കളെ സാക്ഷിയാക്കി നിയമപരമായി വിവാഹം കഴിച്ചെന്ന് മാത്രം. മുൻപ് ക്ഷേത്രത്തിൽ വച്ച് നടത്തിയ വിവാഹം രജിസ്റ്റർ ചെയ്തിരുന്നില്ല. ഇന്നലെ കൊങ്ങോർപ്പിള്ളി കുറ്റിക്കുളങ്ങര ബാലമുരളീകൃഷ്ണ പാർത്ഥസാരഥി ക്ഷേത്രത്തിൽ വച്ചാണ് മാല ചാർത്തിയത്. തുടർന്ന് തൊട്ടടുത്തുള്ള ആലങ്ങാട് സബ് രജിസ്ട്രാർ ഓഫീസിലെത്തി നിയമപരമായ കാര്യങ്ങൾ പൂർത്തീകരിച്ചു. അടുത്ത ബന്ധമുള്ള രണ്ട് പേരാണ് സാക്ഷികളായി ഉണ്ടായിരുന്നത്. പിന്നീട് വീട്ടിലെത്തി കേക്ക് മുറിച്ചു.വിദേശത്ത് നടക്കുന്ന ഒരു പരിപാടിയിൽ ഭാര്യയുമൊത്ത് പോകാൻ ആലോചിച്ചപ്പോഴുണ്ടായ നിയമ പ്രശ്നങ്ങൾ ഒഴിവാക്കാനാണ് ഇപ്പോൾ വീണ്ടും താലിചാർത്തിയതെന്ന് ധർമ്മജൻ പറഞ്ഞു. നേരത്തെ ആലോചിച്ചതാണെങ്കിലും തിരക്കുകൾ കാരണം നടന്നില്ല. വരാപ്പുഴയിലാണ് ധർമജന്റെ താമസം. സിനിമാ ലോകത്ത് നിന്ന് ആരും ചടങ്ങിനെത്തിയിരുന്നില്ല.

## ഹജ്ജ് വേളയിൽ മരിച്ചത് 1301 തീർത്ഥാടകർ

**അഷ്റഫ് വേങ്ങാട്ട്**
റിയാദ്

ഇക്കൊല്ലത്തെ വിശുദ്ധ ഹജ്ജ് കർമ വേളയിൽ 1301 പേർ മരണമടഞ്ഞതായി സഊദി ആരോഗ്യ മന്ത്രി ഫഹദ് അൽ ജലാജിൽ അറിയിച്ചു. ഇവരിൽ 83 ശതമാനം പേരും അനധികൃതമായി ഹജ്ജിനെത്തിയവരാണ്. 49 ഡിഗ്രി വരെ താപനിലയുണ്ടായ അത്യുഷ്ണത്തിന്റെ സാഹചര്യത്തിൽ മന്ത്രാലയവും മറ്റു ബന്ധപ്പെട്ട വകുപ്പുകളും നിർദേശിച്ച മുൻകരുതൽ നടപടികൾ കൈക്കൊള്ളാത്തവർക്കാണ് ജീവഹാനി സംഭവിച്ചത്. അനുമതിയില്ലാതെ വന്നതിനാൽ ഇവർക്ക് ശരിയായ താമസ സൗകര്യമോ യാത്ര ചെയ്യാനുള്ള വാഹന സൗകര്യമോ ലഭ്യമായില്ല. പരമാവധി സുരക്ഷാ ക്രമീകരണങ്ങൾ ഒരുക്കിയ ഹജ്ജ് കാലയളവിൽ മരണങ്ങൾ കൂടാൻ കാരണം നിയമലംഘകർ ഉൾപ്പടെയുള്ളവർ നിർദേശങ്ങളെ അവഗണിച്ചതാണെന്ന് ബോധ്യമായിട്ടുണ്ട്. പ്രായാധിക്യമുള്ളവരാണ് മരിച്ചവരിൽ അധികം പേരും. മറ്റുള്ളവർ മാറാവ്യാധികളും മറ്റു വിട്ടുമാറാത്ത രോഗങ്ങളുള്ളവരുമാണെന്നും അന്വേഷണത്തിൽ മനസ്സിലായിട്ടുണ്ട്. വിശുദ്ധ ഹജ്ജ് കർമ്മത്തിന്റെ ഒരുക്കങ്ങൾ നടക്കുമ്പോൾ തന്നെ ഹജ്ജ് കാലയളവിൽ പുണ്യ കേന്ദ്രങ്ങളിലുണ്ടാകുന്ന അത്യുഷണത്തെ കുറിച്ച് കൃത്യമായ മുന്നറിയിപ്പ് നൽകിയിരുന്നു. ഹാജിമാരെ അയക്കുന്ന രാജ്യങ്ങൾക്കും കാലാവസ്ഥയെ കുറിച്ച് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അതത് രാജ്യങ്ങളിൽനിന്ന് വരുന്ന തീർത്ഥാടകർക്ക് കർശന നിർദേശം നൽകാനും ആവശ്യപ്പെട്ടിരുന്നു. ഹജ്ജ് വിസ ഇഷ്യൂ ചെയ്യുമ്പോഴും കർമങ്ങൾ നടക്കുന്ന കാലയളവിൽ പാലിക്കേണ്ട മുൻകരുതൽ നടപടികളെ കുറിച്ച് വ്യക്തമാക്കിയിരുന്നു. ചില തീർത്ഥാടകർ മുന്നറിയിപ്പ് അവഗണിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിച്ചിട്ടുമുണ്ട്. ഉച്ചക്ക് ഒന്ന് മുതൽ വൈകീട്ട് നാല് മണി വരെ കർമങ്ങൾ ചെയ്യാൻ പോകരുതെന്ന നിർദേശം പാലിക്കാത്തവരാണ് കൂടുതലും അപകടത്തിൽ പെട്ടത്.

ഇത്തവണ പകർച്ചവ്യാധികളോ മറ്റു വ്യാപകമായ രോഗങ്ങളോ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. മരണമടഞ്ഞവരുടെ പേരുവിവരങ്ങൾ ശേഖരിക്കുകയും കുടുംബങ്ങളുമായും മറ്റും ബന്ധപെട്ടുവരുന്നുണ്ട്. അനധികൃതമായതിനാൽ തന്നെ മിക്കവരുടെയും പക്കൽ തിരിച്ചറിയൽ കാർഡുകളുണ്ടായിരുന്നില്ല. മയ്യത്തുകൾ മക്കയിൽ മറവ് ചെയ്ത് ഡെത്ത് സർട്ടിഫിക്കറ്റുകൾ ഇഷ്യൂ ചെയ്യുന്നുണ്ടെന്നും അധികൃതർ വ്യക്തമാക്കി.

## നമ്പി രാജേഷിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകില്ലെന്ന് എയർഇന്ത്യ

തിരുവനന്തപുരം: ക്യാബിൻ ക്രൂ അംഗങ്ങളുടെ സമരത്തിന്റെ ഇരയായി മരിച്ച നമ്പി രാജേഷിന്റെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനാവില്ലെന്ന് എയർ ഇന്ത്യ എക്സ്പ്രസ്. ഇ മെയിൽ സന്ദേശത്തിലൂടെയാണ് നമ്പി രാജേഷിന്റെ കുടുംബത്തെ എയർഇന്ത്യ അധികൃതർ ഇക്കാര്യം അറിയിച്ചത്. മസ്കറ്റിൽ മരിച്ച കരമന സ്വദേശി നമ്പി രാജേഷിന്റെ കുടുംബത്തിനാണ് എയർലൈൻസ് അധികൃതരുടെ മറുപടി. എയർലൈൻസ് സമരം കാരണം നമ്പി രാജേഷിന്റെ ഭാര്യക്കും അമ്മക്കും വിദേശത്തേക്ക് പോകാൻ കഴിഞ്ഞിരുന്നില്ല. നമ്പി രാജേഷിന്റെ മരണത്തിന് ഉത്തരവാദിയല്ലെന്ന് കാട്ടിയാണ് വിമാനകമ്പനി കുടുംബത്തിന്റെ ആവശ്യം നിരാകരിച്ച് ഇ മെയിലിലൂടെ പ്രതികരിച്ചത്.

ഒമാനിലെ ആശുപത്രിയിൽ അത്യാസന്ന നിലയിലായിരുന്ന നമ്പി രാജേഷിനടുത്തെത്താൻ ശ്രമിച്ച ഭാര്യയടക്കമുള്ളവർക്ക് അതിന് സാധിക്കാതിരുന്നത് എയർ ഇന്ത്യാ എക്സ്പ്രസ് ജീവനക്കാരുടെ സമരം കാരണമായിരുന്നു. ഇക്കാര്യം ചൂണ്ടികാട്ടി നഷ്ടപരിഹാരം വേണമെന്ന് ആവശ്യപ്പെട്ടാണ് കുടുംബം രംഗത്തെത്തിയത്. നഷ്ടപരിഹാരം വേണമെന്ന് കാട്ടി കുടുംബം എയർഇന്ത്യ എക്സ്പ്രസിന് മെയിലും അയച്ചിരുന്നു. ഈ മെയിലിനോടാണ് കമ്പനി അധികൃതർ ഇപ്പോൾ പ്രതികരിച്ചിരിക്കുന്നത്.

ഇക്കഴിഞ്ഞ മെയ് മാസം ഏഴാം തിയതിയായിരുന്നു ഒമാനിലെ ജോലി സ്ഥലത്ത് കുഴഞ്ഞ് വീണ കരമന സ്വദേശിയായ രാജേഷിനെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പിന്നാലെ എട്ടിന് ഒമാനിലേക്ക് പുറപ്പെടാൻ ഭാര്യ അമൃത ടിക്കറ്റെടുത്തെങ്കിലും എയർ ഇന്ത്യാ എക്സ്പ്രസ് വിമാന ജീവനക്കാരുടെ സമരത്തെ തുടർന്ന് യാത്ര മുടങ്ങി. വീണ്ടും ടിക്കറ്റെടുത്തെങ്കിലും സമരം മൂലം ആ സർവീസും റദ്ദാക്കി. ഇതോടെ യാത്ര വീണ്ടും മുടങ്ങി. ഇതിനിടയിൽ 13ന് രാവിലെയാണ് രോഗം മൂർച്ഛിച്ച് രാജേഷ് മരിച്ചത്.

നേരത്തെ എയർ ഇന്ത്യ എക്സ്പ്രസിന്റെ ഭാഗത്ത് നിന്നുണ്ടായത് ഗുരുതരവും മനുഷ്യത്വ രഹിതവുമായ വീഴ്ചയെന്ന് ചൂണ്ടികാട്ടി നമ്പി രാജേഷിന്റെ ഭാര്യ അമൃത, മുഖ്യമന്ത്രിക്കും ഗവർണർക്കും പ്രതിപക്ഷ നേതാവിനുമടക്കം പരാതി നൽകിയിരുന്നു.



ഗസ്സയിലെ അൽശാത്തി അഭയാർത്ഥി ക്യാമ്പിൽ ഇസ്രാഈൽ തകർത്ത കെട്ടിടാവശിഷ്ടങ്ങളിൽ തിരച്ചിൽ നടത്തുന്ന ഫലസ്തീനികൾ

## ഗസ്സയിൽ നരകതുല്യ ജീവിതം: യു.എൻ.ആർ.ഡബ്ല്യു.എ

ഗസ്സ: ഇസ്രാഈലിന്റെ ബോംബുവർഷവും ഉപരോധത്തെ തുടർന്നുള്ള ഭക്ഷ്യ, കുടിവെള്ള ക്ഷാമവും ഗസ്സയിലെ ജനജീവിതം നരകതുല്യമാക്കിയെന്ന് ഫലസ്തീൻ അഭയാർത്ഥികൾക്കുള്ള യു.എൻ ഏജൻസി(യു.എൻ.ആർ.ഡബ്ല്യു.എ) മേധാവി ഫിലിപ്പ് ലസാരിനി.

ഗസ്സയിലെ മാനുഷിക സാഹചര്യം ഓരോ ദിവസം പിന്നിടുമ്പോഴും കൂടുതൽ പരിതാപകരമാവുകയാണ്. കുടിവെള്ളവും പോഷകാഹാരവും കിട്ടാതെ കുട്ടികൾ മരിച്ചുകൊണ്ടിരിക്കുന്നു. ഭക്ഷണവും ശുദ്ധ ജലവും ട്രക്കുകളിൽ കാത്തുകെട്ടി നിൽക്കുമ്പോഴാണ് കുട്ടികൾ മരണത്തിന് കീഴടങ്ങേണ്ടിവരുന്നത്.

പണ്ടുമുതലേ യു.എൻ.ആർ.ഡബ്ല്യു.എയെ വിമർശിക്കുന്ന രാജ്യമാണ് ഇസ്രാഈൽ. ഇപ്പോൾ ഏജൻസിയുടെ പ്രവർത്തനം തന്നെ അവസാനിപ്പിക്കണമെന്ന് അവർ ആവശ്യപ്പെട്ടു തുടങ്ങിയിരിക്കുന്നു.

യു.എൻ അംഗരാജ്യങ്ങളിൽ ബഹുഭൂരിഭാഗത്തിന്റെയും പിന്തുണയോടെയാണ് ഏജൻസി പ്രവർത്തിക്കുന്നതെന്ന് യാഥാർത്ഥ്യം പോലും ഇസ്രാഈൽ ഉൾക്കൊള്ളുന്നില്ല-ലസാരിനി പറഞ്ഞു.

## സർക്കാർ തൊഴിലാളികളെ മറക്കരുത്: എസ്.ടി.യു

കോഴിക്കോട്: തൊഴിലാളികളുടെ പേരിൽ അധികാരത്തിലേറിയ ഇടത് സർക്കാർ തൊഴിലാളി ക്ഷേമ പദ്ധതികൾ അട്ടിമറിക്കുകയും ക്ഷേമ പദ്ധതി ആനുകൂല്യങ്ങൾ കാലതാമസം വരുത്തിയും അംശദായ വർദ്ധനവിന് ആനുപാതികമായി ആനുകൂല്യങ്ങൾ വർദ്ദിപ്പിക്കാതിരിക്കുകയും ചെയ്യുന്നത് തൊഴിലാളി ദ്രോഹമാണെന്ന് സ്വതന്ത്ര തയ്യൽ തൊഴിലാളി യൂണിയൻ (എസ്.ടി.യു) സംസ്ഥാന കമ്മിറ്റി കുറ്റപ്പെടുത്തി.അസംഘടിത മേഖലയെയും സംഘടിത മേഖലയെയും പാടെ മറന്ന സർക്കാരിനുള്ള മുന്നറിയിപ്പാണ് തിരഞ്ഞെടുപ്പിൽ പ്രകടമായതെന്ന് യോഗം വിലയിരുത്തി.

സംസ്ഥാന പ്രസിഡന്റ് ഷംസുദ്ദീൻ ആയിറ്റി അധ്യക്ഷത വഹിച്ചു.

സംസ്ഥാന പ്രസിഡന്റ് അഡ്വ എം റഹ്മത്തുല്ല ഉദ്ഘാടനം ചെയ്തു. വല്ലാഞ്ചിറ അബ്ദുൽ മജീദ്, സി.മുഹമ്മദ് റഫി, കെ. സൗദ ഹസ്സൻ, റംല പെരുമണ്ണ, അബ്ബാസ് കെ.പി,ഹംസ മുടിക്കോട്,ബീഫാത്തിമ ഇബ്രാഹിം,സലീം എ പി,റസീന ഷാഫി,എൽസി ജോർജ്ജ്,ജമീല സി,സക്കീന മാൻകാവ്,ഫാറൂഖ് ചേലേമ്പ്ര സംസാരിച്ചു

## സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ടുണ്ടായ ബലാൽസംഗ കേസ് റദ്ദാക്കാനാവുമെന്ന് ഹൈക്കോടതി

കൊച്ചി : സാമ്പത്തിക ഇടപാടുമായി ബന്ധപെട്ടുണ്ടായ ബലാൽസംഗ കേസ് റദ്ദാക്കാനാവുമെന്ന് ഹൈക്കോടതി. ക്രിമിനൽ നടപടി നിയമത്തിലെ 482ാം വകുപ്പ് പ്രകാരം കോടതിയുടെ വിവേചനാധികാരം ഉപയോഗിച്ച് ഇന്ത്യൻ ശിക്ഷാനിയമത്തിലെ 376ാം വകുപ്പ് പ്രകാരം ബലാൽസംഗം കുറ്റം ആരോപിച്ച് രജിസ്റ്റർ ചെയ്ത കേസുകൾ റദ്ദാക്കാൻ കഴിയുമെന്ന് കോടതി വ്യക്തമാക്കുകയായിരുന്നു.

കേസിന്റെ വസ്തുതകളിൽ, ബലാൽസംഗത്തിനുള്ള കേസ്, വഞ്ചനയും സത്യസന്ധതയില്ലാതെ സ്വത്ത് കൈമാറ്റം ചെയ്യാൻ പ്രേരിപ്പിക്കുന്നതും ഭീഷണിപ്പെടുത്തൽ എന്നീ വകുപ്പുകൾ പ്രകാരം കുറ്റങ്ങൾ ആരോപിച്ച കേസ് നിലനിൽക്കില്ലെന്ന് കോടതി വ്യക്തമാക്കി . 2018 മുതൽ 2022 വരെ പരാതിക്കാരിക്ക് നൽകാനുള്ള പണം ദുരുപയോഗം ചെയ്യുക എന്ന ഉദ്ദേശത്തോടെ പ്രതി പല സ്ഥലങ്ങളിൽ കൊണ്ടു പോയി പരാതിക്കാരിയെ ബലാൽസംഗം ചെയ്തുവെന്നാണ് പ്രോസിക്യൂഷൻ ആരോപണം.

വിവാഹിതനായ കുട്ടികളുള്ള പ്രതി യഥാർത്ഥ പരാതിക്കാരിയെ വിവാഹം കഴിക്കാമെന്ന് വാഗ്ദാനം ചെയ്ത് പണം കടം വാങ്ങിയതായും പരാതിയുണ്ട്.

പ്രതികൾ പരാതിക്കാരിയെ ഭീഷണിപ്പെടുത്തി കടം വാങ്ങിയ പണം തിരികെ നൽകാതിരുന്നതായും പരാതിയുണ്ട്.

വീട്ടിൽ അതിക്രമിച്ച് കയറിയതിനും പണം തിരിച്ചടക്കാത്തതിനും പരാതിക്കാരിക്കെതിരെ ഭാര്യ കേസ് കൊടുത്തതിനാൽ തനിക്കെതിരെ വ്യാജ ബലാത്സംഗം കുറ്റം ചുമത്തിയെന്നാണ് ഹർജിക്കാരൻ ആരോപിക്കുന്നത്. ഇരുവരും തമ്മിൽ ലൈംഗികബന്ധമുണ്ടെങ്കിൽ പോലും അത് ഉഭയസമ്മത പ്രകാരമാണെന്നും വാദമുയർന്നു. താനും ഹർജിക്കാരനും തമ്മിലുള്ള മുഴുവൻ തർക്കങ്ങളും പരിഹരിച്ചുവെന്ന് കാണിച്ച് യഥാർത്ഥ പരാതിക്കാരി ഇപ്പോൾ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.



# അഫ്ഗാന് ജയിക്കണം

## ഇന്ന് ബംഗ്ലാദേശിനെതിരെ

ഗ്രോസ് ഇസ്‌ലറ്റ്: ടി-20 ലോകകപ്പിൽ ഇന്ന് അവസാന സൂപ്പർ 08 പോരാട്ടം. അഫ്ഗാനിസ്താൻ ബംഗ്ലാദേശിനെതിരെ. ജയിച്ചാൽ അഫ്ഗാനിസ്താന് സാധ്യതകൾ നിലനിൽക്കുന്നു. ആദ്യ രണ്ട് മൽസരങ്ങളിലും തല താഴ്ത്തിയ ബംഗ്ലാദേശിന് ജയിച്ചത് കൊണ്ട് കാര്യവുമില്ല. കരുത്തരായ ഓസ്‌ട്രേലിയയെ മറിച്ചിട്ടവരാണ് റാഷിദ്ഖാൻ നയിക്കുന്ന അഫ്ഗാനിസ്താൻ. ആ ജയത്തോടെ സെമി സാധ്യത സജീവമാക്കിയ പത്താനികൾക്ക് ബംഗ്ലാദേശിനെ വലിയ മാർജിനിൽ തോൽപ്പിക്കാനായാൽ സെമി പ്രതീക്ഷകളുണ്ട്. ഓസീസിനെ പോലെ ശക്തരായ ഒരു സംഘത്തെ നല്ല മാർജിനിൽ തന്നെ തോൽപ്പിക്കാനായത് ടീമിന്റെ ആത്മവിര്യം ഉയർത്തിയതായി നായകൻ റാഷിദ് പറഞ്ഞു. പലവട്ടം ഓസ്‌ട്രേലിയക്കാരെ വിറപ്പിക്കാനായിട്ടും ജയിക്കാനായിരുന്നില്ല. ആന്റ്ഗ്വയിൽ അതിനായി. ബാറ്റിംഗിൽ ഓപ്പണർമാർ നൽകിയ തുടക്കം. ബൗളിംഗിൽ ഗുൽബാദിൻ നായിബ് ഉൾപ്പെടെയുള്ളവരുടെ മികവ്. അത് ആവർത്തിക്കാനായാൽ ജയിക്കാമെന്നും നായകൻ വിശ്വസിക്കുന്നു. അതേ സമയം ലോകകപ്പിൽ വൻ നിരാശ സമ്മാനിച്ചവരാണ് കടുവകൾ. ഭാഗ്യത്തിന് മാത്രം സൂപ്പർ 08 ലെത്തിയവർ.

## മുഖാവരണം



മ്യൂണിച്ച്: യൂറോയിൽ മുൻ ചാമ്പ്യന്മാരായ ഫ്രാൻസിനിന്ന് നിലനിൽപ്പിന്റെ പോരാട്ടമാണ്. ഗ്രൂപ്പിലെ അവസാന അങ്കത്തിൽ പ്രതിയോഗികൾ കരുത്തരായ പോളണ്ട്. ആദ്യ മൽസരം ജയിക്കുകയും രണ്ടാം മൽസരത്തിൽ സമനില വഴങ്ങുകയും ചെയ്ത ദിദിയർ ദെഷാംപ്സിന്റെ സംഘത്തിന് ഇന്ന് തോൽക്കാതിരുന്നാൽ പേടിക്കാനില്ല. ആദ്യ രണ്ട് കളികളും തോറ്റ പോളിഷ് സംഘത്തിന് ഏതെങ്കിലും സാധ്യത നിലനിർത്തണമെങ്കിൽ ഇന്ന് ജയിക്കണം. ഇന്ന് നടക്കുന്ന മറ്റൊരു പോരാട്ടത്തിൽ നെതർലൻഡ്സ് ഓസ്ട്രിയക്കാരെ നേരിടുന്നുണ്ട്. ഗ്രൂപ്പ് ഡി-യിൽ നെതർലൻഡ്സും ഫ്രാൻസും നാല് പോയിന്റുമായി ഒന്നാമതുണ്ട്. ഒരു മൽസരം ജയിച്ച ഓസ്ട്രിയക്കാർ മൂന്ന് പോയിന്റുമായി മൂന്നാം സ്ഥാനത്തും. ഇന്ന് തോൽക്കാതിരുന്നാൽ ഓസ്‌ട്രേലിയക്കാർക്കും സാധ്യതയുണ്ട്. ആദ്യ മൽസരത്തിൽ മൂക്കിന് പരുക്കേറ്റ നായകനും സൂപ്പർ താരവുമായ കിലിയൻ എംബാപ്പേ മുഖാവരണവുമായി ഇന്ന് കളിക്കുന്നുണ്ട്.

# ചന്ദ്രിക സ്പോർട്സ്



*ജർമനി അർഹിച്ച പോയിന്റായിരുന്നു സ്വിറ്റ്സർലൻഡിനെതിരെ നേടിയത്. ഞങ്ങളായിരുന്നു ആദ്യം സ്കോർ ചെയ്തതെങ്കിൽ സ്വിസുകാർക്ക് തിരിച്ചടിക്കാൻ കഴിയുമായിരുന്നില്ല. വിഷമകരമായ ഗ്രൂപ്പിൽ നിന്നും ഒരു കളിയും തോൽക്കാതെ ഒന്നാം സ്ഥാനത്ത് എത്തുക എന്നത് വലിയ നേട്ടവും ആത്മവിശ്വാസവുമാണ്. അത് ചാമ്പ്യൻഷിപ്പിലെ അടുത്ത മൽസരങ്ങളിൽ ഊർജ്ജമാവും*

**–ജൂലിയൻ നഗൽസ്മാൻ**



**BREAKING** യൂറോ 2024: സമ്മർദ്ദം ഇംഗ്ലണ്ടിന്, ഇന്നത്തെ പ്രതിയോഗികൾ സ്ലോവേനിയ, തോൽക്കാതിരുന്നാൽ നോക്കൗട്ട്



### ഇന്ന്

യൂറോ 2024
ഫ്രാൻസ്–പോളണ്ട്
(രാത്രി 09–30)
നെതർലൻഡ്സ്–ഓസ്ട്രിയ
(രാത്രി 09–30)
ഡെന്മാർക്ക്–സെർബിയ
(രാത്രി 12–30)
ഇംഗ്ലണ്ട്–സ്ലോവേനിയ
(രാത്രി 12–30)
സോണി സ്പോർട്സ്
സോണി ലിവ്

കോപ്പ അമേരിക്ക
കൊളംബിയ–പാരഗ്വേ
(പുലർച്ചെ 3–30)
ബ്രസീൽ–കോസ്റ്ററിക്ക
(രാവിലെ 6–30)
പെറു–കാനഡ
(നാളെ പുലർച്ചെ 3–30)
അർജൻറീന–ചിലേ
(നാളെ രാവിലെ 6–30)
ലൈവ് ഇല്ല

ടി–20 ലോകകപ്പ്
സൂപ്പർ 08
അഫ്ഗാനിസ്താൻ–ബംഗ്ലാദേശ്
(രാവിലെ 6–00 മുതൽ)
സ്റ്റാർ സ്പോർട്സ്
ലൈവ്

# രോഹിതം

## ഓസ്‌ട്രേലിയ പുറത്തേക്ക്

ജോർജ്ടൗൺ: ടി 20 ലോകകപ്പിൽ ഇന്ത്യക്ക് 24 റൺസിൻറെ മിന്നും ജയം. വിജയിക്കാൻ 206 റൺസ് ആവശ്യമായ ഓസീസ് 181 റൺസാണ് നേടിയത്. തോൽവിയോടെ ഓസീസ് പുറത്തേക്കാണ്. ഇന്ന് അഫ്ഗാനിസ്ഥാൻ ബംഗ്ലാദേശിനെ തോൽപ്പിച്ചാൽ അവർ കയറും. അഫ്ഗാൻ തോറ്റാൽ റൺറേറ്റ് നിർണായകമാവും. സെമിയിൽ ഇന്ത്യയുടെ പ്രതിയോഗികൾ ഇംഗ്ലണ്ടായിരിക്കും. രോഹിത് ശർമയുടെ ദിവസമായിരുന്നു ഇന്നലെ. ടോസ് നഷ്ടമായി മഴ മേഘങ്ങൾക്ക് നടുവിൽ ആദ്യം ബാറ്റിംഗിന് നിർബന്ധിക്കപ്പെട്ട പകൽ വെളിച്ചത്തിന്റെ തുടക്കത്തിൽ നായകൻ രണ്ടാം ഓവറിൽ തന്നെ കാണുന്നത് ദുരന്ത കാഴ്ച്ച. ജോഷ് ഹേസിൽവുഡിന്റെ പന്തിൽ സഹ ഓപ്പണർ വിരാത് കോഹ്‌ലി പൂജ്യനാവുന്നു. അടുത്ത ഓവറിൽ മിച്ചൽ സ്റ്റാർക്കിനെ കണ്ടപ്പോൾ രോഹിത് കൊടുങ്കാറ്റായി. നാല് സിക്സറുകൾ ഉൾപ്പെടെ ആ ഓവറിൽ 29 റൺസ്. ടി-20 ക്രിക്കറ്റിൽ സ്റ്റാർക്ക് ഇത്രയും റൺസ് ഓരോവറിൽ വഴങ്ങിയിട്ടില്ല. അതിനിടെ മഴ പെയ്തപ്പോൾ രോഹിതിന്റെ റിഥം നഷ്ടമാവുമോ എന്ന് തോന്നി. പെട്ടെന്ന് മഴ മാറി കളി പുനരാരംഭിച്ചപ്പോൾ അടിയോടടിയായിരുന്നു. റിഷാഭ് പന്ത് കാഴ്ച്ചക്കാരനുമായി. റൺ നേടാൻ പ്രയാസപ്പെടുന്ന വിൻഡീസ് ട്രാക്കിൽ 19 പന്തിൽ 50 ലെത്തി നായകൻ. പന്ത് 15 ൽ പുറത്തായപ്പോൾ നായകന് കൂട്ടായി വന്നത് മുംബൈ മിത്രം സൂര്യകുമാർ യാദവ്. എട്ട് സിക്സറുകളും ഏഴ് ബൗണ്ടറികളുമായി സെഞ്ചുറി ലക്ഷ്യമാക്കി കുതിക്കവെ മിച്ചൽ സ്റ്റാർക്കിന്റെ രണ്ടാം വരവ്. ഈ ടി-20 ലോകകപ്പിൽ ഇത് വരെ ആരും സെഞ്ചുറി നേടിയിട്ടില്ലെന്നിരിക്കെ ചരിത്രത്തിലേക്കായിരുന്നു ആ യാത്ര. പക്ഷേ രണ്ടാം പന്തിൽ തന്നെ രോഹിതിന്റെ ബാറ്റിലുരസി പന്ത് സ്റ്റംമ്പിൽ പതിച്ചപ്പോൾ സമ്മോഹനമായ ഇന്നിംഗ്സിന് 92 റൺസിൽ അന്ത്യം. 41 പന്തിൽ നിന്നായിരുന്നു ആ ഗംഭീര പ്രകടനം. സൂര്യകുമാർ (31), ശിവം ദുബേ (28), ഹാർദിക് (27 നോട്ടൗട്ട്) എന്നിവരും മിന്നിയപ്പോൾ ഇന്ത്യൻ സ്കോർ 205 ലെത്തി. ഈ ലോകകപ്പിലെ ഉയർന്ന ടീം സ്കോർ. തുടർച്ചയായി രണ്ട് ഹാട്രിക്കുകൾ സ്വന്തമാക്കിയ പാറ്റ് കമിൻസ് നാലോവറിൽ 48 റൺസ് വഴങ്ങിയപ്പോൾ സ്റ്റാർക്ക് രണ്ട് വിക്കറ്റ് നേടാൻ 45 റൺസ് നൽകി. മാർക്കസ് സ്റ്റോനിയിസിന്റെ നാലോവറിൽ പിറന്നത് 56 റൺസ്. മറുപടി ബാറ്റിംഗിൽ ഓസീസ് ഓപ്പണർ ഡേവിഡ് വാർണറെ അർഷദിപ് വേഗം മടക്കി.



ഓസീസ് സീമർ മിച്ചൽ സ്റ്റാർക്കിന്റെ പന്തിൽ സിക്സർ പറത്തുന്ന ഇന്ത്യൻ നായകൻ രോഹിത് ശർമ

# വിൻഡീസ് പുറത്ത്

ആന്റിഗ്വ: ഫലത്തിൽ ക്വാർട്ടർ ഫൈനലായി മാറിയ സൂപ്പർ എട്ട് ഗ്രൂപ്പ് രണ്ടിലെ അവസാന മൽസരത്തൽ മഴ നിയമത്തിന്റെ പിൻബലത്തിൽ ആതിഥേയരായ വിൻഡീസിനെ മൂന്ന് വിക്കറ്റിന് മറികടന്ന് ദക്ഷിണാഫ്രിക്ക ടി-20 ലോകകപ്പിൽ സെമി ഫൈനലുറപ്പാക്കി. ഗ്രൂപ്പിൽ നിന്നും അമേരിക്കയെ മറികടന്ന് മെച്ചപ്പെട്ട റൺറേറ്റ് ഉറപ്പാക്കി നിലവിലെ ചാമ്പ്യന്മാരായ ഇംഗ്ലണ്ട് നേരത്തെ തന്നെ സെമി ഉറപ്പാക്കിയതിനാൽ വിൻഡീസ്-ദക്ഷിണാഫ്രിക്ക മൽസര വിജയിക്കൾക്കായിരുന്നു സെമിയിലെ രണ്ടാം അംഗത്വം. ബാറ്റിംഗ് ദുഷ്ക്കരമായ ട്രാക്കിൽ ആദ്യം ബാറ്റ് ചെയ്ത ആതിഥേയർക്ക് എട്ട് വിക്കറ്റിന് 135 റൺസ് മാത്രമാണ് നേടാനായത്. ഇടക്ക് മഴ തകർത്തു പെയ്തപ്പോൾ ഡെക്‌വർത്ത് ലൂയിസ് നിമയപ്രകാരം ദക്ഷിണാഫ്രിക്കൻ വിജയലക്ഷ്യം 17 ഓവറിൽ 124 റൺസാക്കി ചുരുക്കി. ഒരു ഘട്ടത്തിൽ അവർ അനായാസം ജയിക്കുമെന്ന് തോന്നിയെങ്കിലും മധ്യനിര വിക്കറ്റുകൾ അതിവേഗം നഷ്ടമായപ്പോൾ മൽസരം ആവേശകരമായി. ഒടുവിൽ 16.1 ഓവറിൽ മാർകോ ജാൻസൺ സ്വന്തമാക്കിയ സിക്സറിലൂടെ വിജയം ഉറപ്പാക്കി. സ്വന്തം വേദിയിലെ തോൽവി വിൻഡീസിന് കനത്ത തിരിച്ചടിയാണ്. രണ്ട് തവണ സ്വന്തമാക്കിയ ലോകകപ്പ് സ്വന്തം കാണികൾക്ക് മുന്നിൽ സ്വന്തമാക്കാനായിരുന്നു അവരെത്തിയത്. വിവിയൻ റിച്ചാർഡ്സ് സ്റ്റേഡിയത്തിൽ ആദ്യം ബാറ്റ് ചെയ്ത വിൻഡീസിന് നല്ല തുടക്കം കിട്ടിയില്ല. ഷായ് ഹോപ്പും മേയേഴ്സുമാണ് ഇന്നിംഗ്സിന് തുടക്കമിടാനെത്തിയത്. എന്നാൽ മാർക്കോ ജാൻസൺ എറിഞ്ഞ ആദ്യ ഓവറിലെ മൂന്നാം പന്തിൽ തന്നെ ഹോപ്പ് പൂജ്യനായതോടെ സമ്മർദ്ദമായി. തകർപ്പൻ ഫോമിലുള്ള നിക്കോളാസ് പുരാൻ ഐദൻ മാർക്റാമിന്റെ പാർട്ട്ടൈം സ്പിന്നിൽ പുറത്താവുമ്പോൾ സ്കോർബോർഡിൽ അഞ്ച് റൺ മാത്രം. ഇവിടെ നിന്നും മേയേഴ്സും റോസ്റ്റൺ ചേസും പൊരുതി. കാണികളുടെ നിറഞ്ഞ പിന്തുണയിൽ രണ്ട് തകർപ്പൻ സിക്സറുകളുമായി മേയേഴ്സ് 34 പന്തിൽ 35 ലെത്തിയപ്പോൾ ടബരേസ് ഷംസി വില്ലനായി. മേയേഴ്സ് പുറത്താവുമ്പോൾ സ്കോർബോർഡിൽ 86 റൺസ്. അവിടെ നിന്നും വീണ്ടും തകർച്ച തുടങ്ങി. നായകൻ റോവ്മാൻ പവൽ (1), റുഥർഫോർഡ് (0) എന്നിവരും പുറത്തായപ്പോൾ ആന്ദ്രെ റസൽ കരുത്തനായി അൽപ്പസമയം പൊരുതി. രണ്ട് സിക്സറുകൾ സ്വന്തമാക്കി ഇല്ലാത്ത റണ്ണിനായി ഓടി വിക്കറ്റ് വലിച്ചെറിഞ്ഞു. വാലറ്റത്തിൽ നിന്ന് കാര്യമായ സംഭാവന ലഭിച്ചില്ല. നാലോവറിൽ 27 റൺസ് മാത്രം നൽകി ഷംസി മൂന്ന് വിക്കറ്റ് സ്വന്തമാക്കി. ദക്ഷിണാഫ്രിക്കൻ മറുപടിയിൽ രണ്ടാം ഓവറിൽ തന്നെ ഹെൻട്രിക്സ് പുറത്തായി. ക്വിന്റൺ ഡികോക്കിനെ (12) ആന്ദ്രെ റസലും വീഴ്ത്തിയപ്പോൾ ദക്ഷിണാഫ്രിക്ക പതറി. നായകൻ മാർക്ക്റാം (18) അൽപ്പസമയം പൊരുതിയപ്പോൾ സ്റ്റബ്സ് പൊരുതി നിന്നു. ഹെൻട്രിച് ക്ലാസന്റെ വെടിക്കെട്ട് 10 പന്തിൽ നിന്ന് 22 റൺസായി മാറി. മില്ലറിനെയും (4), മഹാരാജിനെയും (2) ചേസ് പുറത്താക്കിയെങ്കിലും 14 പന്തിൽ പുറത്താവാതെ 21 റൺസ് നേടിയ ജാൻസൺ വിജയം ഉറപ്പാക്കി. ഷംസിയാണ് കളിയിലെ കേമൻ.



## ലാൽതൻമാവിയ കേരള ബ്ലാസ്റ്റേഴ്സിൽ

കൊച്ചി: 3 വർഷത്തെ കരാറിൽ വിങ്ങർ ആർ ലാൽതൻമാവിയെ ടീമിലെത്തിച്ച് കേരള ബ്ലാസ്റ്റേഴ്സ് എഫ്സി. ഐലീഗ് ടീമായ ഐസ്വാൾ എഫ്സിയിൽ നിന്നാണ് അമാവിയ എന്ന റിയപ്പെടുന്ന ലാൽതൻമാവിയ ബ്ലാസ്റ്റേഴ്സിൽ എത്തുന്നത്. വൈദഗ്ധ്യവും പന്തടക്കവും കൊണ്ട് വേഗത്തിൽ ആക്രമണങ്ങൾ കെട്ടിപ്പടുക്കാൻ കഴിവുമുള്ള താരമാണ് ലാൽതൻമാവിയ. മിസോറാമിൽ ജനിച്ച ലാൽതൻമാവിയ ഐസ്വാൾ എഫ്സിയുടെ അണ്ടർ14 ടീമിലൂടെയാണ് പ്രൊഫഷണൽ കരിയർ തുടങ്ങുന്നത്. ക്ലബിന്റെ യൂത്ത് ടീമുകളിലൂടെ മുന്നേറി, 2022/23 ഐലീഗ് സീസണിൽ ഐസ്വാൾ എഫ്സിയുടെ സീനിയർ ടീമിൽ ഇടം നേടി. ആ സീസണിൽ 20 ഐലീഗ് മത്സരങ്ങളിൽ നിന്ന് 3 ഗോളുകളും 5 അസിസ്റ്റുകളും സംഭാവന ചെയ്തു. ഐലീഗ്, സൂപ്പർ കപ്പ് തുടങ്ങിയ മത്സരങ്ങളിൽ ഐസ്വാൾ എഫ്സിയെ പ്രതിനിധീകരിച്ചിട്ടുണ്ട്. തായ്‌ലൻഡിൽ ജൂലൈ 3 മുതൽ തുടങ്ങുന്ന പ്രീസീസൺ സ്ക്വാഡിനൊപ്പം ലാൽതൻമാവിയ ചേരും.

# ജർമനി ഭാഗ്യവാന്മാരാണ്

ഫ്രാങ്ക്ഫർട്ട്: യൂറോയിലെ ആദ്യ പ്രിക്വാർട്ടർ ഫൈനലിസ്റ്റുകളായി ആതിഥേയരായ ജർമനിയും അയൽക്കാരായ സ്വിറ്റ്സർലൻഡും. ഗ്രൂപ്പ് എ-യിലെ അവസാന മൽസരത്തിൽ ഇരുവരും 1-1 ൽ പിരിഞ്ഞതോടെ ജർമനി മൂന്ന് മൽസരങ്ങളിൽ നിന്ന് ഏഴ് പോയിന്റുമായി ഒന്നാമന്മാരായി. മൂന്ന് മൽസരങ്ങളിൽ നിന്ന് അഞ്ച് പോയിന്റുമായി സ്വിസുകാർ രണ്ടാമന്മാരായി നോക്കൗട്ട് ഉറപ്പാക്കിയപ്പോൾ ഇന്നലെ അവസാന പോരാട്ടത്തിൽ സ്കോട്ട്ലൻഡിനെ ഏക ഗോളിന് മറിച്ചിട്ട് മൂന്ന് വിലപ്പെട്ട പോയിന്റ് സ്വന്തമാക്കിയ ഹംഗറിക്കാർ കാത്തിരിക്കണം. ഏറ്റവും മികച്ച മൂന്നാം സ്ഥാനക്കാരിൽ നാല് പേർക്ക് അവസരമുള്ളതിനാൽ ഹംഗറിക്ക് ചിലപ്പോൾ കടന്നുകയറാനാവും.

ഫ്രാങ്ക്ഫർട്ടിലെ നിറഞ്ഞ് കവിഞ്ഞ സ്റ്റേഡിയത്തിൽ ജൂലിയൻ നഗൽസ്മാൻ പരിശീലിപ്പിച്ച ജർമനി രക്ഷപ്പെടുകയായിരുന്നു. ആദ്യ രണ്ട് മൽസരങ്ങളിലും തകർപ്പൻ പ്രകടനത്തോടെ കാണികളുടെ കൈയ്യടി നേടിയ ജർമനി ഇന്നലെ നിറം മങ്ങി. ഇരുപത്തിയെട്ടാം മിനുട്ടിൽ തന്നെ മാനുവൽ ന്യൂയർ കാത്ത വലയിൽ പന്തെത്തിയപ്പോൾ സ്റ്റേഡിയത്തിലെ ജർമനിക്കാർ നിശബ്ദരായി. ഡാൻ നോയെയാണ് സ്വിസുകാരുടെ വിലപ്പെട്ട ഗോൾ സ്വന്തമാക്കിയത്. ഈ ഗോൾ ലീഡിൽ 90 മിനുട്ട് വരെ സ്വിസുകാർ പ്രതിരോധം കാത്ത് പൊരുതി നിന്നു. ജമാൽ മുസിയാലയുടെ മികവിൽ ജർമനിക്കാർ പലവട്ടം സ്വിസ് ബോക്സിൽ പരിഭ്രാന്തി പരത്തിയിട്ടും പന്ത് വലയിലെത്തിയില്ല. ഗ്യാലറിയുടെ ഒരു ഭാഗത്ത് തമ്പടിച്ച സ്വിസ് ആരാധകർ സ്വന്തം ടീമിനെ വർധീത വീര്യത്തിൽ പിന്തുണച്ചതോടെ മൈതാനത്തും കളി ആവേശകരമായി. നോയെ രണ്ടാം പകുതിയിലും ജർമൻ വലയിൽ പന്ത് എത്തിച്ചിരുന്നു. ഇത് പക്ഷേ ഓഫ് സൈഡായിരുന്നു. അവസാനത്തിൽ 92-ാം മിനുട്ടിലായിരുന്നു മാനം കാത്ത സമനില ഗോൾ എത്തിയത്. സബ്സ്റ്റിറ്റ്യൂട്ട് നിക്കോളാസ് ഫുൾകർഗിന്റെ ബൂട്ടിൽ നിന്നായിരുന്നു സമനില ഗോൾ.



ഫ്രാങ്ക്ഫർട്ട് അറീനയിൽ നടന്ന യൂറോ ഗ്രൂപ്പ്-എ യിലെ അവസാന മൽസരത്തിൽ സ്വിറ്റ്സർലൻഡിനെതിരെ സമനില ഗോൾ നേടിയ ജർമനിയുടെ നിക്കോളാസ് ഫുൾകർഗിന്റെ ആഹ്ലാദം. ജർമനി തോൽവി ഉറപ്പിച്ച മൽസരത്തിലായിരുന്നു സബ്സ്റ്റിറ്റ്യൂട്ട് താരത്തിന്റെ മികവ്. ജർമനിക്കായി പത്തൊമ്പതാമത് മൽസരം കളിക്കുന്ന ഫുൾകർഗിന്റെ പതിമൂന്നാമത്തെ രാജ്യാന്തര ഗോൾ. കോച്ച് ജൂലിയൻ നഗൽസ്മാൻ തുടർച്ചയായ മൂന്നാം മൽസരത്തിലും ഒരേ ഇലവനെ പരീക്ഷിച്ചപ്പോൾ പലരും ക്ഷീണിതരായി തോന്നി. അവസാനത്തിൽ അവസരം കിട്ടിയപ്പോഴാണ് ഫുൾകർഗ് കരുത്തനായത്.



കോപ്പയിൽ പാനമക്കെതിരെ ഗോൾ നേടിയ ആഹ്ലാദത്തിൽ യുറഗ്വായി സ്ട്രൈക്കർ ഡാർവിൻ നൂനസ്

# ഗിൽ,യുവനിര

മുംബൈ: ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിൽ മിന്നിയ യുവതാരങ്ങളായ അഭിഷേക് ശർമ, റയാൻ പരാഗ്, നിതീഷ് റെഡ്ഡി, തുഷാർ ദേശ്പാണ്ഡെ തുടങ്ങിയവരെ ഉൾപ്പെടുത്തിയും സീനിയേഴ്സായ രോഹിത് ശർമ, വിരാത് കോഹ്‌ലി, ജസ്പ്രീത് ബുംറ, സൂര്യകുമാർ യാദവ്, മുഹമ്മദ് സിറാജ്, കുൽദീപ് യാദവ്, രവീന്ദ്ര ജഡേജ തുടങ്ങി ലോകകപ്പ് സംഘത്തിലെ രണ്ട് പേർ ഒഴികെ എല്ലാവർക്കും വിശ്രമം അനുവദിച്ചും സിംബാബ്‌വെക്കെതിരെ പഞ്ചമൽസര ടി-20 പരമ്പരക്കുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചു. ശുഭ്മാൻ ഗിൽ നയിക്കുന്ന സംഘത്തിലെ നമ്പർ വൺ വിക്കറ്റ് കീപ്പർ സഞ്ജു സാംസണാണ്. ധ്രുവ് ജൂറലായിരിക്കും രണ്ടാം കീപ്പർ. നിലവിൽ ടി-20 ലോകകപ്പിലുള്ള സംഘത്തിൽ സഞ്ജുവിനൊപ്പം യശസ്വി ജയ്സ്വാളും സ്ഥാനം നിലനിർത്തി. ലോകകപ്പ് സംഘത്തിലെ റിസർവ് താരങ്ങളായ റിങ്കു സിംഗ്, ആവേശ്ഖാൻ, ഖലീൽ അഹമ്മദ് എന്നിവരും ടീമിലെത്തി. രാഹുൽ ദ്രാവിഡ് സ്ഥാനമൊഴിയുന്നതിനാൽ പരിശീലക ചുമതല വി.വി.എസ് ലക്ഷ്മണായിരിക്കും. ജൂലൈ 6,7,10, 13,14 എന്നീ ദിവസങ്ങളിലായാണ് മൽസരങ്ങൾ. ഇത്തവണ ഐ.പി.എല്ലിലെ മിന്നും താരമായിരുന്നു ഹൈദരാബാദ് സംഘത്തിലെ ഓപ്പണറായ അഭിഷേക്. 42 സിക്സറുകൾ ഉൾപ്പെടെ 484 റൺസാണ് അദ്ദേഹം സമ്പാദിച്ചത്. രാജസ്ഥാൻ റോയൽസ് നിരയിൽ കളിച്ച പരാഗ് പതിനാറ് ഇന്നിംഗ്സുകളിൽ നിന്നായി 573 റൺസ് സമ്പാദിച്ചിരുന്നു. വിരാത് കോഹ്‌ലി (741), റിഥുരാജ് ഗെയിക്‌വാദ് (583) എന്നിവർ കഴിഞ്ഞാൽ ഐ.പി.എൽ റൺ വേട്ടയിലെ മൂന്നാമനായിരുന്നു പരാഗ്. നിതീഷും ഹൈദരാബാദ് സംഘത്തിൽ മിന്നിയിരുന്നു. ചെന്നൈ നിരയിൽ 17 വിക്കറ്റുകൾ സ്വന്തമാക്കിയിരുന്നു ദേശ്പാണ്ഡെ.

## സഞ്ജു ഒന്നാം കീപ്പർ

ശുഭ്മാൻ ഗിൽ (ക്യാപ്റ്റൻ), യശ്സവി ജയ്സ്വാൾ, റിഥുരാജ് ഗെയിക്‌വാദ്, അഭിഷേക് ശർമ, റിങ്കുസിംഗ്, സഞ്ജു സാംസൺ, ധ്രുവ് ജൂറൽ, നീതിഷ് റെഡ്ഡി, റയാൻ പരാഗ്, വാഷിംഗ്ടൺ സുന്ദർ, രവി ബിഷ്ണോയി, ആവേശ് ഖാൻ, ഖലീൽ അഹമ്മദ്, മുകേഷ് കുമാർ, തുഷാർ ദേശ്പാണ്ഡെ.

# സ്കോട്ട് ഔട്ട്




സ്റ്റട്ട്ഗർട്ട്: ജയിച്ചാലോ, സമനില നേടിയാലോ ചെറിയ സാധ്യതകൾ അവശേഷിക്കുമായിരുന്നു. അതിനായിരുന്നു സ്കോട്ട്ലൻഡ് ശ്രമിച്ചതും. പക്ഷേ നിർഭാഗ്യം അവർക്കൊപ്പമായിരുന്നു. പത്ത് മിനുട്ട് ദീർഘിച്ച ഇഞ്ച്വറി സമയത്തിന്റെ അവസാന മിനുട്ടിൽ വഴങ്ങിയ ഗോളിൽ ഹംഗറിക്കാരോട് തോറ്റ് സ്കോട്ട്ലൻഡ് യൂറോയിൽ നിന്നും പുറത്താവുന്ന ആദ്യ ടീമായി മാറി. സ്വിറ്റ്സർലൻഡിനെതിരെ പൊരുതി നേടിയ സമനില വഴി സമ്പാദിച്ച ഒരു പോയിന്റുമായി അവർ ഗ്രൂപ്പ്-എയിൽ അവസാന സ്ഥാനക്കാരായി. ഹംഗറിയെ പരാജയപ്പെടുത്തിയിരുന്നെങ്കിൽ നാല് പോയിന്റുമായി കടന്നു കയറാമായിരുന്നു. സമനിലയാണെങ്കിലും നേരിയ പ്രതീക്ഷകൾ നിലനിൽക്കുമായിരുന്നു. എന്നാൽ മൽസരത്തിന്റെ നൂറാം മിനുട്ടിൽ കെവിൻ സോബോത്ത് സ്വന്തമാക്കിയ ഗോളിൽ ഹംഗറിക്കാർ പ്രതീക്ഷകൾ സജീവമാക്കി. സ്റ്റട്ട്ഗർട്ട് അറീനയിൽ നിറഞ്ഞ കാണികൾക്ക് മുന്നിൽ വർധിത വീര്യത്തിലായിരുന്നു സ്കോട്ടുകാർ. യൂറോയിൽ എന്നും ആദ്യറൗണ്ടിൽ പുറത്താവുന്നവർ എന്ന ചീത്തപ്പേര് അകറ്റാൻ സ്റ്റീവൻ ക്ലാർക്കിന്റെ സംഘത്തിനായില്ല. ഹംഗറിയുടെ ഗോൾ മുഖത്ത് പല തവണയെത്തി സ്കോട്ടിഷ് മുൻനിരക്കാർ. പക്ഷേ കരുത്തുറ്റ ഗോൾ ഷോട്ടുകൾ പായിക്കാനായില്ല.

# യുറഗ്വായി തുടങ്ങി

ഫ്ളോറിഡ: കോപ്പ അമേരിക്ക ഫുട്ബോളിൽ മിന്നും വിജയവുമായി അമേരിക്കയും യുറഗ്വായിയും. അമേരിക്ക സ്വന്തം വേദിയിൽ മറുപടിയില്ലാത്ത രണ്ട് ഗോളുകൾക്ക് ബൊളീവിയക്കാരെ പിറകിലാക്കിയപ്പോൾ യുറഗ്വായി 3-1 ന് പാനമക്കാരെ വീഴ്ത്തി. ഇന്ന് രാവിലെ കരുത്തരായ ബ്രസീൽ കളത്തിലുണ്ട്. കോസ്റ്റാറിക്കയാണ് എതിരാളികൾ. ഹാർഡ് റോക്ക് സ്റ്റേഡിയത്തിൽ നടന്ന ഗ്രൂപ്പ് സി-അങ്കത്തിൽ കരുത്തരായ യുറഗ്വായിക്ക് വെല്ലുവിളി ഉയർത്താൻ ഒരു ഘട്ടത്തിലും പാനമക്കായില്ല. പതിനാറാം മിനുട്ടിൽ തന്നെ മാക്സിമിലാനോ അർജുലാറ്റിനമേരിക്കക്കാരുടെ ആധിപത്യം ഗോളാക്കി മാറ്റി. ഈ ലീഡിൽ ആദ്യ പകുതിക്ക് പിരിഞ്ഞ യുറഗ്വായി രണ്ടാം പകുതിയുടെ അവസാനത്തിൽ രണ്ട് ഗോളുകൾ കൂടി സ്വന്തമാക്കി. ഡാർവിൻ നൂനസ് 85-ാം മിനുട്ടിൽ രണ്ടാം ഗോൾ സ്കോർ ചെയ്തപ്പോൾ മത്രിയാസ് വിന ഇഞ്ച്വറി ടൈമിൽ വിജയം ഉറപ്പിച്ചു. അതിനിടെ 94-ാം മിനുട്ടിൽ മൈക്കൽ അമീർ മുറിലിയോയിലൂടെ ഒരു ഗോൾ മടക്കാനായത് മാത്രം പാനമക്കാരുടെ നേട്ടം. മൂന്നാം മിനുട്ടിൽ സൂപ്പർ താരം ക്യസ്റ്റ്യൻ പുലിസിച്ചിലൂടെ ലീഡ് നേടിയ അമേരിക്ക ബൊളീവിയൻ പ്രതിരോധം ആദ്യ പകുതിയുടെ അവസാനത്തിലും ഭേദിച്ചു. ഫ്ളോറെയിൻ ബാൽഗോമായിരുന്നു രണ്ടാം ഗോൾ സ്വന്തമാക്കിയത്.

## മെസിയും സംഘവും നാളെ



അറ്റ്ലാന്റ: ആദ്യ മൽസരത്തിലെ തകർപ്പൻ വിജയത്തിന് ശേഷം കോപ്പ അമേരിക്കയിൽ നാളെ രാവിലെ ലോക ചാമ്പ്യന്മാരായ അർജന്റീന രണ്ടാം മൽസരത്തിന്. അയൽപ്പക്കത്തെ അട്ടിമറിക്കാരായ ചിലേയാണ് പ്രതിയോഗികൾ. രാവിലെ 6-30 നാണ് മൽസരം. ഗ്രൂപ്പ് എ-യിൽ അർജന്റീനക്ക് മൂന്ന് പോയിന്റുണ്ട്. ആദ്യ മൽസരത്തിൽ പെറുവുമായി സമനില വഴങ്ങിയ ചിലേക്ക് ഒരു പോയിന്റാണുള്ളത്.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 25 ചൊവ്വ
ഗൾഫ് ചന്ദ്രിക



ലോക്സഭയിൽ ബുൾഡോസർ ഭരണമാണ് വീണ്ടും നടത്താൻ ഉദ്ദേശിക്കുന്നത് എന്ന സന്ദേശമാണ് ബി.ജെ.പി നൽകുന്നത്. കഴിഞ്ഞ രണ്ട് ലോക്സഭാ തിരഞ്ഞെടുപ്പുകളിൽ മൃഗീയ ഭൂരിപക്ഷം ഉണ്ടായിരുന്നതിനാൽ എന്തും തീരുമാനിക്കുന്നതിനും നടപ്പാക്കുന്നതിനുമുള്ള ധാർഷ്ട്യം ബി.ജെ.പിക്കുണ്ടായിരുന്നു. എന്നാൽ ഇന്ന് രണ്ട് ഘടകകക്ഷികളുടെ സഹായത്തോടെയാണ് അവർ ഭരിക്കുന്നത്. സാങ്കേതികമായി ഭരണത്തിൽ വന്നെങ്കിലും ജനവികാരം അവർക്ക് എതിരാണ്. അവർ പാർലമെന്ററി രംഗത്ത് കഴിഞ്ഞ രണ്ടു തവണയും മുന്നോട്ടുവച്ച നയങ്ങളിലൂടെയാണ് ഇത്തവണയും മുന്നോട്ടു പോകുന്നതെങ്കിൽ സഭാ നടപടികൾ ശാന്തമായി മുന്നോട്ടു പോകില്ല.

– കൊടിക്കുന്നിൽ സുരേഷ്



കരുവന്നൂർ കേസിൽനിന്നു തലയൂരാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് തൃശൂരിൽ ബി.ജെ.പിക്ക് സി.പി.എം വോട്ട് ചോർത്തി കൊടുത്തത്. സി.പി.ഐ എതിർത്തിട്ടും ഇ.ഡി അന്വേഷണം നേരിടുന്ന എം.കെ കണ്ണനെ ചെയർമാനാക്കിയാണ് സി.പി.എം തിരഞ്ഞെടുപ്പിനെ നേരിട്ടത്. സി.പി.എമ്മിന്റെ ബൂത്ത് ലെവൽ ഉദ്യോഗസ്ഥർ 56,000 വോട്ട് ബി.ജെ.പിക്ക് ചേർത്ത് കൊടുത്തു. ഒരു ഭാഗത്ത് ബി.ജെ.പിയെ കുറ്റം പറയുകയും മറുഭാഗത്ത് ബി.ജെ.പിയെ സഹായിക്കുകയും ചെയ്യുന്ന പ്രവണതയാണ് മുഖ്യമന്ത്രിയുടേത്.

– കെ മുരളീധരൻ

## കേരള വാർത്തകൾ



### മുസ്‌ലിം ലീഗ് കൊല്ലം ജില്ലാ പ്രവർത്തക സമിതി അംഗം അപകടത്തിൽ മരിച്ചു

കൊല്ലം: മുസ്‌ലിം ലീഗ് കൊല്ലം ജില്ലാ പ്രവർത്തക സമിതി അംഗവും കേരള മുസ്‌ലിം ജമാഅത്ത് കൗൺസിൽ സംസ്ഥാന സെക്രട്ടറിയുമായ തിരുമുല്ലവാരം അഞ്ചുകല്ലുംമൂട് പി.എസ്.ആർ.എ 111 ഇഞ്ചയ്ക്കൽ ഹൗസിൽ ഇഞ്ചയ്ക്കൽ ബഷീർ (76) വാഹനാപകടത്തിൽ മരിച്ചു. മുസ്‌ലിം ലീഗ് കൊല്ലം നിയോജക മണ്ഡലം പ്രസിഡന്റ്, വിവിധ പോഷക സംഘടനകളുടെ ജില്ലാ, മണ്ഡലം ഭാരവാഹി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. ഇന്നലെ ഉച്ചയ്ക്ക് 12.55 ഓടെ ചിന്നക്കട ബീച്ച് റോഡിലായിരുന്നു അപകടം. സ്വകാര്യ ബസ് ഇടിച്ചിട്ട് കാലിലൂടെ പിൻചക്രം കയറിയിറങ്ങുന്നത് കണ്ട് ഓടിക്കൂടിയവരെല്ലാം നോക്കിനിന്നതേയുള്ളൂ. ഒടുവിൽ ആശുപത്രിയിൽ എത്തിച്ചെങ്കിലും നിർണായക സമയം നഷ്ടപ്പെട്ടതിനാൽ ജീവൻ രക്ഷിക്കാനായില്ല.

മങ്ങാട് സ്കൂളിൽ നടന്ന ലഹരി നിർമ്മാർജ്ജന പരിപാടിയിൽ പങ്കെടുത്ത് വീട്ടിലേക്ക് മടങ്ങുകയായിരുന്നു. ഇതിനിടെ ബീച്ച് റോഡിലെ ഹോട്ടലിൽ നിന്ന് ഭക്ഷണം വാങ്ങി തിരികെ സ്കൂട്ടറിൽ കയറിയതിന് പിന്നാലെ ചിന്നക്കടയിൽ നിന്നുമെത്തിയ സ്വകാര്യ ബസ് ഇടിക്കുകയായിരുന്നു. സ്വകാര്യ ബസ് ഡ്രൈവർക്കെതിരെ അശ്രദ്ധമായ ഡ്രൈവിംഗിനും മനഃപൂർവമല്ലാത്ത നരഹത്യയ്ക്കും കേസെടുത്തു. മൃതദേഹം സ്വകാര്യ ആശുപത്രി മോർച്ചറിയിൽ. ഭാര്യ: പരേതയായ ഫസീല ബീവി. മക്കൾ: ജാസ്മിൻ, മുഹമ്മദ് സുൾഫി. മരുമക്കൾ: അജീബ്, ലിബാന. കബറടക്കം ഇന്ന് ഉച്ചക്ക് 12 മണിക്ക് മുളങ്കാടകം മാവള്ളി മസ്ജിദ് ഖബർസ്ഥാനിൽ.

# വിമർശനങ്ങളിൽ ഉലഞ്ഞ് സി.പി.എം

### മരപ്പട്ടി, ഈനാംപേച്ചി പരാമർശം

## എ.കെ ബാലനെതിരെ സി.പി.എം ജില്ലാ കമ്മിറ്റിയിൽ രൂക്ഷ വിമർശനം

പാലക്കാട്: ലോക്സഭാ തിരഞ്ഞെടുപ്പ് പ്രചാരണ വേളയിൽ കേന്ദ്രകമ്മിറ്റി അംഗം എ.കെ ബാലൻ നടത്തിയ മരപ്പട്ടി, ഈനാംപേച്ചി പരാമർശം പാർട്ടിക്ക് തിരിച്ചടിയായെന്ന് സി.പി.എം പാലക്കാട് ജില്ലാകമ്മിറ്റിയിൽ വിമർശനം. തിരഞ്ഞെടുപ്പിൽ ശക്തമായ മത്സരം കാഴ്ചവെച്ച് പാർട്ടി ചിഹ്നം സംരക്ഷിക്കണമെന്നും ദേശീയപാർട്ടി പദവി നഷ്ടപ്പെട്ടാൽ അടുത്ത തിരഞ്ഞെടുപ്പിൽ ഈനാംപേച്ചി, മരപ്പട്ടി പോലുള്ള ചിഹ്നങ്ങളാകും തിരഞ്ഞെടുപ്പ് കമ്മീഷൻ അനുവദിക്കുകയെന്നായിരുന്നു ബാലൻ പറഞ്ഞിരുന്നത്. ഇത് പിന്നീട് രാഷ്ട്രീയ എതിരാളികൾ പരിഹസിക്കാൻ ഉപയോഗിച്ചുവെന്നും പാർട്ടിക്ക് തിരിച്ചടിയായെന്നും കമ്മിറ്റിയിൽ അംഗങ്ങൾ വിമർശനം ഉയർത്തി. ഇ.പി ജയരാജനെതിരെയും രൂക്ഷമായ വിമർശനമുയർന്നു. തിരഞ്ഞെടുപ്പിന് തൊട്ടു മുമ്പ് ഇ.പി അനാവശ്യ വിവാദമുണ്ടാക്കിയത് തിരിച്ചടിയായെന്നും അംഗങ്ങൾ വിമർശിച്ചു. ക്ഷേമപെൻഷൻ മുടങ്ങിയത്, നെല്ലുവില പൂർണമായി നൽകാനാവാതിരുന്നത് തുടങ്ങിയവയും കാർഷികജില്ലയായ പാലക്കാട്ട് തിരിച്ചടിക്ക് കാരണമായതായി യോഗം വിലയിരുത്തി. പാർട്ടിയെ ഒറ്റക്കെട്ടായി കൊണ്ടുപോകേണ്ടവർ അത് ചെയ്തില്ലെങ്കിൽ സ്ഥാനം നഷ്ടമാകുമെന്ന് യോഗത്തിൽ പങ്കെടുത്ത എ.വി ജയരാഘവൻ മുന്നറിയിപ്പ് നൽകി.

### നവകേരളാ സദസിലെ ശകാരവും തിരിച്ചടിയായി

## മുഖ്യമന്ത്രിക്കെതിരേ തോമസ് ചാഴികാടൻ

കോട്ടയം: മുഖ്യമന്ത്രിക്കെതിരെ രൂക്ഷവിമർശനവുമായി കോട്ടയം മണ്ഡലത്തിലെ എൽ.ഡി.എഫ് സ്ഥാനാർത്ഥിയും കേരളാ കോൺഗ്രസ് എം നേതാവുമായ തോമസ് ചാഴികാടൻ. ലോക്സഭാ തിരഞ്ഞെടുപ്പിലെ എൽ.ഡി.എഫിന്റെ കനത്ത തോൽവിക്ക് കാരണം മുഖ്യമന്ത്രിയുടെ നിലപാടെന്ന് തോമസ് ചാഴികാടൻ പറഞ്ഞു. നവകേരളസദസിലെ തനിക്കെതിരായ വിമർശനം തോൽവിക്ക് ആക്കംകൂട്ടിയെന്നും അദ്ദേഹം പറഞ്ഞു. കോട്ടയത്ത് ചേർന്ന കേരളാ കോൺഗ്രസ് എം സ്റ്റിയറിങ് കമ്മിറ്റി യോഗത്തിലാണ് തോമസ് ചാഴികാടൻ കടുത്ത വിമർശനം ഉന്നയിച്ചത്.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പിൽ കോട്ടയത്ത് വി.എൻ വാസവൻ എൽ.ഡി.എഫ് സ്ഥാനാർത്ഥിയായി മത്സരിച്ചപ്പോൾ ലഭിച്ച വോട്ട് പോലും ഇത്തവണ കിട്ടിയില്ല. കിട്ടേണ്ട പല സി.പി.എം വോട്ടുകളും ലഭിച്ചിട്ടില്ല. അതെങ്ങനെ മാറിപ്പോയി എന്നതും വിശദമായി അന്വേഷിക്കണം. കനത്ത തോൽവി നേരിട്ട സ്ഥിതിക്ക് ഇനി താൻ എന്തിന് ഇതൊക്കെ മറച്ചു വയ്ക്കണം എന്നാണ് ചാഴികാടൻ യോഗത്തിൽ ചോദിച്ചത്.

എക്കാലവും ഇടതുപക്ഷത്തോടൊപ്പം അടിയുറച്ചു നിന്നിരുന്ന അടിസ്ഥാന ജനവിഭാഗങ്ങൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുമുന്നണിയിൽ നിന്നും അകന്നത് എൽഡിഎഫ് ഗൗരവമായി കാണണമെന്ന് സ്റ്റിയറിങ് കമ്മിറ്റി യോഗം വിലയിരുത്തി.

## സർക്കാരിനെതിരെ രൂക്ഷ വിമർശനവുമായി ഓർത്തഡോക്സ് സഭ

കൊച്ചി: സുപ്രീം കോടതി വിധി നടപ്പാക്കാൻ ശ്രമിക്കാതെ, സർക്കാരും പൊലീസ് വകുപ്പും ചേർന്ന് ഒരുക്കുന്ന നാടകം ഇനിയെങ്കിലും അവസാനിപ്പിക്കണമെന്ന് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ മാധ്യമ വിഭാഗം പ്രസിഡന്റ് ഡോ.യൂഹാനോൻ മാർ ദിയസ്കോറോസ് മെത്രാപോലീത്ത പറഞ്ഞു. അങ്കമാലി, തൃശൂർ ഭദ്രാസനങ്ങളിലെ ആറ് പള്ളികളിൽ സുപ്രീംകോടതിയുടെ വിധി നടപ്പാക്കണമെന്ന ഹൈക്കോടതിയുടെ ശക്തമായ നിർദേശം പാലിക്കുവാൻ സർക്കാരിന് ഇതുവരെ സാധിക്കാത്തത് നിയമവ്യവസ്ഥയോടുള്ള പ്രത്യക്ഷമായ അവജ്ഞയും, അവഹേളനവുമാണ്. വിധി നടപ്പാക്കുന്ന ദിവസം നേരത്തെ തന്നെ പാത്രിയാർക്കീസ് വിഭാഗത്തെ അറിയിക്കുകയും, വിധി നടത്തിപ്പിനെ പ്രതിരോധിക്കാൻ ആൾക്കൂട്ടത്തെ എത്തിക്കുവാനമുള്ള സാവകാശവും, അവസരവും നൽകുകയും ചെയ്തുകൊണ്ടാണ് ഈ നാടകം അരങ്ങേറുന്നത്. കരുതിക്കൂട്ടി ഒരു സംഘർഷാവസ്ഥ സൃഷ്ടിച്ച്, കോടതിവിധി നടപ്പാക്കുന്നത് തടസപ്പെടുത്താനുള്ള ബോധപൂർവമായ ശ്രമമായിട്ടേ ഇതിനെ കാണാൻ കഴിയൂവെന്ന് സഭ കുറ്റപ്പെടുത്തി. കുഞ്ഞുങ്ങളെയും സ്ത്രീകളെയും പ്രതിരോധത്തിനായി മുന്നിൽ നിർത്തണമെന്ന് ഓഡിയോ സന്ദേശങ്ങൾ സാമൂഹിക മാധ്യമങ്ങൾ വഴി പാത്രിയാർക്കീസ് വിഭാഗത്തിലെ വൈദികരും മറ്റും പ്രചരിപ്പിക്കുന്നത്തിന്റെ നിരവധി തെളിവുകൾ ലഭ്യമാണ്. അധികൃതർ ഇത് കണ്ടില്ലെന്ന് നടിക്കുന്നത് പക്ഷപാതപരമായ സമീപനമാണ്. ഇത് രാജ്യത്തിന്റെ നീതിന്യായ വ്യവസ്ഥയോടുള്ള വെല്ലുവിളിയാണെന്നും അദ്ദേഹം പറഞ്ഞു.

### 'കോടികളുടെ പദ്ധതി നിക്ഷിപ്ത താൽപര്യങ്ങൾക്ക് വേണ്ടി ടൂറിസം വകുപ്പ് അട്ടിമറിച്ചു'

## മന്ത്രി റിയാസിനെതിരെ ആഞ്ഞടിച്ച് കടകംപള്ളി

തിരുവനന്തപുരം: ആക്കുളം കായൽ പുനരുജ്ജീവന പദ്ധതി നടപ്പാക്കുന്നതിലെ വീഴ്ചയിൽ മന്ത്രി മുഹമ്മദ് റിയാസിനെതിരെ ആഞ്ഞടിച്ച് കടകംപള്ളി സുരേന്ദ്രൻ. കോടികൾ വകയിരുത്തിയ പദ്ധതി നിക്ഷിപ്ത താൽപര്യങ്ങൾക്ക് വേണ്ടി ടൂറിസം വകുപ്പ് അട്ടിമറിച്ചെന്നാണ് കടകംപള്ളിയുടെ വിമർശനം. ടൂറിസം മന്ത്രി മുഹമ്മദ് റിയാസ് നിയമസഭക്ക് നൽകിയ ഉറപ്പ് പോലും പാലിക്കപ്പെട്ടില്ലെന്നാണ് ആരോപണം.

225 ഏക്കറിലെ ആക്കുളം കായലും അനുബന്ധ തോടുകളും നവീകരിക്കാൻ 185 കോടിയുടെ പദ്ധതി. പ്രഖ്യാപനം കഴിഞ്ഞ് പല കടമ്പകൾ പിന്നിട്ട് 96.13 കോടി രൂപക്ക് ആദ്യഘട്ട പണി തീർക്കാൻ കരാറുകാരനുമെത്തി. എന്നാൽ കരാറിൽ ഒപ്പിട്ട് തുടർ നടപടികൾ ഉറപ്പാക്കാൻ നടത്തിപ്പ് ഏജൻസിയായ വാപ്കോസോ ടൂറിസം വകുപ്പോ ഇതുവരെ തയ്യാറായിട്ടില്ലെന്നാണ് സ്ഥലം എം.എൽ.എ കൂടിയായ കടകംപള്ളിയുടെ വിമർശനം. നിഷിപ്ത താൽപര്യം സംരക്ഷിക്കാൻ ടൂറിസം വകുപ്പ് നാലു ലക്ഷം ചെലവിൽ കൺസൾട്ടൻസിയെ നിയോഗിച്ചതെന്തിനെന്നും കടകംപള്ളി നിയമസഭയിൽ ചോദിച്ചു.

പണം അനുവദിച്ച കിഫ്ബിയുടെ ടെക്നിക്കൽ കമ്മിറ്റി പരിശോധനക്ക് ശേഷം ടെൻഡർ നടപടി ഉണ്ടാകുമെന്നല്ലാതെ മന്ത്രി മുഹമ്മദ് റിയാസിന് സഭയിൽ അധികമൊന്നും പറയാനുണ്ടായിരുന്നില്ല. കായലിലെ ഫ്ളോട്ടിംഗ് മാലിന്യം നീക്കം ചെയ്യൽ, ഡ്രഡ്ജിംഗ്, കുളവാഴ നീക്കൽ, ജലശുദ്ധീകരണം തുടങ്ങി വെറ്റ് ലാന്റ് പാർക്ക്, ഓപ്പൺ എയർ തീയറ്ററും ഇരിപ്പിടങ്ങളും ജിമ്മും അടക്കം വിപുലമായ പദ്ധതികളാണ് ആക്കുളം പുനരുജ്ജീവന മാസ്റ്റർ പ്ലാനിനുള്ളത്. പ്രഖ്യാപിച്ചതും പാതി വഴിയിൽ മുടങ്ങിയതുമായ പദ്ധതികൾ ഒരു വശത്തും കായലിന്റെ ദുരവസ്ഥ മറുവശത്തും തുടരുന്നതിനിടെയാണ് ഭരണ നിരയിൽ നിന്ന് തന്നെ വീഴ്ചയിൽ വിമർശനം ഉയരുന്നത്.

## പാർട്ടിക്കുള്ളിൽ നേതാക്കൾക്കെതിരെ വിമർശനം ഉയരുന്നുണ്ടെന്ന് സമ്മതിച്ച് ബാലഗോപാലും മൊയ്തീനും

തിരുവനന്തപുരം: ലോക്സഭാ തിരഞ്ഞെടുപ്പ് പരാജയവുമായി ബന്ധപ്പെട്ട് സി.പി.എം നേതൃയോഗങ്ങളിൽ നേതാക്കൾക്കെതിരേ വിമർശനം ഉയരുന്നുണ്ടെന്ന് നിയമസഭയിൽ തുറന്നുപറഞ്ഞ് ധനമന്ത്രി കെ.എൻ ബാലഗോപാലും എ.സി മൊയ്തീനും. ഇന്നലെ ധനാഭ്യർഥന ചർച്ചയിൽ സംസാരിക്കവേയാണ് പാർട്ടിക്കുള്ളിൽ വിമർശനം ഉയരുന്നുണ്ടെന്ന് രണ്ടുപേരും സ്ഥിരീകരിച്ചത്.

തിരഞ്ഞെടുപ്പ് പരാജയം ഉണ്ടായാൽ പാർട്ടിയിൽ അത് ചർച്ച ചെയ്യാറുണ്ടെന്നും നേതാക്കളെ വിമർശിക്കാറുണ്ടെന്നും എ.സി മൊയ്തീൻ പറഞ്ഞു. ഞങ്ങളുടെ കമ്മിറ്റികൾ ചേരുന്നുണ്ട്. അതിൽ വിമർശനം ഉയരുന്നുണ്ടെന്നും മൊയ്തീൻ സമ്മതിച്ചു. പാർട്ടിയിൽ ശക്തമായ വിമർശനവും ചർച്ചയും ഉണ്ടാകുമെന്നായിരുന്നു ധനമന്ത്രിയുടെ വാക്കുകൾ. പരാജയത്തിന്മേലുള്ള ചർച്ച മോശമാണെന്ന് കരുതുന്നില്ലെന്നും ധനമന്ത്രി പറഞ്ഞു.

തിരഞ്ഞെടുപ്പ് പരാജയവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്കെതിരെ സി.പി.എമ്മിന്റെ വിവിധ തലങ്ങളിൽ വിമർശനം ഉയരുന്നുവെന്ന് റിപ്പോർട്ടുകൾ സ്ഥിരീകരിക്കും വിധമാണ് ധനമന്ത്രിയും എ.സി മൊയ്തീനും സംസാരിച്ചത്.

മുഖ്യമന്ത്രിക്കും നേതാക്കൾക്കുമെതിരെ വിമർശനമില്ലെന്നായിരുന്നു കഴിഞ്ഞ ദിവസം സി.പി.എം സെക്രട്ടറി എം.വി ഗോവിന്ദൻ പറഞ്ഞിരുന്നത്.

## കേരളക്ക് പകരം 'കേരളം' വീണ്ടും പ്രമേയം പാസാക്കി നിയമസഭ

### എൻ. ഷംസുദ്ദീന്റെ ഭേദഗതി അംഗീകരിച്ചില്ല

തിരുവനന്തപുരം: സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിൽ 'കേരള'ക്ക് പകരം കേരളം എന്ന് മാറ്റണമെന്ന പ്രമേയം നിയമസഭ ഏകകണ്ഠമായി പാസാക്കി. മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രമേയം അവതരിപ്പിച്ചത്. നേരത്തെ തെറ്റായി പ്രമേയം തയാറാക്കി നൽകിയവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും പ്രമേയത്തിന്റെ ഘടനയിൽ മാറ്റം വരുത്തണമെന്ന എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച ഭേദഗതി തള്ളിയാണ് പ്രമേയം അംഗീകരിച്ചത്. 2023 ഓഗസ്റ്റ് 9ന് സംസ്ഥാനത്തിന്റെ പേര് ഭരണഘടനയിൽ കേരളം എന്നാക്കി മാറ്റണമെന്ന പ്രമേയം മുഖ്യമന്ത്രി സഭയിൽ അവതരിപ്പിച്ച് പാസാക്കിയിരുന്നു. അതിൽ ഭരണഘടനയുടെ ഒന്നാം പട്ടികയിലും രണ്ടാം പട്ടികയിൽ കേരളം എന്ന് മാറ്റണമെന്ന ആവശ്യമായിരുന്നു ഉന്നയിച്ചിരുന്നത്. എന്നാൽ സംസ്ഥാനത്തിന്റെ പേരിൽ മാറ്റം വരുത്താൻ ഒന്നാം പട്ടികയിൽ മാത്രം മാറ്റം വരുത്തിയാൽ മതിയെന്നും എട്ടാം പട്ടികയിൽ ആവശ്യമില്ലെന്നും കേന്ദ്ര ആഭ്യന്തരമന്ത്രാലയം അറിയിച്ചു. അതിൻപ്രകാരമാണ് പുതിയ പ്രമേയം അവതരിപ്പിച്ചത്.

ഭരണഘടനയുടെ ഒന്നാം പട്ടികയിൽ സംസ്ഥാനത്തിന്റെ പേര് കേരള എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് കേരളം എന്ന് ഭേദഗതി വരുത്തുന്നതിന് ആവശ്യമായ നടപടികൾ ഭരണഘടനയുടെ അനുച്ഛേദം 3പ്രകാരം കൈക്കൊള്ളമെന്ന് കേന്ദ്രസർക്കാരിനോട് പ്രമേയം ആവശ്യപ്പെടുന്നു.എന്നാൽ പ്രമേയത്തിന്റെ ഘടന ശരിയല്ലെന്നും അതുകൊണ്ട് അത് തിരുത്തി തയാറാക്കണമെന്നും ഭേദഗതി അവതരിപ്പിച്ചു എൻ. ഷംസുദ്ദീൻ പറഞ്ഞു. പ്രമേയത്തിന്റെ അന്തസത്ത എല്ലാ അർത്ഥത്തിലും ഉൾക്കൊള്ളുകയും അംഗീകരിക്കുകയും ചെയ്യുന്നു. മുമ്പ് പ്രമേയം തയാറാക്കുന്നതിൽ കാണിച്ച വീഴ്ചയാണ്, വീണ്ടും പ്രമേയം പാസാക്കാൻ ഇടയാക്കിയത്. അത്തരം വീഴ്ചകൾ പുതിയ പ്രമേയത്തിലുമുണ്ടെന്ന് ചൂണ്ടിക്കാണിച്ച അദ്ദേഹം, പ്രമേയത്തിൽ ഭേദഗതിയും നിർദേശിച്ചു. എന്നാൽ ഷംസുദീൻ പറഞ്ഞ കാര്യങ്ങളെല്ലാം പ്രമേയത്തിലുള്ള സാഹചര്യത്തിൽ ഭേദഗതി ആവശ്യമില്ലെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. തുടർന്ന് പ്രമേയം സഭ പാസാക്കുകയായിരുന്നു.

## പിണറായിക്ക് ചുട്ടമറുപടി നൽകി പ്രതിപക്ഷ നേതാക്കൾ

### മുസ്‌ലിം ലീഗിന്റെ മെക്കിട്ട് കയറാൻ വരണ്ട: വി.ഡി സതീശൻ

തിരുവനന്തപുരം: തിരഞ്ഞെടുപ്പുകാലത്ത് വോട്ട് കിട്ടുന്നതിന് വേണ്ടി ന്യൂനപക്ഷ വർഗീയത പ്രോത്സാഹിപ്പിക്കാൻ ശ്രമം നടത്തിയ മുഖ്യമന്ത്രി ഇപ്പോൾ ഭൂരിപക്ഷ വർഗീയതയെ താലോലിക്കാനുള്ള ശ്രമമാണ് നടത്തുന്നതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അതിനുവേണ്ടി എന്തിനാണ് മുസ്‌ലിം ലീഗിന്റെ മെക്കിട്ട് കയറുന്നതെന്നും നിയമസഭാ മീഡിയാ റൂമിൽ നടത്തിയ വാർത്താസമ്മേളനത്തിൽ പ്രതിപക്ഷ നേതാവ് ചോദിച്ചു.

ഇത്രയും ദിവസം പറഞ്ഞത് മുഖ്യമന്ത്രി ഇപ്പോൾ മാറ്റിപ്പിടിക്കുകയാണ്. തിരഞ്ഞെടുപ്പ് കാലത്ത് 40 ദിവസവും മുസ്‌ലിം മതന്യൂനപക്ഷങ്ങളുടെ വോട്ട് കിട്ടുന്നതിന് വേണ്ടി സി.എ.എ മാത്രം മുഖ്യമന്ത്രി ആവർത്തിച്ചുകൊണ്ടിരുന്നു. ഫലം വന്നപ്പോൾ മാറ്റിപ്പിടിക്കുകയാണ്. എസ്.ഡി.പി.ഐ പിന്തുണ പ്രഖ്യാപിച്ചപ്പോൾ ധീരമായ തീരുമാനമാണ് യു.ഡി.എഫ് സ്വീകരിച്ചത്. ന്യൂനപക്ഷ വർഗീയതയെയും ഭൂരിപക്ഷ വർഗീയതയെയും യു.ഡി. എഫ് ഒരു പോലെ എതിർക്കും. അതുകൊണ്ടാണ് കേരള രാഷ്ട്രീയത്തിന്റെ 50 വർഷത്തെ ചരിത്രത്തിൽ ആദ്യമായി ഒരു കക്ഷി പിന്തുണ പ്രഖ്യാപിച്ചപ്പോൾ അതു വേണ്ടെന്നു പറയാൻ കഴിഞ്ഞത്.

മൂന്ന് പതിറ്റാണ്ടോളം ജമാഅത്ത് ഇസ്‌ലാമിയും വെൽഫെയർ പാർട്ടിയും സി.പി.എമ്മിനൊപ്പമായിരുന്നു. അപ്പോൾ അവർ മതേതര വാദിയായിരുന്നു. വിട്ടുവീഴ്ചയില്ലാത്ത മതേതര നിലപാടാണ് യു.ഡി.എഫിന്റേതെന്നും സതീശൻ വ്യക്തമാക്കി.

### വർഗീയതയുടെ തൊപ്പി ചേരുന്നത് സി.പി.എമ്മിന്: കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: മൂന്ന് ലക്ഷത്തിനും രണ്ടര ലക്ഷത്തിനും ജയിച്ച മുസ്‌ലിം ലീഗിന്റെ മുഖം നഷ്ടപ്പെട്ടുവെന്ന് പറഞ്ഞാൽ മൂക്ക് താഴോട്ടായ ആരെങ്കിലും വിശ്വസിക്കുമോയെന്ന് മുസ്‌ലിം ലീഗ് ദേശീയ ജനറൽ സെക്രട്ടറി പി.കെ കുഞ്ഞാലിക്കുട്ടി.

ശക്തി കേന്ദ്രങ്ങളിലൊക്കെ വമ്പൻ ഭൂരിപക്ഷം നേടിയ ലീഗിന് മുഖം നഷ്ടപ്പെട്ടിട്ടില്ലെന്നും നിയമസഭാ മീഡിയാ റൂമിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ മുഖ്യമന്ത്രി പിണറായി വിജയന് മറുപടിയായി അദ്ദേഹം പറഞ്ഞു. തിരഞ്ഞെടുപ്പ് വരുമ്പോൾ ഓരോ പരീക്ഷണങ്ങൾ അവതരിപ്പിച്ച് യഥാർത്ഥത്തിൽ സി.പി.എമ്മിന്റെ മുഖമാണ് നഷ്ടപ്പെട്ടത്. 2019 ലെ പാർലമെന്റ് തിരഞ്ഞെടുപ്പിൽ പൊന്നാനിയിലെ ഒരു സ്റ്റേജിൽ ഒരു ഷോ ഉണ്ടായിരുന്നു. അന്ന് സ്റ്റേജ് ഷോ അവതരിപ്പിച്ചതൊക്കെ ഒന്ന് ഓർത്താൽ മതി. ഇത്തരം ശക്തികളെയൊക്കെ എല്ലാക്കാലത്തും ലീഗ് എതിർത്തിട്ടുണ്ട്. ഭൂരിപക്ഷ വർഗീയത മാത്രമല്ല, ന്യൂനപക്ഷ വർഗീയതയോടും തീവ്രവാദത്തോടും ഒരു കാലത്തും സന്ധി ചെയ്തിട്ടില്ല. മാറിമാറി വന്ന തിരഞ്ഞെടുപ്പിലൊക്കെ അഡ്ജസ്റ്റ്മെന്റ് നടത്തിയത് അവർ തന്നെയാണ്.

അതുകൊണ്ട് ഇക്കാര്യത്തിൽ ആദർശപരമായ നിലപാടാണ് ഞങ്ങൾക്കുള്ളത്. അതുകൊണ്ട് കൂട്ടുകെട്ട് എന്ന തൊപ്പി ഞങ്ങൾക്കല്ല, അപ്പുറത്താണ് ചേരുക. ഞങ്ങളുടെ മുഖം ഒട്ടും നഷ്ടപ്പെട്ടിട്ടില്ല. റെക്കോർഡ് ഭൂരിപക്ഷത്തിന് ജയിച്ചപ്പോഴാണ് മുഖം വികൃതമായെന്നു പറയുന്നത്. അത് ആരും വിശ്വസിക്കില്ലെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.

## കേരളം ഭരിക്കുന്നത് ധൂർത്ത് പുത്രന്മാർ: മഞ്ഞളാംകുഴി അലി

തിരുവനന്തപുരം: കേരളം ഭരിക്കുന്നത് ധൂർത്ത് പുത്രന്മാരാണെന്ന് മഞ്ഞളാംകുഴി അലി. കിഫ്ബി ഖജനാവ് കൊള്ളയടിക്കുന്ന വെള്ളാനയാണെന്ന് തെളിഞ്ഞുവെന്നും അരികൊമ്പനെ തളച്ചത് പോലെ മയക്കുവെടി വെച്ച് കിഫ്ബി എന്ന വെള്ളാനയെയും തളയ്ക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നിയമസഭയിൽ ജി.എസ്.ടി, ഭൂ നികുതി, രജിസ്ട്രേഷൻ, ട്രഷറി തുടങ്ങിയ വകുപ്പുകളുടെ ധനാഭ്യർത്ഥനയെ എതിർത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ലീഗിനൊപ്പം നിൽക്കുന്ന വിഭാഗങ്ങൾക്കിടയിൽ കുത്തിത്തിരുപ്പുണ്ടാക്കാൻ കാര്യമായ ശ്രമങ്ങളൊക്കെ നടത്തിയിട്ടും തിരഞ്ഞെടുപ്പിൽ ഇടതുമുന്നണി തോറ്റ് തുന്നംപാടി. ഒരുകാലത്ത് കൂടെ നിന്ന് അധികാരം പങ്കിട്ടിരുന്നവർ, ബി.ജെ.പി ബന്ധം മനസിലാക്കി അകന്നപ്പോൾ സി.പി.എമ്മിന് അവരെല്ലാം വർഗീയ കക്ഷികളായി മാറി. സി.പി.എമ്മും ബി.ജെ.പിയും തമ്മിൽ വ്യത്യാസമില്ലാത്തതിനാൽ ഇടതുപക്ഷക്കാർ പോലും ഇക്കുറി യു.ഡി.എഫിനാണ് വോട്ട് ചെയ്തത്. മുഖ്യമന്ത്രിയ്ക്കും പാർട്ടിക്കും ഒരു കാര്യത്തിലും ഒരു നയമില്ല. സംസ്ഥാനത്തിന്റെ വളർച്ചയെയാണ് ഇടത് സർക്കാർ തകർത്തത്. പിണറായി സർക്കാർ വന്നപ്പോൾ ഖജനാവിൽ പൂച്ചപ്പെറ്റു കിടക്കുന്നുവെന്നാണ് ചിലർ പറഞ്ഞത്. ഇപ്പോൾ പൂച്ചയ്ക്കല്ല, ആനയ്ക്ക് പെറ്റു കിടക്കാനുള്ള സ്ഥലം ഖജനാവിലുണ്ട്.

ഉദ്യോഗസ്ഥരുടെ പണി നികുതി പിരിവല്ല. ചില വകുപ്പുകളിൽ ഉദ്യോഗസ്ഥരെ ഉപയോഗിച്ചാണ് ജനസദസിനു വേണ്ടിയും പാർട്ടിയ്ക്കുവേണ്ടിയും പണപ്പിരിവ് നടത്തിയതെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. മുഖ്യമന്ത്രി ലണ്ടനിലെ സ്റ്റോക്ക് എക്സ്ചേഞ്ചിൽ പോയി മണിയടിച്ചിട്ടാണ് കിഫ്ബി മസാല ബോണ്ടിനു വേണ്ടി പണം സമാഹരിച്ചത്. ഇനി മുഖ്യമന്ത്രി ലണ്ടനിൽ പോയി മണിയടിച്ചാൽ മസാല ദോശ പോലും കിട്ടില്ല. ജി.എസ്.ടി, നികുതി ഇതര വരുമാനം, വിതരണം ചെയ്ത വായ്പകളുടെ പിരിച്ചെടുക്കൽ എന്നിവയിലെല്ലാം സർക്കാർ പരാജയമാണ്. അരി വാങ്ങാനെങ്കിലുമുള്ള പണം ജനങ്ങൾക്ക് കിട്ടാൻ, പിടിച്ചുവെച്ച പെൻഷനും മറ്റ് ആനുകൂല്യങ്ങളും അടിയന്തരമായി നൽകമെന്നും മഞ്ഞളാംകുഴി അലി ആവശ്യപ്പെട്ടു

## വില്ലേജുകൾ പുന:സംഘടിപ്പിക്കണം: കുറുക്കോളി മൊയ്തീൻ

തിരുവനന്തപുരം: സംസ്ഥാനത്തെ വില്ലേജുകൾ ജനസഖ്യാനുപാതികമായി പുന:സംഘടിപ്പിക്കണമെന്ന് കുറുക്കോളി മൊയ്തീൻ. തിരൂരിൽ തീരമേഖലയിലെ പ്രദേശങ്ങളെ ഉൾകൊള്ളിച്ച് തീരദേശ വില്ലേജ് രൂപീകരിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു. നിയമസഭയിൽ റവന്യുവകുപ്പിന്റെ ധനാഭ്യർത്ഥനയെ എതിർത്ത് സംസാരിക്കുകയായിരുന്നു കുറുക്കോളി. ആദ്യ കാലത്ത് 10,000 ജനസംഖ്യക്ക് ഒരു വില്ലേജ് എന്നായിരുന്നുവെങ്കിൽ ഇന്ന് 50,000ലധികം ജനസഖ്യക്ക് ഒരു വില്ലേജ് എന്നതാണ് വസ്തുതയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഈ സാഹചര്യത്തിൽ ഇവയെല്ലാം പുനസംഘടിപ്പിക്കണം. ജില്ലാ കലക്ടർമാർ വെറും റവന്യു ഉദ്യോഗസ്ഥനായി മാറുന്നു. ജില്ലാ ഭരണ സംവിധാനങ്ങൾ സാധാരണക്കാർക്ക് അപ്രാപ്യമാകുന്ന സാഹചര്യം തടയണം. വെള്ളപ്പൊക്കം, വരൾച്ച തുടങ്ങി കാലാവസ്ഥ വ്യതിയാനങ്ങളിൽ നിന്ന് കാർഷിക മേഖലക്ക് മുന്നറിയിപ്പും കരുതലും നൽകാനുള്ള സംവിധാനം വേണം. സംസ്ഥാനത്ത് ഭൂമി തരം മാറ്റം കൂടിവരുന്നുവെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. 2008ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, യഥാർത്ഥത്തിൽ നെൽവയൽ തണ്ണീർത്തട 'തീർക്കൽ' നിയമമായി മാറിയിരിക്കുന്നു. നിയമം വന്ന ശേഷം നെൽവയൽ നികത്തുന്നതിന്റെ തോത് വർധിക്കുകയാണ് ചെയ്തത്. എന്നാൽ മുന്ന് സെന്റ് സ്ഥലം വാങ്ങി വീടുവെക്കാൻ അനുമതി തേടി അപേക്ഷ നൽകി വർഷങ്ങളായി കാത്തിരിക്കുന്നവരുണ്ട്. ഇവർക്കായി പ്രത്യേക അദാലത്ത് നടത്തണം. കുറഞ്ഞ വിലക്കുള്ള മുദ്രപത്രം ലഭിക്കാത്ത സാഹചര്യമുണ്ട്. റവന്യു വകുപ്പിൽ തഹസിൽദാരുടെ നിയമനത്തിനായി കാത്തുകെട്ടി നിൽക്കുന്ന ഡപ്യൂട്ടി തഹസിൽദാർ ഏറെയാണ്. വകുപ്പിൽ സർവത്ര അഴിമതിയാണ്. അത് തടയാൻ സംവിധാനം ഒരുക്കണം. തിരൂർ സിവിൽ സ്റ്റേഷൻ ജീർണാവസ്ഥയിലാണ്. പഴക്കമുള്ള കെട്ടിടം ചോർന്നൊലിക്കുന്ന സാഹചര്യം. ഈ സാഹചര്യത്തിൽ പുതിയ റവന്യു ടവർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## വർധിപ്പിച്ച കെട്ടിടനികുതി പിൻവലിക്കണം: യു.എ ലത്തീഫ്

തിരുവനന്തപുരം: വിവിധ നികുതികളുടെയും ഫീസുകളുടെയും വർധന കാരണം സംസ്ഥാനത്ത് കെട്ടിട നിർമാണ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടി നിയമസഭയിൽ യു.എ ലത്തീഫിന്റെ ശ്രദ്ധക്ഷണിക്കൽ. ഉയർന്ന തോതിലുള്ള നികുതിയാണ് കെട്ടിട ഉടമകളിൽ നിന്നും ഈടാക്കി വരുന്നത്. എല്ലാ കെട്ടിട ഉടമകളും കുബേരന്മാരല്ല. കെട്ടിട ഉടമകളോട് സർക്കാർ കാട്ടുന്നത് കൊള്ളപ്പലിശക്കാർ ചെയ്യുന്നതിന് സമാനമായ ക്രൂരതയാണ്. എന്തിനാണ് ഇവരെ ഇങ്ങനെ ദ്രോഹിക്കുന്നത്. ഒരു മാനദണ്ഡവും കാഴ്ചപ്പാടും ഇല്ലാതെ വർധിപ്പിച്ച ഫീസും നികുതിയും ന്യായമായ തോതിൽ കുറച്ച് ഇവരെ സഹായിക്കണമെന്ന് കേരളത്തിലെ മുഴുവൻ കെട്ടിട ഉടമകൾക്ക് വേണ്ടി താൻ അഭ്യർത്ഥിക്കുകയാണ്. വർധിപ്പിച്ച കെട്ടിട നികുതി കുറക്കണം. അതോടൊപ്പം നിലവിലെ പ്രതിസന്ധി പരിഹരിക്കാൻ മാതൃകാവാടക നിയന്ത്രണ നിയമം കൊണ്ടുവരണമെന്നും ആവശ്യപ്പെട്ടു. എന്നാൽ കെട്ടിട നിർമാണ ഫീസ് പരിഷ്കരിച്ച് ഒരു കൊല്ലവും രണ്ടുമാസവും കഴിഞ്ഞ ശേഷമാണ് ഈ വിഷയത്തിൽ രോഷം കൊള്ളുന്നതെന്നായിരുന്നു മന്ത്രി രാജേഷിന്റെ മറുപടി. ഇത് വിചിത്രമായ കാര്യമാണ്. ഇത്രനാളും ഇക്കാര്യം ഉന്നയിക്കപ്പെട്ടിട്ടില്ല. പെട്ടെന്ന് ഈ വിഷയം കൊണ്ടുവരാനുള്ള എന്ത് വെളിപാടാണ് ഉണ്ടായതെന്നും മന്ത്രി ചോദിച്ചു. തദ്ദേശസ്ഥാപനങ്ങളുടെ കൂടി അഭ്യർത്ഥന പരിഗണിച്ചാണ് കാലാനുസൃതമായ പരിഷ്കരണം നടത്തിയത്. വരുമാനത്തിൽ നിന്ന് ചില്ലിക്കാഷ് സർക്കാർ ഖജനാവിലേക്ക് വരുന്നില്ല. ഇതെല്ലാം തദ്ദേശസ്ഥാപനങ്ങൾക്കു തന്നെയാണ്. വിശദമായ പഠനം നടത്തിയാണ് പരിഷ്കരണം നടത്തിയിട്ടുള്ളതെന്നും മന്ത്രി അവകാശപ്പെട്ടു. എന്നാൽ മന്ത്രി, നിയമസഭയെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും താൻ നേരത്തേ ഈ വിഷയം അവതരിപ്പിച്ചിട്ടില്ലെന്ന് പറയുന്നത് തെറ്റാണെന്നും ലത്തീഫ് തിരിച്ചടിച്ചു. ശ്രദ്ധക്ഷണിക്കൽ പ്രമേയത്തിൽ ഉന്നയിച്ച വിഷയത്തിനല്ല മന്ത്രി മറുപടി നൽകിയത്. വർധിപ്പിച്ച കെട്ടിടനികുതി പിൻവലിക്കണമെന്ന ആവശ്യത്തിൽ ഉറച്ചുനിൽക്കുന്നതായും അദ്ദേഹം പറഞ്ഞു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 25 ചൊവ്വ
ഗൾഫ് ചന്ദ്രിക

## സമസ്ത സ്ഥാപകദിനം നാളെ എസ്.വൈ.എസ് 65 കേന്ദ്രങ്ങളിൽ പൈതൃക സദസ്സ്

മലപ്പുറം: ഒരു നൂറ്റാണ്ടിനോടടുക്കുന്ന കേരളത്തിലെ ബഹുജന മുസ്‌ലിം സംഘടനയായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമായുടെ സ്ഥാപകദിനം വിപുലമായി ആചരിക്കാൻ എസ്.വൈ.എസ് ജില്ലാ സെക്രട്ടറിയേറ്റ് തീരുമാനിച്ചു.

സ്ഥാപകദിനത്തിന്റെ ഭാഗമായി 26ന് ജില്ലയിൽ 65 പഞ്ചായത്ത് കേന്ദ്രങ്ങളിൽ സ്മരണീയം പൈതൃക സദസ്സ് സംഘടിപ്പിക്കും. ഒരു മണിക്കൂർ നീണ്ട് നിൽക്കുന്ന സദസ്സിൽ പ്രവർത്തകർ പതാക ഉയർത്തിപ്പിടിച്ച് വലയമായി നിൽക്കും.

ദുആ, പ്രതിജ്ഞ, വിഷയാവതരണം എന്നിവ നടക്കും. യൂണിറ്റ് തലങ്ങളിൽ 1000 സിയാറത്തുകളും 1000 പതാക ഉയർത്തലും നടക്കും. പരിപാടിയുടെ ജില്ലാ തല ഉദ്ഘാടനം ഇന്ന് വൈകുന്നേരം നാല് മണിക്ക് പാണക്കാട് നടക്കും.

## മലിനീകരണ നിയന്ത്രണ ബോർഡിൽ അപ്രന്റിസ് നിയമനം

മലപ്പുറം:കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മലപ്പുറം ജില്ലാ കാര്യാലയത്തിൽ പോസ്റ്റ് ഗ്രാജുവേറ്റ് സയന്റിഫിക് അപ്രന്റീസുമാരെ തിരഞ്ഞെടുക്കുന്നു. 50 ശതമാനം മാർക്കോടെ കെമിസ്ട്രി/മൈക്രോ ബയോളജി/ എൻവയോൺമെന്റൽ സയൻസ് എന്നിവയിലുള്ള എം.എസ്.സി ബിരുദമാണ് യോഗ്യത. പ്രായപരിധി: 28 വയസ്സ്. ഒരു വർഷമാണ് പരിശീലനം. പ്രതിമാസം 10,000 രൂപ സ്റ്റൈപ്പന്റായി ലഭിക്കും. താൽപര്യമുള്ളവർക്കായി ജൂലൈ അഞ്ചിന് രാവിലെ 10.30 ന് മലപ്പുറം കുന്നുമ്മൽ പെരിന്തൽമണ്ണ റോഡിൽ പ്രവർത്തിക്കുന്ന ജില്ലാ കാര്യാലയത്തിൽ വെച്ച് കൂടിക്കാഴ്ച നടക്കും. ഉദ്യോഗാർഥികൾ ബന്ധപ്പെട്ട സർട്ടിഫിക്കറ്റുകൾ, മാർക്ക് ലിസ്റ്റുകൾ എന്നിവയുടെ അസ്സൽ, സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, മുൻപരിചയ രേഖകൾ (ഉണ്ടെങ്കിൽ) എന്നിവ സഹിതം ഹാജരാവണം. ബോർഡിൽ പോസ്റ്റ് ഗ്രാജുവേറ്റ് സയന്റിഫിക് അപ്രന്റീസായി മുൻകാലങ്ങളിൽ സേവനമനുഷ്ഠിച്ചിട്ടുള്ളവർ അപേക്ഷിക്കേണ്ടതില്ല. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0483 2733211.



# പ്ലസ്‌വൺ സീറ്റ് പ്രതിസന്ധി
# മലപ്പുറത്ത് വിദ്യാർഥി സംഘടനകളുടെ സമരമഴ

മലപ്പുറം: പ്ലസ്‌വൺ ക്ലാസ് ആരംഭിച്ച ഇന്നലെ ജില്ലയിലെ പ്ലസ്‌വൺ സീറ്റ് പ്രതിസന്ധിക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് വിദ്യാർഥി സംഘടനകളുടെ സമരപരമ്പര. ഭരണപക്ഷ വിദ്യാർഥി സംഘടനയായ എസ്.എഫ്.ഐയുടെ സമരനാടകം ഉൾപ്പടെ നാലു സമരങ്ങളാണ് മലപ്പുറം നഗരത്തിൽ ഇന്നലെ നടന്നത്.

എം.എസ്.എഫ് ഹരിത, കെ. എസ്.യു പ്രവർത്തകർ ആർ.ഡി.ഡി ഓഫിസിലേക്ക് സമരം നടത്തിയപ്പോൾ എസ്.എഫ്.ഐ കലക്ടറേറ്റിലേക്കാണ് മാർച്ച് നടത്തിയത്. ഫ്രറ്റേണിറ്റി മൂവ്മെന്റ് ദേശീയപാത ഉപരോധിച്ചു സമരമുഖത്ത് ഉറച്ചുനിന്നു. പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്ക് പരിഹാരം കാണമെന്നാവശ്യപ്പെട്ട് ഒരാഴ്ചയോളമായി എം.എസ്.എഫ് സമര മുഖത്തുണ്ട്.

ആർ.ഡി.ഡി ഓഫീസ് പൂട്ടിയിടൽ സമരവുമായാണ് എം. എസ്.എഫ് ജ്വലിച്ചു നിന്നത്. അനിശ്ചിത കാല സമരത്തിന്റെ അഞ്ചാം ദിവസമായ ഇന്നലെ ആർ.ഡി.ഡി ഓഫിസ് പൂട്ടിയിടാനെത്തിയ എം.എസ്.എഫ് ഹരിത പ്രവർത്തകരെ പൊലിസ് അറസ്റ്റ് ചെയ്ത് നീക്കുകയായിരുന്നു. എം.എസ്.എഫ് സമരത്തിന് പിന്നാലെ കെ.എസ്.യു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിലും ആർ.ഡി.ഡി ഓഫീസിലേക്ക് സമരം നടന്നു. ഓഫീസ് ഉപരോധത്തിൽ പൊലീസുമായി പ്രവർത്തകരും തമ്മിൽ ഉന്തും തള്ളുമുണ്ടായി. കെ.എസ്.യു ജില്ല പ്രസിഡന്റ് ഇ.കെ അൻഷിദ്, സംസ്ഥാന കൺവീനർ കെ.കെ.ബി ആദിൽ, ജില്ലാ വൈസ് പ്രസിഡന്റ്മാർ ഷമീർ കാസിം, നിയാസ് കോഡൂർ എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കി. ജില്ലയിൽ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കാതെ സമരത്തിന് വിരാമമില്ല എന്ന് കെ.എസ്.യു ജില്ലാ പ്രസിഡന്റ് ഇ.കെ അൻഷിദ് പറഞ്ഞു. നാളിതുവരെ ഇതുമായി ബന്ധപ്പെട്ട യാതൊരു സമരത്തിനും നേതൃത്വം നൽകാത്ത എസ്.എഫ്.ഐ പോലും സമരമുഖത്ത് എത്തിയത് ചർച്ചയായി. സമര നാടകമെന്നാണ് പല വാർത്താമാധ്യമങ്ങളും ഇതിനെ വിശേഷിപ്പിച്ചത്. ജില്ലയിൽ പുതിയ പ്ലസ് വൺ ബാച്ചുകൾ അനുവദിക്കുക, ചേരാൻ ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർഥികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പാക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചായിരുന്നു സമരം.

സംഘടനയുടെ കേന്ദ്ര കമ്മിറ്റിയംഗം ഇ അഫ്സൽ ഉദ്ഘാടനം ചെയ്ത പരിപാടി എസ്.എഫ്.ഐയുടെ പതിവ് സമരങ്ങളിൽ നിന്നും വിഭിന്നമായി മൗനജാഥ പോലെ സമാപിച്ചു. പ്ലസ് വൺ ക്ലാസുകൾ ആരംഭിച്ചിട്ടും ജില്ലയിലെ കാൽ ലക്ഷത്തിലധികം വിദ്യാർത്ഥികളെ സീറ്റില്ലാതെ പുറത്ത് നിർത്തുന്നതിൽ പ്രതിഷേധിച്ച് ഫ്രറ്റേണിറ്റി മൂവ്മെന്റ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദേശീയ പാത ഉപരോധിച്ചു. പാലക്കാട് -കോഴിക്കോട് റോഡിൽ കുന്നുമ്മലിലാണ് പ്രവർത്തകർ റോഡ് ഉപരോധിച്ചത്. ഉപരോധത്തിൽ ദീർഘനേരം ഗതാഗതം തടസ്സപ്പെട്ടു. ജില്ലാ വൈസ് പ്രസിഡന്റ് നിഷ്ല മമ്പാട് അടക്കമുള്ള 15ഓളം പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്തു നീക്കി. ഇവരെ പിന്നീട് ജാമ്യത്തിൽ വിട്ടു.



പ്ലസ്‌വൺ സീറ്റ് പ്രതിസന്ധിക്ക് പരിഹാരം കാണണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് ഹരിത പ്രവർത്തകർ ആർ.ഡി.ഡി ഓഫീസിലേക്ക് നടത്തിയ സമരത്തിൽ എം.എസ്.എഫ് സംസ്ഥാന വൈസ്പ്രസിഡന്റ് പി.എച്ച് ആയിശബാനുവിനെ അറസ്റ്റ് ചെയ്ത് നീക്കുന്ന പൊലീസ്



ജാമ്യത്തിലിറങ്ങിയ വി.എ വഹാബിനെ എം.എസ്.എഫ് നേതാക്കളുടെ നേതൃത്വത്തിൽ സ്വീകരിക്കുന്നു.

## വി.എ വഹാബിന് ജാമ്യം ലഭിച്ചു

മലപ്പുറം: സംസ്ഥാന സർക്കാറിന്റെ വിദ്യാഭ്യാസ അനീതിക്കെതിരെ സമരങ്ങളിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലടച്ച എം.എസ്.എഫ് ജില്ലാ ജനറൽ സെക്രട്ടറി വി.എ വഹാബിന് ജാമ്യം. മലപ്പുറം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയാണ് ജാമ്യം അനുവദിച്ചത്. 25000 രൂപയുടെ രണ്ടാൾ ജാമ്യത്തിലാണ് ജയിൽമോചനം. എം.എസ്.എഫിന് വേണ്ടി അഡ്വ. അഫീഫ് പറവത്താണ് കോടതിൽ ഹാജരായത്.

# ഹയർസെക്കന്ററി ക്ലാസുകൾ ആരംഭിച്ചു; 31461 വിദ്യാർഥികളെ പുറത്തിരുത്തി

മലപ്പുറം: ജില്ലയിൽ ഹയർസെക്കന്ററി പഠനത്തിന് അപേക്ഷിച്ച 31461 പേരെ പുറത്തിരുത്തി പ്ലസ് വൺ ക്ലാസുകൾ ആരംഭിച്ചു. പുതിയ പ്രതീക്ഷകളും സ്വപ്നങ്ങളുമായി അധ്യയന വർഷം തുടങ്ങേണ്ട വിദ്യാർഥികളാണ് പഠനമെങ്ങനെ തുടരുമെന്നറിയാതെ ആശങ്കയിൽ കഴിയുന്നത്. കൂടെ പഠിച്ചിരുന്നവർ പലരും സ്കൂളിലേക്ക് പോകുമ്പോഴും ഉന്നത വിജയം നേടിയിട്ടും പഠനം തുടരാൻ കഴിയാത്ത കുട്ടികൾ കടുത്ത മനോവിഷമത്തിലാണെന്നാണ് രക്ഷിതാക്കൾ പറയുന്നത്.

മലപ്പുറം ജില്ലയിൽ നിന്നും ഹയർസെക്കന്ററി പഠനത്തിന് അപേക്ഷ നൽകിയിരുന്നത് 82425 വിദ്യാർഥികളായിരുന്നു. എന്നാൽ മുഖ്യ അലോട്ട്മെന്റുകൾ കഴിഞ്ഞപ്പോൾ 50964 പേർ മാത്രമാണ് പ്രവേശനം നേടിയത്. അവശേഷിക്കുന്ന മാനേജ്മെന്റ്, കമ്മ്യൂണിറ്റി, സ്പോർട്സ് ക്വാട്ടകളിൽ വിദ്യാർഥികൾ പ്രവേശനം നേടിയാലും ഇരുപതിനായിരത്തിലധികം പേർ പുറത്തിരിക്കേണ്ടി വരും.

നിലവിൽ അഡ്മിഷൻ ലഭിച്ചവരിൽ തന്നെ പലരും ഇഷ്ടപ്പെട്ട സ്കൂളിലോ കോഴ്സ് കോമ്പിനേഷനോ അല്ല പഠിക്കുന്നത്. ആദ്യ രണ്ട് ഘട്ടങ്ങളിലും സീറ്റ് അനുവദിച്ച വിദ്യാർഥികളിൽ പകുതിയോളംപേരും താത്കാലികമായായിരുന്നു പ്രവേശനം നേടിയിരുന്നത്. എന്നാൽ മൂന്നാംഘട്ടത്തിൽ താത്കാലിക പ്രവേശനത്തിന് സാധ്യതയില്ലാത്തതിനാൽ ലഭിച്ച സീറ്റിൽ പഠനം തുടങ്ങേണ്ട ദുരസ്ഥിതിയിലാണ് വിദ്യാർഥികൾ.

അതേസമയം ജില്ലയിലെ ക്ലാസ് മുറികൾ തിങ്ങി നിറഞ്ഞ അവസ്ഥയാണ്. 65 കുട്ടികളാണ് മിക്ക ക്ലാസുകളിലും ഇരിക്കുന്നത്. 50 വിദ്യാർഥികൾക്ക് ഇരിക്കാൻ കഴിയുന്ന ക്ലാസ് മുറികളാണ് ഹയർസെക്കന്ററി സ്കൂളുകളിലേത്. എന്നാൽ മാർജിനൽ സീറ്റ് വർധനവ് ഉൾപ്പെടെ 65 സീറ്റുകളിലേക്കാണ് കുട്ടികളെ പ്രവേശിപ്പിക്കുന്നത്. കൂടുതൽ ബെഞ്ചുകൾ ഇട്ട് വിദ്യാർഥികളെ കുത്തിനിറച്ച ക്ലാസുകളിൽ പഠിപ്പിക്കാൻ അധ്യാപകർ വിയർക്കേണ്ടിവരും. ഇത് സംസ്ഥാനത്തെ വിദ്യാഭ്യാസ നിലവാരത്തെ ബാധിക്കുമെന്നും വിജയശതമാനത്തിൽ വലിയ ഇടിവ് വന്നേക്കുമെന്നാണ് ബന്ധപ്പെട്ടവർ പറയുന്നത്.

ഹയർസെക്കന്ററി ഫലത്തിലെ ഇടിവ് കുത്തിനിറച്ച ക്ലാസ് മുറികളുടെയും അസൗകര്യങ്ങളുടെയും തുടർച്ചയാണെന്നാണ് അധ്യാപകർ പറയുന്നത്.

ജില്ലയിലെ 11 നിയമസഭ മണ്ഡലങ്ങളിലായി 20 ഗവൺമെന്റ് ഹൈസ്കൂളുകളുണ്ടെന്നും അവ ഹയർസെക്കന്ററിയായി അപ്ഗ്രേഡ് ചെയ്താൽ പ്രശ്നങ്ങൾക്ക് വലിയൊരളവു വരെ പരിഹാരമുണ്ടാകുമെന്നുമാണ് വിദ്യാർഥി സംഘടനകൾ പറയുന്നത്. ജില്ലയിലും മലബാർ മേഖലയിലും ഇത്രയും ഗുരുതരമായ വിദ്യാഭ്യാസ പ്രതിസന്ധിയുണ്ടെന്നിരിക്കെ മേഖലയിൽ മതിയായ സീറ്റുകൾ ലഭ്യമാണെന്ന കള്ളക്കണക്ക് ആവർത്തിക്കുകയാണ് വകുപ്പ് മന്ത്രി. എന്നാൽ ഇതിനെതിരെ പ്രതിഷേധം കടുപ്പിച്ചിരിക്കുകയാണ് പ്രതിപക്ഷ വിദ്യാർഥി സംഘടനകൾ.

എം.എസ്.എഫ് പ്രവർത്തകർ തുടർച്ചയായ അഞ്ചാം ദിവസവും മലപ്പുറം ആർ.ഡി.ഡി ഓഫീസ് പൂട്ടിയിട്ടു. സമരത്തെ അടിച്ചമർത്താനും കേസെടുത്ത് പരാജയപ്പെടുത്താനുമാണ് സർക്കാർ ശ്രമം. നിരന്തര സമരത്തെ തുടർന്ന് ഇടതുപക്ഷ വിദ്യാർഥി സംഘടനക്കും സമരത്തിനിറങ്ങേണ്ട സാഹചര്യമാണ് ജില്ലയിലുള്ളത്. ഇന്നലെ മലപ്പുറം കലക്ടറേറ്റിലേക്ക് എസ്.എഫ്.ഐ മാർച്ച് നടത്തിയിരുന്നു.

# അറവങ്കരയിൽ ജ്വല്ലറി ഉടമയുടെ പണം കവർന്ന കേസിൽ രണ്ടു പ്രതികൾ കൂടി അറസ്റ്റിൽ

മഞ്ചേരി:തമിഴ്നാട് സ്വദേശിയായ ജ്വല്ലറി ഉടമയിൽ നിന്നും മലപ്പുറം പൂക്കോട്ടൂർ അറവങ്കരയിൽ വെച്ച് പണം കവർന്ന കേസിൽ രണ്ടു പേരെ കൂടി മഞ്ചേരി പൊലീസ് അറസ്റ്റു ചെയ്തു. കണ്ണൂർ തില്ലങ്കേരി വട്ടപ്പറമ്പ് കാരിയിൽ കൃഷ്ണകൃപ എം രതീഷ്(30), കണ്ണൂർ തില്ലങ്കേരി ഉള്ളിയിൽ കിഴക്കോട് കെ.കെ.വരുൺ(30) എന്നിവരെയാണ് തില്ലങ്കേരിയിൽ നിന്നും അറസ്റ്റു ചെയ്തത്.

ഈ കേസുമായി ബന്ധപ്പെട്ട് കോഴിക്കോട് കക്കോടി മക്കട പുത്തലത്ത് കുഴിയിൽ അജ്മൽ (47), കോഴിക്കോട് ഒറ്റതെങ്ങ് മക്കട വാക്കേടത്ത് മീത്തൽ ജിഷ്ണു(24), എലത്തൂർ പുതിയ നിരത്ത് ഇ.കെ.ഷിജു(47), ഇവരെ രക്ഷപ്പെടാൻ സഹായിച്ച കണ്ണൂർ കേളംപീടിക കിളിയത്തറ കുന്നോത്ത് കുടുംബിൽ ജിഷ്ണു(24), തൃശൂർ കോടാലി ചേമ്പിച്ചിറ പട്ടിക്കാടൻ സുജിത് (37) എന്നിവരെ നേരത്തെ അറസ്റ്റു ചെയ്തിരുന്നു. മധുരയിലെ കാമരാജൻ സാലെയിലെ ജ്വല്ലറി ഉടമയായ ആർ.ബാലസുബ്രമഹ്ണ്യൻ മലപ്പുറം ജില്ലാ പൊലീസ് മേധാവിക്കു നൽകിയ പരാതിയാണ് വൻകവർച്ചാ സംഘത്തെ വലയിലാക്കിയത്.



അറസ്റ്റിലായ രതീഷ്, വരുൺ

കഴിഞ്ഞ മാർച്ച് 16ന് പുലർച്ചെ 5.12നാണ് കേസിനാസ്പദമായ സംഭവം നടന്നത്. ജ്വല്ലറിയിലേക്ക് സ്വർണം വാങ്ങുവാനായി ബാലസുബ്രഹ്മണ്യം പൂക്കോട്ടൂർ അറവങ്കരയിൽ ടൂറിസ്റ്റ് ബസിലെത്തിയപ്പോൾ കണ്ണൂർ സ്വദേശികളായ നാലംഗ സംഘം കവർച്ച നടത്തുകയായിരുന്നു. തമിഴ്നാട് സ്വദേശികൾ സ്വർണം വാങ്ങാൻ ടൂറിസ്റ്റ് ബസിൽ 19,50,000 രൂപയുമായി വരുന്നുണ്ട് എന്ന് പ്രതികളിലൊരാളായ അജ്മലിന് വിവരം കിട്ടിയിരുന്നു. അജ്മൽ ഈ കാര്യം ജിഷ്ണുമായി ആലോചിച്ചു.

ജിഷ്ണു ഷിജു മുഖേന കണ്ണൂരിൽ നിന്നും നാല് പ്രതികളെ പരിചയപ്പെടുത്തി കൊടുത്തു. ഇവരാണ് പണം തട്ടിയെടുത്തത്. കവർച്ച നടത്തിയവരെ രക്ഷപ്പെടുത്താൻ സഹായിച്ച രണ്ടുപേരെയാണ് പൊലീസ് ആദ്യം അറസ്റ്റു ചെയ്തത്.

ഇവരിൽ നിന്നുള്ള വിവരം അനുസരിച്ചാണ് ഇന്നോവ കാർ പൊലീസ് പിടിച്ചെടുത്തത്. കാർ കോടതിയിൽ ഹാജരാക്കുകയും ചെയ്തിരുന്നു. തുടർന്നാണ് മറ്റു പ്രതികളെയും പിടികൂടാനായത്. ഈ കേസിൽ മൂന്ന് പ്രതികൾ കൂടി പിടിയിലാകാനുണ്ടെന്ന് അന്വേഷണ ഉദ്യോഗസ്ഥർ അറിയിച്ചു.

ജില്ലാ പൊലീസ് മേധാവി എസ്. ശശീധരന്റെയും മലപ്പുറം ഡി.വൈ.എസ്.പി ടി മനോജിന്റെയും നിർദ്ദേശപ്രകാരം മഞ്ചേരി പൊലീസ് ഇൻസ്പെക്ടർ കെ.എം ബിനീഷിന്റെ നേതൃത്വത്തിൽ എസ്.ഐ ബെന്നിപോളാണ് പ്രതികളെ പിടികൂടിയത്.അന്വേഷണ സംഘത്തിൽ സീനിയർ സിവിൽ പൊലീസ് ഓഫീസർ അനീഷ് ചാക്കോ, റിയാസ്, സ്ക്വാഡ് അംഗങ്ങളായ ഐ.കെ ദിനേശ്, മുഹമ്മദ് സലീം, കെ.കെ ജസീർ, ഷഹേഷ് രവീന്ദ്രൻ, ശിഫ്ന, കൃഷ്ണദാസ് എന്നിവരും ഉണ്ടായിരുന്നു.

## സഹകരണ ബാങ്ക് പ്രസിഡന്റുമാരുടെ യോഗം ഇന്ന്

മലപ്പുറം: യു.ഡി.എഫ് ഭരിക്കുന്ന ജില്ലയിലെ സഹകരണ ബാങ്ക് പ്രസിഡന്റുമാരുടെ യോഗം ഇന്ന് വൈകുന്നേരം നാല് മണിക്ക് മലപ്പുറം ഡി.സി.സി ഓഫീസിൽ ചേരും.

## മിന്നൽ പരിശോധന നടത്തി

മലപ്പുറം: മാലിന്യ മുക്ത നവകേരളം ക്യാംപെയിനിന്റെ ഭാഗമായി ജില്ലാ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് സ്ക്വാഡിന്റെ നേതൃത്വത്തിൽ വെളിയങ്കോട് ഗ്രാമ പഞ്ചായത്ത് പരിധിയിലെ ഓഡിറ്റോറിയങ്ങൾ, മത്സ്യ മാർക്കറ്റ് എന്നിവിടങ്ങളിൽ മിന്നൽ പരിശോധന നടത്തി.

സ്ക്വാഡ് ലീഡർ രാജൻ പത്തൂർ, പഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ചെന്താമരാക്ഷൻ, ഹെൽത്ത് ഇൻസ്പെക്ടർ ജാഫർ, ക്ലർക്ക് ഉമേഷ് എന്നിവരുടെ നേതൃത്വത്തിലായിരുന്നു പരിശോധന.





കെ.എ.ടി.എഫ് ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച നേതൃക്യാമ്പ് ടി.വി ഇബ്രാഹീം എം.എൽ.എ ഉദ്ഘാടനം ചെയ്യുന്നു

## വിദ്യാഭ്യാസ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണണം: ടി.വി ഇബ്രാഹീം

കൊണ്ടോട്ടി : വിദ്യാഭ്യാസ മേഖലയിൽ ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് ഉടൻ പരിഹാരം കാണണമെന്നും ഒരു അധ്യയന വർഷത്തിന്റെ തുടക്കത്തിൽ തന്നെ അശാസ്ത്രീയമായ രീതിയിൽ അക്കാദമിക കലണ്ടറിൽ മാറ്റം വരുത്തി അധ്യാപകരെ സമരമുഖത്ത് എത്തിച്ച് വിദ്യാഭ്യാസ മേഖല കലുഷിതമാക്കരുതെന്നും ടി.വി ഇബ്രാഹീം എം.എൽ.എ ആവശ്യപ്പെട്ടു. മിനി ഊട്ടിയിൽ കെ.എ.ടി.എഫ് മലപ്പുറം ജില്ലാ കമ്മിറ്റി സംഘടിപ്പിച്ച ലീഡേഴ്സ് മീറ്റ് റിവൈവ് 24 ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ജില്ലാ പ്രസിഡന്റ് എ.പി അബ്ദുൽ അലി അധ്യക്ഷനായി. സംസ്ഥാന പ്രസിഡന്റ് ടി.പി അബ്ദുൽ ഹഖ് മുഖ്യപ്രഭാഷണം നടത്തി. സി.എച്ച് ഫാറൂഖ്, ജില്ലാ ജനറൽ സെക്രട്ടറി എം.പി ഫസൽ സംസ്ഥാന ഭാരവാഹികളായ മൻസൂർ മാടമ്പാട്ട്, ടി.പി അബ്ദുറഹീം, സി മുഹമ്മദ് മാനു, സി മുഹമ്മദ് സജീബ്, എ മുഹമ്മദ് അഷ്റഫ്, കെ.എം ഹസൻ, കെ നജ്മുന്നിസ, പി സുലൈഖ, ജില്ലാ ട്രഷറർ ജാഫർ സാദിഖ്, ശബീർ മുള്ളമ്പാറ പ്രസംഗിച്ചു. സർവീസിൽ നിന്നും വിരമിച്ച അധ്യാപകരേയും കെ.എ.ടി.എഫ് സംസ്ഥാന ഫുട്ബോൾ ജേതാക്കളെയും ചടങ്ങിൽ ആദരിച്ചു.

ഇന്റർനാഷണൽ ട്രെയിനർ ചന്ദ്രൻ നായർ ക്ലാസെടുത്തു. ടി ഉമ്മർ, ഇസ്ഹാഖ് കാരാട്ട്, കെ.എ അനീസ്, കെ.എം സിദ്ദീഖ്, മുനീർ താനാളൂർ, ബുഷ്റ താനൂർ, പി.കെ സിയാദ് എന്നിവർ കരട് അവതരണം നടത്തി. പാനൽ ഡിസ്കഷന് കെ.വി മുഹമ്മദ് പൊന്നാനി, പി.കെ അബ്ദുൽ ഹകീം, എം അബ്ദുല്ല, അൻവർ സാദത്ത് നേതൃത്വം നൽകി.

എൻ.ടി ഹമീദലി, പി.സി ഹലിം, ടി.ടി ഷഫീഖ്, പി നൂർജഹാൻ, പി മുഹമ്മദ് ശരീഫ്, ശിഹാബ് എടക്കാട് പദ്ധതി അവതരണം നടത്തി. ജില്ലാ ഓർഗനൈസിങ് സെക്രട്ടറി ലത്തീഫ് മംഗലശ്ശേരി ക്രോഡീകരണം നടത്തി. സംസ്ഥാന ഭാരവാഹികളായ മുഹമ്മദലി മിശ്കാത്തി, നൗഷാദ് കോപ്പിലാൻ, ടി.സി അബ്ദുൽ ലത്തീഫ്, ജില്ലാ സെക്രട്ടറി കെ.എം ഷാഫി എന്നിവർ സമാപന സെഷനിൽ പ്രസംഗിച്ചു.





കാലിക്കറ്റ് സർവകലാശാല യൂണിയൻ ജനറൽ സെക്രട്ടറി പി മുഹമ്മദ് സഫ്‌വാൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുന്നു


## മസ്റ്ററിങ് നടത്തണം

മലപ്പുറം:കേരള ബിൽഡിങ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിൽ നിന്നും പെൻഷൻ ലഭിച്ചു കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾ ജൂൺ 25 മുതൽ ആഗസ്റ്റ് 25 വരെയുള്ള കാലയളവിനുള്ളിൽ അക്ഷയ കേന്ദ്രങ്ങൾ മുഖേന ബയോമെട്രിക് മസ്റ്ററിങ് നടത്തേണ്ടതാണെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് ഫോൺ: 0483 2738452.

## പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ യുവാവ് റിമാന്റിൽ

പരപ്പനങ്ങാടി: പ്രായപൂർത്തിയാവാത്ത പെൺകുട്ടിയെ മാനഭംഗപ്പെടുത്താൻ ശ്രമിച്ച കേസിൽ പോക്സൊ നിയമപ്രകാരം ചെട്ടിപ്പടി അത്താണിയിലെ ജിത്തു എന്ന അച്ചു (24)നെ പരപ്പനങ്ങാടി പൊലീസ് അറസ്റ്റ് ചെയ്തു. പെൺകുട്ടിയുടെ ബന്ധുക്കൾ നൽകിയ പരാതിയിലാണ് യുവാവ് അറസ്റ്റിലായത്.

കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാന്റ് ചെയ്തു. ബന്ധുവീട്ടിലായിരുന്നു കുട്ടി താമസിച്ചു വന്നിരുന്നത്. വീട്ടിൽ ആരുമില്ലാത്ത സമയങ്ങളിലാണ് പ്രതി കുട്ടിയെ ഉപദ്രവിച്ചത്. പ്രതിയുടെ ഭീഷണി കാരണം കുട്ടി ഒരിക്കൽ ആത്മഹത്യാ ശ്രമം നടത്തിയിരുന്നതായി ബന്ധുക്കൾ പറഞ്ഞു.



ജിത്തൂ എന്ന അച്ചു



## പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രം തുറക്കുന്നതിന് നടപടി

തിരുവനന്തപുരം: സാങ്കേതിക പ്രശ്നങ്ങൾ പരിഹരിച്ച് പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രം പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചു വരികയാണെന്ന് ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ. ബിന്ദു. നിയമസഭയിൽ കെ.പി.എ മജീദിന്റെ സബ്മിഷന് മറുപടി നൽകുകയായിരുന്നു മന്ത്രി.

പ്ലാനറ്റേറിയവും ഗാലറിയുമടങ്ങിയ പ്രധാന കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി മ്യൂസിയത്തിന് കൈമാറിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു. നടപ്പ് സാമ്പത്തിക വർഷത്തിൽ പരപ്പനങ്ങാടി മേഖലാ ശാസ്ത്ര കേന്ദ്രത്തിലെ ചുറ്റുമതിൽ പൂർത്തീകരിക്കുവാനും ശാസ്ത്ര കേന്ദ്രത്തിൽ ഒരു പോപ്പുലർ സയൻസ് ഗാലറി സ്ഥാപിക്കാനുമായി 190 ലക്ഷം രൂപയുടെ പ്രൊപ്പോസലുകൾക്ക് വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ഭരണാനുമതി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ശാസ്ത്ര കേന്ദ്രത്തിൽ വൈദ്യുതിയും കുടിവെള്ളവും അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി വിശദീകരിച്ചു. കെട്ടിട നിർമാണം 90 ശതമാനം പൂർത്തീകരിച്ചെങ്കിലും തുടർ പ്രവർത്തനങ്ങൾ നിശ്ചലമാണെന്ന് സബ്മിഷൻ അവതരിപ്പിച്ചുകൊണ്ട് കെ.പി.എ മജീദ് ചൂണ്ടിക്കാട്ടി. ഇത് സംബന്ധിച്ച് രണ്ട് തവണ ഉന്നതല യോഗം ചേർന്നെങ്കിലും തുടർ നടപടികൾ ഉണ്ടായില്ലെന്നത് നിർഭാഗ്യകരമാണെന്ന് പറഞ്ഞ അദ്ദേഹം, എത്രയും വേഗം ശാസ്ത്ര കേന്ദ്രം തുറക്കണമെന്നും ആവശ്യപ്പെട്ടു.

## ശക്തമായ മഴക്ക് സാധ്യത; ജില്ലയിൽ ഇന്ന് മഞ്ഞ അലർട്ട്

പാലക്കാട്: കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ഇന്ന് ജില്ലയിൽ മഞ്ഞ അലർട്ട് പുറപ്പെടുവിച്ചു. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യതയാണ് പ്രവചിരിക്കുന്നത്. 24 മണിക്കൂറിൽ 64.5 മില്ലിമീറ്ററിൽ മുതൽ 115.5 മില്ലിമീറ്റർ വരെ മഴ ലഭിക്കുന്ന സാഹചര്യത്തെയാണ് ശക്തമായ മഴ എന്നത് കൊണ്ട് അർത്ഥമാക്കുന്നത്.
കുറഞ്ഞ സമയം കൊണ്ട് വലിയ മഴയുണ്ടാകുന്ന രീതിയാണ് പ്രതീക്ഷിക്കുന്നത്. അത് മലവെള്ളപ്പാച്ചിലും മിന്നൽ പ്രളയങ്ങളും സൃഷ്ടിച്ചേക്കാം. നഗരപ്രദേശങ്ങളിലും പൊതുവെ താഴ്ന്ന പ്രദേശങ്ങളിലും വെള്ളക്കെട്ട് രൂപപ്പെടാനും സാധ്യതയുണ്ട്. മഴ തുടരുന്ന സാഹചര്യം മണ്ണിടിച്ചിലും ഉരുൾപൊട്ടലും സൃഷ്ടിച്ചേക്കാം.



നിര്യാതനായ സമസ്ത ജില്ലാ മുശാവറ അംഗം കർക്കിടാംകുന്ന് കുളപ്പറമ്പിലെ വരവത്ത് കരീം മുസ്‌ലിയാരുടെ വസതിയിൽ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങളെത്തിയപ്പോൾ

പാലക്കാട് വാർത്തകൾ



മലബാറിലെ പ്ലസ്‌വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പൊതുവിദ്യാഭ്യാസ ഉപഡയറക്ടറെ ഉപരോധിച്ചപ്പോൾ

### മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി

## എം.എസ്.എഫ് പൊതുവിദ്യാഭ്യാസ ഉപഡയറക്ടറെ ഉപരോധിച്ചു

പാലക്കാട്: മലബാറിലെ പ്ലസ് വൺ സീറ്റ് പ്രതിസന്ധി പരിഹരിക്കണമെന്നാവശ്യപ്പെട്ട് എം.എസ്.എഫ് ജില്ലാ കമ്മിറ്റി പൊതുവിദ്യാഭ്യാസ ഉപഡയറക്ടറെ ഉപരോധിച്ചു. ക്ലാസുകൾ തുടങ്ങിയ സാഹചര്യത്തിൽ ജില്ലയിൽ മാത്രം 17000 വിദ്യാർഥികളാണ് സീറ്റ് ലഭിക്കാതെ പുറത്തുനിൽക്കുന്നത്. പ്രശ്നം കണ്ടില്ലെന്ന് നടിച്ച് സമരക്കാരെ പരിഹസിക്കുന്ന നിലപാടാണ് വകുപ്പ് മന്ത്രിക്കും സർക്കാരിനുമുള്ളത്. നടപടിയില്ലെങ്കിൽ വരും ദിവസങ്ങളിലും സമരം ശക്തമാക്കുമെന്ന് നേതാക്കൾ അറിയിച്ചു. ഉപരോധത്തെ തുടർന്ന് നേതാക്കളെ പൊലീസ് അറസ്റ്റ് ചെയ്ത് നീക്കി. എം.എസ്.എഫ് ദേശീയ വൈസ് പ്രസിഡന്റ് എം.ടി അസ്‌ലം, ജില്ലാ പ്രസിഡന്റ് കെ.യു ഹംസ, ജനറൽസെക്രട്ടറി പി.കെ.എം ഷഫീഖ്, ഭാരവാഹികളായ റാഷിഖ് കൊങ്ങത്ത്, എം.ടി ഹക്കീം, വസീം മാലിക്ക്, ഫാസിൽ എന്നിവരെയാണ് അറസ്റ്റ് ചെയ്ത് നീക്കിയത്. പിന്നീട് ജാമ്യത്തിൽ വിട്ടയച്ചു.

## അട്ടപ്പാടിയിൽ ജീപ്പും സ്കൂട്ടറും തകർന്നു

# മരം പൊട്ടി വീണ് രണ്ട് പേർക്ക് പരിക്ക്

പാലക്കാട്: ഓടിക്കൊണ്ടിരുന്ന സ്കൂട്ടിയുടെ മുകളിലേക്ക് മരം പൊട്ടി വീണ് രണ്ടുപേർക്ക് പരിക്കേറ്റു. അട്ടപ്പാടി വയലൂർ സ്വദേശി ജോയ് (45) ഷോളയൂർ സ്വദേശി ജിജോ 35 എന്നിവർക്കാണ് പരിക്കേറ്റത്. പരിക്കേറ്റ ഇരുവരും കോട്ടത്തറ സ്പെഷ്യലിറ്റി ആശുപത്രിയിൽ ചികിത്സ തേടി. ഇന്നലെ ഉച്ചയ്ക്ക് ഒരുമണിയോടെയായിരുന്നു സംഭവം. ഷോളയൂരിൽ നിന്ന് അഗളിയിലേക്ക് വരുംവഴി ചിറ്റൂർ ഭാഗത്താണ് അപകടമുണ്ടായത്. ഇന്നലെ രാവിലെ 7.30 ഓടെ മുക്കാലിയിൽ ജീപ്പിനു മുകളിലേക്ക് മരം മറിഞ്ഞ് ജീപ്പിന്റെ ബോണറ്റ് തകർന്നു. ഭാഗ്യകൊണ്ട് ആളപായം ഒഴിവായി. പതിനെട്ടു മണിക്കൂറിനിടെ മൂന്നുസ്ഥലത്താണ് അട്ടപ്പാടിയിൽ ഓടിക്കൊണ്ടിരിക്കുന്ന വാഹനങ്ങൾക്ക് മുകളിലേക്ക് മരംവീഴുന്നത്. സ്കൂട്ടിയുടെ മുകളിൽ മരം പൊട്ടി വീണ സ്ഥലത്തിന് സമീപം ശിർവാണിപ്പുഴയോരത്ത് കുളികടവിനോട് ചേർന്ന് ഏതുസമയവും നിലംപൊത്താവുന്ന രീതിയിൽ നിൽക്കുന്ന ഉണക്കമരം ഉടൻ മുറിച്ചു മാറ്റണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു. സമീപത്ത് ചുണ്ടുകുളം പ്രദേശത്തും അപകട ഭീതി വരുത്തി റോഡിനു മുകൾഭാഗത്ത് മരങ്ങൾ നിൽക്കുന്നുണ്ട്. അട്ടപ്പാടി അണക്കെട്ടിനു വേണ്ടി അക്വയർ ചെയ്ത സ്ഥലങ്ങളിൽ അപകട ഭീഷണി ഉയർത്തി റോഡരികിൽ വൻമരങ്ങൾ നിൽക്കുന്നുണ്ട്. അപകടങ്ങൾ തുടർച്ചയായിട്ടും റോഡരികിലെ മരങ്ങൾ മുറിച്ചുമാറ്റി സുരക്ഷ ഉറപ്പാക്കാൻ അധികൃതർ ഇനിയും തയ്യാറായിട്ടില്ലന്ന് നാട്ടുകാർ ചൂണ്ടിക്കാട്ടി.




അട്ടപ്പാടി ചുരം റോഡിൽ ജീപ്പിന് മുകളിലേക്ക് മരം പൊട്ടിവീണപ്പോൾ



നെല്ലിയാമ്പതി ചുരം റോഡിൽ കടപുഴകി വീണ മരം മുറിച്ചു മാറ്റുന്നു

## ചിറ്റൂരിൽ മരക്കൊമ്പ് മുറിച്ച് മാറ്റി

ചിറ്റൂർ: ഗവ. കോളജ് ബസ് കാത്തിരിപ്പ് കേന്ദ്രത്തിനു സമീപം മരത്തിന്റെ ക്കൊമ്പ് പൊട്ടി തൂങ്ങി കിടന്നത് മുറിച്ചുനീക്കി. പൊതുമരാമത്ത് ജീവനക്കാർ എത്തിയാണ് ഇന്നലെ രാവിലെ മരം മുറിച്ചുനിക്കിയത്. സുരക്ഷാ നടപടിയുടെ ഭാഗമായി വൈദ്യുതി വകുപ്പ് ജീവനക്കാരെത്തി ലൈനിൽ വൈദ്യുതി വിതരണം നിർത്തിയ ശേഷമാണ് മരം മുറിച്ചു മാറ്റിയത്. കഴിഞ്ഞ പത്തുദിവസത്തിലധികമായി മരക്കൊമ്പ് തൂങ്ങി കിടന്നത് ഇതുവഴി യാത്രക്കാർക്കും , കാത്തിരുപ്പ് കേന്ദ്രത്തിലെത്തുന്നവർക്കും അപകട ഭീഷണിയായിരിക്കുന്നതായി വ്യാപക പരാതി ഉയർന്നിരുന്നു.



ധോണിയിലെ വന്യജീവി ആരോഗ്യ കേന്ദ്രത്തിൽ ചികിത്സയിൽ കഴിയുന്ന പുള്ളിപ്പുലി

## പുള്ളിപ്പുലിയുടെ ആരോഗ്യനില മെച്ചപ്പെട്ടു

പാലക്കാട്: അട്ടപ്പാടി വട്ടലക്കി ഭാഗത്ത് നിന്നും ഈ മാസം പത്തിന് അവശനിലയിൽ കണ്ടെത്തിയതിന് തുടർന്ന് പിടികൂടി ധോണിയിൽ കഴിയുന്ന പുള്ളിപ്പുലിയുടെ ആരോഗ്യനില മെച്ചപ്പെട്ടു. അസിസ്റ്റന്റ് ഫോറസ്റ്റ് വെറ്റിനറി സർജൻ ഡോക്ടർ ഡേവിഡ് എബ്രഹാമിന്റെ നേതൃത്വത്തിൽ നടന്ന പരിശോധനയിൽ കടുവയുടെ ആക്രമണത്തിൽ പുലിയുടെ കഴുത്തിൽ പരിക്ക് കണ്ടെത്തിയിരുന്നു. തുടർന്ന് മണ്ണുത്തി വെറ്റിനറി സർവകലാശാലയിൽ നിന്നും ഡോക്ടർമാരുടെ വിദഗ്ധ സംഘം എത്തി പുലിയെ പരിശോധിച്ചു. ഇതിനെ തുടർന്നാണ് വിദഗ്ധ ചികിത്സക്കായി 15ന് ധോണിയിലെ വന്യജീവി ആരോഗ്യ കേന്ദ്രത്തിലേക്ക് മാറ്റിയത്. നിലവിൽ പുലിയുടെ ആരോഗ്യനില മെച്ചപ്പെട്ടു വരുന്നു. കഴുത്തിലെ മുറിവ് ഉണങ്ങിയിട്ടുണ്ട്. കഴുത്ത് പൊക്കാൻ തുടങ്ങിയിട്ടുണ്ട്. കൂടുതൽ പരിശോധന നടത്തി പുലിയെ കാട്ടിലേക്ക് വിടുന്ന കാര്യത്തിൽ തീരുമാനം എടുക്കുമെന്ന് പാലക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ അറിയിച്ചു.

## പൊലീസ് സ്റ്റേഷന് നേരെ ആക്രമണം; യുവാക്കൾ അറസ്റ്റിൽ

ഒറ്റപ്പാലം:അർധരാത്രിയിൽ മങ്കര പൊലീസ് സ്റ്റേഷന് നേരെ യുവാക്കളുടെ ആക്രമണം. ബൈക്കിലെത്തിയ സംഘം പൊലീസ് സ്റ്റേഷന്റെ ജനൽചില്ല് എറിഞ്ഞ് തകർത്തു. സംഭവത്തിൽ മണ്ണൂർ നഗരിപ്പുറം വെള്ളരംകുന്നിൽ അനിൽകുമാർ(27), നഗരിപ്പുറം മന്ദത്തുംകാട്ടിൽ മണികണ്ഠൻ എന്നിവരെ പൊലീസ് അറസ്റ്റ് ചെയ്തു. മങ്കര പൊലീസ് സ്റ്റേഷന്റെ മുൻവശത്തെ ജനൽചില്ലാണ് ബൈക്കിലെത്തിയ രണ്ടംഗസംഘം കല്ലെറിഞ്ഞ് തകർത്തത്. ഞായറാഴ്ച അർധരാത്രി 12.30 ഓടെയായിരുന്നു സംഭവം. ഞായറാഴ്ച രാത്രി 11മണിയോടെ നഗരിപ്പുറത്തെ തട്ടുകട ഉടമയുമായി വാക്ക് തർക്കവും കയ്യാങ്കളിയുമുണ്ടായി. തുടർന്ന് കടയുടമ പൊലീസിന്റെ സഹായം തേടി. പൊലീസെത്തി പ്രശ്നത്തിൽ ഇടപെടുകയും യുവാക്കളോട് സംസാരിച്ച് ഇവരെ പറഞ്ഞ് വിടുകയും ചെയ്തു. തുടർന്നാണ് രാത്രിയിലെത്തി ഇവർ സ്റ്റേഷന് നേരെ അക്രമണം നടത്തി ബൈക്കിൽ തന്നെ രക്ഷപ്പെട്ടത്. തുടർന്ന് പൊലീസ് സി.സി.ടി.വി ദൃശ്യങ്ങൾ പരിശോധിച്ച് വീടുകളിലെത്തി ഇവരെ പിടികൂടുകയായിരുന്നു. പൊതുമുതൽ നശിപ്പിച്ചതിനെതിരെയാണ് ഇരുവർക്കുമെതിരെ പൊലീസ് കേസെടുത്തിട്ടുള്ളത്.



പ്രതിഭകളെതേടി ജില്ലാ പഞ്ചായത്ത് മെമ്പർ ഗഫൂർ കോൽക്കളത്തിലിന്റെ അനുമോദന യാത്ര അഡ്വ.എൻ ഷംസുദീൻ എം.എൽ.എ ഫ്ളാഗ് ഓഫ് ചെയ്യുന്നു

## പ്രതിഭകളെതേടി ജില്ലാ പഞ്ചായത്ത് മെമ്പറുടെ അനുമോദന യാത്ര

മണ്ണാർക്കാട്: മത്സര പരീക്ഷകളിൽ ഉന്നതവിജയം നേടിയ പ്രതിഭകളായ വിദ്യാർഥികളെ ആദരിക്കാൻ ജില്ലാ പഞ്ചായത്ത് മെമ്പർ ഗഫൂർ കോൽകളത്തിൽ സമഗ്രപദ്ധതിയുടെ ഭാഗമായി നടത്തിയ അനുമോദന യാത്ര നവ്യാനുഭവമായി. പാലക്കാട് ജില്ലാപഞ്ചായത്ത് തെങ്കര ഡിവിഷൻ മെമ്പർ ഗഫൂർ കോൽകളത്തിലാണ് തന്റെ ഡിവിഷൻ പരിധിയിലെ 53 വാർഡുകളിലെയും ഉന്നതവിജയികളെ തേടി 'അനുമോദന യാത്ര' മാറ്റ്24 നടത്തിയത്. രാഷ്ട്രീയ പാർട്ടികളുടെയും വിവിധ സംഘടകളുടെയും സമര യാത്രകളും പ്രചരണയാത്രകളും മാത്രം കണ്ട് പരിചയമുള്ള കാലത്ത് ഇത്തരമൊരു 'അനുമോദന യാത്ര' സംസ്ഥാനത്തു തന്നെ ആദ്യത്തേതായിരിക്കും. അനുമോദനയാത്രയിൽ ഈ വർഷം എസ്.എസ്.എൽ.സി, പ്ലസ് ടു പരീക്ഷകളിൽ ഫുൾ എപ്ലസ് നേടിയ വിദ്യാർഥികളും എൽ.എസ്.എസ്, യു.എസ്.എസ്, എൻ.എം.എം.എസ് സ്കോളർഷിപ്പ് നേടിയ കുട്ടികളും ഉൾപ്പടെ അഞ്ഞൂറിൽ അധികം പ്രതിഭകളെ ആദരിച്ചു. ജില്ലാ പഞ്ചായത്ത് മെമ്പർ ഗഫൂർ കോൽകളത്തിൽ സ്വന്തമായി വിഭാവനം ചെയ്തു നടത്തിവരുന്ന 'സമഗ്ര' പദ്ധതിയുടെ ഭാഗമായി നടന്ന 'മാറ്റ്24' അനുമോദനയാത്ര കഴിഞ്ഞദിവസം രാവിലെ 8.30ന് തച്ചനാട്ടുകര പഞ്ചായത്തിലെ അണ്ണാംതൊടിയിൽ അഡ്വ.എൻ ഷംസുദീൻ എം.എൽ.എ ഉദ്ഘാടനം ചെയ്തു. ജില്ലാപഞ്ചായത്ത് മെമ്പർ ഗഫൂർ കോൽകളത്തിൽ അധ്യക്ഷത വഹിച്ചു. കോട്ടോപ്പാടം, കുമരംപുത്തൂർ, തെങ്കര, കാഞ്ഞിരപ്പുഴ പഞ്ചായത്തുകളിലെ വിവിധ കേന്ദ്രങ്ങളിൽ നടന്ന അനുമോദനയാത്രാപരിപാടികൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ കെ.പി.എം സലീം മാസ്റ്റർ, രാജൻ ആമ്പാടത്ത്, ജസീന അക്കര, അർബൺ ഗ്രാമീൺ സൊസൈറ്റി മാനേജിംഗ് ഡയറക്ടർ അജിത് പാലാട്ട് എന്നിവർ ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികളും രാഷ്ട്രീയ സാംസ്കാരിക വിദ്യാഭ്യാസ പ്രവർത്തകരുമായ അഡ്വ.ടി.എ സിദ്ദീഖ്, പൊൻപാറ കോയക്കുട്ടി, കല്ലടി അബൂബക്കർ, എം.എസ് അലവി, സി.പി അലവി മാസ്റ്റർ, പാർവ്വതി ഹരിദാസ്, കെ.പി ബുഷറ, തങ്കം മഞ്ചാടിക്കൽ, പി.കുഞ്ഞിമുഹമ്മദ്, നസീമ ഐനെല്ലി, പി.രുഗ്മണി, ടി.കെ ഷമീർ, കെ.കെ ലക്ഷ്മിക്കുട്ടി, സിദ്ദീഖ് മല്ലിയിൽ , ഉനൈസ് നെച്ചിയോടൻ, റഷീദ് കോൽപ്പാടം, ടി.കെ സീനത്ത്, സി.ടി അലി, ഹുസൈൻ കോളശ്ശേരി, അബൂബക്കർ ബാവി, സിദ്ദീഖ് പാറോക്കോട്ടിൽ, കെ.യു ഹംസ, കൃഷ്ണകുമാർ മാസ്റ്റർ, കൃഷണദാസ് കാവുവട്ടം, കെ.ഹംസപ്പ മാസ്റ്റർ, പി.ടി സൈദ് മുഹമ്മദ്, പി.കുഞ്ഞലവി മാസ്റ്റർ, കെ.പി ഉമ്മർ, പി.കൃഷണപ്രസാദ്, ബഷീർ കാട്ടിക്കുന്നൻ, ടി.കെ ഹംസക്കുട്ടി, വി.ഹുസൈൻ, ഷറഫു ചങ്ങലീരി, കെ.പി കുഞ്ഞിമുഹമ്മദ്, ബഷീർ തെങ്കര, ഖാലിദ് പുന്നപ്പള്ള, കെ.സൈദ്, സബീല ടീച്ചർ, കെ.ബഷീർ മാസ്റ്റർ, ഇ.കെ സമദ് മാസ്റ്റർ ,സി.പി മൊയ്തീൻ, പി.മൊയ്തീൻ ,റഷീദ് തോട്ടാശ്ശേരി, എൻ.പി ഹമീദ് ,ഷാഹിന എരേരത്ത്, കാസിം വെള്ളാഞ്ചേരി, സമദ് കരിമ്പനോട്ടിൽ , കബീർ അണ്ണാംതൊടി പങ്കെടുത്തു.സമഗ്ര പദ്ധതി സയരക്ടർ സഹദ് അരിയൂർ, കോർഡിനേറ്റർമാരായ മുജീബ് മല്ലിയിൽ,നൗഷാദ് വെള്ളപ്പാടം, ഷമീർ പഴേരി, ഷമീർ മണലടി, മുഹ്സിൻ ചങ്ങലീരി, റാഫി കുണ്ടൂർകുന്ന്, റഹീം ഇരുമ്പൻ, ഉനൈസ് ചെത്തല്ലൂർ, ഷാഫി കണ്ടമംഗലം, ഉബൈദ് മണലടി, അസ്ക്കർ ഇ.കെ, പി.ഇഖ്ബാൽ, ഷിഹാബ് കിഴക്കേതിൽ നേതൃത്വം നൽകി.



അനുമോദന യാത്രയുടെ ഭഗമായി നടന്ന ചടങ്ങിലെ സദസ്സ്

## ത്രില്ലർ ചിത്രം ട്രാഫിക്കിന്റെ ക്ലൈമാക്സ് പുനരാവിഷ്കരിച്ച് യുവാക്കൾ



പുനരാവിഷ്കരിച്ച ട്രാഫിക് സിനിമയിലെ രംഗം

മണ്ണാർക്കാട്: മലയാളിയെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിയ ത്രില്ലർ ചിത്രമായ ട്രാഫിക്കിന്റെ ക്ലൈമാക്സ് രംഗം തൻമയത്വം ചോരാതെ മണ്ണാർക്കാട്ടെ ഒരുപറ്റം യുവാക്കൾ ചേർന്ന് പുനരാവിഷ്കരിച്ച വീഡിയോ സമൂഹമാധ്യമങ്ങളിൽ വൈറലാകുന്നു. നിങ്ങൾ പൊളിച്ചു ബ്രദേഴ്സ് എന്ന തലക്കെട്ടോടെ സംവിധായകനും നടനുമായ നാദിർഷ വീഡിയോ തന്റെ ഫെയ്സ്ബുക്ക് പേജിൽ വീഡിയോ പങ്കുവെച്ചത് അണിയറപ്രവർത്തകരുടെ സന്തോഷത്തിന് ഇരട്ടിമധുരമായി. മണ്ണാർക്കാട് കുമരംപുത്തൂർ ചുങ്കം സ്വദേശി മുഹമ്മദ് ഫാസിൽ (ഫസിലു) സംവിധാനം ചെയ്ത വീഡിയോ ഇതിനകം ലക്ഷക്കണക്കിന് ആളുകൾ കണ്ടുകഴിഞ്ഞു. പ്രേക്ഷകനെ മുഴുവൻ സമയവും പിരിമുറുക്കത്തിൽ നിർത്തിയ ചിത്രത്തിന്റെ ദൃശ്യങ്ങളെ അതേപടി പകർത്തിവെച്ചിരിക്കുകയാണ് ഫസിലുവും കൂട്ടരും. മൂന്ന് മിനുട്ട് ദൈർഘ്യമുള്ള വീഡിയോ സിനിമ കണ്ടതിന്റെ അതേ അനുഭവം നൽകുന്നുവെന്നാണ് സമൂഹമാധ്യമത്തിലെ സാക്ഷ്യപ്പെടുത്തൽ. ഒന്നര ദിവസമെടുത്ത് സുജിൻ മുണ്ടക്കണ്ണി ഐഫോണിലാണ് ദൃശ്യങ്ങൾ ചിത്രീകരിച്ചത്. ഫോണിൽ ഫസിലു തന്നെയാണ് എഡിറ്റിംഗും നടത്തിയത്. വാഹനത്തിന് പിറകെ ഓടുന്നതിനിടെ ചെറിയ പരിക്കുകളും ഫസിലുവിന് പറ്റിയിട്ടുണ്ട്. ഫസിലുവിനെ കൂടാതെ മണ്ണാർക്കാട്ടുകാരായ രാജീവ് പള്ളിക്കുറുപ്പ്, നന്ദു, ബഷീർ, മുരളി, സുനീർ, ഷജിൽ ഷാൻ തുടങ്ങിയവരാണ് അഭിനയിച്ചിരിക്കുന്നത്. ഷബീർ,ദിൽഷാദ്, സജീവ്, അഭിലാഷ്, ഗോകുൽ, ഫാസിൽ എന്നിവർക്കൊപ്പം നാട്ടുകാരും അണിയറപ്രവർത്തനങ്ങൾക്ക് സർവസഹായവുമായി ഒപ്പം നിന്നു. മണ്ണാർക്കാട് പച്ചക്കറി മാർക്കറ്റ്, കുമരംപുത്തൂർ ചുങ്കം പ്രദേശം, മദർകെയർ ഹോസ്പിറ്റൽ, ആപ്പിൾ ക്ലിനിക്ക് എന്നിവടങ്ങളിലായാണ് വീഡിയോ ചിത്രീകരിച്ചത്.



'പ്രസൂതി' പ്രസവരക്ഷ പദ്ധതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.എ അസീസ് ഉദ്ഘാടനം നിർവഹിക്കുന്നു

## തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് പ്രസൂതി പദ്ധതി നടപ്പിലാക്കി

കൊപ്പം: തിരുവേഗപ്പുറ ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി വനിത ക്ഷേമം ലക്ഷ്യമിട്ട് നടപ്പിലാക്കുന്ന 'പ്രസൂതി' പ്രസവരക്ഷ പദ്ധതി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.എ അസീസ് ഉദ്ഘാടനം നിർവഹിച്ചു. ആയുർവേദ ഡോക്ടർക്കാണ് പദ്ധതിയുടെ നിർവഹണ ചുമതല. പ്രസവ ശേഷമുള്ള ശുശ്രൂഷക്ക് വേണ്ടി പ്രത്യേകം തയ്യാറാക്കിയ മരുന്ന് കിറ്റുകളാണ് ലഭ്യമാക്കുന്നത്. തിരുവേഗപ്പുറ പഞ്ചായത്ത് നിവാസികളായ പ്രസവം കഴിഞ്ഞ് 2മാസം കഴിയാത്ത സ്ത്രീകൾക്ക് ആയുർവേദ ഡിസ്പെൻസറിയിൽ ബന്ധപ്പെട്ടാൽ പദ്ധതിയുടെ ഭാഗമായുള്ള കിറ്റ് ലഭ്യമാകുന്നതാണ്. വനിത ക്ഷേമം ലക്ഷ്യമിട്ട് പഞ്ചായത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ ഭാഗമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്നും തുടർ വർഷങ്ങളിലും കൂടുതൽപേർക്ക് ഗുണം ലഭിക്കുന്ന രീതിയിൽ നടപ്പിലാക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.കെ.എ അസീസ് അറിയിച്ചു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എ.കെ മുഹമ്മദ്കുട്ടി അധ്യക്ഷത വഹിച്ചു. വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ എം.രാധാകൃഷ്ണൻ, വാർഡ് അംഗങ്ങളായ പി.ടി ഹംസ, എം.അബ്ബാസ്, രാംദാസ്, വസന്ത കേശവൻ, സുനിത ഇ.കെ, അസീന അസീസ്, മിന്നത് ടീച്ചർ, ആയുർവേദ മെഡിക്കൽ ഓഫീസർ ഡോ.പവിത്രൻ, ഫാർമസിസ്റ്റ് വിപിൻ എച്ച്.എം.സി അംഗങ്ങളായ സൈതാലി മാസ്റ്റർ, ടി.പി കേശവൻ എന്നിവർ സംബന്ധിച്ചു.

## സംയുക്ത സമരസമിതി വിളംബര ജാഥ

വടക്കഞ്ചേരി: പ്രദേശവാസികളുടെ വാഹനങ്ങൾക്ക് ജൂലൈ 1 മുതൽ ടോൾ പിരിക്കാനുള്ള നീക്കത്തിനെതിരെ സംയുക്ത സമരസമിതിയുടെ നേതൃത്വത്തിൽ വിളമ്പര ജാഥ നടത്തി. സമാപന സമ്മേളനം വടക്കഞ്ചേരിയിൽ നടന്നു. ജനകീയ വേദി ചെയർമാൻ ബോബൻ ജോർജ് അധ്യക്ഷനായി. രക്ഷാധികാരി ഡോ.കെ.വാസുദേവൻ പിള്ള, ജനറൽ കൺവീനർ ജിജോ അറയ്ക്കൽ, പന്തലംപാടം ജനകീയ കൂട്ടായ്മ ഭാരവാഹി വി.ഗംഗാധരൻ, സ്കൂൾ ബസ് അസോസിയേഷൻ പ്രസിഡന്റ് സാജൻ മാത്യു, സി.കെ.അച്ചുതൻ പ്രസംഗിച്ചു.

## പയ്യാവൂരിൽ ഡെങ്കിപ്പനി പടരുന്നു

പയ്യാവൂർ: പയ്യാവൂർ പഞ്ചായത്തിൽ ചമതച്ചാൽ വാർഡിൽ ഡെങ്കിപ്പനി പടരുന്നതായി നാട്ടുകാർ. ഇതിനകം പത്തോളം ഡെങ്കിപ്പനി സ്ഥിരീകരിച്ചിട്ടുണ്ട്. ചമതച്ചാലിനു പുറമേ വാതിൽമട, കാക്കത്തോട് എന്നിവിടങ്ങളിലെ പലർക്കും പനിബാധിച്ചതായി പറയുന്നു. താരതമ്യേന ചെറിയ പ്രദേശമായ ഉപ്പുപടന്നയിലെ നിരവധിപേരാണ് ചികിത്സ തേടിയിട്ടുള്ളത്. ആരോഗ്യവകുപ്പ് അധികൃതർ ഉടൻ സ്ഥലംസന്ദർശിച്ച് അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.

## ലോക സംഗീതദിനത്തിൽ സംഗീത സമന്വയം

പയ്യന്നൂർ: ലോക സംഗീതദിനത്തിന്റെ ഭാഗമായി സംഗീത സംവിധായകൻ രമേശൻ പെരിന്തട്ടയുടെ നേതൃത്വത്തിൽ വിവിധ വിദ്യാലയങ്ങളിൽ സംഗീത ബോധവൽക്കരണ ക്ലാസും സൗജന്യ സംഗീത സമന്വയവും നടത്തി. എരമം സൗത്ത് എൽ.പി സ്കൂളിൽ തുടങ്ങിയ സംഗീതയാത്ര കേശവതീരം ആയുർവേദ ഗ്രാമത്തിൽ സമാപിച്ചു. സമാപന സംഗമം കേശവതീരം മാനേജിംഗ് ഡയറക്ടർ വെദിരമന വിഷ്ണു നമ്പൂതിരി ഉദ്ഘാടനം ചെയ്തു. കവി രാമകൃഷ്ണൻ കണ്ണോം അധ്യക്ഷനായി. രമേശൻ പെരിന്തട്ട മുഖ്യപ്രഭാഷണം നടത്തി. ഭാസ്കരൻ കുഞ്ഞിമംഗലം, രജീഷ് നീലേശ്വരം, അനൂപ് പയ്യന്നൂർ, ജയരാജ് കുന്നരു, ഉത്തേജ് ചെറുകുന്ന്, ഫൽഗുനൻ, അദ്വൈത് അവിട്ടം, ശിഖ ഭാസ്കരൻ സംസാരിച്ചു. സംഗീത വിരുന്നുമുണ്ടായി.

## സൗജന്യ നേത്രപരിശോധ കേമ്പ് നടത്തി

അഴിക്കോട്: പുന്നക്കപ്പാറ എൻഐകെഎസ് ക്ലബും അഹല്യ കണ്ണാശുപത്രിയും സംയുക്തമായി പുന്നക്കപ്പാറ മദ്രസ്സയിൽ നടത്തിയ സൗജന്യ നേത്രപരിശോധന കേമ്പ് മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. പി.കെ നാസർ അദ്ധ്യക്ഷനായി. വാർഡ് മെമ്പർ അനീഷ് ബാബു, ടി.പി അബ്ദുൽ മജിദ്, സുമേഷ്, റാഹിദ്, നിസാമുദ്ദീൻ സംസാരിച്ചു.

# കണ്ണൂർ വാർത്തകൾ

## സംസ്ഥാന നേതാക്കളുടെ അറസ്റ്റ്

# കണ്ണൂരിൽ ദേശീയപാത ഉപരോധിച്ച് എം.എസ്.എഫ്

കണ്ണൂർ: മലബാറിൽ പ്ലസ് വൺ സീറ്റ് ബാച്ച് അനുവദിക്കാത്തതിൽ പ്രതിഷേധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടറെ ഉപരോധിച്ച എം.എസ്.എഫ് സംസ്ഥാന പ്രസിഡന്റ് പി.കെ നവാസ്, ജനറൽ സെക്രട്ടറി സി.കെ നജാഫ് ഉൾപ്പെടെ നേതാക്കളെ പൊലീസ് അറസ്റ്റ്ചെയ്ത് ജയിലിൽ അടച്ചതിൽ പ്രതിഷേധിച്ച് കണ്ണൂരിൽ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ ദേശീയപാത ഉപരോധിച്ചു.

ശനിയാഴ്ച രാത്രി 12.30ഓടെ കെഎസ്ആർടിസി ഡിപ്പോ പരിസരത്ത്നടന്ന ഉപരോധ സമരത്തിന് ജില്ലാ പ്രസിഡന്റ് നസീർ പുറത്തീൽ, ജനറൽ സെക്രട്ടറി കെ.പി റംഷാദ്, ഇജാസ് ആറളം, ഷഹബാസ് കായ്യത്ത്, ആദിൽ എടയന്നൂർ, കെ.വി ഷാനിബ്, സൽമാൻ അഴീക്കോട്, സാഹിദ് തലശ്ശേരി നേതൃത്വം നൽകി.



സംസ്ഥാന നേതാക്കളുടെ അറസ്റ്റ്ചെയ്ത് ജയിലിലടച്ചതിൽ പ്രതിഷേധിച്ച് എം.എസ്.എഫ് ജില്ലാ കമ്മിറ്റി നേതൃത്വത്തിൽ കണ്ണൂരിൽ ദേശീയപാത ഉപരോധിച്ചപ്പോൾ.



എംഎസ്എഫ് നേതാക്കളെ അറസ്റ്റ്ചെയ്തതിൽ പ്രതിഷേധിച്ച് എംഎസ്എഫ് കൂത്തുപറമ്പ് മണ്ഡലം കമ്മിറ്റി പെരിങ്ങത്തൂർ ടൗണിൽ നടത്തിയ പ്രതിഷേധ പ്രകടനം.



പാപ്പിനിശ്ശേരി ലിജിമ കോലത്തുവയൽ റോഡിൽ കാർ ഓട്ടോയുടെ പിന്നിലിടിച്ച് തകർന്ന നിലയിൽ

## കാർ ഓട്ടോയിലിടിച്ച് അച്ഛനും മകനും പരിക്ക്

പാപ്പിനിശ്ശേരി: പാപ്പിനിശ്ശേരി ലിജിമ കോലത്തുവയൽ റോഡിൽ അമിതവേഗത്തിലായിരുന്ന കാർ ഓട്ടോയുടെ പിന്നിലിടിച്ചു. ഓട്ടോ ഡ്രൈവറായ അച്ഛനും യാത്രക്കാരനായ മകനും ഓട്ടോയിൽ നിന്നു തെറിച്ചു വീണ് പരിക്കേറ്റു. പരിക്കേറ്റ സുഖേഷ് (55), മകൻ റതിൻ (22) എന്നിവരെ പാപ്പിനിശ്ശേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഇരു വാഹനങ്ങളും ഒരേദിശയിൽ പാപ്പിനിശേരി ഭാഗത്തേക്കു പോവുകയായിരുന്നു. ഇന്നലെ വൈകിട്ട് 5 മണിയോടെയാണ് സംഭവം.



ദുബൈ കെഎംസിസി കൂത്തുപറമ്പ് മണ്ഡലം സന്നാഹം കുടുംബസംഗമം ലോഗോ പ്രകാശനം മുസ്‌ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് പൊട്ടങ്കണ്ടി അബ്ദുല്ല നിർവഹിക്കുന്നു.

## കുടുംബ സംഗമം ലോഗോ പ്രകാശനം ചെയ്തു

പാനൂർ: ദുബായ് കെഎംസിസി കൂത്തുപറമ്പ് മണ്ഡലം കമ്മിറ്റി ഒക്ടോബറിൽ സംഘടിപ്പിക്കുന്ന 'സന്നാഹം പ്രവാസി കുടുംബ സംഗമം' ലോഗോ പ്രകാശനം മുസ്‌ലിംലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് പൊട്ടങ്കണ്ടി അബ്ദുല്ല നിർവഹിച്ചു. അൻസാർ നാനാറത്ത് അധ്യക്ഷനായി.

പികെ ഇസ്മായിൽ, എംവി നിസാർ, പൊട്ടങ്കണ്ടി ശരീഫ്, പൊയിൽ മുഹമ്മദ്, പിവി ഇസ്മായിൽ, നസീർ പാനൂർ, റഫീക്ക് കല്ലിക്കണ്ടി, ബഷീർ കടവത്തൂർ, റിയാസ് പാറക്കൽ, പി കെയൂനുസ്, ജംശീർ എടവന, ഫൈസൽ ചാത്തോൾ സംബന്ധിച്ചു. ടികെ റയീസുദ്ദീൻ സ്വാഗതവും കൊമ്പൻ ഉമ്മർ നന്ദിയും പറഞ്ഞു.



ചന്ദ്രിക നൂറുൽ മആരിഫ് കുമ്മായക്കടവ് ഹിദായത്തുൽ ഇസ്‌ലാം മദ്രസയിൽ ചന്ദ്രിക റെസിഡന്റ് എഡിറ്റർ കബീർ കണ്ണാടിപ്പറമ്പ്, മദ്രസാ ലീഡർ അബ്ദുൽനാഫിഹിന് പത്രം നൽകി ഉദ്ഘാടനം ചെയ്യുന്നു

### ചന്ദ്രിക നൂറുൽ മആരിഫ്

## കുമ്മായക്കടവ് ഹിദായത്തുൽ ഇസ്‌ലാം ഹയർ സെക്കന്ററി മദ്രസയിൽ

ചന്ദ്രിക نورالمعارف

കമ്പിൽ: നാറാത്ത് പഞ്ചായത്ത് കമ്പിൽ ശാഖ മുസ്‌ലിംലീഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ചന്ദ്രിക സ്പെഷ്യൽ ഡ്രൈവ് പദ്ധതിയുടെ ഭാഗമായുള്ള ചന്ദ്രിക നൂറുൽ മആരിഫ് കുമ്മായക്കടവ് ഹിദായത്തുൽ ഇസ്‌ലാം മദ്രസയിൽ ചന്ദ്രിക റെസിഡന്റ് എഡിറ്റർ കബീർ കണ്ണാടിപ്പറമ്പ്, മദ്രസാ ലീഡർ അബ്ദുൽനാഫിഹിന് പത്രംനൽകി ഉദ്ഘാടനം ചെയ്തു.ശാഖ പ്രസിഡന്റ് പി.ടി മുസ്തഫ അദ്ധ്യക്ഷനായി.സ്വഫ ഖുർആൻ കോളജ് പ്രിൻസിപ്പൽ ഹാഫിള് അബ്ദുല്ല ഫൈസി, ശാഖ സെക്രട്ടറി ഷാജിർ മാസ്റ്റർ, ഹിദായത്തുൽ ഇസ്‌ലാം മദ്രസ സ്വദർ മുഅല്ലിം അമീർ ദാരിമി, ഗ്രാമ പഞ്ചായത്ത് മെമ്പർ സൈഫുദ്ദീൻ നാറാത്ത്, അഷ്റഫ് മൗലവി, മുഹമ്മദ്കുഞ്ഞി മൗലവി, ജംഷീർ വഹബി, യൂത്ത് ലീഗ് പഞ്ചായത്ത് സെക്രട്ടറി എംകെ സിറാജ്, ശാഖ പ്രസിഡന്റ് കെപി അബ്ദുൽഖാദർ, എസ്ടിസിസി പാലിയേറ്റീവ് അംഗം ടി മുത്തലിബ്, കെഎംസിസി പ്രതിനിധി പിവി നിസാർ, സുബൈർ പാപ്പിനിശ്ശേരി, വികെ അഫ്സൽ സംസാരിച്ചു.



ചന്ദ്രിക 'അറിവിൻ തിളക്കം' വിളക്കോട് ഗവ. യുപി സ്കൂളിൽ ജിസിസി കെഎംസിസി പേരാവൂർ മണ്ഡലം ട്രഷറർ എംകെ അബ്ദുൽ ഖാദർ ഉദ്ഘാടനം ചെയ്യുന്നു

## വിളക്കോട് ഗവ. യുപി സ്കൂളിൽ

ചന്ദ്രിക അറിവിൻ തിളക്കം

ഇരിട്ടി: ചന്ദ്രിക 'അറിവിൻ തിളക്കം' വിളക്കോട് ഗവ. യുപി സ്കൂളിൽ തുടക്കമായി.

ജിസിസി കെഎംസിസി പേരാവൂർ മണ്ഡലം ട്രഷറർ എംകെ അബ്ദുൽ ഖാദർ ഉദ്ഘാടനം ചെയ്തു. മുസ്‌ലിം ലീഗ് പേരാവൂർ മണ്ഡലം ജന.സെക്രട്ടറി ഒ ഹംസ, മുഴക്കുന്ന് പഞ്ചായത്ത് പ്രസിഡന്റ് സി നസീർ, വാർഡ് മെമ്പർമാരായ കെവി റഷീദ്, ബിമിനി, അദ്ധ്യാപകരായ ഷംസുദ്ദീൻ മാസ്റ്റർ, പി മജീദ് മാസ്റ്റർ, ഉദയകുമാർ മാസ്റ്റർ, എംഎം നൂർജഹാൻ, കെവി റഹൂഫ് , സി ഇസ്മാഈൽ, പി മുത്തലിബ് പങ്കെടുത്തു. എംകെ അബ്ദുൽ ഖാദറാണ് പത്രം സ്പോൺസർ ചെയ്തത്.

## സർക്കാർ കൈയൊഴിഞ്ഞു

# പെരുമഴയിൽ കൊയ്യം റോഡിൽ കുഴിയടക്കൽ പ്രതിഷേധം

ശ്രീകണ്ഠപുരം: കൊയ്യം റോഡിലെ ശോചനീയാവസ്ഥ പരിഹരിക്കാത്ത സർക്കാർ നടപടിക്കെതിരെ യുഡിഎഫ് നേതൃത്വത്തിൽ ജനകീയ കുഴിയടക്കൽ പ്രതിഷേധം. കനത്തമഴയെ അവഗണിച്ചാണ് നാട്ടുകാരുടെ നേതൃത്വത്തിൽ പ്രതിഷേധ ശ്രമദാനം നടത്തിയത്. റെഡ് അലർട്ടിൽ കുത്തിയൊലിച്ച മഴയിലാണ് കല്ല് ചുമന്ന് കഠിനാദ്ധ്വാനത്തിൽ റോഡിലെ കുഴിഅടച്ചത്.

വളക്കൈ-കൊയ്യം റോഡ് മെക്കാഡം ടാർ ചെയ്തിരുന്നെങ്കിലും കൊയ്യം ഭാഗത്ത് മഴക്കാലത്ത് ചെളിയും വേനൽ കാലത്ത് പൊടിയും വലിയ പ്രതിസന്ധിയാണ് ഉണ്ടാക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ ബന്ധപ്പെടുമ്പോൾ ഉടൻ പണി നടത്താമെന്ന മറുപടി മാത്രമാണ് ലഭിക്കുന്നത്. വാക്ക് പാലിക്കാതായപ്പോൾ പൊതുമരാമത്ത് വകുപ്പ് ഓഫീസിൽ സമരം നടത്തിയിരുന്നെങ്കിലും തുടർ നടപടി ഉണ്ടായില്ല. ഈ സാഹചര്യത്തിലാണ് യു.ഡി.എഫ് കുഴിയടക്കൽ സമരം നടത്തിയത്. മഴ കനത്തതോടെ വഴിയാത്രപോലും സാധ്യമല്ലാത്ത വിധം ചെളിക്കുളമാണ് റോഡ്. ഇതുവഴിയുള്ള വാഹനഗതാഗതവും നിർത്തിയതോടെ ദുരിതത്തിലായി. സർക്കാർ കൈയൊഴിഞ്ഞതോടെയാണ് യുഡിഎഫ് ഇന്നലെ രാവിലെമുതൽ കുഴിയടച്ചുള്ള പ്രതിഷേധ സമരം നടത്തിയത്. കഴിഞ്ഞ ദിവസം അവശ്യ സാധനങ്ങൾക്കുവേണ്ട ഫണ്ട് ജനകീയമായി സ്വരൂപിച്ചിരുന്നു. പ്രതിഷേധ പരിപാടി ബ്ലോക്ക് പഞ്ചായത്ത് മെമ്പർ കൊയ്യം ജനാർദ്ദനൻ ഉദ്ഘാടനം ചെയ്തു. നാസർ വളക്കൈ അധ്യക്ഷനായി. രാജ്കുമാർ, കെ.എം ഇബ്രാഹിം, എം.വി രമ്യ, പി ദിനേശൻ, കെ മോഹനൻ, കെ.പി റഫീഖ് പ്രസംഗിച്ചു . എ അശോകൻ, കരീം കൊയ്യം, ബാലകൃഷ്ണൻ, പി.പി ജനീസ്, എം.കെ രാജീവൻ, സലാം കൊയ്യം, എം.വി ഹമീദ് നേതൃത്വം നൽകി.



കൊയ്യത്ത് റോഡിന്റെ ശോചനീയാവസ്ഥക്കെതിരെ യുഡിഎഫ് നടത്തിയ കുഴിയടക്കൽ പ്രതിഷേധം



യുഡിഎഫ് പ്രതിഷേധത്തിന്റെ ഭാഗമായി കനത്തമഴയെ അവഗണിച്ച് കൊയ്യത്ത് റോഡിലെ കുഴിയടക്കുന്നു

## എട്ടിക്കുളം-പാലക്കോട് നവീകരണ നടപടികൾ ആരംഭിച്ചു

പയ്യന്നൂർ: നീണ്ട കാത്തിരിപ്പിനൊടുവിൽ പാലക്കോട്-എട്ടിക്കുളം റോഡ് നവീകരിക്കുന്നു. നിലവിൽ പൊട്ടിപ്പൊളിഞ്ഞ റോഡാണ് മെക്കാഡം ടാർ ചെയ്തു നവീകരിക്കുന്നത്. ഇതിനുള്ള നടപടികൾ ആരംഭിച്ചതായി പൊതുമരമത്ത് വകുപ്പ് അറിയിച്ചു.റോഡിന്റെ ശോചനീയാവസ്ഥയുമായി ബന്ധപ്പെട്ട് എട്ടിക്കുളം ശാഖാ മുസ്‌ലിം ലീഗ് നേതാക്കൾ പൊതുമരാമത്ത് വകുപ്പിൽ നിവേദനം നൽകിയിരുന്നു. ഇതിന് ലഭിച്ച മറുപടിയിലാണ് റോഡ് നവീകരിക്കാൻ നടപടി ആരംഭിച്ചതായി വ്യക്തമാക്കിയത്.

പയ്യന്നൂർ നിയോജക മണ്ഡലത്തിലെ എട്ടിക്കുളത്തു നിന്ന് പാലക്കോട് വരെയുള്ള നാല് കിലോമീറ്റർ റോഡ് മാടായി സെക്ഷന് കീഴിലാണ്. ഏഴിമല നാവിക അക്കാദമി ഗേറ്റിലേക്കുള്ള റോഡ് ഉൾപ്പെടെ വർഷങ്ങളായി അറ്റകുറ്റപ്പണികൾപോലും നടത്തിയിരുന്നില്ല. ഇതിനെതിരെ മുസ്‌ലിം ലീഗ് പ്രതിഷേധത്തിന്റെ മുന്നോടിയായിട്ടാണ് നിവേദനം നൽകിയത്. പഴയങ്ങാടി-എട്ടിക്കുളം റോഡിൽയിൽ മുട്ടം പാലംവരെയുള്ള ഭാഗം നിലവിൽ മെക്കാഡം ടാറിഗ് നടത്തിയിട്ടുണ്ട്. എന്നാൽ പാലക്കോട് ഭാഗത്തോടാണ് സർക്കാർ അവഗണന.

ഇതിനെതിരെ ജനങ്ങൾ നിരന്തരം നിവേദനം നൽകിയിട്ടും നടപടി ഉണ്ടായിരുന്നില്ല . മഴക്കാലമായാൽ വലിയ ദുരിതമാണ് നാട്ടുകാർക്ക്. റോഡ് നവീകരണം ഉടൻ ആരംഭിക്കണമെന്ന് നേതാക്കൾ ആവശ്യപ്പെട്ടു.

## മഴയാത്ര നടത്തി

പയ്യാവൂർ: റോട്ടറി ക്ലബ്ബ് ചെമ്പേരി, മണിക്കടവ് സെന്റ്തോമസ് ഹയർ സെക്കന്ററി സ്കൂൾ എൻ.എസ്.എസ് യൂണിറ്റ് കാഞ്ഞിരക്കൊല്ലിയിലേക്ക് മഴയാത്ര നടത്തി. ചെമ്പേരി റോട്ടറി ക്ലബ് പ്രസിഡന്റ് മാർട്ടിൻ കോട്ടയിൽ, സെക്രട്ടറി സിബി പുന്നക്കുഴിയിൽ, ട്രഷറർ ബോബിൻ അപ്പോളോ, വാസുദേവൻ നായർ, മാത്യു അടുപ്പ് കല്ലിങ്കൽ നേതൃത്വം നൽകി.

## കേരള സിപിഎം ബംഗാൾ യാത്ര ആരംഭിച്ചെന്ന് സി.പി ജോൺ

കണ്ണൂർ: ബംഗാളിൽ 2009ൽ തുടങ്ങിയ തകർച്ചക്കു സമാനമായ രാഷ്ട്രീയ പരാജയമാണ് കേരളത്തിൽ 2024ലെ തിരഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന് സംഭവിച്ചതെന്ന് സി.എം.പി ജനറൽ സെക്രട്ടറി സിപി ജോൺ. കണ്ണൂർ മഹാത്മാ മന്ദിരത്തിൽ സി.എം.പി ജില്ലാ പ്രവർത്തക സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ദേശീയരാഷ്ട്രീയത്തിലെ ആശയക്കുഴപ്പവും ദയനീയമായ ഭരണപരാജയവും സിപിഎമ്മിന്റെ ചരിത്രത്തിലെ വൻതകർച്ചക്കു കാരണമായി. 1962ൽ 10 ശതമാനം വോട്ടുണ്ടായിരുന്ന സി.പി.എമ്മിനിപ്പോൾ 1.7 ശതമാനം വോട്ട് മാത്രമാണ് ലഭിച്ചത്. കേരളത്തിലെ പാർട്ടിയിൽനടക്കുന്ന പിണറായി പൂജ സിപിഎമ്മിനെ രക്ഷിക്കില്ല. പിണറായി സർക്കാരിന്റെ ജനവിരുദ്ധ നടപടികളും അഴിമതിയുമാണ് പരാജയത്തിന് ആക്കംകൂട്ടിയത്.

അതിന് അദ്ദേഹത്തെ മാത്രം കുറ്റക്കാരനാക്കുന്നതിൽ കാര്യമില്ല. ബംഗാൾ ഉൾപ്പടെ മറ്റ് സംസ്ഥാനങ്ങളിലും പരാജയപ്പെട്ടു. പാർട്ടിക്കുള്ളിൽ പിണറായിയെ വിമർശിക്കുന്നവരുടെ ലക്ഷ്യം സ്വന്തം സ്ഥാനലബ്ധികൾ മാത്രമാണ്. അല്ലാതെ പാർട്ടിയെ രക്ഷിക്കാനല്ല സി.പി ജോൺ പറഞ്ഞു. സി.എ അജീർ അധ്യക്ഷനായി. ജില്ലാ സെക്രട്ടറി പി സുനിൽകുമാർ, വി.കെ രവീന്ദ്രൻ, സുധീഷ് കടന്നപ്പള്ളി, കാഞ്ചന മാച്ചേരി പ്രസംഗിച്ചു.



സി.എം.പി ജില്ലാ പ്രവർത്തക സംഗമം സംസ്ഥാന സെക്രട്ടറി സിപി ജോൺ ഉദ്ഘാടനം ചെയ്യുന്നു.




നാഷണൽ ഫോറം ഫോർ പീപ്പിൾസ് റൈറ്റ്സ് ജില്ലാ സമ്മേളനം മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്യുന്നു.

## ജില്ലാ സമ്മേളനം

കണ്ണൂർ: നാഷണൽ ഫോറം ഫോർ പീപ്പിൾസ് റൈറ്റ്സ് ജില്ലാ സമ്മേളനം കണ്ണൂർ ചേമ്പർ ഹാളിൽ കണ്ണൂർ കോർപ്പറേഷൻ മേയർ മുസ്‌ലിഹ് മഠത്തിൽ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡന്റ് അനൂപ് തവര അധ്യക്ഷനായി. ദേശീയ ചെയർമാൻ അഡ്വ. പ്രകാശ് പി തോമസ് മുഖ്യപ്രഭാഷണം നടത്തി. സംസ്ഥാന പ്രസിഡന്റ് ബി കൃഷ്ണകുമാർ മുഖ്യാതിഥിയായി. വിവിധ മേഖലകളിൽ ശ്രദ്ധേയമായ പ്രവർത്തനങ്ങൾ നടത്തിയവരെ അനുമോദിച്ചു.

## മെഡിക്കൽ കേമ്പ് നടത്തി

മയ്യിൽ: പഴശ്ശി എട്ടാംമൈലിലുള്ള ഗ്രാമിക സ്വശ്രയസംഘവും തളിപ്പറമ്പ് മെഡിസിറ്റി സ്പെഷ്യലിറ്റി ലാബും സംയുക്തമായി മെഡിക്കൽ കേമ്പ് നടത്തി. വാർഡ് മെമ്പർ യൂസഫ് പാലക്കൽ ഉദ്ഘാടനംചെയ്തു. പി.വി പുരുഷോത്തമൻ അധ്യക്ഷനായി. പികെ രജീഷ് കുമാർ, കുഞ്ഞിരാമൻ മാസ്റ്റർ, ടി.സി വിനോദ്, വി സുധാകരൻ മാസ്റ്റർ, സി.കെ അനിൽകുമാർ സംസാരിച്ചു.



## വനിതകൾക്ക് വയനാമത്സരം നടത്തി

പാലക്കുന്ന് : അക്ഷരങ്ങളുടെയും വായനയുടെയും വിശാലമായ ലോകം തുറന്നിടാനും അതിലൂടെ സമൂഹത്തോട് സംവദി ക്കാനും ഉള്ള ഒരു ഇടം സൃഷ്ടിക്കുന്നതിനുമായി പാലക്കുന്ന് കഴകം ഉദുമ തെക്കേക്കര മാതൃ സമിതി വനിതകൾക്ക് വായനാമത്സരം സംഘടിപ്പിച്ചു. രമ്യ ഷൈജു, വന്ദന സുരേഷ്, ഉഷ രത്നാകരൻ എന്നിവർ വിജയികളായി.ബിന്ദു കല്ലത്ത്, മാളവിക പന്തൽ എന്നിവർ ജഡ്ജിമാരായി. ക്ഷേത്ര ഭരണസമിതി ട്രഷറർ പി.വി. ചിത്രഭാനു ഉദ്ഘാടനം ചെയ്തു. മാതൃ സമിതി പ്രസിഡന്റ് ജയന്തി അശോക് അധ്യക്ഷയായി. പി.വി. അശോക് കുമാർ, പി.വി. കൃഷ്ണൻ, സെക്രട്ടറി പ്രഭാകരൻ തെക്കേക്കര, ശ്രീസ്ത രാമചന്ദ്രൻ , ഉഷ രത്നാകരൻ എന്നിവർ പ്രസംഗിച്ചു .

# കാസർകോട് വാർത്തകൾ

## കോടമഞ്ഞിന്റെ സൗന്ദര്യം നുകരാൻ

# റാണിപുരത്ത് വിനോദ സഞ്ചാരികളുടെ ഒഴുക്ക്

പനത്തടി (കാസർകോട്): മഴ നനഞ്ഞ് കുളിരണിയാനും കോടമഞ്ഞിലും സൗന്ദര്യം ആസ്വദിക്കാൻ കേരളത്തിന്റെ ഊട്ടിയെന്ന് അറിയപ്പെടുന്ന റാണിപുരത്ത് വിനോദ സഞ്ചാരികളുടെ ഒഴുക്ക്. ഞായറാഴ്ച മല കയറിയത് 2292 പേർ. കനത്ത മഴ കാരണം തിരിച്ചുപോയ കുടുംബങ്ങളും മലകയറാനുള്ള സമയപരിധി കഴിഞ്ഞ് വന്നവരും ഏറെയാണ്.

വനസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ ഒരുക്കിയ വാഹനങ്ങൾ നിർത്തിയിടുന്ന കൂടുതൽ ചെറിയ ഒരു സ്ഥലത്താണ്. ഇന്നലെ നിശ്ചയിച്ച പാർക്കിംഗ് സ്ഥലം കഴിഞ്ഞും ഒരു കിലോമീറ്ററിലധികം താഴെ വരെ ഇരുവശങ്ങളും വാഹനങ്ങളുടെ നീണ്ട നിര കാണാമായിരുന്നു. മഴ തുടങ്ങിയതോടെ സഞ്ചാരി കളുടെ എണ്ണത്തിൽ വൻ വർധനവാണ് അനുഭവ പ്പെട്ട് വരുന്നത്. സാധാരണ അവധി ദിവസമാണ് സഞ്ചാരികൾ കൂടുതലായി എത്തുന്നത് എന്നാൽ, ഇതിൽനിന്ന് വിപരീതമായി മറ്റ് ദിവസങ്ങളിലും വലിയ തോതിൽ സഞ്ചാരികൾ എത്താൻ തുടങ്ങി. മുൻകാലങ്ങളിലെ എല്ലാ കണക്കുകൂട്ടലുകളും തെറ്റിച്ചാണ് മഴക്കാലത്തിന്റെ ആരംഭത്തിൽ തന്നെ വിനോദ സഞ്ചാരികൾ കൂട്ടത്തോടെ റാണിപുരത്തേക്ക് എത്തുന്നത്.



*റാണിപുരം മലകയറുന്ന സഞ്ചാരികൾ*

രണ്ടാഴ്ചയായി എത്തുന്നവരിൽ ഭൂരിഭാഗം പേരും കർണാടകയിൽ നിന്നുള്ളവരാണ്. ഇതിൽ ഭൂരിഭാഗവും യുവതി യുവാക്കളും. മൺസൂൺകാലത്തെ റാണിപുരത്തിന്റെ വിനോദ സഞ്ചാരസാധ്യത തിരിച്ചറിഞ്ഞതോടെയാണ് സഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധനയുണ്ടാകുമെന്നാണ് വനം വകുപ്പ് വിലയിരുത്തുന്നത്. മാർച്ച്, ഏപ്രിൽ മാസത്തിൽ സഞ്ചാരികൾ ഗണ്യമായി കുറഞ്ഞുവെങ്കിലും മേയ്, ജൂൺ മാസങ്ങളിൽ ആവശ്യത്തിന് മഴ ലഭിച്ചതോടെ കടുത്ത വേനലിൽ കരിഞ്ഞുണങ്ങിയ മാനിപ്പ ൽമേട് പച്ചപ്പണിഞ്ഞ് സഞ്ചാരികൾക്ക് വിസ്മയകരമായ കാഴ്ചയാണൊരുക്കുന്നത്. മുൻകാലത്തെ അപേക്ഷിച്ച് അട്ട ശല്യം കുറവാണ്. സമുദ്ര നിരപ്പിൽ നിന്ന് 1049 മീറ്റർ ഉയരത്തിലാണ് റാണിപുരം സ്ഥിതി ചെയ്യുന്നത്. സഞ്ചാരികൾ വലിയ തോതിൽ എത്തുമ്പോഴും ആവശ്യത്തിന് അടിസ്ഥാനസൗകര്യങ്ങളില്ലാത്തത് പ്രയാസപ്പെടുകയാണ് സ്ത്രീകളടക്കമുള്ളവർ. ശൗചാലയങ്ങൾ എണ്ണം പരിമിതമാണ്. അവധി ദിവസങ്ങളിലെത്തുന്ന സഞ്ചാരികൾ ടിക്കറ്റ് എടുക്കാൻ നീണ്ട ക്യൂവാണ്. കൗണ്ടറിന്റെ എണ്ണം കൂട്ടണമെന്നും അവധി ദിവസങ്ങളിലെങ്കിലും വിനോദ സഞ്ചാര കേന്ദ്രത്തിൽ പോലീസിന്റെ സേവനം ഉറപ്പാക്കണമെന്ന ആവശ്യവും ശക്തമാണ്. റാണിപുരത്തേക്ക് ട്രെക്കിങ്ങിന് പോകാത്ത സഞ്ചാരികൾക്ക് വിശ്രമിക്കാനും സൗകര്യങ്ങളില്ല. വനസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചിരുന്ന ലഘുഭക്ഷണശാലയുടെ പ്രവർത്തനം നിലച്ചിട്ട് മാസങ്ങളായി. ഇതും സഞ്ചാരികളെ ബാധിക്കുന്നുണ്ട്. മൊബൈൽ ഫോണിന് കവറേജില്ലാത്തതാണ് മറ്റൊരു പ്രശ്നം. ബി.എസ്.എൻ.എൽ. മൊബൈൽടവറിന്റെ നിർമാണം തുടങ്ങിയതും ഇടയ്ക്ക് മുടങ്ങിയിരുന്നു. യാത്രാസൗകര്യങ്ങളും സഞ്ചാരികളെ വലയ്ക്കുന്നുണ്ട്. വൈകുന്നേരത്തെ കെ.എസ്.ആർ.ടി.സി. സർവീസ് പുനരാരംഭിച്ചതും സഞ്ചാരികൾക്ക് ഗുണകരമാകും. ഉച്ചസമയത്ത് റാണിപുരത്ത് എത്തുന്ന രീതിയിൽ ഒരു ബസ് കൂടി അനുവദിച്ചാൽ നന്നാകുമെന്ന് സഞ്ചാരികൾ പറയുന്നു.

കാഞ്ഞങ്ങാട്-പാണത്തൂർ സംസ്ഥാനപാതയിൽ പനത്തടിയിലെത്തിയാൽ പാണത്തൂരിൽനിന്നും റാണിപുരത്തെത്താം. പനത്തടിയിൽ നിന്നും 10 കിലോമീറ്ററാണ് ദൂരം. കാഞ്ഞങ്ങാട് നിന്നും രാവിലെ എട്ടിനും ഉച്ചകഴികുഞ്ഞ് 2.40നും കെ.എസ്.ആർ.ടി.സി. സർവീസ് നടത്തുന്നുണ്ട്. പനത്തടിയിൽ നിന്നും ഓട്ടോറിക്ഷ, ടാക്സി ജീപ്പുകൾ എന്നിവയും ലഭിക്കും. രാവിലെ എട്ട്മുതൽ ഉച്ച കഴിഞ്ഞ് മൂന്നുവരെയാണ് സഞ്ചാരികൾക്ക് വനത്തിനകത്തേക്ക് പ്രവേശനം. വൈകുന്നേരം 5.30നകം തിരിച്ചിറങ്ങണം. മുതിർന്നവർക്ക് 50 രൂപയും കുട്ടികൾക്ക് 20 രൂപയുമാണ് പ്രവേശന ഫീസ്.

## കനത്ത മഴ: പാറക്കല്ലുകൾ റോഡിലേക്ക് വീണു

പെരുമ്പട്ട: തിങ്കളാഴ്ച രാത്രി പെയ്ത കനത്ത മഴയിൽ പെരുമ്പട്ട മുക്കട റോഡിൽ പൊയ്യകാൽ ഭാഗത്ത് വലിയ പാറക്കല്ലുകൾ ഇളകി റോഡിലേക്കും താഴെ റബ്ബർ തോട്ടത്തിലേക്കും വീണു. പാതയോട് ചേർന്ന് കുന്നിൻ ചെരുവിൽ ഉള്ള വലിയ കരിങ്കൽ കൂട്ടത്തിൽ നിന്നുള്ളവയാണ് റോഡിലേക്ക് വീണത്.

ധാരാളം വാഹനങ്ങൾ കടന്ന് പോകുന്ന വഴിയാണ്. വഴിയാത്രക്കാർക്ക് ഭീഷണിയായി വീഴാൻ പാകത്തിൽ ഇനിയും വലിയ പാറക്കൂട്ടങ്ങൾ അവിടെ ശേഷിക്കുന്നുണ്ട്. രാത്രി വാഹനങ്ങൾ കടന്ന് പോകാത്ത സമായമായതി നാൽ കൂടുതൽവലിയ അപകടങ്ങൾ സംഭവിച്ചില്ല. വലിയ കല്ലുകൾ പറമ്പിലേക്കും ഉരുണ്ട് വീണതിനാൽ റബ്ബർ മരങ്ങൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

*പെരുമ്പട്ട മുക്കട പൊയ്യക്കാൽ ഭാഗത്ത്, കനത്ത മഴയിൽ റോഡിൽ വീണ കരിങ്കൽ കൂട്ടങ്ങൾ*



## ചിത്താരിയിൽ പെട്ടിക്കട മോഷണം പോയി

കാഞ്ഞങ്ങാട്: സെൻട്രൽ ചിത്താരിയിൽ നിന്നും പെട്ടി കട മോഷ്ടിച്ച് കൊണ്ടുപോയി. വാഹനാപകടത്തിൽ മരിച്ച അജാനൂർ കൊത്തിക്കാലിലെ സമദിന്റെ പെട്ടിക്കടയാണ് മോഷണം പോയത്. വെയിറ്റിംഗ് ഷെഡിന് സമീപമുണ്ടായിരുന്ന മുക്കാൽ ലക്ഷം രൂപ വിലവരുന്ന പെട്ടിക്കടയാണ് കഴിഞ്ഞ ദിവസം രാത്രി മോഷണം പോയത്. ഭിന്നശേഷിക്കാരനായിരുന്ന സമദിന്റെ മരണശേഷം കട പൂട്ടിക്കിടക്കുകയായിരുന്നു. രാത്രി 12 മണിക്ക് ശേഷം ലോറിയിൽ കടത്തിക്കൊണ്ടുപോയതായാണ് സംശയം.

ഭാര്യ ചിത്താരിയിലെ ആയിഷ നൽകിയ പരാതിയിൽ ഹോസ്ദുർഗ് പൊലീസ് സ്ഥലത്തെത്തി. സമീപത്തെ സിസിടിവി ദൃശ്യമുൾപ്പെടെ പരിശോധിച്ചു വരികയാണ്.

## നെല്ലിക്കുന്നിൽ സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് 27ന്

കാസർകോട്: കാസർകോട് നഗരസഭയുടെയും ഗവ. ആയുർവേദ ആശുപ്രതിയുടെയും സംയുക്താഭിമുഖ്യത്തിൽ മഴക്കാല ജന്യ രോഗങ്ങൾക്കെതിരെ വിവിധ മേഖലകളിലായി സൗജന്യ ആയുർവേദ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. ആദ്യ ക്യാമ്പ് ജൂൺ 27 ന് രാവിലെ 10 മണി മുതൽ നെല്ലിക്കുന്ന് മേഖലയിലെ എ.യു.എ.യു.പി സ്കൂളിൽ വെച്ച് നടക്കും. മുനിസിപ്പൽ ചെയർമാൻ അബ്ബാസ് ബീഗം മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യും.



*അബൂദാബി കുമ്പള പഞ്ചായത്ത് കെഎംസിസി റവാഹു റഹ്മ സാമ്പത്തിക സഹായം കുമ്പള പഞ്ചായത്ത് മുസ്‌ലിം ലീഗ് പ്രസിഡന്റ് ബിഎൻ മുഹമ്മദലി വിതരണം ചെയ്യുന്നു*

## റവാഹുറഹ്മ ചികിത്സാ സഹായം സഹപ്രവർത്തകന് കൈതാങ്ങായി കുമ്പള പഞ്ചായത്ത് കെഎംസിസി

കുമ്പള: മാരകമായ രോഗത്തെ തുടർന്ന് ജോലിയിൽ തുടരാൻ കഴിയാത്ത അവസ്ഥയിൽ നാട്ടിലെ ത്തിയ സഹപ്രവർത്തകന് കൈത്താങ്ങായി അബുദാബി കുമ്പള പഞ്ചായത്ത് കെഎംസിസി. ഈയ്യിടെ നാട്ടിലെത്തിയ കോയിപാടി കടപ്പുറത്തെ യുവാവ് എറണാകുളം ലേക് ഷോറിൽ ഓപ്പറേഷന് വിധേയമായി ചികിത്സയിലാണ്. അബുദാബി കെഎംസിസി സുരക്ഷാ പദ്ധതിയുടെ തുകയോടപ്പം പഞ്ചായത്ത് കമ്മിറ്റി നടപ്പിലാക്കുന്ന റവാഹു റഹ്മയിൽ കൂടിയും സാമ്പത്തിക സഹായം നൽകി.

കുമ്പള പഞ്ചായത്ത് മുസ്‌ലിം ലീഗ് ഓഫീസിൽ നടന്ന ചടങ്ങിൽ രണ്ട് രോഗികൾക്കുള്ള തുക കൈമാറി. ഖാലിദ് ബംബ്രാണ അധ്യക്ഷത വഹിച്ചു. സയ്യിദ് ഹാദി തങ്ങൾ, ബിഎൻ മുഹമ്മദലി, സെഡ് എ മൊഗ്രാൽ,ഹമീദ് യൂസഫ് ആരിക്കാടി, ഹുസ്സൈൻ ദർവേസ്, ഇബ്രാഹിം ആരിക്കാടി, ടികെ ജാഫർ, സിഎച്ച്അബ്ദുൽ ഖാദർ, ബിഎഹമീദ്,അലി അബ്ദുല്ല,യൂസഫ് പാച്ചാണി,സുബൈർ ശാന്തി പള്ളം, ഇബ്രാഹിം മൈസൂർ, ഹമീദ് കുമ്പോൾ,സക്കറിയ സൂപ്പി,കുഞ്ഞാമദ് ബദരിയ നഗർ, എച്ച് എ ഹസ്സൻ, എംഎം അബൂബക്കർ പെർവാഡ്,എകെ യൂസഫ്,നിസാം ചോനമ്പാടി, ബി എമുഹമ്മദ് കുഞ്ഞി പ്രസംഗിച്ചു.

## പ്ലാസ്റ്റിക് മാലിന്യം സ്കൂൾ റോഡിലേക്ക് വലിച്ചെറിയുന്നു

# പിഴ ഈടാക്കി കുമ്പള ഗ്രാമപഞ്ചായത്ത്

കുമ്പള: ഹരിതകർമ്മസേന ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ കടകളിൽ സൂക്ഷിച്ചു വെക്കാതെ കുമ്പള സ്കൂൾ റോഡിലേക്ക് വലിച്ചെറിയുന്ന കട ഉടമകൾക്കെതിരെ കർശന നടപടിയുമായി കുമ്പള ഗ്രാമ പഞ്ചായത്ത്.

ഒരുമാസത്തിലേറെയായി ഇത്തരത്തിൽ പ്ലാസ്റ്റിക് മാലിന്യം റോഡിലേക്ക് വലിച്ചെറിയുകയാണ് പതിവ്. നിരവധി തവണ കട ഉടമകൾക്ക് ഹരിത കർമ്മ സേന മുന്നറിയിപ്പ് നൽകിയിട്ടും കൂട്ടാക്കാത്തതിനെത്തുടർന്നാണ് പഞ്ചായത്ത് സെക്രട്ടറിയുടെ നേതൃത്വത്തിൽ കർശന നടപടി സ്വീകരിച്ചത്. വലിച്ചെറിഞ്ഞ മാലിന്യത്തിൽ നിന്ന് കിട്ടിയ കവറുകളുടെയും, രേഖകളുടെയും അടിസ്ഥാന ത്തിലാണ് സ്കൂൾ റോഡിന് സമീപത്തുള്ള പത്തോളം കടകൾക്ക്



*കുമ്പള സ്കൂൾ റോഡിലേക്ക് വലിച്ചെറിഞ്ഞ പ്ലാസ്റ്റിക് മാലിന്യക്കൂമ്പാരം*

പിഴ അടക്കാൻ നോട്ടീസ് നൽകിയിട്ടുള്ളത്. 5000 രൂപ മുതൽ പതിനായിരം രൂപ വരെയാണ് പിഴ തുക.

കഴിഞ്ഞ രണ്ടാഴ്ചയായി സ്കൂൾ റോഡിലെ പ്ലാസ്റ്റിക് മാലിന്യം ഹരിത കർമ്മ സേന നീക്കം ചെയ്തിരുന്നില്ല. മാലിന്യം രണ്ടാഴ്ചയിൽ ഒരിക്കലാണ് ഹരിത കർമ്മ സേന ശേഖരിക്കുന്നത്. കടകളിൽ ഭദ്രമായി സൂക്ഷിച്ചു വെച്ചിട്ടുള്ള മാലിന്യങ്ങളാണ് ശേഖരിക്കുന്നത്. എന്നാൽ ചില കട ഉടമകളും,ജോലിക്കാരും മാലിന്യം കടയിൽ സൂക്ഷിച്ചു വെക്കാതെ റോഡിലേക്ക് വലിച്ചെറിയുന്നതാണ് നടപടിക്ക് കാരണമായത്. എന്നാൽ ഈ കട ഉടമകളാകട്ടെ ഹരിത കർമ്മ സേനയ്ക്ക് പ്രതിമാസ യൂസർ ഫീസ് നൽകുന്നുമുണ്ട്.

ജില്ലയിലെ വിവിധ സ്ഥല ങ്ങളിലായി സ്ഥാപനങ്ങളിലും, അപ്പാർട്ട്മെന്റുകളിലും അശാസ്ത്രീയമായ മാലിന്യ സംസ്കരണത്തിന് എൻഫോസ്മെന്റ് സ്ക്വാഡ് പിഴ ചുമത്തി വരുന്നതിനിടയിലാണ് പഞ്ചായത്തിന്റെ നടപടി എന്നത് ശ്രദ്ധേയമാണ്. നാലുമാസം മുമ്പ് കുമ്പള ഗ്രാമപഞ്ചായത്തിന് തന്നെ പ്ലാസ്റ്റിക് മാലിന്യം അലക്ഷ്യമായി കൂട്ടിയിട്ട തിന് എൻഫോർസ്മെന്റ് സ്ക്വാഡ് പതിനായിരം രൂപ പിഴ ചുമത്തിയത് വാർത്തയായിരുന്നു.



*സംസ്ഥാന സബ് ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് ജേതാക്കളായ ജില്ല ടീം കോച്ച് എജിസി ഹംലാദിനുള്ള ടിഎഫ്എയുടെ ഉപഹാരം ചെയർമാൻ കെപിസി മുഹമ്മദ് കുഞ്ഞി സമ്മാനിക്കുന്നു.*

## സംസ്ഥാന സബ് ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ്; ജേതാക്കളെ അനുമോദിച്ചു

തൃക്കരിപ്പൂർ: സംസ്ഥാന സബ് ജൂനിയർ ഫുട്ബോൾ ചാമ്പ്യൻഷിപ്പ് നേടിയ ജില്ലാ ടീമിന്റെ കോച്ച് എ ജി സി ഹംലാദ്, ടീമംഗങ്ങളായ തൃക്കരിപ്പൂർ ഫുട്ബോൾ അക്കാദമിയിലെ കെ വി ആരുഷ്, പി ശ്രീവസ്തവ്, ശ്രീനന്ദ്, കണ്ണൂർ ജില്ല സബ് ജൂനിയർ ടീമംഗങ്ങളായ സുമൈൽ നിസാർ, എം കെ നവനീത്, എം കെ നവജ്യോത്, ഷിബിനാസ്, കാസറഗോഡ് കണ്ണൂർ ജില്ലാ അണ്ടർ 12 ഗ്രാസ് റൂട്ട് ജേതാക്കളായ ടി എഫ് എ താരങ്ങൾ എന്നിവരെ തൃക്കരിപ്പൂർ ഫുട്ബോൾ അക്കാദമി മാനേജ്മെന്റ് അനുമോദിച്ചു.

അക്കാദമി ചെയർമാൻ കെ പി സി മുഹമ്മദ് കുഞ്ഞി അധ്യക്ഷത വഹിച്ചു. പരിശീലകരായ ടി സജിത്ത്, സി തമ്പാൻ, എ ജി സി ഉസ്മാൻ, ഇ അജേഷ്, എൻ കെ പി സിറാജ്, വി പി യു മുഹമ്മദ്, വി പി പി കുഞ്ഞഹമ്മദ് പ്രസംഗിച്ചു.സി ദാവൂദ് സ്വാഗതവും എ ജി സി ഹംലാദ് നന്ദിയും പറഞ്ഞു.

## ടികെ അബൂസാലിയുടെ വേർപാട് കൈക്കോട്ടുകടവിന്റെ തീരാനഷ്ടം

തൃക്കരിപ്പൂർ: കൈക്കോട്ടുകടവ് പൂക്കോയ തങ്ങൾ സ്മാരക വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ ഹയർ സെക്കന്ററി വിഭാഗം കെമിസ്ട്രി അധ്യാപകനായിരുന്ന ടികെ അബൂസാലി (55)യുടെ അകാല വിയോഗം കൈക്കോട്ടുകടവ് ഗ്രാമത്തിന്റെ തേങ്ങലായി. സൗമ്യനും മിതഭാഷിയും കർമ്മോത്സുകനുമായ അധ്യാപകനെയാണ് കൈക്കോട്ടുകടവ് സ്കൂളിന് നഷ്ടമായത്. കുട്ടികളുടെയും നാട്ടുകാരുടെയും സഹപ്രവർത്ത കരുടെയും മനസ്സിൽ അധ്യയന - പ്രവർത്തന - സ്വഭാവചാരുത കൊണ്ട് അദ്ദേഹം ചിരപ്രതിഷ്ഠ നേടിയിരുന്നു.

സിജി കാസർകോട് മുൻ ജില്ല സെക്രട്ടറി കൂടിയായിരുന്ന സ്കൂളിലെയും പ്രദേശത്തെയും സമുദായത്തിന്റെ വിദ്യാഭാസ തൊഴിൽ മേഖലകളിലെ വഴികാട്ടി കൂടിയായിരുന്നു. നീലേശ്വരം രാജാസ് സ്കൂളിലെയും കാഞ്ഞങ്ങാട് നെഹ്റു കോളേജിലെ പ്രീഡിഗ്രി പഠന കാലത്തും എം എസ് എഫിന്റെ സജീവ പ്രവർത്തകനായിരുന്നു.

### വഴികാട്ടിയായത് നിരവധി വിദ്യാർഥികൾക്ക്

കാഞ്ഞങ്ങാട്: കഴിഞ്ഞ ദിവസം നിര്യാതനായ നീലേശ്വരം കണിച്ചിറ സ്വദേശിയുമായ ടികെ അബൂസാലി മാസ്റ്റർ വഴിക്കാട്ടിയായത് നിരവധി വിദ്യാർഥികൾക്കാണ്. ഒരുകാലത്ത് എന്ത് പഠിക്കണം, എവിടെ പഠിക്കണം, എങ്ങനെ പഠിക്കണം തുടങ്ങി നിരവധി സംശയങ്ങളാണ് ഒരോ വിദ്യാർഥികളുടെയും മനസിൽ ഉയർന്ന് വന്ന് കൊണ്ടിരുന്നത്. അത് നികത്തുക എന്ന ലക്ഷ്യവുമായി തുടങ്ങി സിജി (സെൻട്രർ ഫോർ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ഇന്ത്യ) എന്ന സംഘടന ജില്ലയിൽ ജനകീയമാക്കിയതിൽ അബുസാലി വഹിച്ച പങ്ക് വലുതായിരുന്നു വിദ്യാർഥികൾക്ക് ഗൈഡൻസിലൂടെ പുതിയ പാന്ഥാവ് തുറന്ന് കൊടുക്കുക എന്ന ലക്ഷ്യ പൂർത്തീകര ണത്തിന് അബുസാലി മുന്നിൽ നിന്നു.

തനിക്ക് കിട്ടിയ ഉന്നത വിദ്യാഭ്യാസം സമൂഹത്തിന് കൂടി ഉപകാരപ്രദമാക്കുന്ന രീതിയിൽ അത് ഉപയോഗിച്ചു. കരിയർ ഗൈഡൻസിലും പേഴ്സണലിറ്റി ഡവലപ് മെന്റിൽ ഊന്നിയുള്ള അദ്ദേഹത്തിന്റെ ക്ലാസുകൾ ഗംഭീരമായിരുന്നു. സാമൂഹികമായി പിന്നോക്കവസ്ഥയിൽ നിന്നും ഉയർന്ന വന്ന് ഇന്ത്യയുടെ രാഷ്ട്രപതി യായി മാറിയ കെ.ആർ നാരായണന്റെ ജീവിത കഥ പറഞ്ഞ് കൊണ്ടുള്ള അബുസാലിയുടെ ക്ലാസുകൾ പുതിയ തലമുറക്ക് ആത്മവിശ്വാസവും പുതിയ ഊർജ്ജവും നൽകി. ഏറ്റടുത്ത കാര്യങ്ങൾ വിജയിപ്പിക്കുക എന്ന കഠിനശ്രമം എക്കാലത്തും അദ്ദേഹത്തെ വിത്യസ്തനാക്കി. കാസർകോട് ജില്ലയിലെ വിദ്യാഭ്യാസ പിന്നോക്കവസ്ഥ മറിക്കടക്കാൻ മാതൃകയായി കാണേണ്ടത് മലപ്പുറം ജില്ലയെയാണെന്ന് ഒരു വിദ്യാഭ്യാസ വിചക്ഷണൻ കൂടിയായ അദ്ദേഹം മറ്റുള്ളവരോട് പങ്ക് വെച്ചു. അതിനുള്ള ശ്രമങ്ങൾക്ക് മാഷ് മുന്നിൽ നിന്നു. രസതന്ത്രം വിഷയമായി എടുത്ത് ഹയർ സെക്കന്ററിയിൽ ശാസ്ത്ര അധ്യാപകൻ കൂടിയായ അദ്ദേഹം തന്റെ സംഘടന പ്രവർത്തനങ്ങൾക്ക് അതെ രീതിയിലുള്ള ശാസ്ത്രീയത ഉപയോഗപ്പെടുത്തിയിരുന്നു.

സംസ്ഥനത്തെ മികച്ച ഹയർ സെക്കന്ററി അധ്യാപകനുള്ള 2015 ലെ സംസ്ഥന അവാർഡിന് അബൂസാലി അർഹനായിരുന്നു. അഞ്ച് വർഷം കൈക്കോട്ടുകടവ് സ്കൂളിലെ എൻ എസ് എസ് പ്രോഗ്രാം ഓഫീസറായിരുന്ന അദ്ദേഹത്തിന് വി എച്ച് എ സ് ഇ കരിയർ ഗൈഡൻസ് സെല്ലിന്റെ സംസ്ഥാന അവാർഡും ലഭിച്ചിട്ടുണ്ട്. അദ്ദേഹത്തോടുള്ള ആദരസൂചകമായി സ്കൂളിൽ പ്രത്യേക അസംബ്ലി ചേർന്നു. സ്കൂൾ സ്റ്റാഫ് കൗൺസിൽ, സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി അദ്ദേഹത്തിന്റെ നിര്യാണത്തിൽ അനുശോചിച്ചു. തുടർന്ന് സ്കൂളിന് അവധി നൽകി.



*2017ലെ മികച്ച ഹയർ സെക്കന്ററി അധ്യാപകനുള്ള അവാർഡ് മുൻ വിദ്യാഭ്യാസ മന്ത്രി സി രവീന്ദ്രനാഥിൽ നിന്നും ടികെ അബൂ സാലി ഏറ്റുവാങ്ങുന്നു (ഫയൽ ചിത്രം).*

## ഡോക്ടർ പഠനം ഉപേക്ഷിച്ച് അധ്യാപകനായ സാലി

തൃക്കരിപ്പൂർ: അധ്യാപക വൃത്തിയോടുള്ള താല്പര്യം ഒന്നു കൊണ്ടു മാത്രം കോഴിക്കോട് മെഡിക്കൽ കോളജിലെ ബിഡിഎസ് പഠനം ഉപേക്ഷിക്കുകയായിരുന്നു സാലി മാഷ്. പിന്നിട് ഫറൂഖ് കോളജിൽനിന്ന് രസതന്ത്രത്തിൽ ഡിഗ്രിയും മാസ്റ്റർ ഡിഗ്രിയും കരസ്ഥമാക്കി. തുടർന്ന് കെക്കോട്ടുകടവ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിൽ അധ്യാപകനായി. പ്രീ ഡിഗ്രിക്ക് ശേഷം പ്രവേശന പരീക്ഷയിൽ ആദ്യം അഡ്മിഷൻ ലഭിച്ചത് മണ്ണുത്തി കാർഷിക കോളജിൽ ബിഎസ് സി അഗ്രികൾച്ചറിനായിരുന്നു. രണ്ട് മാസം അവിടെ പഠിക്കുമ്പോഴാണ്, കോഴിക്കോട് മെഡിക്കൽ കോളജിൽ ബിഡിഎസിന് അലോട്ടുമെന്റ് വന്നത്. അവിടെ നാലുമാസത്തെ പഠനത്തിന് ശേഷമാണ് അധ്യാപകനാകാനുള്ള മോഹം സഹോദരൻ റസാഖ് തായലക്കണ്ടിയെ അറിച്ചത്. സഹോദരന്റെ പിന്തുണയോടെയാണ് ഡോക്ടർ പഠനം ഉപേക്ഷിച്ച് ഫറൂഖ് കോളേജിലെത്തിയതും കൈക്കോട്ടുകടവിലെ പ്രിയപ്പെട്ട അധ്യാപ



ഇരട്ടപ്പുഴ ഉദയവായനശാല ഉദയോത്സവം' ലോഗോ പ്രകാശനം പ്രമുഖ എഴുത്തുകാരൻ പ്രസാദ് കാക്കശ്ശേരി നിർവഹിക്കുന്നു

## ഇരട്ടപ്പുഴ ഉദയവായനശാല ഉദയോത്സവം ലോഗോ പ്രകാശനം

ചാവക്കാട്: ഇരട്ടപ്പുഴ ഉദയ വായനശാലയുടെ ഒരു വർഷം നീണ്ടു നിൽക്കുന്ന സുവർണ്ണ ജൂബിലി ആഘോഷത്തിന്റെ 'ഉദയോത്സവം' ലോഗോ പ്രകാശനവും വായനാപക്ഷാചരണവും നടന്നു. വായനശാല പ്രസിഡണ്ട് ആച്ചി ബാബു അദ്ധ്യക്ഷത വഹിച്ച പരിപാടി പ്രമുഖ എഴുത്തുകാരൻ പ്രസാദ് കാക്കശ്ശേരി ഉദ്ഘാടനം ചെയ്തു. ലൈബ്രറി കൗൺസിൽ ചാവക്കാട് താലൂക്ക് പ്രസിഡന്റ് വിനോദ് കെ. പി. മുഖ്യപ്രഭാഷണം നടത്തി.ഗ്രാമപഞ്ചായത്ത് അംഗം പ്രസന്ന ചന്ദ്രൻ, നളിനാക്ഷൻ ഇരട്ടപ്പുഴ, സൈനുദ്ദീൻ ഇരട്ടപ്പുഴ, എം.എസ്. പ്രകാശൻ, സി.കെ. രാധാകൃഷ്ണൻ, മണികണ്ഠൻ ഇരട്ടപ്പുഴ എന്നിവർ സംസാരിച്ചു.വായനശാല സെക്രട്ടറി വലീദ് തെരുവത്ത് സ്വാഗതവും സി. സുബൈർ നന്ദിയും പറഞ്ഞു.

## ഗസ്റ്റ് ലക്ചറർ ഒഴിവ്

പഴഞ്ഞി : എം.ഡി. കോളേജിൽ സ്റ്റാറ്റിസ്റ്റിക്സ് വിഷയത്തിൽ അധ്യാപക ഒഴിവിണ്ട്.

ജൂലായ് ഏഴിന് മുൻപായി ബയോഡേറ്റ principal@mdcollege. edu.in എന്ന ഐഡിയിലേക്ക് മെയിൽ അയയ്ക്കണമെന്ന് പ്രിൻസിപ്പൽ അറിയിച്ചു.

# തൃശൂർ വാർത്തകൾ

# സി.പി. അബൂബക്കർ ഫൈസി ജംഇയ്യത്തുൽ മുഅല്ലിമിന്റെ സർവ്വ സമ്മതൻ



മരണപെട്ട അബൂബക്കർ ഫൈസിയുടെ ജനാസ കടപ്പുറം ഉപ്പാപ്പ മസ്ജിദിൽ നിന്നും നാട്ടിലേക്ക് കൊണ്ടു പോകുന്നു ഇൻ സെറ്റിൽ അബൂബക്കർ ഫൈസി

ചാവക്കാട്: വിട വാങ്ങിയ സി..പി. അബൂബക്കർ ഫൈസി ജംഇയ്യത്തുൽ മുഅല്ലിമിന്റെ സർവ്വ സമ്മതൻ ഇന്നലെ പുർച്ചയാണ് വിടവാങ്ങിയത് കടപ്പുറം ഉപ്പാപ്പ മസ്ജിദിൽ സുബഹി നമസ്ക്കാരത്തിനു മുമ്പുള്ള സുന്നത്തു നമസ്കാരത്തിനിടെ തളർച്ച അനുഭവപ്പെടുകയായിരുന്നു തുടർന്നു പള്ളിയിൽ കിടന്നു ഫൈസി വിടവാ ങ്ങുകയായിരുന്നു.ഖത്തീബ് മുഹമ്മദ് റാഷിദ് ബാഖവി സമീപത്തുണ്ടായിരുന്നു.

മറ്റു മുഅല്ലിംങ്ങളും കമ്മറ്റിലെചില ഭാരവാഹികളും, നാട്ടുകാരിൽ ചിലരും സുബഹി നമസ്കാരത്തിനായി പള്ളിയിലുണ്ടായിരുന്നു. കുറഞ്ഞ ശാരീരിക പ്രയാസങ്ങൾ മൂലം കുറച്ചു നാളുകളായി ഫൈസി ലീവിലായിരുന്നു ഏതാനും ദിവസങ്ങൾക്കു മുമ്പാണ് പള്ളിയിലെത്തി മദ്രസയിൽ ചാർജെടുത്തത് 12 വർഷത്തോളമായി ഉപ്പാപ്പ പള്ളിക്കു കീഴിലുള്ള ഇർശാദുൽ അനാം മദ്രസ്സ സദർ മുഅല്ലിം ആയി സേവനം ചെയ്തു വരികയായിരുന്നു. . 25 വർഷമായി കടപ്പുറം റൈഞ്ച് ജംഇയ്യത്തുൽ മുഅല്ലിമിന്റെ ജനറൽ സെക്രട്ടറിയാ യി പ്രവർത്തിച്ചു വരുന്നു. റൈഞ്ചിൽ എല്ലാവർക്കും പ്രിയപ്പെട്ടവനാണ് അബൂബക്കർ ഫൈസി റൈഞ്ചിന്റെ പ്രവർത്തനങ്ങളിൽ നിറ സാനിദ്യമായിരുന്നു. ഫൈസിയുടെ പ്രവർത്തനങ്ങൾ റൈഞ്ചിന്റെ മുന്നോട്ടുള്ള പ്രയാണങ്ങളിൽ വലിയ പങ്കാണ് വഹിച്ചത്. സമസ്തയുടെ നിർദേശങ്ങൾ അധ്യാപകരിലേക്കും, മഹല്ല് ഭാരവാഹികളിലേക്കും, യഥാസമയം എത്തിക്കുമായിരുന്നു. കടപ്പുറം റൈഞ്ചിൽ നടക്കുന്ന സമസ്തയുടെ പരിപാടികൾ വിജയിപ്പിക്കുന്നതിൽ എന്നും മുന്നിൽ നിന്നു പ്രവർത്തിച്ചു. അദേഹത്തിന്റെ സംഘടനയോടുള്ള ആത്മാർത്ഥ പ്രവർത്തനങ്ങളാണ് സെക്രട്ടറി സ്ഥാനത്ത് വർഷങ്ങളോളം തുടരാൻ സഹായകമായത്. മുനക്കകടവ് റൗളത്തുൽ ഉലൂ മദ്രസയിലും, ഫോക്കസ് ഇസ്ലാമിക്ക് ഇഗ്ളീഷ് ഹയർ സെക്കന്ററി സ്കൂളിലും, അധ്യാപകനായി പ്രവർത്തിച്ചിട്ടുണ്ട്. ഉപ്പാപ്പ മസ്ജിദിൽ സദർ മുഅല്ലിം മാത്രമല്ല ക്ളർക്ക് കൂടിയായിരുന്നു. അധ്യാപകരുടെ ശബളം നൽകുന്നതും പള്ളിയിലെ മറ്റു സാമ്പത്തിക കാര്യങ്ങൾ കൈകാര്യം ചെയ്യാനും കമ്മിറ്റി ഫൈസിയെ ചുമതലപെടുത്തിയിരുന്നു.

കണക്കുകൾ കൈകാര്യം ചെയ്യുന്നതിലും മറ്റു സാമ്പത്തിക കാര്യങ്ങളിലും, ഫൈസി അതീവ സൂക്ഷ്മത പാലിച്ചു. സ്വദേശത്തും വിദേശത്തുമായി നൂറുകണക്കിനു പേർ ഫൈസിയിൽ നിന്നും മതപഠനം കരസ്തമാക്കിയവരുണ്ട്. ഇന്നലെ പുലർച്ചെ മരണവിവരമറിഞ്ഞു ഉപ്പാപ്പ പള്ളിയിലേക്ക് പാഞ്ഞത്തിയത് നൂറുകണക്കിനു പേരാണ്. ജനാസ കുളിപ്പിച്ചു പള്ളിയിൽ പൊതു ദർശനത്തിനു വെച്ചു. പിന്നീട് ജനാസ നമസ്ക്കാരത്തിനു ശേഷം രാവിലെ 7 30ന് നാട്ടിലേക്കു കൊണ്ടു പോയത്. മഹല്ല് ജനറൽ സെക്രട്ടറി എ കെ അബ്ദുൽ കരീമിന്റെ നേതൃത്വത്തിൽ കമ്മറ്റി ഭാരവാഹികളും, നാട്ടുകാരും, ജനാസയെ അനുഗമിച്ചു.

അബൂബക്കർ ഫൈസി യുടെ നിര്യാണത്തിൽ പാണക്കാട് സയ്യിദ് സാദിഖലി തങ്ങൾ അനുശോചിച്ചു. മുസ്ലിം ലീഗ് സംസ്ഥാന വൈസ് പ്രസിഡന്റ് സി എച്ച് റഷീദ് മണ്ഡലം ജനറൽ സെക്രട്ടറി പി വി ഉമ്മർ കുഞ്ഞി, പഞ്ചായത്ത് പ്രസിഡന്റ് ബി കെ സുബൈർ തങ്ങൾ, മഹല്ല് പ്രസിഡന്റ് എൻ ബക്കർ ഹാജി, ജനറൽ സെക്രട്ടറി എ കെ അബ്ദുൽ കരീം ട്രഷറർ സി ഹമ്മീദ് എന്നിവർ അനുശോചനം രേഖപെടുത്തി



മലേഷ്യയിൽ കെ.എം.സി,സി പ്രവർത്തകർ മുനവ്വർ അലി ശിഹാബ് തങ്ങൾക്ക് സ്വീകരണം നൽകുന്നു

## മുസ്ലിം ലീഗ് ജീവ കാരുണ്യ പ്രവർത്തനത്തിൽ കെ.എം.സി.സിയുടെ പങ്ക് അനിർവചനീയം: മുനവ്വർ അലി ശിഹാബ് തങ്ങൾ

കോലാലംപൂർ :മുസ്ലിം ലീഗ് അനുവർത്തിക്കുന്ന നയ പരിപാടികളിൽ പൊതുസമൂഹത്തിനുള്ള ജീവകാരുണ്യ പ്രവർത്തനത്തിൽ കെഎംസിസിയുടെ പങ്ക് വളരെ വലുതാണെന്നും, യഥാർത്ഥ ദയയും,കാരുണ്യവും അന്തർഭവിക്കുക്കുന്നത് കൂടുതലും പ്രവാസി സമൂഹത്തിൽനിന്നാണെന്നും അതിന് മുസ്ലിം ലീഗും , പ്രവാസി സമൂഹവും നൽകുന്ന അംഗീകാരമാണ് മലയാളികൾ അധിവസിക്കുന്ന എല്ലാ രാജ്യങ്ങളിലെയും കെ.എം.സി.സി യുടെ വളർച്ചയെന്നു സയ്യിദ് മുനവ്വർ അലി ശിഹാബ് തങ്ങൾ പറഞ്ഞു .

മലേഷ്യൻ പ്രധാനമന്ത്രി അൻവർ ഇബ്രാഹിമിന്റെ ക്ഷണപ്രകാരം ഔദോഗിക സന്ദർശനത്തിനെത്തിയ തങ്ങൾക്ക് കെഎംസിസി നൽകിയ സ്വീകരണത്തിൽ സംസാരിക്കുകയായിരുന്നു സയ്യിദ് മുനവ്വർ അലി ശിഹാബ് തങ്ങൾ.ഹനീഫ കോട്ടക്കൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ഡാത്തോ: ഇബ്രാഹിം ബിൻ ഹാജി മുഹമ്മദ് വിശിഷ്ടാതിഥിയായി പങ്കെടുത്തു. ഇ ടി യം തലപ്പാറ ഉത്ഘാടനം നിർവഹിക്കുകയും സയ്യിദ് റിയാസ് ജിഫ്രി തങ്ങൾ, കാസിം തലക്കടത്തൂർ, നൌഷാദ് വൈലത്തൂർ, സാദത്ത് അൻവർ, സാജിദ് മഖ്ദൂം, സാബിത്ത് കോഴിക്കോട് , മുനീർ ചെട്ടിപ്പടി,ഷാദിൽ കോട്ടക്കൽ, ഷിബിൽ മണ്ണാർക്കാട് എന്നിവർ പ്രസംഗിച്ചു.ഫാറൂഖ് ചെറുകുളം സ്വാഗതവും ഷമീർ മലപ്പുറം നന്ദിയും പറഞ്ഞു.

## അലർജി രോഗ നിർണ്ണയ ക്യാമ്പ്

മുക്കാട്ടുകര: കെ. സി.വൈ.എം. സംഘടനയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ തോമസ് മൂർ വിശുദ്ധന്റെ തിരുന്നാളിനോട് അനുബന്ധിച്ച് മുക്കാട്ടുകര സെന്റ് ജോർജ്ജസ് ദേവാലയത്തിൽ സൗജന്യ ആസ്മ – അലർജി രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിച്ചു. ഇടവക വികാരി ഫാ. പോൾ പിണ്ടിയാൻ ഉദ്ഘാടനം നിർവ്വഹിച്ചു. കെ.സി.വൈ.എം. സംഘടന പ്രസിഡണ്ട് കിരൺ ജോൺസൻ അദ്ധ്യക്ഷത വഹിച്ചു. അസി. വികാരി റവ. ഫാ. ആന്റണി ചിറ്റിലപ്പിള്ളി, ഡോ. ആന്റണി കള്ളിയത്ത്, ജെൻസൻ ജോസ് കാക്കശ്ശേരി, റോബിൻ പോൾ, ആൻജോ ജോൺസൻ, വിൽസൻ പ്ലാക്കൽ, കൊച്ചുവർക്കി തരകൻ എന്നിവർ പ്രസംഗിച്ചു. കെ.സി.വൈ.എം. സംഘടന ഭാരവാഹികളായ സ്റ്റീന ഡേവിസ്, ഐറിൻ റോളി, ജോവ് ഏയ്ഞ്ചൽ, അസീസി ഫ്രാൻസിസ്, ആൽഫിൻ ഡേവിസ് എന്നിവർ നേതൃത്വം നൽകി.

## ഇപിഎഫ് ജനസമ്പർക്കം

തൃശൂർ: ഇ പി എഫ് ജില്ലാ ഓഫീസും ഇ എസ് ഐ കോർപറേഷൻ തൃശൂർ റീജിയണൽ ഓഫീസും സംയുക്തമായി നടത്തുന്ന ബോധവത്കരണ/പരാതിപരിഹാര അദാലത്ത് 27 ന് രാവിലെ പത്ത് മുതൽ അശ്വിനി ഹോസ്പിറ്റൽ മിനി കോൺഫറൻസ് ഹാളിൽ നടക്കും.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പി എഫ് ഓഫീസിന്റെ ശക്തൻ തമ്പുരാൻ നഗറിലുള്ള ഓഫീസിൽ നേരിട്ടോ റീ.വ്യേശൌൈണ്ടലുള ശിറശ മ.ഴീ.ശി എന്ന ഇമെയിൽ മുഖേനയോ രജിസ്റ്റർ ചെയ്യണം. സ്പോട് രജിസ്ട്രേഷൻ ലഭ്യമാണ്.

# ഉമ്മൻ ചാണ്ടി ഫൗണ്ടേഷൻ യു എ ഇ ചാപ്റ്റർ രൂപീകരിച്ചു

യു എ ഇ: കേരളത്തിന്റെ ജനകീയ നേതാവും മുൻ മുഖ്യമന്ത്രിയുമായിരുന്ന ഉമ്മൻ ചാണ്ടിയുടെ പേരിൽ ഉമ്മൻ ചാണ്ടി ഫൌണ്ടേഷൻ യു എ ഇ ചാപ്റ്റർ സ്ഥാപിതമായി.ഫൌണ്ടേഷൻ ചെയർമാനായി നദീർ കാപ്പാട്, കൺവീനറായി പ്രദീപ് കോശി, ട്രഷറർ ആയി ജിജു കാർത്തികപ്പള്ളി എന്നിവരെ തിരഞ്ഞെടുത്തു.ഉമ്മൻചാണ്ടി അവശേഷിപ്പിച്ച സേവനത്തിന്റെയും കാരുണ്യത്തിന്റെയും സ്ഥായിയായ പാരമ്പര്യം തുടരുന്നതിലെ സുപ്രധാനമായ ഒരു ചുവടുവയ്പ്പാണ് ഉമ്മൻ ചാണ്ടി ഫൗണ്ടേഷന്റെ പ്രഥമ ലക്ഷ്യം.ഉമ്മൻചാണ്ടി തന്റെ രാഷ്ട്രീയ ജീവിതത്തിലുട നീളം ഉൾക്കൊള്ളിച്ച മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും വികസിപ്പിക്കാനും ലക്ഷ്യമിടുന്നഅതിനൊപ്പം . ഈ മൂല്യങ്ങളിൽ സാമൂഹിക നീതി, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, കമ്മ്യൂണിറ്റി വികസനം എന്നിവയോടുള്ള ആഴത്തിലുള്ള പ്രതിബദ്ധത ഉൾപ്പെടുന്നു. സമൂഹത്തിലെ അധഃസ്ഥിതരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളുടെ ജീവിതത്തിൽ വ്യക്തമായ മാറ്റമുണ്ടാക്കുന്ന പ്രോജക്റ്റുകൾ ആരംഭിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുക എന്നതാണ് ഫൗണ്ടേഷന്റെ ദൗത്യം.കമ്മിറ്റി യുടെ പ്രവർത്തങ്ങളുടെ ആദ്യപടി യായി 4 ജില്ലകളിൽ,ഉമ്മൻ ചാണ്ടിയുടെ പേരിൽ സ്വന്തമായി സ്ഥലമുള്ള വീടില്ലാത്തവർക്ക് വീട് വെച്ച് നൽകാൻ തീരുമാനിച്ചു, ആദ്യ വീട് ഉമ്മൻചാണ്ടി യുടെ നാടായ കോട്ടയം ജില്ലയിലെ പുതുപ്പള്ളിയിൽ നൽകും, കൊല്ലം, ആലപ്പുഴ, കോഴിക്കോട് തുടങ്ങിയ ജില്ലകളിലും വീടുകൾ ഉടൻ നൽകും, കേരളത്തിലെ 14 ജില്ലകളിലും പാവപ്പെട്ടവർക്ക് ജനകീയ നേതാവിന്റെ പേരിൽ വീട് നൽകാൻ ആണ് ആഗ്രഹിക്കുന്നതെന്ന് ഭാരവാഹികൾ അറിയിച്ചു. കൊല്ലം ജില്ലയിൽ നൽകുന്ന ഭവനങ്ങൾക്കുള്ള 5 സെന്റ് സ്ഥലം യു എ ഇ യിലെ പൊതു പ്രവർത്തകനും കോൺഗ്രസ് നേതാവുമായി ജേക്കബ് പത്തനാപുരം നൽകുമെന്ന് അറിയിച്ചു. ദുബായ് കറാമയിൽ ചേർന്ന യോഗത്തിൽ ജേക്കബ് പത്തനാപുരം, ആരിഫ് ഒറവിൽ, ഹൈദർ തട്ടത്താഴത്ത്, പോൾ ജോർജ്, സുജിത് മുഹമ്മദ്, നാദിഷാ അലി അക്ബർ, സി.സാദിഖ് അലി, ശംസുദ്ധീൻ വടക്കേക്കാട്, ലത്തീഫ് എം ൻ, ജെബിൻ ഇബ്രാഹിം ഫൈസൽ കണ്ണോത്ത് ,ഷാജി ശംസുദ്ധീൻ, നാസർ നാലകത്ത്,,ലിജു കുരിക്കാട്ടിൽ, നൗഷാദ്, ജിജു കാർത്തി കപ്പള്ളി ,ബിബിൻ ജേക്കബ് എന്നിവർ പങ്കെടുത്തു.

## അദാലത്ത് നാളെ

തൃശൂർ: വനിതാ കമ്മീഷൻ ജില്ലാതല അദാലത്ത് നാളെ രാവിലെ പത്ത് മുതൽ തൃശൂർ കെ.കരുണാകരൻ സ്മാരക ടൗൺ ഹാളിൽ നടക്കും.



കെഎംസിസി ദുബായ് നാട്ടിക മണ്ഡലം പ്രസിഡന്റായി തെരഞ്ഞെടുത്ത ബഷീർ സൈദു, ജനറൽ സെക്രട്ടറി മുബഷിർ ഉസ്മാൻ, ട്രഷറർ അബ്ദുൽ സത്താർ, വെൽഫെയർ മണ്ഡലം കോ-ഓർഡിനേറ്റർ ഷക്കീർ എന്നിവർ

## ഗതാഗത നിയന്ത്രണം

തൃശൂർ: ചിറ്റാട്ടുകര കിഴക്കേത്തല മുതൽ താമരപ്പിള്ളി വരെയുള്ള റോഡിന്റെ കൾവർട്ട് പുതുക്കിപ്പണിയുന്ന പ്രവൃത്തി നടക്കുന്നതിനാൽ ഇന്ന് ഈ വഴിയുള്ള ഗതാഗതത്തിന് നിയന്ത്രണം ഉണ്ടായിരിക്കുമെന്ന് ചാവക്കാട് പൊതുമരാമത്ത് അസി. എഞ്ചിനീയർ അറിയിച്ചു.

# കെ.എം.സി.സി ദുബായ് നാട്ടിക മണ്ഡലം കമ്മിറ്റി പുന.സംഘടിപ്പിച്ചു

ദുബായ്: കെ എം സി സി ദുബായ് നാട്ടിക മണ്ഡലം കമ്മിറ്റി പുന.സംഘടിപ്പിച്ചു.നിലവിലെ ജനറൽ സെക്രട്ടറി മുഹമ്മദ് ഹനീഫയെ ജില്ലാ ഘടകത്തിലേക്ക് തിരഞ്ഞെടുത്ത സാഹചര്യത്തിലാണ് പുന: സംഘടിപ്പിച്ചത്. ജില്ലാ പ്രസിഡന്റ് ജമാൽ മനയത്ത് ഉത്ഘാടനം നിർവഹിച്ചു.നാട്ടിക മണ്ഡലം പ്രസിഡന്റ് ബഷീർ സൈദു അധ്യക്ഷത വഹിച്ചു മുബഷിർ ഉസ്മാനെ മണ്ഡലം ജനറൽ സെക്രട്ടറിയായും അബ്ദുൽ സത്താർ പട്ടാട്ട് ട്രഷറർ ആയും തിരഞ്ഞെടുത്തു.ഷക്കീർ ഉപ്പാട്ടിനെ വെൽഫയർ മണ്ഡലം കോർഡിനേറ്റർ ആയും തിരഞ്ഞെടുത്തു.

സെപ്റ്റംബർ പതിനഞ്ചിന് പ്രവർത്തനോഘാടനം നടത്താൻ തീരുമാനിച്ചു മുപ്പത്തിയെട്ട് വർഷത്തോളം പ്രവാസി ജീവിതം നയിച്ചു നാട്ടിലേക്കു മടങ്ങുന്ന ഉബൈദ് ചേറ്റുവ യെ മുസ്ലിം ലീഗ് തൃശൂർ ജില്ലാ പ്രസിഡന്റ് സി എ റഷീദ് നാട്ടിക മണ്ഡലം കമ്മിറ്റിക്ക് വേണ്ടി ചടങ്ങിൽ ആദരിച്ചു. സംസ്ഥാന സെക്രട്ടറി അഷറഫ് കൊടുങ്ങല്ലൂർ, ജില്ലാ ജനറൽ സെക്രട്ടറി ഗഫൂർ പട്ടിക്കര,ജില്ലാ വൈസ് പ്രസിഡന്റ് അബു സമീർ, മനാഫ് മുഹമ്മദ്, മുഹമ്മദ് സലിം, നസീർ വലപ്പാട്, സാദിഖ് എം എ, എന്നിവർ ആശംസകൾ നേർന്നു.മുഹമ്മദ് ഹനീഫ സ്വാഗതവും മുബഷിർ ഉസ്മാൻ നന്ദിയും അറിയിച്ചു.

# ശ്രേഷ്ഠ കർഷകൻ അവാർഡ് സമർപ്പിച്ചു

തൃശൂർ: കെ.എം മത്തായിക്ക് ഈ വർഷത്തെ മെൻസ് അസോസിയേഷൻ കേന്ദ്ര സമതിയുടെ ശ്രേഷ്ഠ കർഷകൻ-ദ്ബറായ റാബാ 2024- അവാർഡ് മാർ ഓഗിൻ കുരിയാകോസ് മെത്രാപ്പോലീത്ത സമർപ്പിച്ചു. നെൽകൃഷിക്ക് വേണ്ടി തന്റെ ജീവിതം ഉഴിഞ്ഞു വെച്ച മത്തായി ചെറുപ്പകാലംമുതലെ കൃഷിയിൽ വ്യാപർതനായിരുന്നു. നെൽകൃഷി പരിപാലനത്തിനായി അക്ഷീണം അദ്ധ്വാനിച്ച മാത്തായിക്ക് സർക്കാർ തലത്തിൽ നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.അവാർഡ് സമർപ്പണ ചടങ്ങിൽ മെൻസ് അസോസിയേഷൻ പ്രിസിഡണ്ട് റവ.ജോസ് വേങ്ങശ്ശേരി അദ്ധ്യക്ഷത വഹിച്ചു.

റവ.ഡെന്നി തലോക്കാൻ, ജനറൽ സെക്രട്ടറി അബി ജെ.പൊൻമണിശ്ശേരി, എം.ആർ.തിമത്തി, ജേയ്ക്കബ് ബേബി, ചാൾസ് ചിറ്റിലപ്പിള്ളി, പ്രിൻസ്, മെറീജ് തിമത്തി, കെ.എം.മത്തായി എന്നിവർ പ്രസംഗിച്ചു.



ഉബൈദ് ചേറ്റുവയെ പരിവർത്തൻ കൾച്ചറൽ സെന്റർ ദുബൈ ആദരിച്ചപ്പോൾ.

# 38 വർഷപ്രവാസ ജീവിതം, ഉബൈദ് ചേറ്റുവയെ ആദരിച്ചു

ദുബൈ : യു എ ഇ യിലെ സാമൂഹിക, സാംസ്കാരിക, ജീവ കാരുണ്യ മേഖലകളിൽ 38 വർഷം നിറസാന്നിധ്യമായ ഉബൈദ് ചേറ്റുവയെ പരിവർത്തൻ കൾച്ചറൽ സെന്റർ ദുബൈ ആദരിച്ചു. ദുബായ് കെ എം സി സി യിൽ വെച്ച് നടന്ന സംഗമം സാമൂഹിക പ്രവർത്തകൻ സി സാദിഖലി ഉദ്ഘാടനം ചെയ്തു.

ഭാരവാഹികളായ ഷെബീർ ടി പി, അലി ആസാദ്, ഷംസീർ ഒരുമനയൂർ, സനർ ഉമ്മർ, ഷഫീക്ക് വി കെ തുടങ്ങിയവർ സംസാരിച്ചു.

# സാമൂഹ്യക്ഷേമ പദ്ധതികളുമായി എങ്കക്കാട് മങ്കര മഹല്ല്



മങ്കര മഹല്ലിലെ പലിശരഹിത വായ്പ നൽകൽ ഉദ്ഘാടനം പ്രസിഡന്റ് എം.കെ. അബ്ദുൾ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

വടക്കാഞ്ചേരി: സാമൂഹ്യ ക്ഷേമപദ്ധതികളുടെ ഭാഗമായുള്ള വിവിധ പദ്ധതികൾക്ക് തുടക്കം കുറിച്ച് എങ്കക്കാട് - മങ്കര മഹല്ല് കമ്മറ്റി. മഹല്ലിലെ ഇരുപത് വീതം വീടുകളെ ഓരോ ബ്ലോക്കുകളാക്കി ഇരുപത് ബ്ലോക്കുകൾ രൂപീകരിക്കുകയും, ഓരോ ബ്ലോക്കിലെയും സഹോദരിമാരെ ഉൾപ്പെടുത്തി സഹോദരീ സംഘങ്ങൾ രൂപീകരിച്ച് മഹല്ലിന്റെ സാമൂഹ്യ സേവന പദ്ധതികൾ പ്രസ്തുത ഗ്രൂപ്പുകൾ വഴി നടപ്പിലാക്കാനും മഹല്ല് തീരുമാനമെടുത്തു. പലിശ രഹിത മഹല്ല്, ആശ്വാസ്, ലഹരിമുക്ത മഹല്ല്, വിദ്യാഭ്യാസ ആരോഗ്യ സാമ്പത്തിക സുരക്ഷാ പദ്ധതികൾ തുടങ്ങി ജനക്ഷേമ പദ്ധതികൾ സഹോദരീ സംഘങ്ങൾ വഴിയാകും നടപ്പിലാക്കുക എന്നും, മഹല്ലിലെ എല്ലാ വീടുകൾക്കും പ്രത്യേകം നമ്പറിട്ട് ഫാമിലി സെൻസസ് എടുത്ത് ഫാമിലി രജിസ്റ്റർ തയ്യാറാക്കുമെന്നും മഹല്ല് പ്രസിഡൻറ് എം.കെ. അബ്ദുൾ റഹ്മാൻ സാഹിബ് പറഞ്ഞു.

മഹല്ല് ദികർ ഹാളിൽ നടന്ന മജ്ലിസുന്നൂറും പലിശ രഹിത വായ്പ നൽകലും പരിപാടിയുടെ ഭാഗമായി അപേക്ഷകർക്ക് വായ്പ നൽകി ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. മഹല്ല് ഖതീബ് മുഹമ്മദ് ബഷീർ ബാഖവി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എസ്.കെ. മുഹമ്മദ് സ്വാഗതം പറഞ്ഞു.

മഹല്ലിൽ നടപ്പിലാക്കുന്ന ബ്ലോക്ക് സഹോദരീ സംഘ രൂപീകരണത്തെയും, അതിന്റെ പ്രവർത്തനങ്ങളെ കുറിച്ചും, പലിശ രഹിത വായ്പയുടെ നടപടിക്രമങ്ങളെ കുറിച്ചും സുന്നി മഹല്ല് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി ബഷീർ കല്ലേപ്പാടം വിശദീകരിച്ചു. ട്രഷറർ എൻ. എം. അബുബക്കർ , മഹല്ല് വൈസ് പ്രസിഡന്റ് കെ.എ അബ്ദുൾ റഹ്മാൻ, ജോയിന്റ് സെക്രട്ടറിമാരായ കെ.എ. റഷീദ്, ഇ.എ. അക്ബർ, കമ്മറ്റി അംഗങ്ങളായ ഹസ്സൻ, സി.എ. ഖാലിദ്, ഹൈദർ, ജമാൽ എന്നിവർ സംസാരിച്ചു. മഹല്ല് ഖതീബ് മുഹമ്മദ് ബഷീർ ബാഖവി, സദർ മുഅല്ലിം എന്നിവർ മജ്ലിസുന്നൂറിന് നേതൃത്വം നൽകി.



തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന മുല്ലശ്ശേരി ഉപ ജില്ലാ സുബ്രദോ കപ്പ് ചാമ്പ്യൻഷിപ്പിൽ റണ്ണറപ്പായ പാടൂർ അലീമുൽ ഇസ്ലാം ഹയർ സെക്കൻഡറി സ്കൂൾ ടീം

## സുബ്രദോ കപ്പ് അലീമുൽ ഇസ്ലാം ഹയർ സെക്കന്ററി സ്കൂൾ റണ്ണറപ്പ്

പാവറട്ടി.: തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയത്തിൽ നടന്ന മുല്ലശ്ശേരി ഉപ ജില്ലാ സുബ്രദോ കപ്പ് ചാമ്പ്യൻഷിപ്പ് മത്സരത്തിൽ അണ്ടർ 15, അണ്ടർ 17, വിഭാഗങ്ങളിൽ പാടൂർ അലീമുൽ ഇസ്ലാം ഹയർ സെക്കൻഡറി സ്കൂൾ റണ്ണറപ്പായി. വേൾഡ് ഒളിമ്പിക് ഡെ യോടനുബന്ധിച്ച് സ്കൂളിൻ നടന്ന അനുമോദന യോഗത്തിൽ പി ടി എ പ്രസിഡന്റ് ആർ എച്ച് ഹാരിസ് മെഡൽ നൽകി. സ്കൂൾ ഹെഡ് മിസ്ട്രസ്സ് വിസി ബോസ്, സീനിയർ അസിസ്റ്റന്റ് കെ കെ ബീന, കായികാദ്ധ്യാപകൻ ജിമ്മി ബേബി, ഒ എഫ് ജോസ്, സ്റ്റാഫ് സെക്രട്ടറി പി എം മുഹ്സിൻ , പി ടി എ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ അനുമോദന പരിപാടികൾക്ക് നേതൃത്വം നൽകി.

## ആറാട്ടുപുഴ പൂരം: ഹിയറിങ്ങ് 26 ന്

ആറാട്ടുപുഴ: ആറാട്ടുപുഴ തറക്കൽ പൂരത്തിന് ആന ഇടഞ്ഞതിനെത്തുടർന്നുണ്ടായ സംഭവങ്ങളിൽ പരിക്കേറ്റവർക്ക് നഷ്ടപരിഹാരം നൽകുന്നതിന്റെ ഭാഗമായുള്ള യോഗം ആറാട്ടുപുഴ ക്ഷേത്ര പത്തായപ്പുരയിൽ നാളെ ഉച്ചതിരിഞ്ഞ് മൂന്നിന് ചേരും. ചികിത്സയുടെ വിശദ വിവരങ്ങളടക്കം എഫ്.ഐ.ആറിന്റെ പകർപ്പ് സഹിതം കക്ഷികൾക്ക് യോഗത്തിൽ പങ്കെടുക്കാം.8.40 കോടി രൂപയ്ക്കാണ് കൊച്ചിൻ ദേവസ്വം ബോർഡ് ആറാട്ടുപുഴ പൂരം ഇൻഷുർ ചെയ്തത്.

# കുന്നംകുളം ഗവ. മോഡൽ ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ വിജയോത്സവം



കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സീതാരവീന്ദ്രൻ പരിപാടി ഉദ്ഘാടനം ചെയ്യുന്നു

കുന്നംകുളം : കുന്നംകുളം ഗവൺമെന്റ് മോഡൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിൽ വിജയോത്സവം സംഘടിപ്പിച്ചു. പ്ലസ് ടു, എസ്.എസ്.എൽ.സി പരീക്ഷകളിൽ മികച്ച വിജയം കൈവരിച്ച വിദ്യാർത്ഥികളേയും എൻ.എം.എം.എസ് പരീക്ഷകളിൽ മികവ് പുലർത്തിയവരേയുമാണ് അനുമോദിച്ചത്. കുന്നംകുളം നഗരസഭാ ചെയർപേഴ്സൺ സീതാ രവീന്ദ്രൻ ചടങ്ങ് ഉദ്ഘാടനം ചെയ്തു.

പി.ടി.എ പ്രസിഡന്റ് പി.ജി.ജയപ്രകാശ് അധ്യക്ഷനായി. സ്കൂളിലെ മുൻ ഗണിത അധ്യാപകയായിരുന്ന മറിയാമ്മ മാത്യുവിന്റെ ഓർമ്മയ്ക്കായി കുടുംബാഗങ്ങൾ ഏർപ്പെടുത്തിയ വിവിധ പരീക്ഷകളിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കുള്ള ക്യാഷ് അവാർഡുകൾ ചടങ്ങിൽ വിതരണം ചെയ്തു .

നഗരസഭ ഉപാധ്യക്ഷ സൗമ്യ അനിലൻ, വിദ്യഭ്യാസ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ പി.കെ.ഷെബീർ, വാർഡ് കൗൺസിലർ ലബീബ് ഹസൻ, എസ്.എം.സി ചെയർമാൻ റഷീദ് എരുമപ്പെട്ടി, ഫാദർ മാത്യൂസ് ബർസോമ, പ്രിൻസിപ്പാൾ വി.ബി.ശ്യാം,ഹെഡ് മിസ്ട്രസ് എം.എ.നാദിറ,മുൻ എച്ച്.എം ബീന ജോസ്, എൽ.പി.സ് കൂൾ എച്ച്.എം വി.കെ.സുജ,ഒ.എസ്.എ സെക്രട്ടറി ഷൈനി കാർത്തികേയൻ, പി.ടി.എ വൈസ് പ്രസിഡന്റ് പി.മണികണ്ഠൻ, സീനിയർ അസിസ്റ്റന്റ് കെ.കെ.മഞ്ജുള, എം.പി.ടി.എ പ്രസിഡന്റ് പ്രീത ബാബു,സുജ സൂസൻ മാത്യു തുടങ്ങിയവർ സംസാരിച്ചു.അധ്യാപകരായ മീന ജോർജ്, പി.എസ്.സനൽ, പ്രിൻസി എ തറയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 25 ചൊവ്വ
ഗൾഫ് ചന്ദ്രിക

## വായന മൂല

മട്ടാഞ്ചേരി: വായനപക്ഷാചരണത്തിന്റെ ഭാഗമായി മൗലാന ആസാദ് ലൈബ്രറിയിൽ കുട്ടികൾക്കായി രൂപം കൊടുത്ത വായനാമൂല മട്ടാഞ്ചേരി അസിസ്റ്റന്റ് പോലീസ് കമ്മീഷ്ണർ കെ. ആർ. മനോജ് ഉദ്ഘാടനം ചെയ്തു. ലൈബ്രറി വൈസ് പ്രസിഡന്റ് ഇബ്രാഹിംകുട്ടി അധ്യക്ഷനായി. കൊച്ചി താലൂക്ക് സെക്രട്ടറി കെ. എസ് .രാധാകൃഷ്ണൻ, ഇ. എ. അബ്ദുൽ സത്താർ(എ ച്. എം. പനയപ്പിള്ളി ഗവ:ഹൈസ്കൂൾ),വി. ബി. ലിജിയ( എം. എം.ഒ. വി. എച്. എസ്),എൻ. കെ.എം.ഷെരിഫ്, സുധീഷ് ഷേണായ്, എം. എ ച്.അസീസ് എന്നിവർ പ്രസംഗിച്ചു.

## കൊച്ചി ഫിലിം ഫെസ്റ്റിവൽ അവാർഡിന് എൻട്രികൾ ക്ഷണിച്ചു

കൊച്ചി: എൻ എഫ് ആർ കൊച്ചി ഫിലിം ഫെസ്റ്റിവലിന്റെ ഭാഗമായി നടത്തുന്ന ഗ്ലോബൽ അക്കാദമി അവാർഡുകൾക്കുള്ള അപേക്ഷകൾ ക്ഷണിച്ചു. ഷോർട്ട് ഫിലിം, ഡോക്യുമെന്ററി, ആനിമേഷൻ ഫിലിം എന്നീ മൂന്ന് വിഭാഗങ്ങളിലാണ് അവാർഡുകൾ. ഷോർട്ട് ഫിലിമുകളും ഡോക്യുമെന്ററികളും 20 മിനിറ്റിൽ താഴെയും ആനിമേഷൻ പരമാവധി 5 മിനിറ്റിലും ആയിരിക്കണം. കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ നിർമ്മിച്ചതും ഇംഗ്ലീഷ് സബ് ടൈറ്റിലുകളുള്ളതുമായ എല്ലാ ഭാഷകളിലെയും എൻട്രികൾ മത്സരത്തിനു സമർപ്പിക്കാം. ഓരോ വിഭാഗത്തിലും ഒരു ലക്ഷം മുതൽ 25,000 രൂപയും പ്രശസ്തിപത്രവുമാണ് സമ്മാനം. എൻഡ്രികൾ സമർപ്പിക്കേണ്ട അവസാന തീയതി 2024 ഓഗസ്റ്റ് 15. കൂടുതൽ വിവരങ്ങൾക്ക് nfrkochifestival.com/register എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

## ബന്ധൻ നിഫ്റ്റി ടോട്ടൽ മാർക്കറ്റ് മ്യൂച്വൽ ഫണ്ട്

കൊച്ചി: ബന്ധൻ നിഫ്റ്റി ടോട്ടൽ മാർക്കറ്റ് ഇൻഡക്സ് ഫണ്ടുമായി ബന്ധൻ മ്യൂചൽ ഫണ്ട്.ഇന്ത്യൻ ഇക്വിറ്റി മാർക്കറ്റിന്റെ 95% പ്രതിനിധീകരിക്കുന്ന, ലാർജ്, മിഡ്, സ്മോൾ, മൈക്രോ ക്യാപ്സുകളിലുടനീളമുള്ള 750 സ്റ്റോക്കുകൾ ഉൾപ്പെടുന്ന വൈവിധ്യമാർന്ന പോർട്ട്ഫോളിയോയിൽ നിക്ഷേപിക്കാൻ ഈ ഫണ്ട് നിക്ഷേപകർക്ക് അവസരം നൽകുന്നു.

# എറണാകുളം വാർത്തകൾ

## പ്രസ് ക്ലബ്ബ് ക്രിക്കറ്റ് ലീഗ്: മെട്രോവാർത്ത ചാമ്പ്യൻമാർ



*വിനോദ് കരിമാട്ട് മെമ്മോറിയൽ ട്രോഫിക്ക് വേണ്ടി എറണാകുളം പ്രസ്ക്ലബ്ബ് സംഘടിപ്പിച്ച പ്രസ്ക്ലബ്ബ് ക്രിക്കറ്റ് ലീഗിന്റെ (പി.സി.എൽ) ആദ്യ സീസണിൽ ചാമ്പ്യൻമാരായ മെട്രോവാർത്ത ടീമിന് രാജ്യാന്തര വോളിബോൾ താരം കിഷോർകുമാർ ട്രോഫി സമ്മാനിക്കുന്നു*

കൊച്ചി: വിനോദ് കരിമാട്ട് മെമ്മോറിയൽ ട്രോഫിക്ക് വേണ്ടി എറണാകുളം പ്രസ്ക്ലബ്ബ് സംഘടിപ്പിച്ച പ്രസ്ക്ലബ്ബ് ക്രിക്കറ്റ് ലീഗിന്റെ (പി.സി.എൽ) ആദ്യ സീസണിൽ മെട്രോവാർത്ത ചാമ്പ്യൻമാരായി. കലൂർ ഡി.എൻ.എ ഇൻഡോർ ഗ്രൗണ്ടിൽ നടന്ന ഫൈനൽ മത്സരത്തിൽ മനോരമ ന്യൂസ് ടീമിനെ 7 വിക്കറ്റിന് തോൽപ്പിച്ചാണ് മെട്രോവാർത്ത ടീം കിരീടം നേടിയത്. ടോസ് നഷ്ടമായി ആദ്യം ബാറ്റ് ചെയ്ത മനോരമ ന്യൂസ് നിശ്ചിത 6 ഓവറിൽ 2 വിക്കറ്റ് നഷ്ടത്തിൽ 50 റൺസെടുത്തു.

മറുപടി ബാറ്റിങ്ങിനിറങ്ങിയ മെട്രോവാർത്ത 3.4 ഓവറിൽ വിക്കറ്റുകൾ നഷ്ടപ്പെടുത്താതെ ലക്ഷ്യം കണ്ടു. മെട്രോവാർത്തയുടെ അഭിലാഷ് ടൂർണമെന്റിലെ മികച്ച താരമായി തിരഞ്ഞെടുക്കപ്പെട്ടു. അമൃത ടി.വി, ദേശാഭിമാനി ടീമുകൾ സെമിഫൈനലിസ്റ്റുകളായി. എറണാകുളത്തെ 15 മാധ്യമ സ്ഥാപനങ്ങളിൽ നിന്നുള്ള ടീമുകളാണ് രണ്ട് ദിവസത്തെ ടൂർണമെന്റിൽ പങ്കെടുത്തത്. ഇന്ത്യൻ ഓയിൽ കോർപറേഷൻ, ജെയിൻ യൂണിവേഴ്സിറ്റി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കൊമേഴ്സ്-ലക്ഷ്യ, വിപിഎസ് ലേക്ഷോർ ആശുപത്രി എന്നിവരുടെ സഹകരണത്തോടെ സംഘടിപ്പിച്ച ടൂർണമെന്റിന്റെ വിജയികൾക്കുള്ള ട്രോഫികളും ക്യാഷ് അവാർഡും മുൻ രാജ്യാന്തര വോളിബോൾ താരവും കാലിക്കറ്റ് ഹീറോസിന്റെ പരിശീലകനുമായ കിഷോർകുമാർ, വിനോദ് കരിമാട്ടിന്റെ ഭാര്യ സൗമ്യ എന്നിവർ ചേർന്ന് സമ്മാനിച്ചു. എറണാകുളം പ്രസ്ക്ലബ്ബ് പ്രസിഡന്റ് എം.ആർ ഹരികുമാർ അധ്യക്ഷനായ ചടങ്ങിൽ സെക്രട്ടറി എം.സൂഫി മുഹമ്മദ്, ട്രഷറർ മനു ഷെല്ലി, സ്പോർട്സ് ക്ലബ്ബ് കൺവീനർ അഷ്റഫ് തൈവളപ്പ്, എക്സിക്യൂട്ടീവ് അംഗങ്ങളായ ബൈജു ഭാസി, ശ്രീജിത്ത് വി.ആർ, ദ ഹിന്ദു ഡെപ്യൂട്ടി എഡിറ്റർ സതീഷ് വെള്ളിനേഴി തുടങ്ങിയവർ പങ്കെടുത്തു.


*കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തിയ വിദ്യാഭ്യാസ അവാർഡ് വിതരണം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മുത്തേടൻ ഉദ്ഘാടനം ചെയ്യുന്നു.*

## വിദ്യാഭ്യാസ അവാർഡ് വിതരണം

പെരുമ്പാവൂർ: കൂവപ്പടി ഗ്രാമപഞ്ചായത്തിന്റെ നേതൃത്വത്തിൽ വിജയപഥ് പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന വിദ്യാഭ്യാസ അവാർഡ് വിതരണം നടത്തി. എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയ വിദ്യാർഥികൾക്ക് സർട്ടിഫിക്കറ്റും, മൊമന്റോയും നൽകി ആദരിച്ചു. ഐ.എ.എസ്. പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ വിനീത് ലോഹിതാക്ഷനെ അനുമോദിച്ചു. ആർട്ടിസ്റ്റ് പി.എസ്. ജയനെ പൊന്നാട അണിയിച്ച് ആദരിച്ചു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മനോജ് മുത്തേടൻ ഉദ്ഘാടനം ചെയ്തു. പഞ്ചായത്ത് പ്രസിഡന്റ് സിന്ധു അരവിന്ദ് അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ടി. അജിത്ത് കുമാർ, പഞ്ചായത്ത് വൈസ് പ്രസിഡന്റ് എം.ഒ. ജോസ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ കെ.പി. ചാർളി, സിനി എൽദോ, ജിജി ശെൽവരാജ്, ബ്ലോക്ക് മെമ്പർമാരായ അനു അബീഷ്, മോളി തോമസ്, വാർഡ് മെമ്പർമാരായ ബേബി തോപ്പിലാൻ, പി.വി. സുനിൽ, മായ കൃഷ്ണകുമാർ, എം.വി. സാജു, സാസംൺ ജേക്കബ്, പ്രിൻസ് ആന്റണി, ഹരിഹരൻ പടിയ്ക്കൽ, പി.എസ്. നിത, ബിന്ദു കൃഷ്ണകുമാർ, എം. നവ്യ, ശശികല രമേശ്, സന്ധ്യ രാജേഷ്, രമ്യ വർഗീസ്, മരിയ മാത്യു, സാബു ആന്റണി എന്നിവർ സംസാരിച്ചു.

പെരുമ്പാവൂർ: കൂവപ്പടി സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ സഹകാരികളുടെ മക്കളിൽ എസ്.എസ്.എൽ.സി., പ്ലസ് ടു പരീക്ഷകളിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവരെ ആദരിച്ചു. പൊതുസമ്മേളനവും അവാർഡ് വിതരണവും എൽദോസ് കുന്നപ്പിള്ളി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ബാങ്ക് പ്രസിഡന്റ് പി.പി. അൽഫോൻസ് മാസ്റ്റർ അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അജി മാടവന, കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എ.ടി. അജിത് കുമാർ, പഞ്ചായത്ത് പ്രസിഡന്റ് സിന്ധു അരവിന്ദ്, വൈസ് പ്രസിഡന്റ് എം.ഒ. ജോസ്, മെമ്പർമാരായ ബേബി തോപ്പിലാൻ, ജിജി ശെൽവരാജ്, പി.എസ്. നിത, മരിയ മാത്യു, ബാങ്ക് സെക്രട്ടറി ആൻസി ട്രീസ ജോൺ, സാബു ആന്റണി, ബാങ്ക് മുൻ പ്രസിഡന്റുമാരായ തോമസ് പൊട്ടോളി, ആന്റു ഉതുപ്പാൻ, ഭരണസമിതി അംഗങ്ങളായ സാജു ഇലവുംകുടി, സി.ജെ. റാഫേൽ, പി.വി. മനോജ്, ജൂഡ്സ് മൂത്തേടൻ, ദിപു റാഫേൽ, ജോർജ്ജ് ചെട്ടിയാകുടി, എൽസി ഔസേഫ്, ജോഷി സി. പോൾ, എ.വൈ. ബിജു, പീറ്റർ ജോർജ്ജ് എന്നിവർ സംസാരിച്ചു.

കാലടി: പഞ്ചായത്തിൽ വിവിധ സിലബസുകളിൽ നടന്ന എസ്എസ്എൽ സി,പ്ലസ്ടു പരീക്ഷകളിൽ ഉന്നത വിജയം നേടിയവർക്കുള്ള അവാർഡ് പഠനോപകരണങ്ങൾ ദുരിതാശ്വാസനിധി എന്നിവയുടെ വിതരണവും നടത്തി. റോജി എം.ജോൺ എം.എൽ.എ ഉദ്ഘാടനം നിർവഹിച്ചുകൊണ്ട് ഉന്നതവിജയം നേടിയവർക്കുള്ള അവാർഡുകൾ സമ്മാനിച്ചു. ദുരിതാശ്വാസ നിധിയുടെ വിതരണം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കൊച്ചുത്രേസ്യ തങ്കച്ചൻ നിർവ്വഹിച്ചു. പഞ്ചായത്ത് പ്രസിഡന്റ് ഷൈജൻ തോട്ടപ്പിള്ളി അധ്യക്ഷത വഹിച്ചു. വൈസ് പ്രസിഡന്റ് അംബിക ബാലകൃഷ്ണൻ, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാരായ സിജു കല്ലുങ്ങൽ, ശാന്ത ചാക്കോ,ഷിജി വർഗീസ്, അംഗങ്ങളായ സരിത ബൈജു,കെ.ടി എൽദോസ്,പി.കെ കുഞ്ഞപ്പൻ,ബിനോയ് കൂരൻ,ശാന്ത ബിനു, സ്മിത ബിജു,ഷിജ സെബാസ്റ്റ്യൻ, അമ്പിളി ശ്രീകുമാർ, ഷാനിത നൗഷാദ്, പി.ബി സജീവ്,സി.വി സജേഷ്,ആസൂത്രണ സമിതി വൈസ് ചെയർമാൻ ജോയ് പോൾ,അസി. സെക്രട്ടറി ബിന്ദു എന്നിവർ സംസാരിച്ചു.


*കാലടി പഞ്ചായത്തിന്റെ വിദ്യാഭ്യാസ അവാർഡുകൾ റോജി എം.ജോൺ എംഎൽഎ വിതരണം ചെയ്യുന്നു*

## മാരക മയക്കുമരുന്നുകൾ ഒഴുകുന്നു

# കേസുകൾ ആരംഭത്തിൽ തന്നെ അവസാനിപ്പിച്ച് അന്വേഷണ സംഘങ്ങൾ




നെടുമ്പാശ്ശേരി : രാജ്യാന്തര വിമാനത്താവളത്തിൽ പിടികൂടുന്ന വൻമയക്കുമരുന്ന് കേസുകളുടെ അന്വേഷണം പാതിവഴിയിൽ അവസാനിപ്പിക്കുന്നത് മാഫിയ സംഘങ്ങൾക്ക് തുണയാകുന്നു. കഴിഞ്ഞ രണ്ട് മാസത്തിനിടെ രണ്ട് കേസുകളിലായി 47 കോടി രൂപയുടെ കൊക്കെയിനാണ് നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ ഡയറക്ടറേറ്റ് ഓഫ് റവന്യൂ ഇന്റലിജൻസ് വിഭാഗം പിടികൂടിയത്. ഏഴ് കോടി രൂപയുടെ മയക്കുമരുന്നുമായി ആദ്യം പിടികൂടിയ കേസിൽ യാതൊരു തുടരന്വേഷണവും നടത്താൻ അന്വേഷണ സംഘം തയ്യാറായില്ല. മയക്കുമരുന്നുമായി എത്തിയ കെനിയൻ പൗരനായ കരിഞ്ചാ മിഷാലിനെയാണ് അറസ്റ്റ് ചെയ്തിരുന്നത്. എന്നാൽ ഈ കേസ് പ്രാഥമിക അന്വേഷണത്തിൽ തന്നെ അവസാനിക്കുകയായിരുന്നു.

പ്രതിയെ കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്യാൻ പോലും അന്വേഷണ സംഘത്തിന് കഴിഞ്ഞില്ല. മയക്കുമരുന്ന് കടത്തിലെ കരിയറായ ഇയാൾ കൊച്ചിയിൽ വിതരണം ചെയ്യാനാണ് മയക്കുമരുന്ന് എത്തിച്ചതെന്ന് പ്രാഥമിക അന്വേഷണത്തിൽ തന്നെ വ്യക്തമായിരുന്നു. എന്നാൽ കോടികളുടെ മയക്കുമരുന്ന് ഇയാൾ ആർക്കു വേണ്ടിയാണ് കൊണ്ടുവന്നതെന്ന് കണ്ടെത്താൻ ഡി.ആർ.ഐയുടെ അന്വേഷണ സംഘത്തിന് കഴിഞ്ഞില്ല. കേസിൽ കാര്യക്ഷമമായ തുടരന്വേഷണം നടത്താതിരുന്നതാണ് മയക്കുമരുന്ന് സംഘത്തിലെ പ്രധാനികൾ രക്ഷപ്പെടാൻ ഇടയാക്കിയതെന്നാണ് ആക്ഷേപം ഉയരുന്നത്. കൊക്കെയിൻ ക്യാപ്സ്യൂൾ രൂപത്തിലാക്കി വിഴുങ്ങി വയറിനകത്ത് ഒളിപ്പിച്ചാണ് ഇയാൾ കൊണ്ടുവന്നത്. 40 കോടിയോളം രൂപയുടെ കൊക്കെയിനുമായാണ് ടാൻസാനിയൻ സ്വദേശികളായ ദമ്പതികളായ ഒമാരി ജോംഗോയും വെറോണിക്കയും കഴിഞ്ഞ ദിവസം വിമാനത്താവളത്തിൽ പിടിയിലായത്.

ഇരു കേസുകളിലും കൊക്കെയിൻ കാപ്സ്യൂളുകളാക്കി വിഴുങ്ങി സമാനമായ രീതിയിലാണ് കടത്താൻ ശ്രമം നടത്തിയത്. മാത്രമല്ല കരിയർമാർ എത്യോപ്യയിൽ നിന്നാണ് നെടുമ്പാശ്ശേരിയിൽ എത്തിയതെന്ന പ്രത്യേകതയും ഉണ്ട്. ഇത്തരത്തിൽ രണ്ട് കേസുകളും തമ്മിൽ സമാനതകളും ഏറെയാണ്. ഒരേ മയക്കുമരുന്ന് കടത്ത് സംഘം തന്നെയാണ് രണ്ട് കേസുകളുടെയും പിന്നിലുള്ളതെന്നാണ് ഇത് വ്യക്തമാക്കുന്നത്. കോടികൾ വിലവരുന്ന മയക്കുമരുന്ന് കേസുകളുടെ അന്വേഷണം സംസ്ഥാനത്തെ മയക്കുമരുന്ന് മാഫിയകളിലേക്ക് എത്താതിരിക്കാൻ അന്വേഷണ സ്ഥലങ്ങൾക്ക് മേലേ ശക്തമായ സമ്മർദ്ദമുണ്ടെന്നാണ് വ്യക്തമാകുന്നത്. ഭരണ ഉദ്യോഗസ്ഥതലത്തിൽ വൻ സ്വാധീനമുള്ളവരാണ് ഇതിന് പിന്നിൽ പ്രവർത്തിക്കുന്നതെന്നാണ് വിവരം. വിദ്യാർഥികളെയും യുവാക്കളെയും ലക്ഷ്യമിട്ടാണ് മയക്കുമരുന്ന് മാഫിയയുടെ പ്രവർത്തനം. ഇരകളെ കണ്ടെത്താൻ പെൺകുട്ടികൾ അടക്കമുള്ള പ്രത്യേക സംഘങ്ങൾ തന്നെ പ്രവർത്തിക്കുന്നുണ്ടെന്നാണ് റിപ്പോർട്ടുകൾ. ഈ മാരക വിപത്തിന് തടയിടാൻ ബന്ധപ്പെട്ടവർ മുന്നോട്ടു വന്നില്ലെങ്കിൽ വളർന്നു വരുന്ന തലമുറയെ കാത്തിരിക്കുന്നത് വൻ വിപത്തായിരിക്കും എന്നതും ആശങ്കയുയർത്തുന്നു.

## കഞ്ചാവുമായി യുവാവ് എക്സൈസിന്റെ പിടിയിൽ

കൊച്ചി: വിൽപ്പനക്കായി സൂക്ഷിച്ച കഞ്ചാവുമായി യുവാവ് എക്സൈസിന്റെ പിടിയിൽ. കാസർകോട് ബേഡഡുക്ക തോർക്കുളം വീട്ടിൽ സഹദ് മൊയ്ദീ(21)നെയാണ് 1. 600 കിലോഗ്രാം കഞ്ചാവുമായി എക്സൈസ് സംഘം പിടികൂടിയത്. അസി. എക്സൈസ് കമ്മീഷണർ ജിമ്മി ജോസഫിന് ലഭിച്ച രഹസ്യവിവരത്തെ തുടർന്ന് എറണാകുളം എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റി നാർകോട്ടിക് സ്പെഷ്യൽ സ്കാഡ് ഇൻസ്പെക്ടർ കെ.പി പ്രമോദും സംഘവും ചേർന്ന് എറണാകുളം കലൂർ കൃഷ്ണമേനോൻ റോഡിന്റെ കിഴക്ക് വശത്തുള്ള എ.ജെ റീജൻസി ലോഡ്ജിന്റെ മൂന്നാം നിലയിലുള്ള 310 നമ്പർ റൂമിൽ നടത്തിയ പരിശോധനയിലാണ് കഞ്ചാവുമായി പ്രതി പിടിയിലായത്. സംഭവസ്ഥലത്ത് നിന്നും ഓടിരക്ഷപ്പെട്ട മലപ്പുറം, പൊന്നാനി, തവനൂർ, കടക്കശ്ശേരി, അമ്മയത്ത് വീട്ടിൽ മുഹമ്മദ് ആഷിക്കി(21)നെ രണ്ടാംപ്രതിയാക്കി കേസ് രജിസ്റ്റർ ചെയ്തു. കാസർകോട് നിന്നും കഞ്ചാവ് കയറ്റികൊണ്ടുവന്ന് കലൂർ, ഇടപ്പിള്ളി, പാലാരിവട്ടം ഭാഗങ്ങളിൽ വിദ്യാർഥികൾക്കും തൊഴിലാളികൾക്കും വിൽപ്പന നടത്തുന്ന സംഘത്തിൽ പെട്ടവരാണ് ഇവർ. ആറു മാസമായി മുറികൾ വാടക്കെടുത്ത് താമസിച്ചാണ് കഞ്ചാവ് കച്ചവടം നടത്തിവന്നിരുന്നത്. ഇൻസ്പെക്ടർ പ്രമോദിനെ കൂടാതെ എ.ഇ.ഐ (ജി) രാജീവ്, പ്രിവന്റീവ് ഓഫീസർ ജീനിഷ്, പ്രിവന്റീവ് ഓഫിസർ ഗ്രേഡ് അരുൺ കുമാർ എം.എം, ബസന്ത് കുമാർ, മഹേഷ്, വനിതാ സിവിൽ എക്സൈസ് ഓഫീസർമാരായ നിഷ, സരിതാ റാണി എന്നിവരും സംഘത്തിൽ ഉണ്ടായിരുന്നു.

## കണ്ടന്റ് എക്സ്പീരിൻസിൽ വിപ്ലവം സൃഷ്ടിക്കാൻ ഏഷ്യാവിൽ

കൊച്ചി: പയനിയറിംഗ് മീഡിയടെക് കമ്പനിയായ ഏഷ്യാവിൽ അതിന്റെ പേറ്റന്റ് പെന്റിങ് ആയ എയ്വി ഇന്ററാക്ടിവ്& ഗെയിമിഫൈഡ് എക്സ്പീരിയൻസ് എന്ന പുതിയ കണ്ടന്റും സാങ്കേതിക ഫോർമാറ്റും അവതരിപ്പിക്കുന്നു. 'ലെറ്റ് മി ഔട്ട്' എന്ന ശീർഷകത്തിൽ എഐജിഇ ഫോർമാറ്റ് ഉപയോഗിച്ചുകൊണ്ടുള്ള ഏഷ്യാവില്ലിന്റെ ഷോ അവരുടെ എയ്വി ആപ്പിൽ ഉടൻ ആരംഭിക്കും. സംവേദനാത്മക ഗെയിമിംഗ് ഘടകങ്ങളടങ്ങിയ ഒരു സിനിമ പോലുള്ള വീഡിയോ ഉള്ളടക്കം പരിധികളില്ലാതെ ഉൾക്കൊള്ളിച്ചിരിക്കുന്ന സംരംഭമാണ് എയ്വി ഇന്ററാക്ടിവ്& ഗെയിമിഫൈഡ് എക്സ്പീരിയൻസ്.

## വിദ്യാജ്യോതി പുരസ്കാര വിതരണം

കൊച്ചി: ഇടപ്പള്ളി ചേന്ദൻ കുളങ്ങര ശ്രീകൃഷ്ണസ്വാമി ക്ഷേത്ര സംരക്ഷണ സമിതി ഏർപ്പെടുത്തിയ 2024 വർഷത്തെ ചേന്ദൻകുളങ്ങരയപ്പൻ വിദ്യാജ്യോതി പുരസ്ക്കാരം ചിന്മയ അന്തർദേശീയ കേന്ദ്രം ആചാര്യൻ സംപൂജ്യശാരദാനന്ദ സരസ്വതി സ്വാമികൾ 10, 12 ക്ലാസ്സുകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികൾക്ക് നൽകിഅനുമോദിച്ചു. കേരളക്ഷേത്ര സംരക്ഷണ സമിതി ശാഖാ പ്രസിഡന്റ് ബി ശ്രീകുമാർ അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ.പി.ജി. ഗംഗാധരൻ നായർ, എൻ. അനിൽ കുമാർ, സോമരാജ് , കെ. ബിജുകുമാർ , പി.ജി അനിൽ കുമാർ ആശംസകൾ നേർന്നു.

## ജോയ് ആലുക്കാസിൽ മംഗല്യ ഉത്സവ്

കൊച്ചി: പ്രമുഖ ജ്വല്ലറി ഗ്രൂപ്പായ ജോയ് ആലുക്കാസിന്റെ ചെയിൻ ഫെസ്റ്റിനും മംഗല്യ ഉത്സവത്തിനും തുടക്കമായി. ചെയിൻ ഫെസ്റ്റ് ഓഫറിന്റെ ഭാഗമായി എല്ലാ ചെയ്നുകൾക്കും പണിക്കൂലി 5% മാത്രമായിരിക്കും. മംഗല്യ ഉത്സവം ഓഫറിലൂടെ വിവാഹാഭരണ പർച്ചേസുകൾക്ക് പണിക്കൂലി 2.99 ശതമാനവുമാണ്. പരിമിത കാലത്തേക്കാണ് ഈ ഓഫർ. കൂടാതെ വിവാഹ ആഭരണങ്ങൾക്കുള്ള മുൻകൂർ ബുക്കിങ് സൗകര്യം 90 ദിവസം വരെയും ലഭ്യമാണെന്ന് ജോയ് ആലുക്കാസ് ഗ്രൂപ്പ് ചെയർമാൻ ജോയ് ആലുക്കാസ് പറഞ്ഞു.


*നേര്യമംഗലം വില്ലാഞ്ചിറയിൽ പെട്രോൾ ടാങ്കർ ലോറിയിലുണ്ടായ അഗ്നിബാധ ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് തീയണച്ചപ്പോൾ.*

## പെട്രോൾ ടാങ്കർ ലോറിക്ക് തീ പിടി

കോതമംഗലം: നേര്യമംഗലം വില്ലാഞ്ചിറയിൽ 4000 ലിറ്റർ പെട്രോളും 8000 ലിറ്റർ ഡീസലുമായി വന്ന ടാങ്കർ ലോറിക്ക് തീപിടിച്ചു. ഇന്നലെ രാവിലെ 9.30ന് ആണ് അപകടം. ടാങ്കർ ലോറി ഡ്രൈവറുടേയും പ്രദേശത്തെ കടകളിലുണ്ടായിരുന്ന നാട്ടുകാരുടെയും സംയോജിതമായ കൃത്യമായ ഇടപെടൽ കൊണ്ടാണ് വൻ ദുരന്തം ഒഴിവായത്. രാവിലെ എറണാകുളത്ത് നിന്നും മൂന്നാറിലേക്ക് ഡീസലും പെട്രോളുമായി പോകുന്ന ടാങ്കർ ലോറിയാണ് നേര്യമംഗലം വില്ലാഞ്ചിറയിൽ നീലാമ്പരി ബാറിന് മുന്നിലെത്തിയതോടെ ഡ്രൈവർ ക്യാപിന്റെ താഴെ എൻജിൻ ഭാഗത്തുനിന്ന് തീ പടരുകയും വാഹനം ഓഫ് ആകുകയും ചെയ്തു. സമീപത്ത് കടയിൽ ഉണ്ടായിരുന്ന ശ്രീജിത്ത്, അനീഷ്, ബേബി, ജോൺസൺ, ബിനീഷ്, വാഹനത്തിന്റെ ഡ്രൈവർ എന്നിവർ ചേർന്ന് കൃത്യമായി ഇടപെടൽ നടത്തിയതിനാൽ വൻ ദുരന്തം ഒഴിവായി.

നിരവധി സ്കൂൾ വാഹനങ്ങളും വിദ്യാർത്ഥികളും ടൂറിസ്റ്റുകളും സഞ്ചരിക്കുന്ന ദേശീയപാതയിൽ തിരക്കേറിയ സമയത്ത് നടന്ന സംഭവത്തിന്റെ ഞെട്ടലിൽ ആയിരുന്നു ഡ്രൈവറും നാട്ടുകാരും. കോതമംഗലം ഫയർ ഫോഴ്സ് ടീമും ഊന്നുകൽ പോലീസും ഉടൻ സംഭവസ്ഥലത്തെത്തിയിരുന്നു. ഷോർട്ട് സർക്യൂട്ടാണ് തീപിടിക്കാൻ കാരണമെന്ന് ഫയർഫോഴ്സ് അറിയിച്ചു.

## ധനം ബിസിനസ് അവാർഡുകൾ പ്രഖ്യാപിച്ചു

കൊച്ചി: ധനം ബിസിനസ് മീഡിയ ഏർപ്പെടുത്തിയ 2024ലെ എക്സലൻസ് അവാർഡുകൾ പ്രഖ്യാപിച്ചു. ഫെഡറൽ ബാങ്ക് എംഡിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ ശ്യാം ശ്രീനിവാസനെ ഈ വർഷത്തെ ധനം ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരത്തിനായി ജൂറി തിരഞ്ഞെടുത്തതായി ധനത്തിന്റെ ചീഫ് എഡിറ്ററും ചെയർമാനുമായ കുര്യൻ ഏബ്രഹാം അറിയിച്ചു.ധനം ബിസിനസ്മാൻ ഓഫ് ദി ഇയർ 2024 അവാർഡിന് മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് ചെയർമാനും മുത്തൂറ്റ് ഫിൻകോർപ് മാനേജിംഗ് ഡയറക്റ്ററുമായ തോമസ് ജോ മുത്തൂറ്റ് അർഹനായി. ജിയോജിത് ഫിനാൻഷ്യൽ സർവീസസ് എക്സിക്യൂട്ടീവ് ഡയറക്റ്റർ എ.ബാലകൃഷ്ണനാണ് ധനം ബിസിനസ് പ്രൊഫഷണൽ ഓഫ് ദി ഇയർ 2024. ധനം വുമൺ എന്റർപ്രണർ ഓഫ് ദി ഇയർ 2024 പുരസ്കാരത്തിന് നെസ്റ്റ് ഗ്രൂപ്പ് സോഫ്റ്റ്‌യർ ബിസിനസ് വിഭാഗം എക്സിക്യൂട്ടിവ് ഡയറക്റ്ററും സിഇഒയുമായ നസ്നീൻ ജഹാംഗീറിനെ തെരഞ്ഞെടുത്തു. 29ന് കൊച്ചിയിലെ ലെ മെറിഡിയൻ കൺവെൻഷൻ സെന്ററിൽ നടക്കുന്ന പതിനാറാമത് ധനം ബിസിനസ് സമിറ്റ് ആൻഡ് അവാർഡ് നൈറ്റിൽ വച്ച് പുരസ്കാരങ്ങൾ സമ്മാനിക്കും.

## സഫലമാകുമോ

# 'ഉദ്യോഗ മണ്ഡൽ സിനിമ തീയറ്റർ '

കൊച്ചി: ഏലൂരിലെ ഫാക്റ്റ് ഉദ്യോഗ മണ്ഡൽ ടൗൺഷിപ്പിലെ 'ഉദ്യോഗമണ്ഡൽ തിയേറ്റർ ' എന്ന് തുറക്കുമെന്ന കാത്തിരിപ്പിലാണ് സിനിമ പ്രേക്ഷകർ. ഫാക്ട് സാരഥിയായിരുന്ന എം. കെ.കെ. നായരാണ് ഉദ്യോഗ മണ്ഡൽ തിയേറ്ററിന് തുടക്കം കുറിച്ചത്. രാസവളം നിർമ്മാണ ശാലയായ പൊതുമേഖലാ സ്ഥാപനം സിനിമാ ടാക്കീസ് നടത്തുകയെന്നത് രാജ്യത്തു തന്നെ ആദ്യത്തേതും അവസാനത്തേതുമായ സംഭവമായിരുന്നു. പ്രശസ്ത നിർമ്മാതാവ് ടി. കെ. പരിക്കുട്ടിയായിരുന്നു വാടകക്ക് ഏറെ നാൾ നടത്തിയിരുന്നത്. ആദ്യസിനിമ നിത്യ കന്യകയായിരുന്നു. രാത്രിഷിഫ്റ്റിൽ ജോലിക്കു വരുന്ന തൊഴിലാളികൾക്ക് പകുതി തുകക്ക് സിനിമ കാണുവാൻ സൗകര്യമുണ്ടായിരുന്നു. ഫാക്റ്റിൽ രാത്രി പന്ത്രണ്ട്, എട്ട് ഷിഫ്റ്റിൽ കയറാൻ എത്തുന്ന ജീവനക്കാർ നേരത്തെ ഏലൂരിൽ എത്തുകയും സിനിമ കണ്ട ശേഷം ജോലിക്ക് കയറുകയും ചെയ്യുന്ന പതിവുണ്ടായിരുന്നു. നല്ല രീതിയിൽ പ്രവർത്തിച്ചു പോന്ന തിയറ്റർ 2004ലാണ് പൂട്ടിയത്. മുൻ സി എം ഡി ആയിരുന്ന കിഷോർ രംഗതയുടെ നിർദ്ദേശ പ്രകാരം തിയേറ്റർ പുനരാരംഭിക്കാനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കിയിരുന്നു. ഷൊർണൂരിലെ അനുരാഗ് തിയറ്റർ ഉടമകളാണ് ഇപ്പോൾ ഇത് ഏറ്റെടുത്തിട്ടുള്ളത്. ഈ വർഷം മാർച്ചിൽ തിയേറ്റർ പ്രവർത്തനം ആരംഭിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും സാങ്കേതിക കാരണങ്ങളാൽ പുനരാരംഭം നീണ്ടുപോവുകയാണ്. തിയേറ്റർ പ്രവർത്തനം നിലച്ചതോടെ ഹാളിൽ ഉണ്ടായിരുന്ന കസേരകൾ മുഴുവൻ നീക്കം ചെയ്യുകയും വളം ഗോഡൗൺ ആക്കി മാറ്റുകയും ചെയ്തിരുന്നു.


*ഏലൂരിലെ ഫാക്റ്റ് ഉദ്യോഗ മണ്ഡൽ ടൗൺഷിപ്പിലെ ഉദ്യോഗമണ്ഡൽ തിയേറ്റർ*

## പ്ലസ് വൺ പ്രവേശനോത്സവം

കാലടി: മലയാറ്റൂർ സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലെ പ്ലസ് വൺ പ്രവേശനോത്സവവും പുരസ്കാരവിതരണവും നടത്തി. ആദിശങ്കര സ്ഥാപനങ്ങളുടെ സീനിയർ അസോസിയേറ്റ് ഡയറക്ടർ ഡോ.സി.ജേക്കബ് ജോർജ് ഉദ്ഘാടനം ചെയ്തു.ഫാ.നിഖിൽ മുളവരിക്കൽ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. സി.എ ബിജോയ്, വാർഡ് മെമ്പർ സേവ്യർ വടക്കുംചേരി,പിടിഎ പ്രസിഡൻറ് ബിജു ആന്റണി, ഹെഡ്മിസ്ട്രസ് എം. പി ലിസി,മലയാറ്റൂർ പള്ളി ട്രസ്റ്റിമാരായ ജോയ് മുട്ടംതൊട്ടിൽ, തോമസ് കരോട്ടുപുറം,മാർട്ടിൻ പോൾ,ടീന എം. ജോൺ,എ.ഡി ലത,ഷിജി ജേക്കബ്,എം.എസ് അഭിരാമി എന്നിവർ സംസാരിച്ചു. പ്ലസ് ടു പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ 53 വിദ്യാർഥികളെ ചടങ്ങിൽ ആദരിച്ചു.

## പുസ്തക അവതാരക സംഗമം

പെരുമ്പാവൂർ: ഗ്രന്ഥശാലാ സംഘം പ്ലാറ്റിനം ജൂബലി സ്മാരക കുന്നത്തുനാട് താലൂക്ക് ലൈബ്രറിയുടെ ആഭിമുഖ്യത്തിൽ പുസ്തക അവതാരകരുടെ സംഗമം സംഘടിപ്പിച്ചു. ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി എം.ആർ. സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സാജു പോൾ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.ജി. സജീവ്, ഡോ.കെ.എൻ. ഉണ്ണികൃഷ്ണൻ, സുരേഷ് കീഴില്ലം, തസ്മിൻ ഷിഹാബ്, രവിത ഹരിദാസ്, എം.എൻ. ഉണ്ണികൃഷ്ണൻ, എൻ.പി. അജയകുമാർ, വി.എം. ഉണ്ണി, കാലടി എസ്. മുരളീധരൻ, ശോഭന വെങ്ങോല, ജിതേഷ് വേങ്ങൂർ എന്നിവർ സംസാരിച്ചു.

## വായന പക്ഷാചരണം

പെരുമ്പാവൂർ: കീഴില്ലം ഗ്രാമോദ്ധാരണ വായനശാലയുടെ നേതൃത്വത്തിൽ വായനപക്ഷാചരണം നടത്തി. പ്രസ് ക്ലബ് സെക്രട്ടറി ബി. രാജീവ് ഉദ്ഘാടനം ചെയ്തു. വായനശാല പ്രസിഡന്റ് പി. രാമചന്ദ്രൻ നായർ അധ്യക്ഷത വഹിച്ചു. സെക്രട്ടറി പി.ടി. ജ്യോതിഷ് കുമാർ, വാർഡ് അംഗങ്ങളായ മിനി ജോയി, എൻ.എസ്. സുബിൻ, പി. ഗോപാലകൃഷ്ണൻ നായർ, എൽദോസ് കെ. ജോസഫ് എന്നിവർ സംസാരിച്ചു.

## വാർഷിക മസ്റ്ററിങ്

പെരുമ്പാവൂർ: രായമംഗലം പാഞ്ചായത്തിൽ നിന്നും 2023 ഡിസംബർ 31 വരെ സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന ഗുണഭോക്താക്കൾ (ചൊവ്വ) ഇന്നു മുതൽ ഓഗസ്റ്റ് 24നകം വാർഷിക മസ്റ്ററിങ് നടത്തണമെന്ന് സെക്രട്ടറി അറിയിച്ചു.

ഗൾഫ് ചന്ദ്രിക
gulfchandrikanews@gmail.com
2024 ജൂൺ 25 ചൊവ്വ
ഗൾഫ് ചന്ദ്രിക

## അടിസ്ഥാന ജീവൻരക്ഷാ പരിശീലനം നടത്തി

ആലപ്പുഴ: ഇൻഡ്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സും ജനറൽ ആശുപത്രി ആലപ്പുഴയും സംയുക്തമായി ജീവനക്കാർക്കു വേണ്ടി ബേസിക് ലൈഫ് സപ്പോർട്ട് പരിശീലനം നടത്തി. ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ.സന്ധ്യ.ആർ പരിശീലനം ഉദ്ഘാടനം ചെയ്തു . ഡോ :അനിൽ വിൻസെൻറ്,ഡോ.സംഗീത ജോസഫ് എന്നിവർ ക്ലാസ്സ് എടുത്തു. ആർ .എം.ഒ. ഡോ.ആശ.എം, ഡോ . അനുജ.പിഎ തുടങ്ങിയവർ പ്രസംഗിച്ചു.

## ഡോക്ടർമാരെ നിയമിക്കുന്നു

ആലപ്പുഴ: കായംകുളം താലൂക്കാശുപത്രിയിൽ നഗരസഭാ പദ്ധതിയിലുൾപ്പെടുത്തി ഉച്ചയ്ക്ക് ശേഷം 3 മണി മുതൽ രാത്രി 10 മണി വരെയുള്ള സായാഹ്ന ഒ.പി വിഭാഗം കൈകാര്യം ചെയ്യുന്നതിന് ഡോക്ടർമാരെ വാക്കിങ് ഇന്റർവ്യൂ മുഖേന താൽക്കാലിക നിയമനം നടത്തുന്നു. ജൂലൈ മൂന്നിന് രാവിലെ 11 മണിക്കാണ് ഇൻറർവ്യൂ. എംബിബിഎസ് യോഗ്യതയുള്ള രജിസ്ട്രേഡ് ഡോക്ടർമാരെയാണ് പരിഗണിക്കുന്നത്. താല്പര്യമുള്ളവർ യോഗ്യത,പ്രവർത്തിപരിചയം,പ്രായം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളുമായി കൂടിക്കാഴ്ചയ്ക്ക് ഹാജരാകണം. വിശദ വിവരങ്ങൾക്ക് ആശുപത്രി ഓഫീസുമായി ബന്ധപ്പെടാം. ഫോൺ 04792447274.

## ശാസ്ത്രീയ പശുപരിപാലന പരിശീലനം

ആലപ്പുഴ: ക്ഷീര വികസന വകുപ്പിന്റെ ഓച്ചിറ ക്ഷീരോത്പന്ന പരിശീലന വികസന കേന്ദ്രത്തിൽ ജൂലൈ 2 മുതൽ 6 വരെ ശാസ്ത്രീയ പശുപരിപാലനം പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർക്ക് ഓച്ചിറ ക്ഷീര പരിശീലന കേന്ദ്രം മുഖേനയോ ആലപ്പുഴ, കൊല്ലം ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേനയോ അതത് ബ്ലോക്ക് ക്ഷീര വികസന ഓഫീസർ മുഖേനയോ രജിസ്റ്റർ ചെയ്യാം. കഴിഞ്ഞ മൂന്ന് വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ്‌ലൈനായി പങ്കെടുത്തവർക്ക് അർഹത ഉണ്ടായിരിക്കില്ല. പങ്കെടുക്കുന്നവർ ജൂൺ 29 ന് വൈകിട്ട് അഞ്ചിനകം 8089391209, 04762698550 നമ്പറുകളിൽ പേര് രജിസ്റ്റർ ചെയ്യണം. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ് ബുക്കിന്റെ പകർപ്പും ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പും ഹാജരാക്കണം. രജിസ്ട്രേഷൻ ഫീസ് 20 രൂപ.





ശക്തമായ കാറ്റിൽ കരുമാടി ഗവൺമെന്റ് ഹൈസ്കൂളിലെ മേൽകൂര ഭാഗികമായി തകർന്നപ്പോൾ

# കാറ്റിലും മഴയിലും വ്യാപക നാശം

## കുട്ടനാട് അപ്പർകുട്ടനാട് മേഖലയിൽ ജനം ആശങ്കയിൽ

ആലപ്പുഴ/അമ്പലപ്പുഴ: ശക്തമായ കാറ്റിലും മഴയിലും ജില്ലയിൽ വ്യാപക നാശനഷ്ടം. ജില്ലയിലെ വിവിധ താലൂക്കുകളിൽ മരങ്ങൾ കടപുഴകി വീഴുകയും വീടുകൾക്ക് കേടുപാട് സംഭവിക്കുകയും ചെയ്തു. ഇതിനെ തുടർന്ന് മണിക്കൂറുകളോളം പലയിടത്തും വൈദ്യുതി മുടങ്ങി.

ഇന്നലെ വൈകിട്ട് വീശിയടിച്ച ശക്തമായ കാറ്റിൽവൻ നാശം. പുറക്കാട്, അമ്പലപ്പുഴ, തകഴി, പുന്നപ്ര , പറവൂർ, കളർകോട് പ്രദേശങ്ങളിൽ നിരവധി മരങ്ങളും ഫലവൃക്ഷങ്ങളും നിലം പൊത്തി, വീടിനു മുകളിലേക്കും വൈദ്യുത ലൈനിലേക്കും മരം വീണു. കമ്പികൾ പൊട്ടി നിലത്തുവീണു. അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 11 -ാം വാർഡ് ആഞ്ഞിലിപ്പറമ്പ് തൈക്കാവ് ഭാഗത്ത് കൂറ്റൻ തേക്ക് വീണു പോസ്റ്റ് നിലം പൊത്തി. പുറക്കാട് പഞ്ചായത്ത് രണ്ടാം വാർഡ് മുതിരപ്പറമ്പിൽ വൽസലയുടെ വീടിന് മുകളിൽ മരം വീണ് ഭാഗികമായി നാശം സംഭവിച്ചു . ഭിത്തിയും ജനൽ ചില്ലകളും തകർ ന്നു . ശക്തമായ ചുഴലികാറ്റിൽ അമ്പലപ്പുഴ തെക്ക് ഒമ്പതാം വാർഡ് കരുമാടിവടക്കേ പുത്തൻപുരക്കൽ രത്നമ്മയുടെ വീടിന്റെ മുകളിൽ മാവും അടക്കാമരവും വീണ്. ഷീറ്റ് മേഞ്ഞ വീട് പൂർണ്ണമായും തകർന്നു. മരം വീഴുന്ന ശബ്ദം കേട്ട് വീട്ടിൽ ഉണ്ടായിരുന്നവർ ഓടി ഇറങ്ങിയതിനാൽ ദുരന്തം ഒഴിവായി. പല ഭാഗത്തും വൈദ്യുതബന്ധം മണിക്കൂറുകളോളം നിലച്ചു

ശക്തമായ കാറ്റിൽ കരുമാടി കെ കെ കുമാരപിള്ള സ്മാരക ഗവൺമെന്റ് ഹൈസ്ക്കൂളിന്റെ കിഴക്ക് വശത്ത് പ്രവർത്തിക്കുന്ന യു.പി സ്ക്കൂൾ കെട്ടിടത്തിന്റെ മേൽക്കൂര ഭാഗികമായി തകർന്നു. മേൽക്കൂരയിലെ ഓടുകൾ പറന്നു തകർന്നു. ഇന്നലെ ഉച്ചമുതലാണ് ശക്തമായ മഴയിലും കാറ്റിലും മേൽക്കൂരയിലെ സീലിംഗും ഓടുകളും തകർന്നത്. മഴശക്തമായതിനെ തുടർന്ന് കുട്ടികളെ നേരത്തെ വിട്ടതിനാൽ വലിയ അപകടം ഒഴിവായി.

അമ്പലപ്പുഴ തെക്ക് പഞ്ചായത്ത് ഒമ്പതാം വാർഡ് കരുമാടി ഗുരുമന്ദിരത്തിന് സമീപം വടക്കേ പുത്തൻപുരക്കൽ രത്നമ്മ (74)യുടെ വീട് മരം വീണ് തകർന്നത്. തിങ്കൾ വൈകിട്ട് 4.30 ഓടെ വീശിയടിച്ച കാറ്റിൽ സമീപത്തെ പുരയിടത്തിലുണ്ടായിരുന്ന മാവും അടക്കാ മരവുമാണ് വീടിനു മുകളിൽ പതിച്ചത്. ഷീറ്റ് മേഞ്ഞ മേൽക്കൂര പൂർണമായും തകർന്നു. ഈ സമയം രത്നമ്മയും മറ്റു കുടുംബാംഗങ്ങളും വീടിനുള്ളിൽ ഉണ്ടായിരുന്നെങ്കിലും പരിക്കേൽക്കാതെ രക്ഷപെട്ടു.

അമ്പലപ്പുഴ : ശക്തമായ കാറ്റിൽ മരം മറിഞ്ഞ് വീടിന് ഭാഗിക നാശനഷ്ടം .പുറക്കാട് പഞ്ചായത്ത് രണ്ടാം വാർഡിൽ മുതിരപ്പറമ്പിൽ വത്സലയുടെ വീടിനു മുകളിലാണ് മരം മറിഞ്ഞുവീണത് .ഇതേ തുടർന്ന് വീടിന്റെ ഭിത്തിക്ക് പൊട്ടൽ വീഴുകയും ജനൽ ഗ്ലാസുകൾ പൊട്ടുകയും ചെയ്തു .ഉച്ചയോടെ അപ്രതീക്ഷിതമായി വീശിയടിച്ച ചുഴലിക്കാറ്റാണ് മരം മറിഞ്ഞു വീഴാൻ കാരണമായത് .



അമ്പലപ്പുഴ വടക്ക് പഞ്ചായത്ത് 11-ാം വാർഡ് ആഞ്ഞിലിപ്പറമ്പ് തൈക്കാവ് ഭാഗത്ത് കൂറ്റൻ തേക്ക് വീണ് പോസ്റ്റ് നിലം പൊത്തിയപ്പോൾ



തലവടി പഞ്ചായത്ത് 11-ാം വാർഡിൽ വരിക്കോലിൽ പ്രസന്ന കുമാറിന്റെ വീടിന്റെയും എരുത്തിലിന്റെയും മുകളിൽ മഹാഗണി മരം കടപുഴകി വീണപ്പോൾ



ആഞ്ഞിലി മരം വൈദ്യുതി ലൈനിലേക്ക് വീണ് വൈദ്യുതി തൂണുകൾ ഒടിഞ്ഞപ്പോൾ

## മാന്നാറിൽ വൈദ്യുതി തൂണുകൾ ഒടിഞ്ഞു

മാന്നാർ : കുട്ടമ്പേരൂർ 16-ാം വാർഡിൽ തൈവിള കോളനിക്കു സമീപം ആഞ്ഞിലി മരം വൈദ്യുതി ലൈനിലേക്ക് വീണ് രണ്ട് വൈദ്യുതി തൂണുകൾ ഒടിഞ്ഞു. തിങ്കളാഴ്ച വൈകിട്ട് നാലരയോടെ വീശിയടിച്ച കാറ്റിൽ കുട്ടമ്പേരൂർ അഭിനന്ദനത്തിൽ ആർ. അനീഷിന്റെ പുരിടത്തിലെ ആഞ്ഞിലി മരമാണ് വേരോടെ മറിഞ്ഞു വീണത്. ഈ സമയം പ്രദേശത്ത് വൈദ്യുതിയില്ലാതിരുന്നതിനാൽ മറ്റ് അനിഷ്ട സംഭവങ്ങളൊന്നും ഉണ്ടായില്ല.

ഈ റോഡിൽ കൂടിയുള്ള വാഹന ഗതാഗതം അസാധ്യമായി. പഞ്ചായത്ത് പ്രസിഡന്റ് ടി.വി. രത്നകുമാരി, സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ വി.ആർ. ശിവ പ്രസാദ് എന്നിവർ സ്ഥലം സന്ദർശിച്ചു. തുടർന്ന് വൈദ്യുതി ബോർഡ് ജീവനക്കാരത്തി വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനു ശേഷം മരം മുറിച്ചുമാറ്റി.

## കുട്ടനാട്ടിൽ പരക്കെ നാശനഷ്ടം

എടത്വാ: ശക്തമായ കാറ്റിലും പേമാരിയിലും തലവടി, തകഴി പ്രദേശങ്ങളിൽ വ്യാപക നാശം. മരങ്ങൾ കടപുഴകിവീണു വീടും എരുത്തിലും പാടശേഖര പുറംബണ്ടിൽ കെട്ടിയിരുന്ന വള്ളവും തകർന്നു. എരുത്തിലിൽ കെട്ടിയിരുന്ന പശുക്കൾക്ക് പരിക്കേറ്റു. നിരവധി വൈദ്യുതി പോസ്റ്റുകളും ഒടിഞ്ഞുവീണു.

തലവടി പഞ്ചായത്ത് 11-ാം വാർഡിൽ വരിക്കോലിൽ പ്രസന്ന കുമാറിന്റെ വീടിന്റെയും എരുത്തിലിന്റെയും മുകളിലാണ് മഹാഗണി മരം കടപുഴകി വീണത്. മരം വീണ് വീടും എരുത്തിലും ഭാഗികമായി തകർന്നു. എരുത്തിലിൽ കെട്ടിയിരുന്ന ഗർഭിണിയായ പശുവിനും മറ്റൊരു പശുനും പരിക്കേറ്റിട്ടുണ്ട്. മരം കടപുഴകി വീഴുമ്പോൾ ഗൃഹാഥനായ പ്രസന്നകുമാർ, ഭാര്യ പൊന്നമ്മ, മരുമക്കളായ സൗമ്യ, മനിഷ, സ്കൂൾ കുട്ടികളായ പാർത്ഥൻ, അച്ചു, കൈകുഞ്ഞായ അമ്പാടി എന്നിവർ വീടിനുള്ളിൽ ഉണ്ടായിരുന്നു. ഇവർ പരിക്കേൽക്കാരെ രക്ഷപ്പെട്ടു.

തകഴി പഞ്ചായത്ത് 7 ാം വാർഡിൽ നന്ത്യാട്ടുകരി പാടശേഖരത്തെ കരിയിൽ പുരയിടത്തിൽ നിന്ന തെങ്ങ് കടപുഴകിവീണു പുറംബണ്ടിൽ കെട്ടിയിട്ടിരുന്ന വള്ളം തകർന്നു. സമീപത്ത് നിന്ന മൂന്നോളം വൈദ്യുതി പോസ്റ്റുകളും ഒടിഞ്ഞുവീണു. പ്രദേശത്ത് വൈദ്യുതി ബന്ധം നിലച്ചുകിടക്കുകയാണ്. എടത്വാതകഴി സംസ്ഥാന പാതയിൽ ചെക്കിടിക്കാട് മിൽമ ജംഗ്ഷന് സമീപത്ത് നിന്ന മരം കടപുഴകി വീണെങ്കിലും ഗതാഗത തടസ്സം സൃഷ്ടിച്ചില്ല. നടപാതയോട് ചേർന്നാണ് മരം കടപുഴകി വീണത്. ഇന്നലെ വൈകിട്ട് 4.30 ഓടെ വീശിയടിച്ച കാറ്റിലാണ് വ്യാപക നാശം നേരിട്ടത്. നിരവധി വാഴയും കരകൃഷിയും നശിച്ചിട്ടുണ്ട്. തകഴിയിൽ നിന്ന് ഫയർഫോഴ്സ് സ്ഥലത്തെത്തി പ്രസന്നന്റെ വീടിന് മുകളിൽ വീണ മരം മുറിച്ചു മാറ്റി.

## സാമൂഹ്യ/ക്ഷേമനിധി പെൻഷൻ
## ഇന്നുമുതൽ അക്ഷയ വഴി വാർഷിക മസ്റ്ററിംഗ്

ആലപ്പുഴ: സംസ്ഥാനത്തെ 2023 ഡിസംബർ 31 വരെ സാമൂഹ്യ/ക്ഷേമനിധി പെൻഷൻ അനുവദിക്കപ്പെട്ട ഗുണഭോക്താക്കൾക്ക് ജൂൺ 25 മുതൽ ഓഗസ്റ്റ് 24 വരെയുള്ള കാലയളവിനുള്ളിൽ വാർഷിക മസ്റ്ററിംഗ് അക്ഷയ കേന്ദ്രങ്ങൾ മുഖേന പൂർത്തീകരിക്കുവാൻ സർക്കാർ ഉത്തരവായി. കിടപ്പ് രോഗികളായ പെൻഷൻ ഗുണഭോക്താക്കൾ അതാത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിമാരെ അറിയിക്കുകയും, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും അതാത് പ്രദേശത്തെ അക്ഷയകേന്ദ്രങ്ങൾക്ക് ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരം കിടപ്പ് രോഗികളായ പെൻഷൻ ഗുണഭോക്താക്കളുടെ മസ്റ്ററിംഗ് അക്ഷയകേന്ദ്ര ജീവനക്കാർ ഗുണഭോക്താക്കളെ മുൻക്കൂട്ടി അറിയിച്ചതിനുശേഷം വീടുകളിലെത്തി മസ്റ്ററിംഗ് പൂർത്തീകരിക്കുന്നതുമായിരിക്കും. അക്ഷയകേന്ദ്രങ്ങളിലെത്തി മസ്റ്ററിംഗ് ചെയ്യുന്നതിന് 30 രൂപയും കിടപ്പ് രോഗികൾക്ക് വീടുകളിലെത്തി മസ്റ്ററിംഗ് പൂർത്തീകരിക്കുന്നതിന് 50 രൂപയും അതാത് ഗുണഭോക്താക്കൾ അക്ഷയകേന്ദ്രങ്ങൾക്ക് നൽകേണ്ടതാണ്. മസ്റ്ററിംഗ് പൂർത്തീകരിക്കുവാൻ 2 മാസകാലയളവ് അനുവദിച്ചിട്ടുള്ളതിനാൽ പൊതുജനങ്ങൾ പ്രസ്തുത കാലയളവിനുള്ളിൽ സമയബന്ധിതമായി മസ്റ്ററിംഗ് പൂർത്തീകരിച്ചാൽ മതിയാകും.

## യൂത്ത് കോൺഗ്രസ് ഉപരോധിച്ചു

കായംകുളം: കായംകുളം ഗവ: താലൂക്ക് ആശുപത്രി ലാബിൽ ബ്ലഡ് ടെസ്റ്റ് ചെയ്യുന്നതിന് മുമ്പായി പണം അടയ്ക്കണം എന്നുള്ള ആശുപത്രി അധികൃതരുടെ തീരുമാനം ഉടൻ പിൻവലിക്കുക, ബില്ലടയ്ക്കുന്നത് ക്യാഷാലിറ്റിയിലെ കൗണ്ടറിൽ നിന്നും മാറ്റി ലാബിൽ തന്നെ അടക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക, ആശുപത്രി ക്യാഷലിറ്റിയിൽ ഡോക്ടർമാരുടെ കുറവ് ഉടനടി പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് യൂത്ത് കോൺഗ്രസ് കായംകുളം നിയോജക മണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ആശു പത്രി സൂപ്രണ്ടിനെ ഉപരോധിച്ചു. ഉപരോധ സമരത്തിന് യൂത്ത് കോൺഗ്രസ് കായംകുളം നിയോജകമണ്ഡലം പ്രസിഡന്റ് അഫ്സൽ പ്ലാമൂട്ടിൽ അധ്യക്ഷത വഹിച്ചു , യൂത്ത് കോൺഗ്രസ് സംസ്ഥാന വൈസ് പ്രസിഡന്റ് അരിത ബാബു, സംസ്ഥാന സെക്രട്ടറി വിശാഖ് പത്തിയൂർ,ജില്ലാ ജനറൽ സെക്രട്ടറി സജീദ് ഷാജഹാൻ,സുജിത് കണ്ണൻ,ഹാഷിം സേട്ട്, ലുക്കുമാൻ, അജി കൊല്ലേത്ത്, ഇർഫാൻ ഐക്കര, എസ്, സൽമാൻ വലിയപറമ്പിൽ, അനീസ് മങ്ങാട്ട്,അസ്‌ലം, ആരിഫ്, വിഷ്ണു, ജിതിൻ, സജ്മി, സജാദ്, പാർവതി നേതൃത്വം നൽകി.

## പ്രതികളെ വെറുതെ വിട്ടു

ആലപ്പുഴ: പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ട പരാതികാരനെയും ഭാര്യയെയും ജാതിപേര് വിളിച്ചു ആക്ഷേപ്പിച്ചു എന്ന പേരിൽ മാരാരിക്കുളം പോലീസ് പ്രതിച്ചേർക്കപ്പെട്ട ആലപ്പുഴ ജില്ലയിൽ ചേർത്തല താലൂക്കിൽ കഞ്ഞിക്കുഴി പഞ്ചായത്ത് ഒൻപതാം വാർഡിൽ പാവീണു. കമ്പികൾ പൊട്ടി നിലട്ടിൽ പ്രതീഷ്, മുഹമ്മ പഞ്ചായത്ത് ഇറക്കൽ വെളി വീട്ടിൽ രജിമോൻ എന്നിവരെ ആലപ്പുഴ പ്രിൻസിപ്പൽ സെഷൻസ് ജഡ്ജി കെ കെ ബാലകൃഷ്ണൻ വെറുതെ വിട്ടു.പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെടാത്ത ഈഴവ സമുദായത്തിൽ പെട്ട പ്രതികൾ പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപെട്ട പുലയൻ സമുദായ അംഗമായ പരാതികാരനെയും ഭാര്യയെയും വീട്ടുമുറ്റത്ത് കയറി ജാതിപേര് വിളിച്ചു ആക്ഷേപ്പിച്ചും ഭീക്ഷണിപ്പെടുത്തി എന്നതുമായിരുന്നു കേസ്. പ്രതിക്കുവേണ്ടി അഡ്വ എസ് ഗുൽസാർ, അൽത്താഫ് സുബൈർ, യാസ്മി ഗുൽസാർ ,മിഷാൽ സി ബെന്നി എന്നിവർ ഹാജരായി.

## സ്കൂളിന് അവധി

ആലപ്പുഴ: ജില്ലയിൽ കാർത്തികപ്പള്ളി ചിങ്ങോലിയിൽ ചൂരവിള ഗവ എൽപി സ്കൂളിലെ അദ്ധ്യാപകർക്കും കുട്ടികൾക്കും ജലജന്യ രോഗങ്ങൾ മൂലമുള്ള അസ്വാസ്ഥ്യങ്ങൾ അനുഭവപ്പെട്ടതിനാൽ മുൻകരുതൽ എന്ന നിലയിൽ സ്കൂളിന് 26 വരെ അവധി നൽകി ജില്ല കലക്ടർ ഉത്തരവായി.സ്കൂളിലെയും സമീപപ്രദേശങ്ങളിലെയും കുടിവെള്ള സ്രോതസ്സുകളിൽ നിന്നുള്ള ജലം പരിശോധനയ്ക്കായി ശേഖരിച്ച് അയച്ചിട്ടുണ്ട്.

## ചേന്നംപള്ളിപ്പുറം,വയലാർ,തൈക്കാട്ടുശ്ശേരി പഞ്ചായത്തുകളിലായി
# 34033 പക്ഷികളെ കള്ളിങ്ങിന് വിധേയമാക്കും

ആലപ്പുഴ: പക്ഷിപ്പനി സ്ഥിരീകരിച്ച ചേന്നംപള്ളിപ്പുറം, വയലാർ, തൈക്കാട്ടുശ്ശേരി പഞ്ചായത്തുകളിലായി ചൊവ്വാഴ്ച 34033 പക്ഷികളെ കള്ളിങ്ങിന് വിധേയമാക്കാൻ കലക്ട്രേറ്റിൽ ജില്ല കലക്ടർ അലക്സ് വർഗ്ഗീസിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു.

താറാവ്,കാട, കോഴി വിഭാഗത്തിൽപ്പെട്ട പക്ഷികളെയാണ് കള്ളിങ്ങിന് വിധേയമാക്കുക.

ഇതിനായി 14 ദ്രുതകർമ്മ സംഘത്തെ നിയോഗിക്കും. ചേന്നംപള്ളിപ്പുറം പഞ്ചായത്തിൽ 33699 പക്ഷികളെയും വയലാർ പഞ്ചായത്തിൽ 283 പക്ഷികളെയുമാണ് കള്ളിങ്ങിന് വിധേയമാക്കുക.

പുലിയൂർ സെൻട്രൽ ഹാച്ചറിയിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതിൻറെ അടിസ്ഥാനത്തിൽ ചൊവ്വ, ബുധൻ ദിവസങ്ങളിലായി 12000 കോഴികളെ കള്ളിങ് നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പക്ഷികളെ നഷ്ടപ്പെട്ട കർഷകർക്ക് നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് അടിയന്തര റിപ്പോർട്ട് നൽകാൻ ജില്ലാ കലക്ടർ അലക്സ് വർഗീസ് ജില്ലാ മൃഗസംരക്ഷണ ഓഫീസർ ഡോ. ജോയ് ഫ്രാൻസിസിനെ ചുമതലപ്പെടുത്തി.

വകുപ്പ് തലത്തിൽ തങ്ങളുടേതായ വിധത്തിൽ കൂടുതൽ പഠനങ്ങൾ നടത്താനും സംസ്ഥാന കേന്ദ്ര സർക്കാരുകളുടെ സഹായത്തോടെ കൂടുതൽ പഠനങ്ങൾ

നടത്താനും ശ്രമം നടത്തുമെന്ന് ജില്ല കലക്ടർ പറഞ്ഞു.




പി.കെ കുഞ്ഞ് സാഹിബിന്റെ 45-ാം ചരമവാർഷികം സംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യുന്നു

## പി.കെ കുഞ്ഞ് അനുസ്മരണം

കായംകുളും: മുൻ ധനകാര്യ മന്ത്രിയും, പ്രമുഖ സ്വാതന്ത്രസമര സേനാനിയും, എം.എസ്.എം സമുച്ചയങ്ങളുടെ സ്ഥാപകനുമായ പി.കെ കുഞ്ഞ് സാഹിബിന്റെ 45-ാം ചരമവാർഷികം എം.എസ്.എം ട്രസ്റ്റിന്റ നേതൃത്വത്തിൽ നടന്നു. സമ്മേളനം സംസ്കാരിക വകുപ്പ് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്തു. മെറിറ്റ് അവാർഡ് വിതരണവും, മുഖ്യ പ്രഭാഷണവും മുൻ പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല എം.എൽ.എ. നിർവ്വഹിച്ചു. ട്രസ്റ്റ് പ്രസിഡന്റ് അബീസ് പി. സൈഫ് അധ്യക്ഷത വഹിച്ചു. എ.എ റഹീം എം.പി, യു.പ്രതിഭ എം. എൽ. എ, കായംകുളം നഗരസഭ ചെയർപേഴ്സൻപി ശശികല, അഡ്വ ഇ സമീർ,അഡ്വ. എ ഷാജഹാൻ, എൻ ശിവദാസൻ, ഏ. ജെ. ഷാജഹാൻ, കൃഷ്ണകുമാർ രാംദാസ്, ചീരാമത്ത് റഷീദ്, പി.എ ഹിലാൽ ബാബു, അഡ്വ എ ഷിജി, ദീപ,ജയന്തകുമാർ അമൃതേശ്വരി തുടങ്ങിയവർ പങ്കെടുത്തു. പ്രൊഫ.ഡോ. മുഹമ്മദ് താഹ സ്വാഗതവും ട്രസ്റ്റ് ജോയിന്റ് സെക്രട്ടറി അനീസ് പി. സൈഫ് നന്ദിയും രേഖപ്പെടുത്തി.

## മത്സ്യ തൊഴിലാളി ക്ഷേമനിധി ബോർഡ് രേഖകൾ ഹാജരാക്കണം

ആലപ്പുഴ: മത്സ്യതൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് വിതരണം ചെയ്യുന്ന പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായി ഫിഷർമെൻ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റത്തിൽ രജിസ്റ്റർ ചെയ്യാത്ത മത്സ്യതൊഴിലാളികളും അനുബന്ധതൊഴിലാളികളും അംഗത്വ ബുക്ക്/പെൻഷൻ ബുക്കിന്റെ ആവശ്യമായ പേജുകൾ, ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ വ്യക്തമായി വായിക്കാൻ കഴിയത്തക്ക വിധമുള്ള പകർപ്പുകളുമായി ഫിഷറീസ് ഓഫീസിൽ ഹാജരാകണമെന്ന് റീജിയണൽ എക്സിക്യൂട്ടീവ് അറിയിച്ചു.



മുഹമ്മ ശശിധരനെ അരങ്ങു സോഷ്യൽ സർവീസ് ഫോറം കൂട്ടായ്മ ആദരിച്ചപ്പോൾ

## മുഹമ്മ ശശിധരനെ ആദരിച്ചു

മുഹമ്മ:പത്ര പ്രവർത്തകൻ മുഹമ്മ ശശിധരനെ ആദരിച്ചു. എഴുപത്, എൺപത് കാലഘട്ടങ്ങളിൽ മലയാള നോവൽ,ചെറുകഥ, സാഹിത്യരംഗത്ത് തന്റേതായ സാന്നിധ്യമറിയിച്ച മുഹമ്മ ശശിധരനെ അരങ്ങു സോഷ്യൽ സർവീസ് ഫോറം കൂട്ടായ്മയാണ് ആദരിച്ചത്.നിരവധി നോവലുകൾ, നൂറിലധികം ചെറുകഥകൾ 50ലധികം കുട്ടിക്കഥകൾ ഉൾപ്പെടെ എഴുതിയിട്ടുണ്ട്. എഴുത്തുകാരൻ തണ്ണീർമുക്കം പ്രകാശന്റെ അധ്യക്ഷതയിൽ മുഹമ്മ കെ ഇ കാർമൽ സെൻട്രൽ സ്കൂൾ പ്രിൻസിപ്പൽ ഫാദർ ഡോക്ടർ സാംജി വടക്കേടം ആദരവ് ചടങ്ങ് ഉദ്ഘാടനം ചെയ്തു . സംഗീത സംവിധായകൻ ആലപ്പി ഋഷികേശ് മുഹമ്മ ശശിധരനെ ആദരിച്ചു. ആർട്ടിസ്റ്റ് ബേബി മംഗളം , ജേക്കബ് മറ്റത്തിൽ സംസാരിച്ചു.അരങ്ങ് രക്ഷാധികാരി സി പി ഷാജി മുഹമ്മ സ്വാഗതവും ടോമിച്ചൻ കണ്ണയിൽ നന്ദിയും പറഞ്ഞു.

## മധ്യവയസ്കയെ ആക്രമിച്ചു ; യുവാവ് അറസ്റ്റിൽ

രാമപുരം: മധ്യവയസ്കയെ വീട് കയറി ആക്രമിച്ച കേസിൽ യുവാവിനെ പോലീസ് അറസ്റ്റ് ചെയ്തു. വെളിയന്നൂർ മുണ്ടുപ്ലാക്കൽ വീട്ടിൽ എം.കെ അരുണിനെയാണ് (32) രാമപുരം പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ കഴിഞ്ഞ ദിവസം വെളിയന്നൂർ സ്വദേശിനിയായ മധ്യവയസ്കയുടെ വീട്ടിൽ അതിക്രമിച്ചു


അരുൺ

കയറി ഇവരെ ചീത്ത വിളിച്ച് മർദ്ദിച്ചു. കൊല്ലുമെന്നു ഭീഷണിപ്പെടുത്തുകയുമായിരുന്നു. പരാതിയെ തുടർന്ന് രാമപുരം പോലീസ് കേസ് ഇയാളെ പിടികൂടുകയുമായിരുന്നു. മധ്യവയസ്ക ഇയാൾക്കെതിരെ മുൻപ് പരാതികൊടുത്തത് പിൻവലിക്കാത്തതിലുള്ള വിരോധം മൂലമാണ് ഇയാൾ മധ്യവയസ്കയെ ഇവരുടെ വീട്ടിൽ അതിക്രമിച്ചു കയറി ആക്രമിച്ചത്. കോടതിയിൽ ഹാജരാക്കിയ ഇയാളെ റിമാൻഡ് ചെയ്തു.

## ലഹരിവിരുദ്ധ ദിനം ജില്ലാ തല പരിപാടി നാളെ

കോട്ടയം: രാജ്യാന്തര ലഹരിവിരുദ്ധ ദിനത്തിന്റെ ഭാഗമായി ജില്ലാതല പരിപാടി നാളെ കോട്ടയം എം.ടി. സെമിനാരി സ്കൂളിൽ നടക്കും. രാവിലെ 10.30ന് ജില്ലാ പഞ്ചായത്ത്പ്രസിഡന്റ് കെ.വി. ബിന്ദു ഉദ്ഘാടനം ചെയ്യും. ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ആധ്യക്ഷം വഹിക്കും. ഡെപ്യൂട്ടി മെഡിക്കൽ ഓഫീസർ ഡോ.പി.എൻ. വിദ്യാധരൻ മുഖ്യപ്രഭാഷണം നടത്തും. വിദ്യാഭ്യാസവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ സുബിൻ പോൾ ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ വി.എ. പ്രദീപ് ദിനാചരണ സന്ദേശം നൽകും. എൻ.എച്ച്.എം. ജില്ലാ പ്രോഗ്രാം മാനേജർ ഡോ. വ്യാസ് സുകുമാരൻ, ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി.കെ. ബിൻസി എന്നിവർ വിഷയാവതരണം നടത്തും.

രാവിലെ 11 മണി മണി മുതൽ ലഹരി ദുരുപയോഗവും യുവജനങ്ങളും എന്ന വിഷയത്തിൽ ജില്ലാതല സെമിനാർ നടക്കും.

# കോട്ടയം വാർത്തകൾ

### ക്ഷേമനിധി കുടിശിക അടയ്ക്കാം

കോട്ടയം: കേരളാ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ നിലവിൽ അംഗങ്ങളായ തൊഴിലാളി വിഹിതം കുടിശിക വരുത്തിയിട്ടുള്ളവർക്കു കോവിഡ് കാലയളവ് ഒഴികെയുള്ള അവസാന മൂന്നു വർഷത്തെ കുടിശ്ശിക അടയ്ക്കുന്നതിന് 2024 സെപ്റ്റംബർ 30 വരെ സമയം അനുവദിച്ച് ഉത്തരവായതായി ജില്ല എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു. 2023 ഡിസംബർ 31 വരെ ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ച എല്ലാ ഗുണഭോക്താക്കളും 2024 ജൂൺ 25 മുതൽ ഓഗസ്റ്റ് 24 വരെയുള്ള കാലയളവിൽ വാർഷിക മസ്റ്ററിങ് നിർബന്ധമായും പൂർത്തിയാക്കണമെന്നും ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

### ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ ഒഴിവ്

കോട്ടയം: ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ഇടുക്കി ജില്ലാ വിമുക്തി ഡീഅഡിക്ഷൻ സെന്ററിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നീ തസ്തികകളിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി ജൂലൈ ഒൻപതിന് രാവിലെ 11.00 മണി മുതൽ ഇടുക്കി ജില്ലാ മെഡിക്കൽ ഓഫീസി(ആരോഗ്യം)ൽ വാക്ക്ഇൻ ഇന്റർവ്യൂ നടത്തുന്നു. സൈക്യാട്രിക് സോഷ്യൽ വർക്കറിന് സൈക്യാട്രിക് സോഷ്യൽ വർക്കിൽ എം.ഫിലാണ് യോഗ്യത. പ്രായം 45 വയസ് കവിയരുത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റിന് ക്ലീനിക്കൽ സൈക്കോളജിയിൽ ആർ.സി.ഐ. രജിസ്ട്രേഷനോടു കൂടി എം.ഫിൽ/എം.എസ്.സി. ആണു യോഗ്യത. പ്രായം 45 വയസ് കവിയരുത്. ഉദ്യോഗാർത്ഥികൾ യോഗ്യതാസർട്ടിഫിക്കറ്റിന്റെ അസലും സാക്ഷ്യപ്പെടുത്തിയ പകർപ്പും ആധാർ/വോട്ടർ ഐ.ഡി. എന്നിവയുടെ അസ്സലും സാക്ഷ്യപ്പെടുത്തിയ പകർപ്പുമായി അഭിമുഖത്തിന് ഹാജരാകണം. ഫോൺ: 6238300252, 04862 233030

### പോക്സോ കേസിൽ അധ്യാപകനെ വെറുതെ വിട്ടു

കോട്ടയം :പോക്സോ കേസിൽ കുമരകം ഭാഗത്തുള്ള സർക്കാർ സ്കൂളിലെ അറബി അദ്ധ്യാപകനായ സാലിഹ് ടി. എസ്. നെ കോട്ടയം ഫാസ്റ്റ് ട്രാക്ക് കോടതി നിരപരാധി എന്നു കണ്ടെത്തി വെറുതെ വിട്ടു. 2023 കാലത്ത് സർക്കാർ സ്കൂളിൽ അറബി അദ്ധ്യാപകനായി ജോലി ചെയ്തിരുന്ന പ്രതി 3 ാം ക്ലാസ്സ് വിദ്യാർത്ഥിനികളോട് ലൈംഗിക ഉദ്ദേശത്തോടെ മോശമായി പെരുമാറിയതിന് പ്രതിക്കെതിരായി ഇന്ത്യൻ ശിക്ഷാ നിയമം 354 ഉം, കുട്ടികൾക്കെതിരായുള്ള ലൈംഗിക ആക്രമണം തടയുന്നതിനുള്ള പോക്സോ വകുപ്പുകൾ പ്രകാരവുമായിരുന്നു കുമരകം പോലീസ് കേസെടുത്തത്. ക്ലാസ്സ് സമയത്ത് ഇരയായ പെൺകുട്ടിയോട് ലൈംഗിക അതിക്രമം നടത്തി എന്നാണ് പ്രത്യേക ആരോപണം. പ്രോസിക്യൂഷൻ ഭാഗത്ത് നിന്ന് 9 സാക്ഷികളെ വിസ്തരിക്കുകയും പതിമൂന്നോളം രേഖകൾ ഹാജരാക്കുകയും ചെയ്തിരുന്നു. ഫാസ്റ്റ് ട്രാക്ക് സ്പെഷ്യൽ കോർട്ട് ജഡ്ജ് സതീഷ്കുമാർ ആണ് പ്രതിയെ വെറുതെ വിട്ടത്. പ്രതിക്കുവേണ്ടി അഡ്വ.കെ.എസ്.ആസിഫ്, അജയകുമാർ, വിവേക്, സൽമാൻ, ലക്ഷ്മി, നെവിൻ, മീര, കിഷോർ എന്നിവർ ഹാജരായി.

### സൗജന്യ മെഡിക്കൽ ക്യാമ്പ്

പൊൻകുന്നം: അരവിന്ദ ആശുപത്രിയിൽ ഡയബറ്റിക് ഫുട് ആൻഡ് വെരിക്കോസ് വെയ്ൻ സൗജന്യ മെഡിക്കൽ ക്യാമ്പ് 30ന് നടത്തും. ഡോ.വിഷ്ണു വി.നായർ നേതൃത്വം നൽകും. ഫോൺ: 8606078301.

### ഗതാഗതം നിരോധിച്ചു

മുണ്ടക്കയം: മുണ്ടക്കയം കോസ് വേ പാലത്തിൽ പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിന്റെ ഭാഗമായി ജൂൺ 25 മുതൽ ഒരു മാസക്കാലം പാലത്തിലൂടെ ഗതാഗതം നിരോധിച്ചതായി അസ്സിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു.

### ക്യാഷ് അവാർഡ്

കോട്ടയം: സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹികസുരക്ഷാപദ്ധതി അംഗങ്ങളുടെ മക്കളിൽ 2023-23 അധ്യയനവർഷത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് മുഴുവൻ എ പ്ലസ് കിട്ടിയ കുട്ടികൾക്ക് നൽകുന്ന ക്യാഷ് അവാർഡിനായി ജൂൺ 30 വരെ അപേക്ഷിക്കാമെന്ന് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

### സാകല്യം' പദ്ധതി: അപേക്ഷ ക്ഷണിച്ചു

കോട്ടയം: സ്വന്തമായി ജീവനോപാധി ഇല്ലാതെയും, കുടുംബങ്ങളിൽനിന്നു പുറത്താക്കപ്പെട്ട് ഒറ്റപ്പെട്ട് കഴിയേണ്ടിവരുന്നവരുമായ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ ചെയ്തു സമൂഹത്തിൽ അഭിമാനത്തോടെ ജീവിക്കാൻ വഴിയൊരുക്കുന്ന 'സാകല്യം' പദ്ധതിയിലേക്ക് സാമൂഹികനീതിവകുപ്പ് അപേക്ഷ ക്ഷണിച്ചു. അപേക്ഷ തിരുനക്കര മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ജില്ലാ സാമൂഹ്യനീതി ഓഫീസിൽ സമർപ്പിക്കാം. അവസാന തീയതി സെപ്റ്റംബർ 30. വിശദവിവരങ്ങൾക്ക് ജില്ലാ സാമൂഹ്യനീതി ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 04812563980

### ഏകദിനപരിശീലനക്ലാസ്

കോട്ടയം: വയർമാൻ എഴുത്തുപരീക്ഷ, പ്രായോഗികപരീക്ഷ 2023 ജയിച്ചവർക്കായി നടത്തുന്ന ഏകദിനപരിശീലനക്ലാസ് ജൂലൈ അഞ്ചിന് രാവിലെ ഒൻപതുമണിക്ക് കോട്ടയം തെക്കുംഗോപുരം സുവർണ ഓഡിറ്റോറിയത്തിൽ വച്ചു നടത്തുമെന്ന് ജില്ലാ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് അറിയിച്ചു.

## കാറ്റിൽ മരം കടപുഴകി വീണ് കാർ പൂർണമായും തകർന്നു

### അപകടത്തിൽ നിന്ന് ലീഗ് നേതാവ് രക്ഷപെട്ടത് തലനാരിഴക്ക്

ചങ്ങനാശേരി: എംസി റോഡിൽ പെരുന്ന വില്ലേജ് ഓഫിസിനു മുൻപിലുണ്ടായിരുന്ന കൂറ്റൻ പുളിമരം കാറ്റത്ത് കടപുഴകി വീണു.

റോഡരികിൽ പാർക്ക് ചെയ്തിരുന്ന കാറിനു മുകളിലക്കോണ് മരം വീണത്. കാർ പൂർണമായും തകർന്നു. റോഡരികിലെ വൈദ്യുതി പോസ്റ്റും തകർത്തുകൊണ്ടാണ് മരം കാറിനു മുകളിലേക്ക് വീണത്. ഇതോടെ പോസ്റ്റും, ലൈൻ കമ്പികളും അടക്കം കാറിന് മുകളിലേക്ക് പതിച്ചു.

കാറിനുള്ളിൽ ഈ സമയം യാത്രക്കാരില്ലാതിരുന്നതിനാൽ വലിയ ദുരന്തം വഴിമാറി. കാറിൽ ഉണ്ടായിരുന്ന മുസ്ലിം ലീഗ് സംസ്ഥാന കൗൺസിലംഗമായ കെ എൻ മുഹമ്മദ് സിയ വില്ലേജ് ഓഫീസിനുള്ളിൽ കയറി തൊട്ടുപുറകെയാണ് മരം കടപുഴകി കാറിന് മുകളിൽ പതിച്ചത്.തലനാരിഴക്കാണ് മുഹമ്മദ്സിയ രക്ഷപ്പെട്ടത്.ഒരാവശ്യത്തിന് വില്ലേജ് ഓഫീസിലെത്തിപ്പോൾ അരമണിക്കൂർ കാത്തുനിൽക്കാൻ പറഞ്ഞു. അതു കൊണ്ട് കാറിൽ തന്നെയിരിക്കുകയായിരുന്നു. മഴ വന്നപ്പോൾ ആരോ വിളച്ചതു പോലെ തോന്നി ഉടൻ ഓഫീസിലേക്ക് നടന്നുകയറി. അപകടത്തിൽ നിന്ന് സർവ്വശക്തന്റെ അപാരമായ അനുഗ്രഹം ഒന്നു കൊണ്ടു മാത്രമാണ് രക്ഷപെട്ടതെന്ന് മുഹമ്മദ് സിയ പറഞ്ഞു. ഇന്നലെ 2.30 കഴിഞ്ഞാണ് അപകടം.

എംസി റോഡ് ഭാഗത്തേക്കാണ് മരം വീണത്. മരത്തിന്റെ ശിഖര ഭാഗം റോഡിലേക്ക് വീണതിനാൽ ഗതാഗത തടസമുണ്ടായി. അഗ്നിരക്ഷാസേന എത്തി മരം മുറിച്ചു മാറ്റി.

മരംമുറിച്ചുമാറ്റിയശേഷം കെ എസ് ഇ ബി ഉദ്യോഗസ്ഥർ സ്ഥലത്തെത്തി തകർന്ന് വീണ ഇലക്ട്രിക് പോസ്റ്റുകൾ നീക്കം ചെയ്യുകയും വൈദ്യുതി ബന്ധം പുനസ്ഥാപിക്കുകയും ചെയ്തു.




ചങ്ങനാശേരി പെരുന്ന വില്ലേജ് ഓഫിസിനു മുൻപിലുണ്ടായിരുന്ന കൂറ്റൻ പുളിമരം കാറ്റത്ത് കടപുഴകി സമീപത്ത് പാർക്ക് ചെയ്തിരുന്ന കാറിന് മുകളിൽ പതിച്ച നിലയിൽ

## ചേനപ്പാടിയിലെ ആ പ്ലാവ് വെട്ടി ; കനകപ്പലം റോഡിൽ ഭീതി ഒഴിയുന്നില്ല

എരുമേലി : ചേനപ്പാടി തരകനാട്ടുകുന്ന് സെന്റ് ആന്റണീസ് എൽ പി സ്കൂളിന് അടുത്ത് റോഡരികിൽ അപകടങ്ങൾക്ക് സാധ്യത സൃഷ്ടിച്ച പ്ലാവ് മരം ഇന്നലെ രാവിലെ മുറിച്ചു നീക്കി. ഇതേ റോഡിൽ പാതിപ്പാറ ഭാഗത്ത് അപകട നിലയിലുണ്ടായിരുന്ന കശുമാവും മുറിച്ചു നീക്കി. അതേസമയം എരുമേലി റാന്നി സംസ്ഥാന പാതയിൽ കനകപ്പലം മുതൽ മുക്കട വരെ റോഡിന്റെ ഇരുവശങ്ങളിലും വനം വകുപ്പിന്റെ മരങ്ങൾ ഏത് സമയവും റോഡിൽ പതിക്കാവുന്ന നിലയിൽ അപകടത്തിലാണ്.

കഴിഞ്ഞ ആഴ്ചയിൽ രണ്ട് തവണയാണ് ഈ പാതയിൽ മരങ്ങൾ ഒടിഞ്ഞു വീണ് ഗതാഗതം തടസപ്പെട്ടത്. വൈദ്യുതി പോസ്റ്റും ലൈനുകളും തകർത്താണ് ഈ പാതയിൽ മരങ്ങൾ റോഡിലേക്ക് വീഴുന്നത്. കഴിഞ്ഞ ദിവസങ്ങളിൽ മരങ്ങൾ വീണ രണ്ട് സംഭവങ്ങളിലും തലനാരിഴയ്ക്കാണ് അപകടത്തിൽ നിന്നും വാഹന യാത്രക്കാർ രക്ഷപെട്ടത്. കാലപ്പഴക്കമേറിയ മരങ്ങളാണ് കനകപ്പലം മുതൽ മുക്കട വരെ നീളുന്ന വനപാതയിൽ റോഡിന്റെ ഇരുവശങ്ങളിലും റോഡിലേക്ക് ചാഞ്ഞു നിൽക്കുന്നത്. ജീർണിച്ച മരങ്ങളുമുണ്ട്. കേടുപാടുകൾ ഉള്ള ശിഖരങ്ങൾ കാറ്റിൽ നിലമ്പതിക്കുകയാണ്. ചേനപ്പാടി കിഴക്കേക്കരയിൽ വാർഡ് അംഗം പി കെ തുളസി ഇടപെട്ട് ജില്ലാ കളക്ടറിൽ നിന്നും ഉത്തരവ് വാങ്ങിയാണ് വലിയ കശുമാവ് മുറിച്ചു നീക്കിയത്. ഇന്നലെ ഈ പാതയിൽ സ്കൂളിന് സമീപത്തുള്ള പ്ലാവ് മരം മുറിച്ചു നീക്കിയതോടെ സുരക്ഷ ശക്തമായി. ദിവസേനെ നൂറുകണക്കിന് വാഹനങ്ങളും യാത്രക്കാരും സഞ്ചരിക്കുന്ന കനകപ്പലം മുക്കട റോഡിൽ അപകടങ്ങൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന മരങ്ങൾ സുരക്ഷിതമാക്കേണ്ടത് അനിവാര്യമാണെന്ന് നാട്ടുകാർ പറഞ്ഞു. വനം വകുപ്പാണ് ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കേണ്ടത്.


എരുമേലി കനകപ്പലം മുക്കട പാതയിൽ അപകട സാധ്യത സൃഷ്ടിച്ച് റോഡിലേക്ക് ചാഞ്ഞു നിൽക്കുന്ന മരങ്ങളിൽ ഒന്ന്. കരിമ്പിൻതോട് ഭാഗത്ത് നിന്നുള്ള ദൃശ്യം

## എരുമേലിയിൽ നിന്ന് മൺസൂൺ സവാരിയുമായി കെഎസ്ആർടിസി

എരുമേലി : കോടമഞ്ഞു നിറയുന്ന വഴികളിലൂടെ മഴ നൂലുകളെ തൊട്ടറിഞ്ഞൊരു യാത്ര പോയാലോ..അതും വെറും 830 രൂപയ്ക്ക്. എങ്കിൽ കെഎസ്ആർടിസി എരുമേലി സെന്ററിൽ നിന്നും അടുത്ത ഞായർ രാവിലെ 4.45 ന് പുറപ്പെടുന്ന ബസിൽ സീറ്റ് പിടിക്കാൻ ഒരുങ്ങിക്കോളൂ.

മൺസൂൺ സവാരി യാത്രയുടെ എല്ലാ ഭംഗിയും ആസ്വദിക്കാവുന്ന ചതുരംഗപ്പാറ ട്രിപ്പ് ആണ് കെ എസ് ആർ ടി സി എരുമേലി ബജറ്റ് ടൂറിസം സെല്ലിന്റെ നേതൃത്വത്തിൽ ഒരുക്കിയിരിക്കുന്നത്. മഴക്കാലത്തു സമൃദ്ധമാകുന്ന ചീയപ്പാറ, വാളറ വെള്ളച്ചാട്ടങ്ങൾ കടന്ന് സംസ്ഥാനത്ത് ആദ്യം നിറയുന്ന ഡാമുകളിൽ ഒന്നായ കല്ലാർകുട്ടി ഡാം, ജല സമൃദ്ധമായ പൊന്മുടി ഡാം, ഉൾപ്പടെ സഞ്ചാരികൾക്ക് വത്യസ്ത അനുഭവമേകുന്ന കാഴ്ചകൾ ആണ് മഴക്കാല ടൂറിസത്തിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്നത്. പാറ മുറിച്ചെടുത്ത വഴിയിലൂടെ പൊന്മുടി ഡാമിന് മുകളിലേക്കുള്ള ബസ് യാത്ര സഞ്ചാരികൾക്ക് മറക്കാൻ ആകാത്ത അനുഭവമേകും. സഞ്ചാരികളുടെ പ്രിയപ്പെട്ട ഇടമായി മാറിയ എസ് എൻ പുരത്തെ റിപ്പിൾ വാട്ടർ ഫാൾസിൽ ജില്ലാ ടൂറിസം പ്രമോഷൻ ഒരുക്കിയിരിക്കുന്ന സാഹസിക ടൂറിസം വിഭവങ്ങളും കണ്ണിമാലി വ്യൂ പോയിന്റിൽ നിന്നുള്ള പൊന്മുടി ഡാമിന്റെ വിശാല കാഴ്ചകളിലേയ്ക്കും എത്തിയതിനു ശേഷമാണ് തേയില തോട്ടങ്ങൾ പരവതാനി വിരിച്ച പൂപ്പാറയുടെ ഭംഗി നുകർന്ന് കാറ്റിന്റെ കോട്ടയിലേയ്ക്ക് ചതുരംഗപ്പാറയിലേക്ക് എത്തുന്നത്. ഒരു ഫ്ളൈറ്റിൽ നിന്നുള്ള കാഴ്ച പോലെ നോക്കെത്താ ദൂരത്തോളം പകർന്നു കിടക്കുന്ന തമിഴ്നാടിന്റെ ആകാശകാഴ്ചകൾ, താഴ്വരയിൽ നിന്നും എത്തുന്ന കോടമഞ്ഞിനെ കീറിമുറിച്ചു മേഘങ്ങളിലേക്ക് പറത്തി വിടുന്ന ഭീമൻ കാറ്റാടി യന്ത്രങ്ങളും കാണാം. വഴിയിൽ അരിക്കൊമ്പന്റെ ആവാസ കേന്ദ്രമായിരുന്ന ആനയിറങ്കൽ ഡാമുണ്ട്. കേരളത്തിലെ ഏറ്റവും മനോഹരമായ റോഡുകളിൽ ഒന്നായ മൂന്നാർ ഗ്യാപ് റോഡിലൂടെ മഞ്ഞിലൂടെ ഒപ്പം ഒരു യാത്രയും നടത്താം. ലോക്ക് ഹാർട്ട്വ്യൂവും റോക്ക് കേവും ഒക്കെ കടന്ന് സന്ധ്യ മയങ്ങുമ്പോൾ തിരിച്ച് എരുമേലിയിലെത്താം. സീറ്റുകൾ ബുക്ക് ചെയ്യാൻ 9447287735,

9061592069 എന്നീ നമ്പറുകളിൽ ബന്ധപ്പെടണമെന്ന് എരുമേലി സെന്റർ ചാർജ് ഓഫിസർ അറിയിച്ചു.

### രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൽ ഒഴിവ്

കോട്ടയം: ജില്ലയിലെ ബ്ലോക്ക്പഞ്ചായത്തുകളിൽ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയുടെ 2024-25 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ രൂപീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് റിസോഴ്സ് സെന്ററിലേക്ക് അഡീഷണൽ ഫാക്കൽറ്റി തസ്തികയിൽ അപേക്ഷ ക്ഷണിച്ചു.

ഒരു വർഷത്തേയ്ക്ക് കരാർ അടിസ്ഥാനത്തിലാണ് നിയമനം. കുടുംബശ്രീ അയൽക്കൂട്ടഅംഗം/ഓക്സിലറി ഗ്രൂപ്പ് അംഗങ്ങളിൽ നിന്നുള്ള എം.എസ്.ഡബ്ള്യൂ/എം.ബി.എ(എച്ച്.ആർ.)/എം.എ. സോഷ്യോളജി/ ഡവലപ്മെന്റ് സ്റ്റഡീസ്, യോഗ്യതയും, മൂന്ന് വർഷത്തെ പ്രവർത്തിപരിചയവുമുള്ള സ്ത്രീകൾക്ക് അപേക്ഷിക്കാം. പ്രായം 2024 ജൂൺ ഒന്നിന് 40 വയസ് കഴിയരുത്.

യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, അപേക്ഷാഫീസ് ഇനത്തിൽ ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ കോട്ടയത്തിന്റെ പേരിൽ മാറാവുന്ന 200/ രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് സഹിതം നിശ്ചിതഫോർമാറ്റിൽ അപേക്ഷകൾ ജില്ലാ മിഷൻ കോഓർഡിനേറ്റർ, കുടുംബശ്രീ ജില്ലാ മിഷൻ, ജില്ലാ പഞ്ചായത്ത് ഭവൻ, കോട്ടയം02 എന്ന വിലാസത്തിൽ ജൂലൈ രണ്ടിന് വൈകിട്ട് അഞ്ചു മണിക്ക് മുമ്പു സമർപ്പിക്കണം.

അപേക്ഷ ബന്ധപ്പെട്ട കുടുംബശ്രീ അയൽക്കൂട്ടം, സി.ഡി.എസ് എന്നിവർ സാക്ഷ്യപ്പെടുത്തിയിരിക്കണം. അപേക്ഷാഫോമും, വിശദാംശങ്ങളും കുടുംബശ്രീ വെബ്സൈറ്റിലും (workudumbashreeem), സിഡിഎസ് ഓഫീസിലും ലഭ്യമാണ്. ഫോൺ: 04812302049

### പരാതി കേൾക്കാൻ ജില്ലാ കളക്ടർ ഇന്ന് ഉദയനാപുരം പഞ്ചായത്തിൽ

കോട്ടയം: ജില്ലാ കളക്ടർ വി. വിഗ്നേശ്വരി ചൊവ്വാഴ്ച (ജൂൺ 25) രാവിലെ 11.30 ന് ഉദയനാപുരം ഗ്രാമപഞ്ചായത്തിൽ പരാതികൾ സ്വീകരിക്കാനും കേൾക്കാനും നേരിട്ടെത്തും. പഞ്ചായത്ത് ഓഫീസിൽ പരാതിക്കാരെ കേൾക്കും. പരാതികൾ ജില്ലാ കളക്ടർക്ക് നേരിട്ടു നൽകാം.

## കവർച്ചാ പദ്ധതി ആസൂത്രണം ചെയ്ത മൂന്നുപേർ പിടിയിൽ

കോട്ടയം : ജില്ലയിലെ വിവിധ ഇടങ്ങളിൽ കവർച്ചയ്ക്ക് ആസൂത്രണം ചെയ്തു വരവേ മോഷണം,കവർച്ചഉൾപ്പെടെ വിവിധ കേസുകളിൽ ഉൾപ്പെട്ട സ്ഥിരം കുറ്റവാളികളായ മൂന്നുപേരെ പോലീസ് അറസ്റ്റ് ചെയ്തു. കാസർഗോഡ്മുന്നാട് ,ചേരിപ്പാടി എൽ പി സ്കൂകൂളിന് സമീപം ചേരിപ്പടി വീട്ടിൽ വിഷണുദാസ് (24), ആലപ്പുഴ,ഇരുമ്പുപാലം, മുക്കവലയ്ക്കൽ ഭാഗത്ത് നടിച്ചിറയിൽ വീട്ടിൽ ശ്രീജിത്ത് (33), ചെങ്ങളം സൗത്ത്, പരുത്തിയകം ഭാഗത്ത് അറത്തറയിൽ വീട്ടിൽ ആരോമൽ സാബു (21) എന്നിവരെയാണ് കോട്ടയം വെസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തത്.


വിഷണുദാസ്,ശ്രീജിത്ത്,ആരോമൽ സാബു


വിവിധ കേസുകളിലെ പ്രതികളായ ഇവർ മൂന്നുപേരും ചേര്ന്ന്കോട്ടയത്ത്കവർച്ചയ്ക്ക് പദ്ധതി തയ്യാറാക്കുന്നതായി ജില്ലാ പോലീസിന് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് കോട്ടയം വെസ്റ്റ് പോലീസ് നടത്തിയ പരിശോധനയിലാണ് കഴിഞ്ഞദിവസം രാത്രിയിൽഅയ്മനം, പരിപ്പ് ബസ് സ്റ്റാൻഡിന്റെസമീപത്തുവച്ച്മൂന്നുപേരെയും പോലീസ് പിടികൂടുന്നത്. വിഷ്ണുദാസിന് പയ്യന്നൂർ, ഹോസ്ദുർഗ് എന്നീ സ്റ്റേഷനുകളിലും ശ്രീജിത്തിന് ആലപ്പുഴ സൗത്ത്, നെടുമുടി, കുമരകം എന്നീ സ്റ്റേഷനുകളിലുംക്രിമിനൽ കേസുകൾ നിലവിലുണ്ട്.

ആരോമൽ സാബു കുമരകം സ്റ്റേഷനിലെ ആന്റി സോഷ്യൽ ലിസ്റ്റിൽ ഉൾപ്പെട്ട ആളുമാണ്.പോലീസിനെ കണ്ട് ഇവർ ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും, പോലീസ് പിന്തുടർന്ന് സാഹസികമായി ഇവരെ പിടികൂടുകയായിരുന്നു.

കോട്ടയം വെസ്റ്റ് സ്റ്റേഷൻ എസ്.എച്ച്.ഓ ശ്രീകുമാർ.എം, എസ്.ഐമാരായ റിൻസ് എം.തോമസ്, സിജു കെ.സൈമൺ, സി.പി.ഓ മാരായ അനു, ഹരിഹരൻ, അനീഷ് മാത്യു, രൂപേഷ് എന്നിവർ ചേർന്നാണ് ഇവരെ അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ മൂവരെയും റിമാൻഡ് ചെയ്തു.

## അയൽവാസിയെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാൾ അറസ്റ്റിൽ

കിടങ്ങൂർ : അയൽവാസിയായ മധ്യവയസ്കനെ കൊലപ്പെടുത്താൻ ശ്രമിച്ച കേസിൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തു. കിടങ്ങൂർ പുല്ലേപ്പള്ളി ചേർപ്പുങ്കൽ ഭാഗത്ത് തേവർമറ്റത്തിൽ(തെങ്ങും തോട്ടത്തിൽ) വീട്ടിൽജോസ് ജോസഫ് എന്ന് വിളിക്കുന്ന ഷാജി മോനെയാണ് (62) കിടങ്ങൂർ പോലീസ് അറസ്റ്റ് ചെയ്തത്. ഇയാൾ ഇന്നലെ ഉച്ചക്ക് 2.00 മണിയോട് കൂടി ഇയാളുടെ അയലാപസിയായ മധ്യവയസ്കന്റെ വീട്ടിൽ അതിക്രമിച്ചുകയറി ഇയാളെ കയ്യിൽ കരുതിയിരുന്ന വാക്കത്തി കൊണ്ട് വെട്ടി കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. മധ്യവയസ്കൻ ഷാജിമോന് മദ്യം വാങ്ങി നൽകിയില്ല എന്ന് പറഞ്ഞായിരുന്നു ഇയാളെ ആക്രമിച്ചത്. തുടർന്ന് ഇയാൾ സംഭവസ്ഥലത്ത് നിന്ന് കടന്നു .പരാതിയെ തുടർന്ന് കിടങ്ങൂർ പോലീസ് നടത്തിയ തിരച്ചിലിൽ ഇയാളെ പിടികൂടുകയുമായിരുന്നു. ഇയാൾക്ക് കിടങ്ങൂർ സ്റ്റേഷനിൽ നിരവധി ക്രിമിനൽ കേസുകൾ നിലവിലുണ്ട്.


ഷാജിമോൻ

കൂടാതെപോലീസ് ഉദ്യോഗസ്ഥനെ ആക്രമിച്ച കേസിൽ ഇയാൾ കോടതിയിൽ നിന്നും ജാമ്യത്തിലിറങ്ങി കഴിഞ്ഞുവരവേയാണ്ഇയാൾ ആക്രമണം നടത്തിയത്.ഇയാളെ കോടതിയിൽ ഹാജരാക്കി.

## പൊള്ളിച്ച് വിലക്കയറ്റം; പൊറുതിമുട്ടി ജനം

ഈരാറ്റുപേട്ട: പച്ചക്കറിക്കൊപ്പം പലവ്യഞ്ജനങ്ങളുടെയും ധാന്യങ്ങളുടെയും വിലയും കുതിക്കുകയാണ്. സർക്കാർ വിപണിയിൽ ഇടപെടാത്തതു കാരണം ദിവസം തോറും വില വർധിക്കുകയാണ്.

പലവ്യഞ്ജനങ്ങൾക്കും പച്ചക്കറിക്കും ധാന്യവർഗങ്ങൾക്കും മീനിനും ഇറച്ചിക്കുമെല്ലാം വില കുതിച്ചുയരുമ്പോൾ കൈയിൽ പണമില്ലാതെ നട്ടം തിരിയുകയാണ് ജനം. മഴ കനത്തതോടെ തൊഴിലാളികൾക്കും കൂലിപ്പണിക്കാർക്കും പണിയില്ല.

തുവരപ്പരിപ്പിനും മത്തിക്കും തക്കാളിക്കുമെല്ലാം വൻ വിലക്കയറ്റമാണ്.

തുവരപരിപ്പ് കിലോയ്ക്ക് 170 190 രൂപ വരെ വിലയുണ്ട്, ചെറുപയർ 150, വൻപയർ 110, ഉഴുന്ന് പരിപ്പ് 150, ഗ്രീൻപീസ് 110, കടല 125 എന്നിങ്ങനെയാണ് നിലവിലെ വിലനിലവാരം. ട്രോളിംഗ് നിരോധനം കാരണം മത്സ്യത്തിനും പൊള്ളുന്ന വിലയാണ്.

മത്തിക്ക് പ്രാദേശിക വിപണിയിൽ വില 400 പിന്നിട്ടു. ട്രോളിംഗ് നിരോധനം അവസാനിക്കും വരെ തീ വില തുടരും. മീൻ ക്ഷാമം കാരണം വിപണിയിലേക്ക് വരവ് കുറഞ്ഞതിനാൽ ഉണക്കമീൻ വിലയും ഉയരുകയാണ്.

വിലക്കയറ്റത്തിൽ പൊറുതിമുട്ടുകയാണ് മലയാളികൾ. ഒരു മാസത്തതിനിടെ തക്കാളിയുടെ വില 30ൽ നിന്നും 80രൂപയായി. ഉള്ളിക്കും ബീൻസ് അടക്കം പച്ചക്കറികൾക്കും 10 രൂപ വരെ വില ഉയർന്നിട്ടുണ്ട്. മത്തിക്ക് പ്രാദേശിക വിപണിയിൽ വില 400 കടന്നു.

കാലാവസ്ഥാ വ്യതിയാനം അടക്കമുള്ള പ്രശ്നങ്ങളെത്തുടർന്ന് തമിഴ്നാട് പോലുള്ള അയൽ സംസ്ഥാനങ്ങളിലെ പച്ചക്കറികൾക്ക് ഇടയ്ക്കിടെ വിലക്കയറ്റം ഉണ്ടാകാറുണ്ടെങ്കിലും പിന്നീട് കുറയാറുണ്ട്. ഇപ്പോൾ മാസങ്ങളായി പച്ചക്കറി വില ഉയർന്നു തന്നെ നിൽക്കുകയാണ്.

## കൂട്ടിക്കലിൽ അപകട ഭീഷണിയായി ട്രാൻസ്ഫോമർ

മുണ്ടക്കയം: കൂട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂൾ റോഡിൽ സംരക്ഷണ വേലി ഇല്ലാത്ത ട്രാൻസ്ഫോമർ അപകടഭീഷണിയാകുന്നു. റോഡിനോട് വളരെ അടുത്ത് സ്ഥിതി ചെയ്യുന്ന ട്രാൻസ്ഫോമറിന് സംരക്ഷണ കവചം വേണമെന്ന് നാട്ടുകാർ ആവശ്യപെട്ടു. ട്രാൻസ്ഫോമറിനു ചുറ്റും കാടു പിടിച്ച് ആണ് കിടക്കുന്നത് . സമീപ പ്രദേശത്തെ സെന്റ് ജോർജ് ഹൈസ്കൂലേയ്ക്ക് കുട്ടികൾ നടന്നു പോവുന്നത് ഇതു വഴിയാണ്. മഴക്കാലത്തും ഈ സ്ഥിതി തുടർന്നാൽ അപകടം വിളിപ്പാടകലെയാണ്. എത്രയും പെട്ടെന്ന് ട്രാൻസ്ഫോമറിന് സംരക്ഷണ കവചം സ്ഥാപിക്കാൻ ഉള്ള നടപടികൾ ഉണ്ടാവണമെന്ന് നാട്ടുകാർ ആവശ്യപ്പെട്ടു.


കൂട്ടിക്കൽ സെന്റ് ജോർജ് ഹൈസ്കൂൾ റോഡിലെ സംരക്ഷണ വേലി ഇല്ലാത്ത ട്രാൻസ്ഫോമർ

## അധ്യാപക ഒഴിവ്

കാസർകോട്: എൽ.ബി.എസ് എഞ്ചിനീയറിംഗ് കോളജിൽ അപ്ലൈഡ് സയൻസ് വിഭാഗത്തിൽ കരാർ അടിസ്ഥാനത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഫിസിക്സ്, കെമിസ്ട്രി, ഇക്കണോമിക്സ് എന്നീ വിഷയങ്ങളിൽ നിയമനം നടത്തുന്നു. യോഗ്യരായ ഉദ്യോഗാർഥികൾ 25ന് രാവിലെ 10ന് കോളജിൽ നടത്തുന്ന എഴുത്തു പരീക്ഷയിലും അഭിമുഖത്തിലും പങ്കെടുക്കണം. www.l-bscek.ac.in. ഫോൺ- 04994 250290.

## ഐ.ഐ.ടി / എൻ.ഐ.ടി എൻട്രൻസ് പരിശീലനം

കാസർകോട്: സംസ്ഥാന ഫിഷറീസ് വകുപ്പ് മുഖേന മത്സ്യതൊഴിലാളികളുടെ മക്കൾക്ക് ഐ.ഐ.ടി/ എൻ.ഐ.ടി എൻട്രൻസ് പരിശീലനം നൽകുന്നു. ഒരു വർഷത്തെ എൻട്രൻസ് പരിശീലനത്തിനാണ് സർക്കാർ ധനസഹായം നൽകുന്നത്. അപേക്ഷ ഫോറവും വിശദവിവരവും കാസർകോട് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലും തൃക്കരിപ്പൂർ, കാഞ്ഞങ്ങാട്, കാസർകോട് കുമ്പള മത്സ്യഭവനുകളിലും ലഭ്യമാണ്. അപേക്ഷ ഫോറം 25ന് മുമ്പായി ഫിഷറീസ് ഓഫീസിൽ സമർപ്പിക്കണം. ഫോൺ- 04672 202537.

## ഐ.ടി.ഐ പ്രവേശനം

കാഞ്ഞങ്ങാട്: 2024-25 വർഷത്തേക്കുള്ള പ്രവേശനത്തിന് മടിക്കൈ ഗവ. ഐ.ടി.ഐയിൽ അപേക്ഷ ക്ഷണിച്ചു. വെൽഡർ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ എ=ൻ.സി.വി.ടി ട്രേഡിലേക്കുള്ള അപേക്ഷ ഓൺലൈനായി https:itiadmissions.kerala.gov.in എന്ന വെബ്സൈറ്റ് മുഖേന ജൂൺ 29ന് വൈകുന്നേരം അഞ്ചിനുള്ളിൽ സമർപ്പിക്കണം. 04672240282, 9496140010, 9446270090.

# പൊതുവാർത്തകൾ



എസ്ബിവി ശ്രീകണ്ഠപുരം റെയ്ഞ്ച് തഹ്ദീസ് അഡ്വ. സജീവ് ജോസഫ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

## മതമൂല്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കുന്നത് നല്ലൊരു സമൂഹത്തെ സൃഷ്ടിക്കും

ശ്രീകണ്ഠപുരം: ഓരോമനുഷ്യരും അവരുടെ മതമൂല്യങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കിയാൽ പരസ്പരം വെറുപ്പും വിദ്വേഷവുമില്ലാത്ത ഒരു സമൂഹത്തെ സൃഷ്ടിക്കാൻ നമുക്ക് സാധിക്കുമെന്നും സമസ്തയുടെ മദ്റസകളിലെ കുരുന്നുകളുടെ കൂട്ടായ്മക്ക് മതമൂല്യങ്ങൾ ഉൾക്കൊണ്ട് ജാതി മത വ്യത്യാസമില്ലാതെ സമൂഹത്തിന് നന്മചെയ്യുന്ന ഒരു തലമുറയെ സൃഷ്ടിക്കാൻ നേതൃത്വം നൽകുന്നത് അഭിനന്ദനാർഹമാണെന്നും അഡ്വ. സജീവ് ജോസഫ് എംഎൽഎ. കൂട്ടുകൂടാം സുകൃത വീഥിയിൽ എന്ന പ്രമേയത്തിൽ ശ്രീകണ്ഠപുരം റെയിഞ്ച് എസ്കെഎസ്ബിവി പഴയങ്ങാടി ഹിദായത്തുൽ ഇസ്‌ലാം മദ്രസയിൽ നടത്തിയ തഹ്ദീസ് കൌൺസിൽ ക്യാമ്പ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

നിസാമുദ്ദീൻ ദാരിമി അധ്യക്ഷനായി. സത്താർ വളക്കൈ പ്രഭാഷണം നടത്തി. മഹല്ല് പ്രസിഡന്റ് മുഹമ്മദ് പതാക ഉയർത്തി. അബ്ദുൽ റഹ്മാൻ മൗലവി പ്രാർത്ഥന നടത്തി. മുത്തലിബ് മാസ്റ്റർ വളക്കൈ ക്ലാസ്സെടുത്തു. പി. കെ ശിഹാബ്, പി.എം മുഹമ്മദ് മൗലവി, ശംസുദ്ദീൻ ഫൈസി കോതേരി, സി.എച്ച് മുത്തലിബ് ഫൈസി, ആരിഫ് ദാരിമി, ശാഫി സൈനി, സി മുഹമ്മദ് ഫൈസി, അബ്ദുൽകരീം ഫൈസി പ്രസംഗിച്ചു.

## കൊവ്വത്തല മുഹമ്മദ് ഫാറൂഖ് സൗമ്യതയിൽ കർമമേഖല സമ്പന്നമാക്കിയ വ്യക്തിത്വം

പഴയങ്ങാടി: സൗമ്യമായ പെരുമാറ്റവും നിലപാടുകളിലെ വ്യക്തതയിലും മത-സാമൂഹ്യ-രാഷ്ട്രീയ പൊതു മണ്ഡലത്തെ സമ്പന്നമാക്കിയ വ്യക്തിത്വമായിരുന്നു ഇന്നലെ നിര്യാതനായ മാട്ടൂൽ എംയുപി സ്കൂൾ പ്രധാനാധ്യാപകൻ കൊവ്വത്തല മുഹമ്മദ് ഫാറൂഖ്. ആദർശ നിഷ്ഠമായ ജീവിത ശൈലി ശീലമാക്കി മുസ്‌ലിം രാഷ്ട്രീയ പ്രസക്തി പറഞ്ഞും പ്രസംഗിച്ചും പ്രവർത്തിച്ചവരിൽ ഒരാളായിരുന്നു ഫാറൂഖെന്ന് മുസ്‌ലിംലീഗ് മാട്ടൂൽ പഞ്ചായത്ത് കമ്മിറ്റി അഭിപ്രായപ്പെട്ടു.

ഓരോ നേതാവിന്റെയും വിയോഗം വിങ്ങലുകൾ തീർക്കുമ്പോൾ കലുഷിതമായ സാഹചര്യത്തിൽ അധ്യാപകൻ കൂടിയായ ഫാറൂഖിനെ പോലുള്ളവരുടെ വേർപാട് സമുദായത്തിനും മുസ്‌ലിലീഗ് പ്രസ്ഥാനത്തിനും തീരാ നഷ്ടമാണ്. മാട്ടൂലിൽ പാർട്ടി പിന്നിട്ട നാൾവഴിയിൽ നടത്തിയ ത്യാഗോജ്വലമായ പ്രവർത്തനങ്ങൾ എന്നും സ്മരിക്കപ്പെടുമെന്നും കമ്മിറ്റി അഭിപ്രായപ്പെട്ടു.

## മഴയിലും തോരാത്ത കാൽപന്താവേശം

തൃക്കരിപ്പൂർ: കാൽപന്തുകളിയിൽ കാസർകോട്ടെ പെൺകുട്ടികളും ഒട്ടും പിന്നിലല്ലെന്ന് തെളിയിച്ച് തൃക്കരിപ്പൂർ നടക്കാവ് സിന്തറ്റിക് സ്റ്റേഡിയത്തിൽ നടന്ന ജൂനിയർ ഗേൾസ് ജില്ലാ ഫുട്ബോൾ ടീം സെലക്ഷൻ ട്രയൽസ്. ജില്ലാ ഫുട്ബോൾ അസോസിയേഷന്റെ നേതൃത്വത്തിലാണ് ഇന്നലെ ജൂനിയർ ഗേൾസ് ഫുട്ബോൾ ടീമിലേക്കുള്ള സെലക്ഷൻ ട്രയൽസ് നടത്തിയത്. കനത്ത മഴയായിരുന്നിട്ടു പോലും ജില്ലാതിർത്തികളായ മഞ്ചേശ്വരം മുതൽ തൃക്കരിപ്പൂർ വരേയുള്ള നൂറിലേറെ കുട്ടികളും രക്ഷിതാക്കളും രാവിലെ ഏഴുമണിക്ക് മുമ്പ് തന്നെ ഗ്രൗണ്ടിലെത്തി തുടങ്ങിയിരുന്നു.

സെലക്ഷൻ ട്രയലിൽ ജില്ലയിലെ നൂറിലേറെ കുട്ടികൾ രജിസ്ട്രർ ചെയ്ത് പങ്കെടുത്തു. ഫോർവേഡ്, മിഡ് ഫീൽഡർ, ഡിഫന്റർ, ഗോൾ കീപ്പർ എന്നീ മേഖലകളിലായാണ് രജിസ്ട്രേഷൻ നടത്തിയത്. വിവിധ മേഖകളിലെ കുട്ടികളെ പതിനൊന്ന് പേരടങ്ങുന്ന ടീമുകളാക്കുകയും രണ്ടു പകുതികളിലായി 20 മിനിറ്റ് കളിക്കാൻ അവസരം നൽകി മികച്ച വരെ കണ്ടെത്തുകയുമാണ് സെലക്ഷൻ രീതി. പങ്കെടുത്തവരിൽ മികച്ച 35 പേരെ മൂന്നാഴ്ച നീളുന്ന കോച്ചിംഗ് കേമ്പിലേക്ക് തെരഞ്ഞെടുത്തു.കേമ്പിൽ മികവു തെളിയിക്കുന്ന

20 പേരെ ജില്ലാ ടീമിലേക്ക് സെലക്റ്റ് ചെയ്യും. ഇവർ സംസ്ഥാന ജൂനിയർ ഗേൾസ് ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ കാസർകോടിന് വേണ്ടി ബൂട്ടണിയും. സംസ്ഥാന വനിതാ ടീം അംഗവും കോച്ചുമാരുമായ വി വി ഷീബ,ടിസി ജീന എന്നിവരായിരുന്നു സെലക്ടർമാർ.ജില്ലാ ഫുട്ബോൾ അസോസിയേഷൻ പ്രസിഡന്റ് കെ. വീരമണി, സെക്രട്ടറി ടികെ എം റഫീഖ്, ട്രഷറർ സിദ്ദീഖ് തളങ്കര, സിദ്ധീഖ് ചക്കര നേതൃത്വം നൽകി.

## ജോമോൻ ബെല്ലടിക്കും, ജിജിന വളയം തിരിക്കും



ജോമോനും ജിജിനയും

ചെറുപുഴ: ജോമോൻ ബസിലെ യാത്രക്കാർക്ക് ടിക്കറ്റ് നൽകുന്നതിനിടയിൽ ബെല്ലടിച്ചാൽ ജിജിന ക്ലച്ച് വിട്ട് ആക്സിലേറ്റർ നൽകിയൊരു പോക്കാണ്. ചില ദിവസങ്ങളിൽ ജിജിന ബെല്ലടിക്കുമ്പോൾ ബസ് ഓടിക്കുന്നത് ജോമോനായിരിക്കും. ചെറുപുഴ-വെള്ളരിക്കുണ്ട്-പാണത്തൂർ റൂട്ടിലോടുന്ന വന്ദേഭാരത് ബസിലെ കഴിഞ്ഞ ഒന്നരമാസത്തെ ശീലം ഇതാണ്. ഭാര്യ ഡ്രൈവിംഗ് സീറ്റിലിരിക്കുമ്പോൾ ഭർത്താവ് കണ്ടക്ടറാവും. ഭർത്താവ് ഡ്രൈവറാവുമ്പോൾ കണ്ടക്ടർ ഭാര്യയും.

പാടിയോട്ടുചാലിലെ ജിജിന ഓടിക്കുന്ന ബസിലെ കണ്ടക്ടറാണ് ഭർത്താവ് പുത്തൻപുരയ്ക്കൽ ജോമോൻ. വർഷങ്ങളായി ബസിൽ ജോലിചെയ്യുന്ന ജോമോനോട് ഡ്രൈവിംഗ് പഠിക്കാൻ ഭാര്യ താൽപര്യം പ്രകടിപ്പിച്ചത് വെറും കൗതുകത്തിനു വേണ്ടിയായിരുന്നു. എന്നാൽ, ഇത് കാര്യമാക്കിയ ഭർത്താവ് ഡ്രൈവിംഗ് പഠിപ്പിക്കുകയും ചെയ്തു. വാഹനങ്ങളോട് ഏറെകമ്പമുള്ള ജിജിന ഭർത്താവ് ഓടിക്കുന്ന വാഹനങ്ങൾ ഓടിച്ചുനോക്കിയാണ് തുടക്കം. പിന്നെ ഡ്രൈവറും കണ്ടക്ടറുമായി ലൈസൻസ് നേടി.

വിവാഹിതരായി 13 വർഷം കഴിഞ്ഞെങ്കിലും അടുത്തകാലത്താണ് ബസിൽ ജോലിക്ക് എത്തിയത്. ഒരേബസിൽ ജോലിചെയ്യുന്ന കേരളത്തിലെ ആദ്യ ഡ്രൈവറും കണ്ടക്ടറുമായ ദമ്പതികളായിരിക്കാം ഇവർ. തൊഴിൽ മേഖലയിലും കുടുംബജീവിതത്തിലും ഏറെ സംതൃപ്തരാണ് ഇരുവരും. രാവിലെ ഏഴ് മണിക്ക് ഒന്നിച്ച് വീട്ടിൽനിന്നിറങ്ങുന്ന ഇരുവരും രാത്രി എട്ട് മണിയോടെ വീട്ടിലെത്തും. ദമ്പതികൾ ജോലിക്കുപോയാൽ മാതാപിതാക്കൾ മക്കളെ പരിചരിക്കും. വിദേശത്ത് ജോലിക്കുപോകാനുള്ള സാഹചര്യങ്ങളുണ്ടായിട്ടും ഉപേക്ഷിച്ചാണ് ഭർത്താവിനൊപ്പം ജോലിചെയ്യുന്നത്.



പേരാവൂർ മണ്ഡലം ചന്ദ്രിക അവലോകന യോഗം ഇബ്രാഹിം മുണ്ടേരി ഉദ്ഘാടനം ചെയ്യുന്നു

## ചന്ദ്രിക പ്രചാരണ കാമ്പയിൻ അവലോകനം

ഇരിട്ടി: ചന്ദ്രിക പേരാവൂർ നിയോജകമണ്ഡലം പ്രചാരണ സമിതിയുടെയും മുനിസിപ്പൽ പഞ്ചായത്ത് സമിതിയുടെയും മുസ്‌ലിംലീഗ് മുനിസിപ്പൽ പഞ്ചായത്ത് പ്രസിഡന്റ് ജനറൽ സെക്രട്ടറിമാരുടെയും യോഗം ഇരിട്ടി സിഎച്ച് മുഹമ്മദ് കോയ സ്മാരക സൗധത്തിൽ ചേർന്നു. മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് ഇബ്രാഹിം മുണ്ടേരി ഉദ്ഘാടനം ചെയ്തു. ചന്ദ്രിക പ്രചാരണ സമിതി ചെയർമാൻ എംകെ ഹാരിസ് അധ്യക്ഷനായി. എം.എം മജീദ്, ഒമ്പാൻ ഹംസ, നസീർ നല്ലൂർ, എം.പി അബ്ദുഹിമാൻ, എം അബ്ദുൽഗഫൂർ, അബ്ദുൽ സലാം പെരുന്തയിൽ, സമീർ പുന്നാട്, മൊയ്തീൻ മുല്ലപ്പള്ളി, വിപി റഷീദ്, ടി.കെ മാഹിൻ, കെവി റസാഖ്, അബ്ദുൽഖാദർ കോമ്പിൽ, പി.പി അബ്ദുൽ മജീദ്, എം നൗഷാദ്, സി.കെ അഷ്റഫ്, സി എം മുനീർ, എൻകെ ഷറഫുദ്ദീൻ, അഷ്റഫ് കാറാട്, ഇഐ അബ്ദുറഹിമാൻ, സി നസീർ, അസ്‌ലം മൗലവി പങ്കെടുത്തു.

## സജിത്ത്‌ലാൽ അനുസ്മരണം

പയ്യന്നൂർ: രാമന്തളി മണ്ഡലം യൂത്ത് കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ മഹാത്മ മന്ദിരത്തിൽ സജിത്ത്ലാൽ അനുസ്മരണവും എസ്എസ്എൽസി, പ്ലസ് 2 ഉന്നത വിജയികൾക്കുള്ള യൂത്ത് ടാലന്റ് ഫെസ്റ്റ് പരിപാടിയും സംഘടിപ്പിച്ചു.

യൂത്ത് കോൺഗ്രസ് ജില്ല പ്രസിഡന്റ് വിജിൽ മോഹനൻ ഉദ്ഘാടനം ചെയ്തു. കെ.എ നിതിൻ അധ്യക്ഷനായി. നവനീത് നാരായണൻ, കെ. ജയരാജ്, വിവി ഉണ്ണികൃഷ്ണൻ, പി.വി സുരേന്ദ്രൻ, കോമളവല്ലി, പിപി നാരായണി, കണ്ടത്തിൽ ഉമ്മർ, അഞ്ജലി രാജേന്ദ്രൻ, പി.വി ഉമേഷ്, സംഗീത ലക്ഷ്മണൻ സംസാരിച്ചു.


മഴ തുടങ്ങിയതോടെ വെള്ളക്കെട്ടായി മാറിയ പയ്യാവൂരിലെ പൊന്നുംപറമ്പ-പിസിഡിപി-അബ്ദുൽഖാദർ റോഡ്.



മട്ടാമ്പ്രത്ത് മുസ്‌ലിം ലീഗ് വിജയാരവം യൂത്ത്‌ലീഗ് സംസ്ഥാന ട്രഷറർ പി ഇസ്മാഈൽ ഉദ്ഘാടനം ചെയ്യുന്നു


## പരീക്ഷകൾ നീറ്റാവാൻ എൻ.ടി.എ അഴിച്ചുപണിയണം: പി ഇസ്മാഈൽ

തലശ്ശേരി: പരീക്ഷാ നടപടികൾ സുതാര്യമാവണമെങ്കിൽ ദേശീയ ടെസ്റ്റിംഗ് ഏജൻസി ഉടച്ചുവാർക്കണമെന്ന് യൂത്ത്‌ലീഗ് സംസ്ഥാന ട്രഷറർ പി ഇസ്മാഈൽ. മട്ടാമ്പ്രത്ത് മുസ്‌ലിം ലീഗ് വിജയാരവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഒരു വിദ്യാഭ്യാസ സ്ഥാപനം തുറന്നാൽ നാലു ജയിലുകൾ അടച്ചുപൂട്ടാം എന്ന സ്ഥിതിക്കു പകരം തടവറകളുടെ എണ്ണം കൂട്ടേണ്ട സാഹചര്യമാണ് ഇപ്പോളുള്ളത്. ഇതിന് കാരണക്കാരായവരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം.

ശാഖ പ്രസിഡന്റ് ചേരിക്കൽ ഫസൽ അധ്യക്ഷനായി. ഹരിത സംസ്ഥാന ജനറൽ സെക്രട്ടറി അശ്ഫീല ഷഫീക് മുഖ്യാതിഥിയായി. മുസ്‌ലിംലീഗ് ജില്ലാ വൈസ് പ്രസിഡന്റ് അഡ്വ. കെ.എ ലത്തീഫ്, റഷീദ് തലായി, പാലക്കൽ സാഹിർ, എ.കെ സക്കരിയ, ഷഹബാസ് കായ്യത്ത്, ഫൈസൽ പുനത്തിൽ, മഹ്റൂഫ് ആലഞ്ചേരി, റൂബിസീന സംസാരിച്ചു. പരീക്ഷയിൽ ഉന്നതവിജയം നേടിയ വിദ്യാർഥികളെ അനുമോദിച്ചു.

## സ്വർണമാല കവർന്ന പ്രതിയെ പിടിക്കാൻ സി.സി.ടി.വി പരിശോധിച്ചത് 43 കി.മി ദൂരം

### നിർണായകമായത് സ്വകാര്യ ബസിലെ കാമറാ ദൃശ്യം



കാഞ്ഞങ്ങാട്: പടന്നക്കാട് നിന്നും വീട്ടമ്മയുടെ സ്വർണാഭരണങ്ങൾ പിടിച്ചുപറിച്ച് രക്ഷപ്പെട്ട പ്രതിയെ പൊലീസ് അറസ്റ്റ് ചെയ്തു. നെല്ലിക്കട്ട ചെന്നടുക്കയിലെ സി.എം ഇബ്രാഹിം ഖലീൽ (43) ആണ് അറസ്റ്റിലായത്. ഹോസ്ദുർഗ് പൊലീസ് ഇൻസ്പെക്ടർ എം.പി ആസാദിന്റെ നേതൃത്വത്തിൽ സീനിയർ സിവിൽ പൊലീസ് ഓഫീസർമാരായ ഷൈജു വെള്ളൂർ, അജിത്ത് കക്കറ, അനീഷ് നാപ്പച്ചാൽ എന്നിവർ ചേർന്നാണ് അതിവിദഗ്ദമായി പ്രതിയെ കുടുക്കിയത്.

കഴിഞ്ഞ 15ന് വൈകിട്ടാണ് കവർച്ച നടന്നത്. പടന്നക്കാട് ആയുർവേദ ആശുപത്രി റോഡിലൂടെ നടന്നു പോവുകയായിരുന്ന വീട്ടമ്മയുടെ സ്വർണമാല ബൈക്കിലെത്തി പ്രതി കവരുകയായിരുന്നു. അജാനൂർ ഇട്ടമ്മലിലെ പരേതനായ നാരായണന്റെ ഭാര്യ സരോജിനിയുടെ (65) ആഭരണമാണ് തട്ടിയെടുത്തത്. മൂന്നര പവൻ തൂക്കം വരുന്ന ആഭരണമായിരുന്നു കവർന്നത്. കറുത്തകോട്ട് ധരിച്ചെത്തിയ പ്രതി മാല പൊട്ടിച്ചെന്ന വിവരം മാത്രമാണ് തുടക്കത്തിൽ പൊലീസിന് ലഭിച്ചത്. മറ്റൊരു തെളിവും പൊലീസിന്റെ പക്കലുണ്ടായിരുന്നില്ല. കറുത്ത കോട്ട് ധരിച്ച് ബൈക്കിൽ രക്ഷപെട്ട പ്രതി സഞ്ചരിച്ച റൂട്ടിലൂടെ പൊലീസ് 43 കിലോമീറ്റർ സി.സി.ടി.വി ക്യാമറകള പിന്തുടർന്ന് നൂറിലേറെ കാമറകൾ പരിശോധിച്ചെങ്കിലും പ്രതിയെ മനസിലാകുന്ന ഒരു ചിത്രവും കിട്ടിയില്ല.

പടന്നക്കാട് നിന്നും എതു ഭാഗത്തേക്കാണ് പ്രതി സഞ്ചരിച്ചതെന്ന രൂപവും തുടക്കത്തിൽ പൊലീസിനില്ലായിരുന്നു. സി.സി.ടി.വി ദൃശ്യം പരിശോധിക്കുന്നതിനിടെ സ്വകാര്യ ബസിനെ മറികടന്ന് പോകുന്ന കോട്ട് ധരിച്ച മോഷ്ടാവിന്റെ ദൃശ്യം കാണാനിടയായത് പൊലീസ് അന്വേഷണത്തിൽ നിർണായകമായി. ഈ സ്വകാര്യ ബസിനെ തേടിപ്പിടിച്ച അന്വേഷണ സംഘം ബസിലെ സി.സി.ടി.വി കാമറ പരിശോധിച്ചതോടെ കൂടുതൽ വ്യക്തതയുള്ള ചിത്രം കിട്ടി. തുടർന്ന് പ്രതി ബദിയഡുക്കയിലെത്തിയതായി കണ്ടെത്തി. ബദിയടുക്കയിലെത്തിയ പ്രതി കടയിൽ കയറി സാധനം വാങ്ങുന്ന സമയം കോട്ടും ഹെൽമറ്റും ഊരിയതോടെ ഇവിടെയുള്ള സി.സി.ടി.വിയിൽ പ്രതിയുടെ മുഖം തിരിച്ചറിഞ്ഞു.

തുടർന്ന് പ്രതിയുടെ പേരും വിവരവും നാട്ടുകാരുടെ സഹായത്തോടെ മനസിലാക്കി. സൈബർ സെല്ലിന്റെ സഹായത്തോടെ പ്രതി വീട്ടിലുണ്ടെന്ന് മനസിലാക്കിയ പൊലീസ് ഇന്നു പുലർച്ചെ വീട്ടിലെത്തി പ്രതിയെ അറസ്റ്റ് ചെയ്ത് കാഞ്ഞങ്ങാട്ട് എത്തിച്ചു. മുംബൈയിൽ കള്ളനോട്ട് കേസുമായി അറസ്റ്റിലായ പ്രതി എട്ടുവർഷം ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ടെന്ന് പൊലീസ് അറിയിച്ചു. കടബാധ്യത തീർക്കാൻ വഴി ആലോചിച്ചപ്പോഴാണ് പിടിച്ചുപറി തിരഞ്ഞെടുത്തത്. തുടർന്നു കാഞ്ഞങ്ങാട്ടേക്ക് തിരിച്ചു.

മൂന്നു മാസമായി പ്രതി കാഞ്ഞങ്ങാട്ടും പരിസരങ്ങളിലും കറങ്ങി നടന്ന ശേഷമാണ് സരോജിനിയുടെ ആഭരണം കവർന്നത്. കൂലിപ്പണിയെടുത്ത് സമ്പാദിച്ച സ്വർണമാല തിരിച്ചുകിട്ടിയ സന്തോഷത്തിലാണ് സരോജിനി അമ്മ. കുറഞ്ഞ ദിവസങ്ങൾക്കകം പ്രതിയെ പിടികൂടാനായതിന്റെ ചാരിതാർഥ്യത്തിലാണ് പൊലീസും.

## ആനപ്പേടിയിൽ അതിർത്തിഗ്രാമം കർഷകർ ദുരിതത്തിൽ

ദേലംപാടി: കാലവർഷം ശക്തമാകുന്നതിനിടയിൽ കാട്ടാനശല്യവും വർധിച്ചതോടെ കർഷകർ ദുരിതത്തിൽ. കഴിഞ്ഞ ദിവസമാണ് പാണത്തൂർ ടൗണിന് സമീപം പരിയാരം ജനവാസ കേന്ദ്രത്തിൽ കാട്ടാനയിറങ്ങിയത്. വട്ടക്കയത്തെ കർണാടക വനത്തിൽ നിന്നാണ് കൂട്ടത്തോടെ കാട്ടാനകൾ ഇറങ്ങിയത്. പരിയാരത്തെ ആടുകുഴിയിൽ ഷാജു ചാക്കോയുടെ പറമ്പിലെ 20 തെങ്ങ്, നേന്ത്രൻ, ഞാലി തുടങ്ങിയ മുപ്പതോളം വാഴകൾ, കമുക്, റബർ എന്നിവ നശിപ്പിച്ചു.

വന്യമൃഗശല്യം ഉള്ളതിനാൽ ഷാജു ചാക്കോ തന്റെ കൃഷി സ്ഥലത്തിന് ചുറ്റിലും സൗരോർജ വേലി കെട്ടി സംരക്ഷിച്ചിരുന്നു. വേലി തകർത്താണ് ആനകൾ അകത്തുകടന്നത്. രണ്ടുദിവസം മുമ്പും പ്രദേശത്ത് ആനയിറങ്ങിയിരുന്നു. സ്ഥിരമായി കാട്ടാനയിറങ്ങുന്നതിനാൽ പ്രദേശവാസികൾ ഭീതിയിലാണ്. രണ്ടു ദിവസം മുമ്പ് ദേലംപാടി പഞ്ചായത്തിലെ തലപ്പച്ചേരിയിലും കടുമനയിലും കാട്ടാനകൾ കൃഷി നശിപ്പിച്ചിരുന്നു.

സോളർ തൂക്കുവേലി തകർത്തെത്തിയ കൊമ്പന്മാരാണു കടുമനയിൽ നാശം വിതച്ചത്. ഇവയെ വേലി കടക്കാനുള്ള നീക്കം കാര്യമായി നടക്കാത്തതു വ്യാപക കൃഷിനാശത്തിനു വഴിയൊരുക്കുന്നതായി കർഷകർ പറയുന്നു. കർണാടക വനത്തിൽനിന്നു ആന പ്രതിരോധ മതിലിന്റെ ഇടയിലൂടെയാണ് ആനക്കൂട്ടം തലപ്പച്ചേരിയിലെത്തിയത്. ഇവിടെ റോഡ് കടന്നുപോകുന്ന ഭാഗത്തു മതിൽ നിർമിച്ചിരുന്നില്ല. ഈ വിടവിലൂടെയാണ് ആനകൾ തോട്ടങ്ങളിലെത്തിയത്. രാത്രി ആനകളെ തുരത്താൻ വനപാലകരെ വിളിച്ചാൽ എത്തുന്നില്ലെന്നും കർഷകർ ആരോപിക്കുന്നു.



## അഴീക്കോട്

ചന്ദ്രിക സ്പെഷൽ ഡ്രൈവ് അഴീക്കോട് പഞ്ചായത്ത്തല ഉദ്ഘാടനം ദുബായ് കെഎംസിസി അഴീക്കോട് പഞ്ചായത്ത് ജനറൽ സിക്രട്ടറി സികെ അഫ്സലിനെ വാർഷിക വരിചേർത്ത് മുസ്‌ലിംലീഗ് ജില്ലാ സിക്രട്ടറി ബി.കെ.അഹമ്മദ് നിർവഹിക്കുന്നു. ചന്ദ്രിക മണ്ഡലം കൺവീനർ കെ.പി.മുഹമ്മദ് ഹാരിസ്, സി.കെ മുസ്തഫ, ഗഫൂർ പുന്നക്കപ്പാറ, കെ.പി യാസിർ, പി നിയാസ്, കെ.പി സൈനുദ്ദീൻ, കെ.പി ബഷീർ, എൻ.എൻ റഷീദ്, കെ.ഒ റാഫി സംബന്ധിച്ചു.


കാലടി ശാഖ ചന്ദ്രിക ക്യാമ്പയിൻ ശാഖാ മുസ്‌ലിംലീഗ് പ്രസിഡന്റ് മുസ്തഫാ ഹാജി, പിവി ബഷീനു നൽകി ഉദ്ഘാടനം ചെയ്യുന്നു.


ചന്ദ്രിക സ്പെഷ്യൽ ഡ്രൈവിന്റെ ഭാഗമായി കേരള കോളജ് മാനേജിംഗ് ഡയറക്ടർ ഗോവിന്ദൻകുട്ടിയെ വാർഷിക വരിക്കാരാനായി ചേർക്കുന്നു. മുസ്‌ലിംലീഗ് ഇരിട്ടി മുനിസിപ്പൽ ജനറൽ സെക്രട്ടറി വിപി അബ്ദുറഷീദ്, ഇരിട്ടി ടൗൺ പ്രസിഡന്റ് തറാൽ ഈസ, ജനറൽ സെക്രട്ടറി എൻ കെ ഷറഫുദ്ദീൻ സംബന്ധിച്ചു.


പയ്യന്നൂർ കാറമൽ ശാഖ ചന്ദ്രിക ഡ്രൈവ് ഖത്തർ നാരായണനെ ചേർത്ത് ശാഖ മുസ്‌ലിംലീഗ് പ്രസിഡന്റ് അബ്ദുൽ അസീസ് ഹാജി ഉദ്ഘാടനം ചെയ്യുന്നു. ജനറൽ സെക്രട്ടറി പിപി അബ്ദുറഹിമാൻ, അബ്ദുറഹിമാൻ, കെ മുസ്തഫ, ഫൈസൽ ബാവ, യാസർ, ഹാരിസ് സംബന്ധിച്ചു.

## ലഹരിവിരുദ്ധദിനത്തിൽ വിവിധ പരിപാടികൾ

തിരുവനന്തപുരം: അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനമായ ജൂൺ 26ന് സാമൂഹ്യനീതി വകുപ്പ് ലഹരി വിരുദ്ധത ആശയമാക്കി സംസ്ഥാനതല പരിപാടി സംഘടിപ്പിക്കുന്നു. നശാമുക്ത് ഭാരത് അഭിയാൻ, ആസാദ് സേന എന്നിവരുടെ സഹകരണത്തോടെ പാളയം അയ്യൻകാളി ഹാളിൽ നടക്കുന്ന പരിപാടി രാവിലെ ഒൻപതിന് ജില്ലാ കളക്ടർ ജെറോമിക് ജോർജ് പതാക ഉയർത്തി ഉദ്ഘാടനം ചെയ്യും. തുടർന്ന് സ്കൂൾ, കോളജ് വിദ്യാർത്ഥികൾക്കായി വിവിധ കലാമത്സരങ്ങൾ നടക്കും. പ്രസംഗം , തീം ഡാൻസ്, മൈം, ചിത്ര രചന, പെയിന്റിങ് ഇനങ്ങളിലാണ് മത്സരം. രജിസ്ട്രേഷൻ രാവിലെ 9 മുതലാണ്. വൈകിട്ട് നാലിന് ആസാദ് സേനയുടെ നേതൃത്വത്തിൽ വിളംബര ഘോഷയാത്ര നടക്കും.

## പ്രവേശനോത്സവം നടന്നു

വെള്ളറട: വെള്ളറട വി.പി.എം. ഹയർസെക്കൻഡറി സ്കൂളിലെ പ്ലസ് വൺ പ്രവേശനോത്സവം കവിയും അധ്യാപകനും യുവസാഹിത്യകാരനുമായ സനൽ ഡാലുംമുഖം ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പൽ ഇൻ ചാർജ് അപർണ്ണ കേശിവൻ അധ്യക്ഷത വഹിച്ച യോഗത്തിൽ വിവിധ മത്സരങ്ങളിൽ മികവു പുലർത്തിയ വിദ്യാർത്ഥികളെയും എ പ്ലസ് കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും ആദരിച്ചു. അദ്ധ്യാപകനായ രാജേഷ് വി.ആർ സ്വാഗതവും ഹെഡ്മിസ്ട്രസ് നന്ദിനി, പി.ടി.എ. വൈസ് പ്രസിഡന്റ് ഹർഷാദ്, മദർ പി.റ്റി.എ. പ്രസിഡന്റ് ദിവ്യ, സ്റ്റാഫ് സെക്രട്ടറി അനിൽ.ടി.എസ് എന്നിവർ ആശംസകളും, അധ്യാപികയായ ദിവ്യ.എസ് കൃതജ്ഞതയും അർപ്പിച്ചു.

## തിരഞ്ഞെടുപ്പ് ചെലവ് കണക്ക് പരിശോധന

തിരുവനന്തപുരം: 2024 ലോക്സഭാ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള തിരുവനന്തപുരം, ആറ്റിങ്ങൽ പാർലമെന്റ് നിയോജക മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് ചെലവ് കണക്കുകളുടെ അന്തിമ പരിശോധന ജൂലൈ ഒന്ന് (തിരുവനന്തപുരം മണ്ഡലം), ജൂലൈ രണ്ട് (ആറ്റിങ്ങൽ മണ്ഡലം) തീയതികളിൽ രാവിലെ 10:30ന് തിരുവനന്തപുരം ജില്ലാ കളക്ടറേറ്റിലെ കോൺഫറൻസ് ഹാളിൽ നടക്കും.

പ്രസ്തുത കണക്ക് പരിശോധനയിൽ സ്ഥാനാർത്ഥികൾ/അംഗീകൃത ഏജന്റുമാർ ബന്ധപ്പെട്ട രേഖകൾ സഹിതം ഹാജരാകണമെന്ന് എക്സ്പെന്റിച്ചർ മോണിട്ടറിങ് കമ്മിറ്റി നോഡൽ ഓഫീസർ അറിയിച്ചു.

# തിരുവനന്തപുരം വാർത്തകൾ

## യൂത്ത് ലീഗ് നിയമ സഭാ മാർച്ച് ക്രമീകരണം

തിരുവനന്തപുരം: മലബാറിൽ പ്ലസ് വണ്ണിന് പഠിക്കാൻ സീറ്റില്ലാത്തതിൽ പ്രതിഷേധിച്ച് മുസ്‌ലിം യൂത്ത് ലീഗ് നടത്തുന്ന നിയമ സഭാ മാർച്ച് ഇന്ന് രാവിലെ കൃത്യം 10:30 ന് സെക്രട്ടറിയേറ്റിന് പിറകിലുള്ള പ്രസ്സ് ക്ലബ്ബിന് മുന്നിൽ ആരംഭിക്കും. ദേശീയവഴി വരുന്ന വാഹനങ്ങൾ കഴക്കൂട്ടംപുതിയ ബൈപ്പാസ്ചാക്ക നേരെ പേട്ട വഴി ജനറൽ ആശുപത്രി വഴി എം.എൽ.എ കോട്ടേഴ്സിന് മുൻവശത്തുകൂടി സെക്രട്ടറിയേറ്റിന് പുറകിൽ പ്രവർത്തകരെ ഇറക്കി കിഴക്കേകോട്ട വഴി ഈഞ്ചക്കലിൽ വാഹനം പാർക്ക് ചെയ്യുക.എം.സി റോഡ് വഴി വരുന്ന വാഹനങ്ങൾ വെഞ്ഞാറമ്മൂട് കഴക്കൂട്ടം ബൈപ്പാസ് വഴി നേരത്തെ പറഞ്ഞിരിക്കുന്ന വഴികളിൽക്കൂടി (ബൈപ്പാസ്ചാക്ക നേരെ പേട്ട വഴി ജനറൽ ആശുപത്രി വഴി എം.എൽ.എ കോട്ടേഴ്സിന് മുൻവശത്തുകൂടി സെക്രട്ടറിയേറ്റിന് പുറകിൽ പ്രവർത്തകരെ ഇറക്കി കിഴക്കേകോട്ട വഴി ഈഞ്ചക്കലിൽ വാഹനം പാർക്ക് ചെയ്യുക). പ്രോഗ്രാം കഴിഞ്ഞു മടങ്ങേണ്ടവർ പാളയം മസ്ജിദിനു സമീപം എത്തിയാൽ മടക്ക വാഹനം അവിടെയെത്തി പ്രവർത്തകരുമായി പോവുക.



സമസ്ത കേരള സുന്നി മഹല്ല് ഫെഡറേഷന് തിരുവനന്തപുരം ജില്ലാ കൗൺസിൽ മീറ്റ് മംഗലപുരം എം.എസ്. ആർ ഓഡിറ്റോറിയത്തിൽ ജില്ലാ പ്രസിഡന്റ് പ്രൊഫ. തോന്നയ്ക്കൽ ജമാൽ ഉദ്ഘാടനം ചെയ്യുന്നു. ആലംകോട് ഹസ്സൻ, എസ്.എം ഇക്ബാൽ, ജസിം ചിറയിൻകീഴ് എന്നിവർ സമീപം

## സുന്നി മഹല്ല് ഫെഡറേഷന് ജില്ലാ കൗൺസിൽ മീറ്റ് നടത്തി

തിരുവനന്തപുരം: സുന്നി മഹല്ല് ഫെഡറേഷന് ജില്ലാ കൗൺസിൽ മീറ്റ് മംഗലപുരം എം.എസ്. ആർ ഹാളിൽ ജില്ലാ പ്രസിഡന്റ് പ്രൊഫ. തോന്നയ്ക്കൽ ജമാൽ ഉദ്ഘാടനം ചെയ്തു. സമസ്ത സംസ്ഥാന ഓർഗനൈസർ ആലിപറമ്പ് മുഖ്യ പ്രഭാഷണം നടത്തി, ജില്ലാ ജനറൽ സെക്രട്ടറി അലംകോട് ഹസ്സൻ, ജില്ലാ ഭാരവാഹികളായ എസ്.എം ഇക്ബാൽ, ജസിം ചിറയിൻകീഴ്, യഹിയ ഖാൻ പടിഞ്ഞാറ്റിൽ, നസീർ ബീമാപള്ളി, നിസാം, സഫറുല്ലാ ഹാജി ബീമാപള്ളി, നസീർ തൊട്ടിക്കല്ല്, ജസിം ജാജാ, നാസർ പമ്മൻ,വിവിധ മഹല്ല് ഭാരവാഹികൾ എന്നിവർ പ്രസംഗിച്ചു.

## വീട് കുത്തിത്തുറന്ന് മോഷണം

കാഞ്ഞിരംകുളം : കാഞ്ഞിരംകുളത്ത് വീട് കുത്തിത്തുറന്ന് മോഷണം. പത്ത് പവന്റെ സ്വർണ്ണാഭരണങ്ങളും ആറായിരം രൂപയും മോഷണം പോയി. കോട്ടുകാൽ പുത്തളം ബാലൻ വിള പുത്തൻവീട്ടിൽ ഷാജി ഡേവിഡിന്റെ വീട്ടിലാണ് ശനിയാഴ്ച രാത്രിയിൽ മോഷണം നടന്നത്. കാഞ്ഞിരംകുളം ഇരുമ്പിൽ സി.എസ്.ഐ പള്ളിയുടെ സുവിശേഷകനായ ഷാജി ഡേവിഡ് രാത്രിയിൽ വീട് പൂട്ടി പള്ളിയിൽ പോയിരുന്നു. ഈ സമയത്ത് വീടിന്റെ മുൻവശത്തെ വാതിൽ കുത്തി പ്പൊളിച്ച് അകത്ത് കടന്ന കള്ളൻ കിടപ്പുമുറിയിൽ സൂക്ഷിച്ചിരുന്ന ആഭരണങ്ങളും പണവുമാണ് കവർന്നത്. തുണികളും മറ്റ് സാധനങ്ങളും വലിച്ച് വാരിയിട്ട നിലയിലായിരുന്നു. വിരലടയാള വിദഗ്ദരും ഫോറൻസിക് വിഭാഗവും സ്ഥലത്ത് പരിശോധന നടത്തി തെളിവുകൾ ശേഖരിച്ചു.കേസെടുത്ത് അന്വഷണം ആരംഭിച്ചതായി കാഞ്ഞിരംകുളം പോലീസ് പറഞ്ഞു

## ഗുണ്ടാസംഘത്തെ പിടികൂടാത്തതിൽ ആക്ഷേപം

ആര്യനാട്: നെയ്യാർഡാം മരക്കുന്നത്ത് എ.എൻ നിവാസിൽ വിജിതകുമാരി (41), മകൻ അരവിന്ദ് (22), അഖിൽ (26)നെയും വീടുകയറി ആക്രമിച്ച് വെട്ടി പരിക്കേൽപ്പിച്ച ഗുണ്ടകളെ പിടികൂടാതെ ഇരുട്ടിൽ തപ്പി നെയ്യാർഡാം പൊലീസ് തിങ്കളാഴ്ച വൈകുന്നേരമാണ് നാലു ബൈക്കുകളിൽ എത്തിയ സംഘം വീട്ടിൽ കയറി അമ്മയേയും മകനെയും ആക്രമിച്ചത്. അരവിന്ദിനെയും അഖിലിനെയും അപായപ്പെടുത്താൻ ശ്രമിച്ചത് തടഞ്ഞപ്പോഴാന്ന് വിജിതകുമാരിയേയും ആക്രമിച്ചത്. വീട്ടിലെ സാധന സാമഗ്രികൾ നശിപ്പിച്ച ഗുണ്ടാസംഘം ഭീകരാന്തരീക്ഷം സൃഷ്ടിച്ച ശേഷമാണ് മടങ്ങി പോയത്. വിജിതയും മക്കളും തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സ തേടി. ഗുണ്ടകളെ സംബന്ധിച്ച് നാട്ടുകാർ വിളിച്ച് പറഞ്ഞിട്ടും പോലും പൊലീസ് എത്തിയില്ലെന്ന് പരാതിയുണ്ട്.

## മണ്ണറ ബാലനെ അനുസ്മരിച്ചു

വിതുര: മുതിർന്ന കോൺഗ്രസ് നേതാവ് മണ്ണറബാലനെ അനുസ്മരിച്ചു. കെപിസിസി എക്സിക്യൂട്ടീവ് അംഗം വിതുര ശശി അനുസ്മരണയോഗം ഉദ്ഘാടനം ചെയ്തു. ഡിസിസി ജനറൽ സെക്രട്ടറി ലാൽ റോഷിൻ അധ്യക്ഷത വഹിച്ചു. അടൂർ പ്രകാശ് എം.പി, മുൻ എം.എൽ.എ കെ.എസ് ശബരിനാഥൻ, ഡിസിസി ഭാരവാഹി സി.എസ് വിദ്യാസാഗർ, ബ്ലോക്ക് പ്രസിഡന്റ് കെ. ഉവൈസ്ഖാൻ, കുറ്റിച്ചൽ വേലപ്പൻ, മലയടി പുഷ്പാംഗദൻ, മണ്ണറ വിജയൻ തുടങ്ങിയവർ സംസാരിച്ചു.

## ന്യൂനപക്ഷ കമ്മീഷൻ ജില്ലാ സെമിനാർ 26ന്

തിരുവനന്തപുരം: സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ തിരുവനന്തപുരം ജില്ലാ സെമിനാർ നാളെ (ജൂൺ 26) വെള്ളയമ്പലം ലിറ്റിൽ ഫ്ലവർ പാരിഷ് ഹാളിൽ നടക്കും. മന്ത്രി വി. ശിവൻകുട്ടി സെമിനാർ ഉദ്ഘാടനം ചെയ്യും. മന്ത്രി ജി.ആർ അനിൽ മുഖ്യപ്രഭാഷണം നടത്തും. ജില്ലാ കളക്ടർ ജെറോമിക് ജോർജ്, ജില്ലയിലെ വിവിധ ന്യൂനപക്ഷ സംഘടന ഭാരവാഹികൾ തുടങ്ങിയവർ പങ്കെടുക്കുമെന്ന് സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എ.എ റഷീദ് വാർത്താസമ്മേളനത്തിൽ അറിയിച്ചു.കേരള നോളജ് ഇകൊണമി മിഷനുമായി ചേർന്ന് ന്യൂനപക്ഷ വിഭാഗങ്ങളിലെ ഒരുലക്ഷം യുവതി യുവാക്കൾക്ക് ഈ വർഷം ഡിസംബറിനുള്ളിൽ തന്നെ തൊഴിൽ ലഭ്യമാക്കാനുള്ള പ്രവർത്തനങ്ങൾ കമ്മീഷൻ നടപ്പാക്കി വരികയാണെന്ന് ചെയർമാൻ പറഞ്ഞു നൈപുണ്യ പരിശീലനവും വൈജ്ഞാനിക തൊഴിൽ പരിചയവും സംബന്ധിച്ച പ്രത്യേക ബോധവൽക്കരണ ക്ലാസുകളും ഉണ്ടാകും.

# മുതലപ്പൊഴി : മത്സ്യതൊഴിലാളികളോടുള്ള അവഗണന സർക്കാർ അവസാനിപ്പിക്കണം- പി.കെ ഫിറോസ്

പെരുമാതുറ : മത്സ്യതൊഴിലാളികളോടുള്ള അവഗണന സർക്കാർ അവസാനിപ്പിക്കണമെന്ന് മുസ്‌ലിം യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി പി.കെ ഫിറോസ് പറഞ്ഞു.പെരുമാതുറ മുതലപ്പൊഴി അപകട മേഖലയും മരണപ്പെട്ട തൊഴിലാളികളുടെ വീടും സന്ദർശിച്ച ശേഷം മാധ്യമങ്ങളുമായി സംസാരിക്കുകയായിരുന്നു അദ്ദേഹം. വള്ളം അപകടത്തിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് സാങ്കേതികത്വത്തിന്റെ പേരിൽ സർക്കാർ സഹായം നിഷേധിക്കുന്നത് മത്സ്യ തൊഴിലാളികളോടുള്ള ക്രൂരതയാണ്.അദാനി കമ്പനിക്ക് വേണ്ടി മത്സ്യതൊഴിലാളികളെ ബലി കൊടുക്കുന്ന സർക്കാർ നിലപാട് അംഗീകരിക്കാനാകില്ലെന്നും ഫിറോസ് പറഞ്ഞു. ഹാർബറിന്റെ തെക്ക് ഭാഗത്തെ പുലിമുട്ട് പൊളിച്ച് അദാനിക്ക് സൗകര്യം ഒരുക്കിയതും ദുരന്തങ്ങളുടെ വ്യാപ്തി കൂട്ടുന്നതിന് കാരണമായി തീർന്നതെന്നും, ഇത് നീതികരിക്കുവാൻ ആകില്ലെന്നും ഫിറോസ് കൂട്ടിച്ചേർത്തു.

വൈകിട്ട് അഞ്ചുമണിയോടെയാണ് പി.കെ ഫിറോസ് മുതലപ്പൊഴിയിലെത്തിയത്. മത്സ്യത്തൊഴിലാളികളുടെ വള്ളങ്ങൾ സ്ഥിരമായി അപകടത്തിൽപ്പെടുന്ന അഴിമുഖ പ്രദേശം നോക്കിക്കണ്ട അദ്ദേഹം തദ്ദേശവാസികളോട് കാര്യങ്ങൾ ചോദിച്ചറിഞ്ഞു. തുടർന്ന് ഏപ്രിൽ മാസത്തിൽ വള്ളം അപകടത്തിൽ മരിച്ച കഠിനംകുളം പുതുക്കുറിച്ചി സ്വദേശി ജോൺ ഫെർണാണ്ടസിന്റെ കുടുംബത്തെ പി.കെ ഫിറോസ് സന്ദർശിച്ചു.

മുസ്ലിം യൂത്ത് ലീഗ് സംസ്ഥാന ട്രഷറർ പി. ഇസ്മായിൽ, സംസ്ഥാന വൈസ് പ്രസിഡന്റ് ഫൈസൽ ബാഫഖി തങ്ങൾ, ജില്ലാ പ്രസിഡന്റ് ഹാരിസ് കരമന, ഫൈസ് പൂവച്ചൽ, ഫറാസ് മറ്റപ്പള്ളി, മുസ്ലിം ലീഗ് സംസ്ഥാന സമിതി അംഗം തോന്നയ്ക്കൽ ജമാൽ,കണിയാപുരം ഹലീം, മണ്ഡലം പ്രസിഡന്റ് ചാന്നാങ്കര എം.പി കുഞ്ഞ്, ജനറൽ സെക്രട്ടറി ജസീം ചിറയിൻകീഴ്, കടവിളാകം കബീർ, ഷാഫി പെരുമാതുറ, ഫസിൽ ഹഖ്, എസ് എം അഷ്റഫ്, സുനിൽ മൗലവി, അൻസർ പെരുമാതുറ, എന്നിവർ ഫിറോസിനൊപ്പം ഉണ്ടായിരുന്നു.



മുതലപ്പൊഴി അപകടമേഖല പി.കെ ഫിറോസിന്റെ നേതൃത്വത്തിൽ യൂത്ത് ലീഗ് നേതാക്കൾ സന്ദർശിക്കുന്നു



വിദ്യാഭ്യാസമന്ത്രിക്ക് എതിരായി പ്രതിഷേധിച്ചതിന്റെ പേരിൽ അറസ്റ്റിലായി ജയിലിൽ കഴിയുന്ന എം എസ് എഫ് നേതാക്കളെ സന്ദർശിച്ച ശേഷം പുറത്തുവരുന്ന പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി, മുസ്‌ലിം ലീഗ് ജില്ലാ പ്രസിഡന്റ് ബീമാപള്ളി റഷീദ് എന്നിവർ



ജയിലിൽ കഴിയുന്ന എം എസ് എഫ് നേതാക്കളെ മുസ് ലിം ലീഗ് നേതാവ് കെ പിഎ മജീദ് സന്ദർശിച്ച ശേഷം പുറത്തു വരുന്നു

## ലഹരിവിരുദ്ധ സന്ദേശറാലി സംഘടിപ്പിച്ചു

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ ലഹരി വിരുദ്ധ വാരാചരണവുമായി ബന്ധപ്പെട്ട് കല്ലമ്പലം പൊലീസ് സ്റ്റേഷനും ഞെക്കാട് ഗവ. വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിലെയും നാവായിക്കുളം ഹയർ സെക്കൻഡറി സ്കൂളിലെയും എസ്പിസി യൂണിറ്റുകളും സംയുക്തമായി കല്ലമ്പലം ജംഗ്ഷനിൽ ലഹരി വിരുദ്ധ സന്ദേശ റാലി സംഘടിപ്പിച്ചു. കല്ലമ്പലം പൊലീസ് സ്റ്റേഷൻ ഐഎസ്എച്ച്ഒ എസ്.ശിവലാൽ കേഡറ്റുകൾക്ക് ലഹരി വിരുദ്ധ സന്ദേശം നൽകി. സബ് ഇൻസ്പെക്ടർ എ.നിസാമുദ്ദീൻ ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

തുടർന്ന് നടന്ന ലഹരി വിരുദ്ധറാലി എസ്.ഐ നിസാമുദ്ദീൻ.എ ഫ്ളാഗ് ഓഫ് ചെയ്തു. ലഹരി വിരുദ്ധ പ്ലക്കാർഡുകളും പോസ്റ്ററുകളുമേന്തി ലഹരി വിരുദ്ധ മുദ്രാവാക്യവുമായി നടന്നു നീങ്ങിയ റാലിയ്ക്ക് പൊതുജനങ്ങളും വ്യാപാരി വ്യവസായി ഏകോപന സമിതി കല്ലമ്പലം യൂണിറ്റും ലഘുഭക്ഷണം ഒരുക്കി സ്വീകരണം നൽകി.

## വീരമൃത്യു വരിച്ച ജവാന് കണ്ണീർ പ്രണാമം



പാലോട്: ഛത്തിസ്ഗഡിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച സിആർപിഎഫ് ജവാൻ ആർ വിഷ്ണുവിന്റെ (35) മൃതദേഹം ഇന്ന് പാലോട്ടുള്ള വീട്ടിൽ എത്തിക്കും. നാടിനാകെ പ്രിയങ്കരനായിരുന്ന വിഷ്ണുവിന്റെ വിയോഗം ഒരു പ്രദേശത്തെയാകെ കണ്ണീരിലാഴ്ത്തിയിരിക്കുകയാണ്. ഇന്ന് തന്നെ സംസ്ക്കാരം നടത്തും.

വിഷ്ണുവിന്റെ വീടിന്റെ ഗൃഹപ്രവേശം കഴിഞ്ഞിട്ട് ഒന്നര മാസമേ ആയിട്ടുള്ളൂ. അടുത്ത മാസം 15ന് നാട്ടിലേക്ക് വരാനിരിക്കുകയായിരുന്നു. കുഴിബോംബ് പൊട്ടിത്തെറിച്ചാണ് വിഷ്ണുവും ഉത്തർപ്രദേശ് സ്വദേശി ശൈലേന്ദ്രയും (29) കൊല്ലപ്പെട്ടത്. സൈന്യത്തിൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ട് വിഷ്ണു.

കഴിഞ്ഞ ദിവസം ഫോണിൽ സംസാരിക്കുന്നതിനിടെ റേഞ്ച് ഇല്ലാത്തതിനാൽ ഫോൺ കട്ടായെന്ന് വിഷ്ണുവിന്റെ സഹോദരൻ പറഞ്ഞു. പിന്നെ വിളിക്കാമെന്ന് പറഞ്ഞ് ഫോൺ വെച്ചതാണ്. അതിനുശേഷമറിയുന്നത് മരണ വാർത്തയാണെന്ന് സഹോദരൻ പറഞ്ഞു.

വിഷ്ണു ഓടിച്ചിരുന്ന ട്രക്ക് കുഴിബോംബ് പൊട്ടിത്തെറിച്ച് തകരുകയായിരുന്നു. സുഖ്മ ജില്ലയിൽ വൈകുന്നേരം മൂന്ന് മണിയോടെയാണ് ആക്രമണം നടന്നത്. സിൽഗർ സേനാ ക്യാമ്പിൽ നിന്നും ടേക്കൽഗുഡാമിലെ ക്യാമ്പിലേക്ക് പോകുകയായിരുന്ന ട്രക്കിൽ വിഷ്ണുവിനൊപ്പം ശൈലേന്ദ്രയുമുണ്ടായിരുന്നു. ഇരുവരും സിആർ പി എഫ് കോബ്ര ബറ്റാലിയനിലെ ജവാന്മാരാണ്.

ആക്രമണം നടത്തിയ മാവോയിസ്റ്റുകൾക്കായുള്ള തെരച്ചിൽ തുടരുകയാണെന്ന് സി ആർ പി എഫ് അറിയിച്ചു. അഞ്ച് ദിവസം മുമ്പ് സുഖ്മയിൽ സുരക്ഷാ സേനയും മാവോയിസ്റ്റുകളും തമ്മിൽ ഏറ്റുമുട്ടൽ നടന്നിരുന്നു. മാവോയിസ്റ്റുകളുടെ ആയുധങ്ങളും പിടിച്ചെടുത്തിരുന്നു.

പിന്നാലെയാണ് ട്രക്ക് ലക്ഷ്യമിട്ട് കുഴിബോംബ് ആക്രമണമുണ്ടായത്. പാലോട് ഫാം ജംഗ്ഷൻ അനിഴം ഹൗസിൽ രഘുവരന്റേയും അജിതയുടേയും മകനാണ് വിഷ്ണു. ഭാര്യ: നിഖില ശ്രീചിത്രാ ആശുപത്രിയിൽ നഴ്സാണ്. നിർദ്ദേവ്, നിർവ്വിൻ എന്നീ രണ്ട് മക്കളുണ്ട്.



ജയിലിൽ കഴിയുന്ന എം എസ് എഫ് നേതാക്കളെ ടി വി ഇബ്രാഹിം എം എൽ എ, ആബിദ് ഹുസൈൻ തങ്ങൾ എം എൽ എ, അഡ്വ.കണിയാപുരം ഹലിം, ഫറാസ് മാറ്റപ്പള്ളി തുടങ്ങിയവർ ജയിലിൽ സന്ദർശിച്ച ശേഷം.



പ്ലസ് വൺ സീറ്റ് വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് കെ.എസ്.യു ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടിയെ തടഞ്ഞതിന്റെ പേരിൽ വീട് വളഞ്ഞ് പൊലീസ് ജില്ലാ പ്രസിഡന്റ് ഗോപു നെയ്യാറിനെ അറസ്റ്റ് ചെയ്ത നടപടിയിൽ പ്രതിഷേധിച്ച് കെ.എസ്.യു നിയമസഭയിലേക്ക് നടത്തിയ മാർച്ചിൽ പ്രവർത്തകർക്ക് നേരെ പൊലീസ് ജലപീരങ്കി ഉപയോഗിച്ചപ്പോൾ

## ബൈക്കിൽ കറങ്ങി മാല പൊട്ടിച്ച മൂന്നംഗ സംഘം പൊലീസ് പിടിയിൽ



ശരത്,



അമൽരാജ്



ശക്തിവേൽ

വെള്ളറട: മണിക്കൂറുകളുടെ വ്യത്യാസത്തിൽ ബൈക്കുകളിൽ കറങ്ങി ആറ് പവനോളം മാലകൾ കവർന്ന മൂവർ സംഘം പൊലീസിന്റെ പിടിയിലായി. ബൈക്ക് ഓടിച്ച പ്രാവച്ചമ്പലം കോൺവെന്റ് റോഡിൽ ബിന്ദു ഭവനിൽശരത് (25), ബൈക്കിന്റെ മദ്യത്തിൽ ഇരുന്ന ചുള്ളിയൂർ സിന്ധു ഭവനിൽ അമൽരാജ് (22), ബൈക്കിന്റെ പുറകിലിരുന്ന് മാലകൾ പിടിച്ചുപറിച്ച വടക്കേവിള വെളിയാറ്റൂർ കോണം വീട്ടിൽ ശക്തിവേൽ (22) എന്നിവരാണ് പൊലീസ് പിടിയിലായത്.

വെള്ളിയാഴ്ച രാവിലെ 11.30ന് കട്ടച്ചിയിൽ വിളയിലും ഉച്ചയ്ക്ക് 12.30ന് കൂട്ടത്തി വിളയിലും, 12.45ന് പത്താനാവിളയിലും വച്ചായിരുന്നു കവർച്ച. ബൈക്കിൽ സംഘം മാസ്ക് ധരിച്ചാണ് പിടിച്ചുപറി നടത്തിയത്. വെള്ളിയാഴ്ച രാവിലെ 11.30ന് കുന്നത്തുകാൽ നാറാണി അമ്പലത്തിൻകാല ബിനു ഭവനിൽ ബേബി(76)യുടെ ഒന്നരപവന്റെ മാലയാണ് പ്രതികൾ ആദ്യം പിടിച്ചുപറിച്ചത്. തുടർന്ന് 12.20ന് അമരവിള രാമേശ്വരം റോഡിൽ സ്കൂട്ടറിൽ പോവുകയായിരുന്ന എസ്.പി നിവാസിൽ പ്രിയ(39)യുടെ കഴുത്തിൽ കിടന്ന അഞ്ചുപവൻ മാല പൊട്ടിച്ചെടുത്തു. മാരാമുട്ടത്ത് ബാങ്കിൽ പോയ ബന്ധുവായ ശ്രീജയോടൊപ്പം പോയശേഷം വീട്ടിലേക്ക് മടങ്ങുമ്പോൾ പുറകിലിരുന്ന് പ്രിയയുടെ സ്കൂട്ടർ തട്ടിമറിച്ചു സ്കൂട്ടർ നിവർത്തുന്നതിനിടെ മാല പിടിച്ചുപറിക്കുകയായിരുന്നു. പിടിവലിയിൽ മാലയുടെ ഒരു ഭാഗം പ്രിയയുടെ കയ്യിൽ കിട്ടിയിരുന്നു. പിന്നീട് സംഘം തിരുപുറം പത്തനാവിളയിൽ നടന്നു പോവുകയിരുന്ന ഷീബ (50)തിന്റെ മൂന്നുപവൻ മാല പിടിച്ചു പറിക്കാൻ ശ്രമിച്ചു. എന്നാൽ അവർ മാറിയതിനാൽ മാല പൊട്ടിച്ചെടുക്കാൻ കഴിഞ്ഞില്ല. കവർച്ച നടത്തിയ മാലകളുമായി പ്രതികൾ എർണാകുളത്ത് പോയി വിൽപ്പന നടത്തിയ ശേഷം തിരികെ വരുമ്പോഴാണ് മാരായമുട്ടം പൊലീസ് പിടികൂടിയത്. മാരായമുട്ടം ഇൻസ്പെക്ടർ ജി. സുഭാഷ് കുമാർ എസ്ഐമാരായ അജീന്ദ്രൻ, ഷാജി, സിവിൽ പൊലീസുകാരായ ഹാസിബ്, ഷാജി, ബിജു, അനീഷ്, ഷാഡോ പൊലീസിലെ പ്രവീൺ, ആനന്ദ്, അജിഷ്, അനീഷ്, അരുൺ, അലക്സ് എന്നിവർ പ്രതികളെ കസ്റ്റഡിയിലെടുത്തു. മൂവർ സംഘം സഞ്ചരിച്ച ബൈക്കും പൊലീസ് കസ്റ്റഡിയിലെടുത്തു. പ്രതികളെ കോടതിയിൽ ഹാജരാക്കി റിമാന്റ് ചെയ്തു.

## സ്റ്റേഷനിൽ കയറി പൊലീസുകാരനെ മർദ്ദിക്കുകയും ജീപ്പ് തകർക്കുകയും ചെയ്ത പ്രതി റിമാൻഡിൽ



നിഷാദ്

വെള്ളറട: വെള്ളറട പൊലീസ് സ്റ്റേഷനിൽ കയറി ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പൊലീസുകാരനെ മർദ്ദിക്കുകയും സ്റ്റേഷനു മുന്നിൽ കിടന്ന ജീപ്പ് അടിച്ച് തകർക്കുകയും ചെയ്ത പ്രതിയെ പൊലീസ് പിടികൂടി. കരിമരം കോളനിയിൽ നിഷാദ് (21) നെയാണ് പൊലീസ് പിടികൂടിയത്. സ്റ്റേഷനിൽ എത്തിയ നിഷാദ് ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന പൊലീസുകാരനെ ക്രൂരമായി മർദ്ദിക്കുകയും പൊലീസ് സ്റ്റേഷന് മുന്നിൽ പാർക്ക് ചെയ്തിരുന്ന ജീപ്പിന്റെ ചില്ലുകൾ അടിച്ചു തകർക്കുകയും ജീപ്പിനുള്ളിൽ കയറി സീറ്റിനെ കുത്തികീറുകയും ചെയ്തു. സ്റ്റേഷനു മുന്നിൽ ഭീകരാന്തരീക്ഷം സൃഷ്ടിച്ചശേഷം ഓടി രക്ഷപ്പെടാൻ ശ്രമിച്ച പ്രതിയെ പൊലീസ് ഓടിച്ചിട്ട് പിടികൂടുകയായിരുന്നു.

ദിവസങ്ങൾക്ക് മുമ്പ് വെള്ളറട സർക്കാർ ആശുപത്രിയിൽ കയറി നഴ്സിംഗ് അസിസ്റ്റന്റിനെ ക്രൂരമായി മർദ്ദിച്ച സംഭവത്തിൽ ജയിൽ ശിക്ഷ അനുഭവിച്ച് ഇറങ്ങി ദിവസങ്ങൾ കഴിഞ്ഞ ഉടനെയാണ് വീണ്ടും ആക്രമണം. നിരവധി കേസിൽ പ്രതിയായ നിഷാദ് നിരവധിതവണ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുണ്ട് എങ്കിലും പ്രായത്തിന്റെ ആനുകൂല്യം പറ്റി ദിവസങ്ങൾക്കകം ജാമ്യത്തിൽ ഇറങ്ങിയാണ് വീണ്ടും വീണ്ടും ആക്രമണങ്ങൾ നടത്തുന്നത്. സർക്കിൾ ഇൻസ്പെക്ടർ ബാബുക്കുറപ്പ്, എസ് ഐ സുജിത്ത് ജി നായർ, സിവിൽ പൊലീസുകാരായ പ്രദീപ്, ഷൈനു, ദീബു, ജയദാസ് അടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ കോടതി റിമാന്റ് ചെയ്തു. പൊലീസ്സ് സ്റ്റേഷന് മുന്നിൽ പാർക്ക് ചെയ്തിരുന്ന ജീപ്പ് മഴയത്ത് ഓടിക്കാൻ പറ്റാത്ത അവസ്ഥയിലായി ഗ്ലാസ് അടിച്ചു തകർക്കുയും സീറ്റിനെ കുത്തികീറുകയും ചെയ്തതോടെ യാത്ര ചെയ്യാൻ കഴിയാത്ത അവസ്ഥയിലായി.




നിഷാദ് അടിച്ച് തകർത്ത പൊലീസ് ജീപ്പ്

## വറട്ടയം പാലത്തിന്റെ സംരക്ഷണ ഭിത്തികൾ തകർന്ന നിലയിൽ

വെള്ളറട: കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിലെ പേരിമ്പകോണം റോഡിൽ ചിറ്റാറിന് കുറുകെയുള്ള വറട്ടയം പാലത്തിന്റെ സംരക്ഷണ ഭിത്തികൾ തകർന്ന നിലയിൽ. എൽ എം എസ് യു പി എസ് പേരിമ്പക്കോണം സ്കൂളിൽ വിദ്യാർത്ഥികൾ നടന്നു പോകുന്ന പ്രധാന പാതയാണിത്. സംരക്ഷണ ഭിത്തി പുനർ നിർമിക്കണമെന്ന് ആവശ്യപ്പെട്ടപ്പോൾ അധികൃതർ കയ്യൊഴിയുകയാണ്. സംരക്ഷണഭിത്തി പുന:സ്ഥാപിച്ചില്ലെങ്കിൽ വലിയ അപകടങ്ങൾക്ക് നാട് സാക്ഷ്യം വഹിക്കേണ്ടിവരും. സംരക്ഷണ ഭിത്തി പുനർ നിർമ്മിച്ചില്ലെങ്കിൽ സമരപരിപാടികളുമായി മുന്നോട്ടുപോകുമെന്ന് കോൺഗ്രസ് ആനവൂർ മണ്ഡലം കമ്മിറ്റി അറിയിച്ചു.



മുതലപ്പൊഴിയിലെ കാതലായ പ്രശ്നം മണ്ണ് മാറ്റുക എന്നതാണ്. അത് സമയത്തിന് നടക്കുന്നില്ല. നിരന്തര പഠനങ്ങളും യോഗങ്ങളും നടക്കുന്നു. മുതലപ്പൊഴിയിലെ മരണങ്ങൾക്ക് മാത്രം ശാശ്വത പരിഹാരമില്ല. മുതലപ്പൊഴിയുടെ കാര്യത്തിൽ സർക്കാർ ഇനിയെങ്കിലും ഗൗരവം കാട്ടണം. ആളുകളെ മരണത്തിൽ നിന്ന് രക്ഷിക്കണം. സർക്കാരിന്റെ നിസംഗഭാവം അംഗീകരിക്കാനാവില്ല.

– പി.കെ കുഞ്ഞാലിക്കുട്ടി



വിദ്യാഭ്യാസമന്ത്രി ഭൂമിയിലേക്ക് ഇറങ്ങിയാൽ പ്ലസ്‌വണ്ണിന് സീറ്റ് കിട്ടാത്തവരുടെ കരച്ചിൽ കേൾക്കാം. പണ്ട് അടിച്ചമർത്തിയ ബ്രിട്ടീഷ് സർക്കാരിന്റെ അതേ മനോഭാവമാണ് സർക്കാരിനുള്ളത്. വിദ്യാഭ്യാസ മന്ത്രി കണക്കുകാട്ടി പെരുപ്പിക്കുന്നത് നിർത്തണം. മന്ത്രി പറയുന്നത് പെരുപ്പിച്ച കള്ളമാണ്. 70000 കുട്ടികൾ സീറ്റ് ഇല്ലാതെ പുറത്ത്നിൽക്കുകയാണ്. സർക്കാർ എന്തിനാണ് കുട്ടികളെ പഠിപ്പിക്കില്ല എന്ന് പറഞ്ഞു വാശിപിടിക്കുന്നത്? എസ്.എഫ്.ഐ സമരം ചെയ്യേണ്ടത് വിദ്യാഭ്യാസ മന്ത്രിയുടെ വീട്ടിലേക്കാണ് അല്ലാതെ കലക്ടറേറ്റിലേക്ക് അല്ല.

– പി.കെ ഫിറോസ്

കേരള വാർത്തകൾ

# മലബാറിൽ മാത്രം 82132 കുട്ടികൾ പുറത്ത്

## തെക്കൻ ജില്ലകളിൽ 3022 സീറ്റിൽ അപേക്ഷകരില്ല

ദാവൂദ് മുഹമ്മദ്
കണ്ണൂർ

മൂന്ന് അലോട്ട്മെന്റ് പൂർത്തിയാക്കി പ്ലസ് വൺ ക്ലാസുകൾ ആരംഭിച്ചപ്പോൾ സംസ്ഥാനത്ത് സീറ്റ് ലഭിക്കാതെ പുറത്തായത് 1,43,668 വിദ്യാർഥികൾ. മലപ്പുറത്ത് മാത്രം 31461 വിദ്യാർഥികൾക്ക് സീറ്റ് ലഭിച്ചില്ല. എല്ലാ വിഷയത്തിലും എപ്ലസ് നേടിയ നിരവധി കുട്ടികളാണ് മൂന്ന് അലോട്ട്മെന്റ് കഴിഞ്ഞിട്ടും പുറത്തിരിക്കുന്നത്.

മലബാറിൽ സീറ്റ് പ്രതിസന്ധിയില്ലെന്ന് വിദ്യാഭ്യാസ മന്ത്രി ആവർത്തിക്കുമ്പോഴും ഇവിടെ 82132 കുട്ടികളാണ് അലോട്ട്മെന്റ് ലഭിക്കാതിരിക്കുന്നത്. മലപ്പുറത്തും കോഴിക്കോടും പാലക്കാടുമാണ് ഏറ്റവും കൂടുതൽ കുട്ടികൾ പുറത്തായത്. എന്നാൽ അപേക്ഷിച്ച എല്ലാവർക്കും സീറ്റ് ലഭിച്ചാൽ തന്നെ തിരുവനന്തപുരത്ത് 3093 സീറ്റും പത്തനംതിട്ടയിൽ 71 സീറ്റും ഒഴിഞ്ഞു കിടക്കും. തെക്കൻ കേരളത്തിലെ പല ജില്ലകളിലും സീറ്റിന്റെ അന്തരം കുറവാണ്. ഇത്തവണയും സീറ്റുകൾ ഒഴിഞ്ഞു കിടക്കാനാണ് സാധ്യത.

ഒഴിവുള്ള ഒരു ലക്ഷത്തിലധികം സീറ്റുകളിൽ സപ്ളിമെന്ററി അലോട്ട്മെന്റിന് ജൂലൈ രണ്ട് മുതൽ സമർപ്പിക്കാം. സംവരണ സീറ്റുകളിലും മാനേജ്മെന്റ് സീറ്റുകളിലുമുള്ള പ്രവേശനം ഒന്നിന് മുമ്പ് പൂർത്തിയാക്കും. ഒഴിവുകളുണ്ടായാൽ ഈ സീറ്റുകൾ ജനറൽ കാറ്റഗറിയിലേക്ക് മാറ്റുകയും ചെയ്യും.

പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിലായി 2,45,089 അപേക്ഷകരായുള്ളത്. ഇതിൽ 1,62,956 പേർക്കാണ് മൂന്ന് അലോട്ട്മെന്റ് പൂർത്തിയായപ്പോൾ സീറ്റ് ലഭിച്ചത്. എന്നാൽ തിരുവനന്തപുരത്ത് 6019 കുട്ടികൾ പുറത്തായപ്പോൾ 9112 സീറ്റ് ഒഴിഞ്ഞു കിടക്കുന്നുണ്ട്. കൊല്ലത്ത് 9359 കുട്ടികൾ പുറത്തായപ്പോൾ 8288 സീറ്റുകളാണ് ഒഴിഞ്ഞു കിടക്കുന്നത്. പത്തനംതിട്ടയിൽ 4995 സീറ്റുകളും ആലപ്പുഴയിൽ 6786 സീറ്റുകൾ ഒഴിവുണ്ട്. എന്നാൽ പാലക്കാട് 7894 സീറ്റുകൾ ഒഴിവുണ്ടെങ്കിലും സീറ്റ് കാത്തിരിക്കുന്നത് 17377 കുട്ടികളാണ്. ഇവിടെ പുതിയ ബാച്ചുകൾ അനുവദിച്ചില്ലെങ്കിൽ 6483 കുട്ടികൾ പുറത്താവും.

മലപ്പുറത്ത് 20072 സീറ്റുകൾ ഒഴിഞ്ഞു കിടക്കുമ്പോൾ സീറ്റ് ലഭിക്കാതെ പ്രതിസന്ധിയിലാവുന്നത് 31461 കുട്ടികളാണ്. അൺ എയ്ഡഡ് മേഖലയിലെ സീറ്റുകൾ ഉൾപ്പെടെ പ്രവേശനം പൂർത്തിയായാൽ 11389 കുട്ടികൾ മലപ്പുറത്ത് മാത്രം പുറത്താവും. കോഴിക്കോട് 4979 കുട്ടികളും കണ്ണൂരിൽ 2283 കുട്ടികളും പുറത്തിരിക്കേണ്ടിവരും. വയനാട്ടിൽ 722 കുട്ടികൾക്കും കാസർകോട് 4367 കുട്ടികൾക്കും ഇത്തവണ സീറ്റുണ്ടാവില്ല.

| ജില്ല | അപേക്ഷകർ | ആകെസീറ്റ് | പ്രവേശനം നേടിയത് |
|---|---|---|---|
| തിരുവനന്തപുരം | 34558 | 37651 | 28539 |
| കൊല്ലം | 32253 | 31182 | 22894 |
| പത്തനംതിട്ട | 13849 | 14702 | 9707 |
| ആലപ്പുഴ | 25508 | 24320 | 17534 |
| കോട്ടയം | 22508 | 21985 | 15997 |
| ഇടുക്കി | 12955 | 11850 | 8546 |
| എറണാകുളം | 38331 | 37900 | 27311 |
| തൃശൂർ | 40246 | 38332 | 28663 |
| പാലക്കാട് | 45203 | 35720 | 27826 |
| മലപ്പുറം | 82425 | 71036 | 50964 |
| കോഴിക്കോട് | 48121 | 43142 | 32055 |
| വയനാട് | 12082 | 11360 | 9366 |
| കണ്ണൂർ | 38008 | 35725 | 28547 |
| കാസർകോട് | 20137 | 18565 | 14198 |

### ഇന്ന് കെ.എസ്.യു വിദ്യാഭ്യാസ ബന്ദ്

തിരുവനന്തപുരം: പ്ലസ് വൺ സീറ്റുമായി ബന്ധപ്പെട്ട സമരത്തിലെ പൊലീസ് നടപടിയിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് ഇന്ന് വിദ്യാഭ്യാസ ബന്ദിന് കെ.എസ്.യു ആഹ്വാനം ചെയ്യുന്നതായി കെ.എസ്.യു സംസ്ഥാന പ്രസിഡന്റ് അലോഷ്യസ് സേവ്യർ വാർത്താകുറിപ്പിൽ അറിയിച്ചു.



ആർ.ഡി.ഡി ഓഫീസിലേക്ക് ഇരച്ചു കയറിയ എം.എസ്.എഫ് -ഹരിത പ്രവർത്തകരെ പൊലീസ് അറസ്റ്റ് ചെയ്യുന്നു

## അനീതിക്കെതിരെ പെൺശൗര്യം; 4 പേർ അറസ്റ്റിൽ

മലപ്പുറം: പ്ലസ് വൺ സീറ്റ് പ്രതിസന്ധിക്കെതിരെ എം.എസ്.എഫ് പ്രഖ്യാപിച്ച ആർ.ഡി.ഡി ഓഫീസ് പൂട്ടിയിടൽ സമരത്തിന്റെ അഞ്ചാംദിവസം സമരം നയിച്ച് പെൺകരുത്ത്. ഇന്നലെ രാവിലെ ഓഫീസ് തുറന്നതോടെ അപ്രതീക്ഷിതമായാണ് ആർ.ഡി.ഡി ഓഫീസിലേക്ക് എം.എസ്.എഫ് ഹരിതയുടെ പ്രവർത്തകർ ഇരച്ചെത്തിയത്. എം.എസ്.എഫിന്റെ നീക്കം ഓഫീസ് ജീവനക്കാരെയും പൊലീസ് ഉദ്യോഗസ്ഥരെയും അമ്പരപ്പിച്ചു. പ്രതിഷേധം തടയാൻ കാത്തുനിന്ന പൊലീസുകാരെ വകവെക്കാതെ എം.എസ്.എഫിന്റെ പെൺപ്പട ഓഫീസിന് മുമ്പിൽ വരെയെത്തി.

ജീവനക്കാരൻ തുറന്നിട്ട ഓഫീസ് വാതിൽ വലിച്ചടക്കുകയും ജീവനക്കാരെ അകത്തേക്ക് പ്രവേശിപ്പിക്കാതെ തടയുകയും ചെയ്തു. ഇതോടെ ബലംപ്രയോഗിച്ച പൊലീസുകാർക്കെതിരെ എം.എസ്.എഫ് പ്രവർത്തകർ ശബ്ദമുയർത്തി. നീതിതേടിയുള്ള സമരമാണെന്നും വിദ്യാർഥികളുടെ ന്യായമായ അവകാശങ്ങൾ നൽകുന്നതുവരെ തുടരുമെന്നും മുദ്രാവാക്യമുയർത്തി. തുടർന്ന് ഓഫീസിന് മുമ്പിൽ കുത്തിയിരുന്ന് മുദ്രാവാക്യം വിളിച്ചു. ഓഫീസിന് മുന്നിൽ തന്നെ നിലയുറപ്പിച്ചതോടെ പൊലീസ് എം. എസ്.എഫ് ഹരിത പ്രവർത്തകരെ വലിച്ചിഴച്ച് അറസ്റ്റ് ചെയ്തു. എം.എസ്.എഫ് സംസ്ഥാന വൈസ്പ്രസിഡന്റ് പി.എച്ച് ആയിശബാനു, ഹരിത ജില്ലാ ചെയർപേഴ്സൺ ടി.പി ഫിദ, കൺവീനർമാരായ ഷൗഫ കാവുങ്ങൽ, റമീസ ജഹാൻ എന്നിവരെയാണ് മലപ്പുറം പൊലീസ് അറസ്റ്റ് ചെയ്തത്. പ്രതിഷേധത്തിന് എം. എസ്.എഫ് ജില്ലാ പ്രസിഡന്റ് കബീർ മുതുപറമ്പ് നേതൃത്വം നൽകി.

## കേരളം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം: കുഞ്ഞാലിക്കുട്ടി

തിരുവനന്തപുരം: പ്ലസ് വൺ സീറ്റ് പ്രതിസന്ധി ഉന്നയിക്കുമ്പോൾ യു.ഡി.എഫ് സർക്കാരിന്റെ കാലത്തെ പരാമർശിച്ച് പോസ്റ്റ്മോർട്ടം ചെയ്യുകയല്ല വേണ്ടതെന്ന് പ്രതിപക്ഷ ഉപനേതാവ് പി.കെ കുഞ്ഞാലിക്കുട്ടി. നിയമസഭയിൽ ഇത് സംബന്ധിച്ച സബ്മിഷൻ അവതരിപ്പിക്കുകയായിരുന്നു അദ്ദേഹം. ഇപ്പോൾ കേരളത്തിലെ ഏറ്റവും വലിയ പ്രശ്നം ഇതുതന്നെയാണ്. പ്ലസ് വൺ വിദ്യാർഥികൾക്ക് പഠിക്കാൻ അവസരം നൽകണമെന്ന് ആവശ്യപ്പെട്ട എം.എസ്എഫിന്റെയും കെ.എസ്.യുവിന്റെയും നേതാക്കൾ ഇപ്പോൾ ജയിലിലാണ്. യൂത്ത് ലീഗ് സമരം ആരംഭിക്കാൻ പോകുന്നു.

ഇല്ലാത്ത ഒരു പ്രശ്നം ഉണ്ടാക്കി പറയുകയല്ല. കഴിഞ്ഞ ദിവസം സത്യപ്രതിജ്ഞ ചടങ്ങിനിടെ വിദ്യാഭ്യാസ മന്ത്രിയുമായുള്ള സ്വകാര്യസംഭാഷണത്തിലും താൻ ഇക്കാര്യം ആവശ്യപ്പെട്ടിരുന്നു. ഏഴു വർഷത്തിലേറെയായി ഭരിക്കുന്ന ഒരു സർക്കാർ പ്ലസ് വൺ ബാച്ചുകൾ അനുവദിച്ചിട്ടേയില്ല. ബ്രഡ് ഇല്ലെങ്കിൽ കേക്ക് തിന്നാൽ മതി എന്ന് പറയുന്നതുപോലെയാണ് അൺഎയ്ഡഡിലും പോളിടെക്നിക്കിലും ഒക്കെ പഠിച്ചാൽ പോരെ എന്ന് വിദ്യാഭ്യാസ മന്ത്രി ചോദിക്കുന്നത്. എല്ലാ വിഷയങ്ങൾക്കും എ പ്ലസ് കിട്ടിയവർക്ക് പോലും സീറ്റില്ല.

ദിവസങ്ങളായി മാധ്യമങ്ങൾ ഇത് ലൈവ് ആയി കാണിച്ചു കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ ഈ സമീപനം ശരിയാണോ എന്ന് പരിശോധിക്കണം. ആനുപാതികമായി സീറ്റുകൾ വർധിപ്പിക്കേണ്ടതുണ്ട്. ബാച്ചുകൾ അനുവദിക്കുകയാണ് ഏക പരിഹാരം. യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് ആവശ്യാനുസരണം ബാച്ചുകൾ അനുവദിച്ചിരുന്നു. സർക്കാർ ഈ സമീപനം തിരുത്തണം. വെറുതെ പറയുകയാണെന്ന ന്യായീകരണം ഒഴിവാക്കി, അടിയന്തരമായി പ്ലസ് വൺ ബാച്ചുകൾ അനുവദിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## എസ്.എഫ്.ഐ സമരനാടകത്തെ ട്രോളി വിദ്യാഭ്യാസ മന്ത്രി

മലപ്പുറം: പ്ലസ്‌വൺ സീറ്റു വിഷയത്തിൽ സർക്കാറിനെതിരെ മലപ്പുറത്ത് ഭരണപക്ഷ വിദ്യാർഥി സംഘടനയായ എസ്.എഫ്.ഐ നടത്തിയ സമരനാടകത്തെ ട്രോളി വിദ്യാഭ്യാസ മന്ത്രി. നീതി നിഷേധത്തിനെതിരെ ഇന്നുവരെ നാവനക്കാത്ത എസ്.എഫ്.ഐ പ്രവേശന നടപടികൾ അവസാനിച്ച ശേഷം നടത്തിയ സമര നാടകത്തിനെതിരെ സൈബറിടങ്ങളിൽ ശക്തമായ പരിഹാസമാണ് ഏൽക്കേണ്ടി വന്നത്. അതിനിടയിലാണ് മന്ത്രി വി.ശിവൻകുട്ടിയുടെ ട്രോൾ. 'കുറേ കാലം സമരം ചെയ്യാതെ ഇരുന്നതല്ലേ; അവർ ഉഷാറാകട്ടെ' എന്നായിരുന്നു മന്ത്രിയുടെ പരിഹാസ ചിരി പടർത്തിയ പ്രതികരണം. വിദ്യാർഥി സംഘടനകളുടെ ശക്തമായ സമരത്തെ തുടർന്ന് മന്ത്രി ചർച്ചക്കു വിളിച്ചത്.

സർക്കാറിന്റെ ഭാഗത്ത് നിന്നും അനുകൂല നിലപാട് പ്രതീക്ഷിക്കുന്ന സാഹചര്യത്തിൽ തങ്ങൾ ഇളിഭ്യരാവുമെന്ന ഭയമാണ് സമരനാടകത്തിന് പിന്നിലുള്ളത്. പതിവ് എസ്.എഫ്.ഐ സമര ശൈലിയിൽ നിന്നും മാറിയാണ് ഇന്നലെ മലപ്പുറത്ത് സമരം നടന്നത്. നീറ്റു സമരത്തിൽ വരെ സംഘർഷവുമായി രംഗത്തു വന്ന എസ്.എഫ്.ഐ മൗനജാഥ കണക്കിനാണ് സമരമുഖത്ത് നിന്നത്. പ്രസംഗത്തിൽ പോലും സർക്കാറിനെതിരെ കാര്യമായ വിമർശനങ്ങൾ നടത്താതെ ഒരു ചടങ്ങു കഴിച്ച് അവസാനിപ്പിക്കുകയായിരുന്നു. സീറ്റുക്ഷാമം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന മലപ്പുറം ജില്ലയിൽ മാത്രം സമരം നടത്തിയതിനു പിന്നിലും ലക്ഷ്യങ്ങളുണ്ട്. കാമ്പസുകളിൽ കനത്ത പരാജയം ഏറ്റുവാങ്ങിയ എസ്.എഫ്.ഐ വിദ്യാർഥികളുടെ മനസിൽ നിന്നും പടിയിറങ്ങുമ്പോൾ ഇത്തരത്തിലുള്ള സമര നാടകങ്ങൾ നടത്തി വിദ്യാർഥികൾക്കിടയിൽ മതിപ്പു പിടിച്ചുപറ്റുകയാണ് സമരനാടകത്തിലൂടെ ഉദ്ദേശിക്കുന്നത്.

## ഇനിയെന്ത് വേണം ഞങ്ങൾ

### മുഴുവൻ വിഷയത്തിനും എപ്ലസ് നേടിയിട്ടും സീറ്റില്ല

കെ.പി നിഷാദ്
മലപ്പുറം

രാപകലില്ലാതെ പഠിച്ച് ഉന്നത വിജയം നേടിയ ആയിരക്കണക്കിന് വിദ്യാർഥികളെ പുറത്തിരുത്തി സംസ്ഥാനത്തെ ഹയർസെക്കന്ററി സ്കൂളുകളിൽ പഠനാരംഭം. മുഴുവൻ വിഷയത്തിലും എ പ്ലസ് നേട്ടത്തോടെ എസ്.എസ്.എൽ.സി വിജയിച്ച കുട്ടികളെയാണ് സർക്കാർ പടിക്ക് പുറത്ത് നിർത്തി പ്ലസ് വൺ ക്ലാസുകൾ ആരംഭിച്ചത്. കൂട്ടുകാർ പലരും പുതിയ സ്കൂളുകളിലേക്ക് പോകുമ്പോൾ വീട്ടിനുള്ളിലിരിക്കുകയാണ് ജില്ലയിലെ പുതുതലമുറ.



'മുഴുവൻ വിഷയത്തിലും എ പ്ലസ് കിട്ടി വിജയിച്ചപ്പോൾ വലിയ സന്തോഷമായിരുന്നു. തുടർന്ന് പഠിക്കാനും വലിയ നിലയിലെത്താനും കഴിയുമെന്ന പ്രതീക്ഷയുമുണ്ടായിരുന്നു. കമ്പ്യൂട്ടർ സയൻസ് പഠിക്കാനായിരുന്നു ആഗ്രഹം. ഏഴ് സ്കൂളുകളിലേക്ക് അപേക്ഷ നൽകുകയും ചെയ്തു. എന്നാൽ മൂന്ന് അലോട്ട്മെന്റുകൾ കഴിഞ്ഞിട്ടും ഒരിടത്ത് പോലും അഡ്മിഷൻ കിട്ടിയില്ല'. മേൽമുറി പിലാക്കൽ പട്ടർക്കടവൻ അൻവർ ശരീഫിന്റെ മകൾ ഫാത്തിമ റിൻഫ സങ്കടത്തോടെയാണ് പറയുന്നത്.

ഫാത്തിമ റിൻഫ മാത്രമല്ല ജില്ലയിലെ 31461 വിദ്യാർഥികളാണ് അഡ്മിഷൻ ലഭിക്കാതെ പുറത്ത് നിൽക്കുന്നത്. മെറിറ്റ് സീറ്റിൽ 44254 വിദ്യാർഥികളും 873 സ്പോർട്സ് ക്വാട്ട അഡ്മിഷനും, 25 എം.ആർ.എസ്, 3105 കമ്മ്യൂണിറ്റി, 1757 മാനേജ്മെന്റ്, 950 അൺഎയ്ഡഡ് സീറ്റുകളിൽ ഉൾപ്പെടെ 50964 വിദ്യാർഥികളാണ് പ്ലസ് വൺ പ്രവേശനം നേടിയത്. അതേസമയം അപേക്ഷ നൽകിയിരുന്നത് 82425 വിദ്യാർഥികളായിരുന്നു.

ഇനിയെന്തെന്നറിയാതെ വലിയ മനപ്രയാസത്തിലാണ് ജില്ലയിലെ വിദ്യാർഥികൾ. വിദ്യാർഥി സംഘടനകളും പ്രതിപക്ഷ കക്ഷികളും പ്രതിഷേധം ശക്തമാക്കിയിട്ടും കള്ളക്കണക്ക് നിരത്തി തടിതപ്പാൻ ശ്രമിക്കുകയാണ് സർക്കാർ ചെയ്യുന്നത്. ഈ ആവശ്യമുയർത്തി സി.പി.എം വിദ്യാർഥി സംഘടനയായ എസ്.എഫ്.ഐ പോലും ഇന്നലെ മലപ്പുറത്ത് കലക്ടറേറ്റ് മാർച്ച് നടത്തി.



സി. രാധാകൃഷ്ണൻ നൽകിയ പേന കൊണ്ട് എം.പി അബ്ദുസ്സമദ് സമദാനി അംഗത്വ രജിസ്റ്ററിൽ ആദ്യ ഒപ്പിടുന്നു (ഇടത്ത്). രാധാകൃഷ്ണൻ സമദാനിക്കു പേന സമ്മാനിക്കുന്നു

## സമദാനിയുടെ ആദ്യ ഒപ്പ് സി. രാധാകൃഷ്ണൻ സമ്മാനിച്ച പേന കൊണ്ട്

ന്യൂഡൽഹി: ലോക്സഭാ തിരഞ്ഞെടുപ്പിൽ പൊന്നാനിയിലെ വൻ വിജയത്തിനുശേഷം പാർലമെന്റിലെത്തിയ ഡോ. എം.പി അബ്ദുസ്സമദ് സമദാനി അംഗത്വ രജിസ്റ്ററിൽ ആദ്യ ഒപ്പിട്ടത് സാഹിത്യകാരൻ സി. രാധാകൃഷ്ണൻ നൽകിയ പേന കൊണ്ട്. സ്ഥാനാർഥി പര്യടനത്തിനിടെ ചമ്രവട്ടത്തെ വീട്ടിലെത്തിയപ്പോഴാണ് രാധാകൃഷ്ണൻ സമദാനിക്കു പേന സ്നേഹ സമ്മാനമായി നൽകിയത്. ഡൽഹിയിലെത്തുമ്പോൾ ഇതുകൊണ്ട് ആദ്യത്തെ ഒപ്പുവെക്കണമെന്നും രാധാകൃഷ്ണൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നുവെന്നു സമദാനി സൂചിപ്പിച്ചു.

മലയാളത്തോടൊപ്പം ഇംഗ്ലീഷിലും സാഹിത്യവും ശാസ്ത്രവും ദർശനവും സമന്വയിപ്പിച്ചുകൊണ്ടുള്ള രചനകൾ നിർവഹിച്ച കേരളീയനായ ഒരേയൊരു എഴുത്തുകാരനാണ് സി. രാധാകൃഷ്ണനെന്നും അദ്ദേഹം ഫെയ്സ്ബുക്കിൽ കുറിച്ചു. തുഞ്ചത്തെഴുത്തച്ഛൻ, മേൽപുത്തൂർ, ശൈഖ് സൈനുദ്ദീൻ മഖ്ദൂം തുടങ്ങി മഹാന്മാരായ നിരവധി വ്യക്തികളുടെ ജന്മദേശം ഉൾക്കൊള്ളുന്ന പൊന്നാനിയിൽ നിന്ന് തിരഞ്ഞെടുത്തതിൽ ഏറെ സന്തോഷമുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോക്സഭയിലെ ആദ്യ ദിനത്തിൽ ആദ്യം ഒപ്പിടാനെത്തിയത് മുസ്‌ലിം ലീഗ് എം.പിമാരായ അബ്ദു സമദ് സമദാനിയും ഇ.ടി മുഹമ്മദ് ബഷീറുമായിരുന്നു.

## കാലിക്കറ്റ് സർവകലാശാല യൂണിയൻ അധികാരമേറ്റു

### ഫീസ് വർധനക്കെതിരെ ടീഷർട്ട് ധരിച്ച് പ്രതിഷേധം; ഇടതുപക്ഷം വിട്ടുനിന്നു

തേഞ്ഞിപ്പലം: കാലിക്കറ്റ് സർവകലാശാല യൂണിയൻ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ഇടതുപക്ഷ സിൻഡിക്കേറ്റ് അംഗങ്ങളും വിദ്യാർഥി ക്ഷേമ വിഭാഗം ഡീനും ചടങ്ങിൽ പങ്കെടുക്കാതെ വിട്ടുനിന്നു. സത്യപ്രതിജ്ഞക്ക് ശേഷം യൂണിയൻ ഭാരവാഹികൾ അഞ്ചു ശതമാനം പ്രതിവർഷ ഫീസ് വർധനവ് പിൻവലിക്കണമെന്ന് എഴുതിയ ടീഷർട്ട് ധരിച്ച് വൈസ് ചാൻസലർക്കൊപ്പം നിന്ന് ഫോട്ടോയെടുത്ത് പ്രതിഷേധിച്ചു. വി.സിക്കും രജിസ്ട്രാർക്കും പി.വി.സിക്കും പ്രതിഷേധിക്കാനോ പുറത്തുപോകാൻ കഴിയാനോ സാധിക്കാത്ത തരത്തിലുള്ള പ്രതിഷേധമായിരുന്നു യൂണിയൻ ഭാരവാഹികൾ നടത്തയത്. സർവകലാശാല യൂണിയന്റെ ഓഫീസ് ടാഗോർ നികേതൻ കെട്ടിടത്തിൽനിന്ന് സർവകലാശാല പ്രധാന കാമ്പസിലേക്ക് മാറ്റണമെന്ന് സത്യപ്രതിജ്ഞക്കു ശേഷം ചെയർപേഴ്സൺ നിതിൻ ഫാത്തിമ ആശംസ പ്രസംഗത്തിൽ വൈസ് ചാൻസലറോട് ആവശ്യപ്പെട്ടു. സർവകലാശാല ആസ്ഥാനത്തെ എസ്.എഫ്.ഐ ഉൾക്കൊള്ളുന്ന ഡിപ്പാർട്ട്മെന്റ് സ്റ്റുഡൻസ് യൂണിയന് ഒരു കെട്ടിടം ഒന്നാകെ കൊടുത്തുകൊണ്ടാണ് സർവകലാശാല രാഷ്ട്രീയമായ ഭക്തി കാണിച്ചിരിക്കുന്നത്. എട്ടു വർഷത്തെ ഇടവേളക്കുശേഷമാണ് എം.എസ്.എഫ്-കെ.എസ്.യു ഉൾപ്പെട്ട യു.ഡി.എസ്.എഫ് നേതൃത്വത്തിലുള്ള കാലിക്കറ്റ് സർവകലാശാലാ വിദ്യാർഥി യൂണിയൻ ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. വൈസ് ചാൻസലർ ഡോ. എം.കെ ജയരാജ് സത്യവാചകം ചൊല്ലിക്കൊടുത്തു. ചെയർ പേഴ്സൺ നിതിൻ ഫാത്തിമ, വൈസ് ചെയർമാൻ പി.കെ അർഷദ്, ലേഡി വൈസ് ചെയർമാൻ കെ.ടി ഷബ്ന, സെക്രട്ടറി പി. മുഹമ്മദ് സഫ്‌വാൻ, ജോ. സെക്രട്ടറി കെ.പി അശ്വിൻനാഥ്, കോഴിക്കോട് ജില്ലാ എക്സിക്യൂട്ടീവ് ജാഫർ ടി. തുണ്ടിയിൽ, മലപ്പുറം ജില്ലാ എക്സിക്യൂട്ടീവ് പി.കെ മുബഷീർ, വയനാട്, പാലക്കാട് ജില്ലാ എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവരാണ് ചുമതലയേറ്റവർ. തൃശൂർ ജില്ലാ എക്സിക്യൂട്ടീവ് എത്തിയിരുന്നില്ല. പ്രോ വൈസ് ചാൻസലർ ഡോ. എം. നാസർ, രജിസ്ട്രാർ ഡോ. ഇ.കെ സതീഷ് സിൻഡിക്കേറ്റംഗങ്ങളായ ഡോ. പി. റഷീദ് അഹമ്മദ്, ടി.ജെ മാർട്ടിൻ, പി. മധു, ജീവനക്കാരുടെ സംഘടനാ പ്രതിനിധി ഡെപ്യൂട്ടി രജിസ്ട്രാർ കെ. പ്രവീൺ കുമാർ, അസിസ്റ്റന്റ് രജിസ്ട്രാർ സലിൽ പ്രസംഗിച്ചു.



കാലിക്കറ്റ് സർവകലാശാലാ വിദ്യാർഥി യൂണിയൻ ചെയർ പേഴ്സൺ നിതിൻ ഫാത്തിമക്ക് വൈസ് ചാൻസിലർ ഡോ. എം.കെ ജയരാജ് സത്യവാചകം ചൊല്ലിക്കൊടുക്കുന്നു.

## കേരള ഉലമാ മജ്‌ലിസ് തലശ്ശേരിയിൽ

കണ്ണൂർ: കേരള സംസ്ഥാന ജംഇയ്യത്തുൽ ഉലമാ കേന്ദ്ര മുശാവറ യോഗം ഈ വർഷത്തെ കേരള ഉലമാ മജ്‌ലിസ് – 2024 ന് അന്തിമ രൂപം നൽകി. ജംഇയ്യത്ത് മെമ്പർമാരിൽനിന്ന് ജില്ലാ കമ്മിറ്റികൾ മുഖേന തിരഞ്ഞെടുക്കപ്പെടുന്ന 750 പ്രതിനിധികൾ പങ്കെടുക്കുന്ന ഉലമാ മജ്‌ലിസ് ജൂലൈ 2 ന് തലശ്ശേരി ടൗൺ ഹാളിൽ നടക്കും. ആരോഗ്യ രംഗത്തെ നവപ്രശ്നങ്ങൾ, സാമുദായിക സൗഹാർദ്ദത്തിന്റെ കർമ്മശാസ്ത്രം എന്നിവയാണ് ചർച്ച ചെയ്യുന്നത്. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ അവതരിപ്പിക്കുന്ന പ്രബന്ധങ്ങളിൽ പണ്ഡിത ചർച്ച നടക്കും. നജീബ് മൗലവി ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് കിടങ്ങഴി യു അബ്ദുറഹീം മൗലവി അധ്യക്ഷനായി. കെ.കെ കുഞ്ഞാലി മുസ്‌ലിയാർ, വെളിമണ്ണ സുലൈമാൻ മുസ്‌ലിയാർ, സയ്യിദ് മുഹമ്മദ് കോയ തങ്ങൾ, പടിഞ്ഞാറയിൽ അബ്ദുറഹ്മാൻ മുസ്‌ലിയാർ, മുയിപ്പോത്ത് അബ്ദുറഹ്മാൻ മുസ്‌ലിയാർ പ്രസംഗിച്ചു.